12
ഞായർ
ഡിസംബർ 2021
വൃശ്ചികം 27 1197
Vol 4 Issue No.38

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

₹ 7.50
പേജ് 23


www.keralapranamam.com
infokeralapranamam@gmail.com

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്



*അമ്മപറഞ്ഞു ... മകനേ നമുക്കിനി നമ്മളേയുള്ളൂ നിൻ അച്ഛൻ മരിച്ചുപോയ്... കൂനൂർ ഹെലികോപ്ടർ അപകടത്തിൽ മരിച്ച മലയാളി ജൂനിയർ വാറന്റ് ഓഫീസർ എ പ്രദീപിന്റെ മൃതദേഹത്തിന്റെ സമീപം ഭാര്യയും ഇളയകുട്ടിയും*

# സർക്കാരിനെതിരെ ആഞ്ഞടിച്ച് ഗവർണർ





**തിരുവനന്തപുരം :** സംസ്ഥാന സർക്കാരിനെ അതിരൂക്ഷമായി വിമർശിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സർവകലാശാലകളിൽ രാഷ്ട്രീയ അതിപ്രസരമെന്നും അതംഗീകരിക്കാൻ കഴിയില്ലെന്നും ഗവർണർ വ്യക്തമാക്കി.'സംസ്ഥാനത്തെ സർവകലാശാലകളിലെ നിയമനങ്ങളിലും സ്വജന പക്ഷപാതമുണ്ട്. സർവകലാശാലകളുടെ സ്വയംഭരണം സംരക്ഷിക്കാൻ പരമാവധി ശ്രമിച്ചു. ചാൻസലർ എന്നത് ഭരണഘടനാ പദവിയല്ലെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രതികരിച്ചു.

വിഷയത്തിൽ ധനമന്ത്രിയും ചീഫ് സെക്രട്ടറിയും ഗവർണറെ കണ്ടെങ്കിലും നിലപാടിൽ മാറ്റമില്ലാതെ വിമർശനം തുടരുകയാണ് ഗവർണർ. തനിക്ക് സ്ഥാനത്ത് തുടരാൻ കഴിയില്ലെന്ന് പറഞ്ഞ ഗവർണർ, സർവകലാശാലകളുടെ ചാൻസലർ സ്ഥാനം മുഖ്യമന്ത്രി ഏറ്റെടുക്കട്ടെയെന്നും കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. അതേസമയം വിഷയത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാന് പിന്തുണയറിയിച്ച് പ്രതിപക്ഷം രംഗത്തെത്തി. സർവകലാശാലകളുടെ ചാൻസലർ പദവി മുഖ്യമന്ത്രിയുടെ ഔദാര്യമല്ലെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ പറഞ്ഞു. ഗവർണറുടെ കത്ത് മുഖ്യമന്ത്രിയുടെ മുഖത്തേറ്റ അടിയെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രനും ചൂണ്ടിക്കാട്ടി.കാലടി, കണ്ണൂർ സർവകലാശാലകളിലെ വി സി നിയമനങ്ങളിലാണ് ഗവർണറുടെ അതൃപ്തി. ചരിത്രത്തിലില്ലാത്ത വിധം അസാധാരണ പ്രതിഷേധവുമായാണ് ഗവർണർ സർക്കാരിന് കത്ത് നൽകിയത്. കണ്ണൂർ വൈസ് ചാൻസലറുടെ പുനർനിയമനം അടക്കം വിവിധ കാര്യങ്ങളിലെ അതൃപ്തി പരസ്യമാക്കിയ ഗവർണർ, ചാൻസലർ എന്ന പരമാധികാര പദവി താൻ ഒഴിഞ്ഞുതരാമെന്നും, സർക്കാരിന് വേണമെങ്കിൽ തന്നെ നീക്കം ചെയ്യാമെന്നും കടുത്ത ഭാഷയിലുള്ള കത്തിൽ ഗവർണർ പറയുന്നു.


ഇതോടൊപ്പം കാലടി സംസ്കൃത സർവകലാശാല വിസി നിയമനത്തിന് സെർച്ച് കമ്മിറ്റി പേരുകൾ നൽകാത്തതും പ്രതിഷേധത്തിന് കാരണമാണ്. പട്ടിക നൽകാത്തതിനാൽ സെർച്ച് കമ്മിറ്റി തന്നെ ഇല്ലാതായി. ഇതിന് തൊട്ടുപിന്നാലെ സർക്കാർ ഒറ്റപ്പേര് വിസി സ്ഥാനത്തേക്ക് രാജ്ഭവന് നൽകി. ഇതിൽ ഗവർണർ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സർവകലാശാലകളിൽ രാഷ്ട്രീയ അതിപ്രസരമാണെന്നും ഗവർണർ കത്തിൽ കുറ്റപ്പെടുത്തി.

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## കാർഷിക പരിഷ്കരണങ്ങൾ കർഷർ പഠിക്കണം

ഏറെ കൊട്ടിഘോഷിക്കപ്പെട്ട കാർഷിക പരിഷ്കരണങ്ങളാണ് കർഷകർക്കിടയിൽ തന്നെയുണ്ടായ ശക്തമായ വിയോജിപ്പുകളെത്തുടർന്നു റദ്ദാവുന്നത്. അതിനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നതു പരിഷ്കരണങ്ങൾ കൊണ്ടുവന്നപ്പോൾ കാണിച്ച തിടുക്കമാണ്. പാർലമെൻറിൽ വേണ്ടത്ര ചർച്ചയ്ക്കു പോലും അവസരമുണ്ടായില്ല എന്നാണല്ലോ ആരോപണം. ഇടനിലക്കാരെ ഒഴിവാക്കാനാണു പുതിയ പരിഷ്കരണമെന്ന വാദം കർഷകർക്കോ കർഷക സംഘടനകൾക്കോ പൂർണമായി ബോധ്യം വന്നില്ല. താങ്ങുവില ഇല്ലാതാവുമെന്ന ആശങ്കയ്ക്കു പരിഹാരമുണ്ടായില്ല. കോർപ്പറേറ്റുകൾ കാർഷിക മേഖല അടക്കിവാഴുമെന്ന പ്രചാരണത്തിൻറെ മുനയൊടിഞ്ഞില്ല. ബില്ലുകൾക്കെതിരേ കർഷക സംഘടനകൾ രംഗത്തുവന്നതിനെ സർക്കാർ ഗൗനിച്ചുമില്ല. ഈ പോരായ്മകൾ നികത്തിയാവണം ഇനി കാർഷിക മേഖലയിലെ പരിഷ്കരണങ്ങൾക്കു സർക്കാർ മുന്നിട്ടിറങ്ങുന്നത്.

ഒരു കാര്യം ഉറപ്പാണ്. കാർഷിക മേഖലയുടെ അഭിവൃദ്ധിക്കും ഉത്പാദനക്ഷമതാ വർധനയ്ക്കും പരിഷ്കരണങ്ങൾ അനിവാര്യം. വർഷങ്ങളായി ഈ മേഖലയിലെ വിദഗ്ധർ അതു ചൂണ്ടിക്കാണിക്കുന്നതാണ്. ഏതു പരിഷ്കരണവും വിമർശനങ്ങൾ ക്ഷണിച്ചുവരുത്തും. റിസർവ് ബാങ്കിൻറെ മുൻ ഗവർണർ സി. രംഗരാജൻ ചൂണ്ടിക്കാണിക്കുന്നതുപോലെ 1991ൽ അധികാരമേറിയ നരസിംഹ റാവു സർക്കാർ സാമ്പത്തിക പരിഷ്കാരങ്ങളുടെ കെട്ടഴിച്ചപ്പോഴും എന്തുമാത്രം വിമർശനങ്ങളാണുയർന്നത്. രാജ്യത്തെ ഐഎംഎഫിനും ലോക ബാങ്കിനും വിൽക്കുന്നു എന്നുവരെ പാർലമെൻറിൽ ആരോപിച്ചവരുണ്ടെന്ന് രംഗരാജൻ കഴിഞ്ഞ ദിവസം പറയുകയുണ്ടായി. പക്ഷേ, അന്ന് ആ പരിഷ്കരണങ്ങളില്ലാതെ രാജ്യത്തിനു മുന്നോട്ടു പോകാനാവാത്ത അവസ്ഥയായിരുന്നു.

എന്നാൽ, ഇന്ന് അതല്ല സ്ഥിതി. അതുകൊണ്ടു തന്നെ പരിഷ്കരണങ്ങളിൽ ചർച്ചകൾ അനിവാര്യമാണ്. അഭിപ്രായ സമന്വയം വളരെ പ്രധാനവുമാണ്. ചുരുങ്ങിയപക്ഷം പ്രമുഖ കർഷക സംഘടനകളെയെങ്കിലും ഒപ്പം നിർത്താനാവണം, കാർഷിക മേഖലയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുമ്പോൾ. കാർഷിക വിപണികളുടെ പരിഷ്കാരം അടക്കം നടപ്പാക്കുന്നത് അതിനു യോജിച്ച സാഹചര്യം സൃഷ്ടിച്ചിട്ടാവണം. താങ്ങുവിലയ്ക്കു നിയമപരിരക്ഷ നൽകുന്നതു പരിശോധിക്കാൻ സമിതിയെ നിയോഗിക്കാമെന്നു സർക്കാർ ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്. ഈ സമിതിയിൽ കർഷക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുമെന്നും കേന്ദ്രം ഉറപ്പുനൽകിയിട്ടുണ്ട്. കർഷക സംഘടനകളും പ്രതിപക്ഷ പാർട്ടികളും എല്ലാം ആവശ്യപ്പെടുന്നതാണ് ഈ നിയമ പരിരക്ഷ.

വൈദ്യുതി (ഭേദഗതി) ബിൽ പാർലമെൻറിൽ അവതരിപ്പിക്കും മുൻപ് കർഷക ഗ്രൂപ്പുകളുമായി ചർച്ച ചെയ്യാമെന്നും കേന്ദ്ര സർക്കാർ സമ്മതിച്ചിരിക്കുന്നു. വിളവെടുപ്പിനു ശേഷം വൈക്കോൽ കത്തിക്കുന്നതിനു കർഷകർക്കെതിരേ ക്രിമിനൽ ബാധ്യത ചുമത്തുന്നത് ഒഴിവാക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ഇനിയുള്ള ചർച്ചകളിലും പരിഷ്കരണ നീക്കങ്ങളിലും ഏറെ നിർണായകമാവും ഈ മൂന്നു കാര്യങ്ങളിലെയും പുരോഗതി. സമരക്കാർക്കെതിരേ വിവിധ സംസ്ഥാനങ്ങളിൽ എടുത്ത കേസുകൾ നിരുപാധികം പിൻവലിക്കുന്നതും പ്രക്ഷോഭത്തിനിടെ മരിച്ച കർഷകരുടെ കുടുംബങ്ങൾക്കു നഷ്ടപരിഹാരം നൽകുന്നതുമാണ് മറ്റു രണ്ടു വ്യവസ്ഥകൾ. ഇക്കാര്യങ്ങളിലും സർക്കാർ ഭാഗത്തു വീഴ്ചയുണ്ടാവില്ലെന്നു കരുതാം.

കർഷകർ വൈക്കോൽ കത്തിക്കുന്നത് അന്തരീക്ഷ മലിനീകരണം വർധിപ്പിക്കുന്നുവെന്ന ആരോപണം ഏറെക്കാലമായി അവർ കേൾക്കുന്നുണ്ട്. വൈക്കോലിൽ നിന്ന് ജൈവ ഇന്ധനങ്ങൾ ഉണ്ടാക്കാനുള്ള പരിശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് കേന്ദ്ര പരിസ്ഥിതി- വനം മന്ത്രി ഭൂപേന്ദർ യാദവ് പാർലമെൻറിനെ അറിയിക്കുകയുണ്ടായി. ഇത്തരം നടപടികൾക്കു വേഗം കൂട്ടുന്നത് എല്ലാവരും സ്വാഗതം ചെയ്യുന്നതാണ്. വൈക്കോൽ കത്തിക്കുന്നതിന് കർഷകർക്കെതിരേ കേസും പിഴശിക്ഷയും വിധിക്കുന്നതല്ല, രാജ്യപുരോഗതിക്ക് ഉതകുന്ന രീതിയിൽ വൈക്കോലിനെ മാറ്റുന്നതു തന്നെയാണല്ലോ ആവശ്യം.




## ഏറ്റവും കൂടുതൽ ഉപഭോക്തൃ പരാതി ഭാരതി എയർടെലിനെതിരെയെന്ന് കേന്ദ്രം പാർലമെന്റിൽ

**ന്യൂഡൽഹി:** ടെലികോം റെഗുലേറ്ററായ ട്രായിയ്ക്ക് ഏറ്റവും കൂടുതൽ പരാതി ലഭിച്ചത് ഭാരതി എയർടെലിനെതിരെ. വെള്ളിയാഴ്ച പാർലമെന്റിലാണ് സർക്കാർ ഈ വിവരം അറിയിച്ചത്. തൊട്ടുപിന്നിൽ വോഡഫോൺ ഐഡിയയും റിലയൻസ് ജിയോയുമാണ്. വാർത്താ-വിനിമയ മന്ത്രാലയം സഹമന്ത്രി ദേവുസിങ് ചൗഹാൻ നൽകിയ വിവരം അനുസരിച്ച് ഭാരതി എയർടെലിനെതിരെ 2021-ൽ സേവനവുമായി ബന്ധപ്പെട്ട 16111 പരാതികൾ ലഭിച്ചിട്ടുണ്ട്. വോഡഫോൺ ഐഡിയയ്ക്കെതിരെ 14,487, റിലയൻസ് ജിയോയ്ക്കെതിരെ 7341 പരാതികളും ലഭിച്ചു.

വോഡഫോൺ ഐഡിയയ്ക്കെതിരെയുള്ള 14487 പരാതികളിൽ 9186 എണ്ണം ഐഡിയയ്ക്കും 5301 എണ്ണം വോഡഫോണിനും എതിരെയുള്ളതാണ്. 732 പരാതികൾ എം.ടി.എൻ.എലിനെതിരെയും 2913 പരാതികൾ ബി.എസ്.എൻ.എലിന് എതിരെയും ലഭിച്ചിട്ടുണ്ട്.

1997-ലെ ട്രായ് നിയമം അനുസരിച്ച് വ്യക്തിഗത ഉപഭോക്താക്കളെ കൈകാര്യം ചെയ്യാൻ ട്രായിയ്ക്ക് സാധിക്കില്ലെന്ന് ചൗഹാൻ പറഞ്ഞു. എങ്കിലും ലഭിച്ച പരാതികൾ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട സേവനദാതാക്കൾക്ക് കൈമാറിയിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ കൈകാര്യം ചെയ്യാൻ എല്ലാ സേവനദാതാക്കളോടും ദ്വിതല പരാതി പരിഹാര സംവിധാനം ഏർപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു.

ഈ സംവിധാനത്തിലൂടെ ഉപഭോക്താവിന് സേവനാധിഷ്ഠിത പരാതികൾ നൽകാൻ സാധിക്കും. പരാതി പരിഹരിക്കപ്പെട്ടില്ലെങ്കിൽ ടെലികോം സേവന ദാതാക്കളുടെ അപ്പീൽ അതോറിറ്റിയെ സമീപിച്ച് അപ്പീൽ നൽകാം. ചൗഹാൻ പറഞ്ഞു.





# ബിപിൻ റാവത്തിന്റെ മരണം എല്ലാ രാജ്യസ്നേഹികളുടെയും നഷ്ടം– പ്രധാനമന്ത്രി

ലഖ്നൗ: രാജ്യത്തിന്റെ പ്രഥമ സംയുക്ത സേനാമേധാവി ജനറൽ ബിപിൻ റാവത്തിന്റെ മരണം എല്ലാ രാജ്യസ്നേഹികളുടെയും നഷ്ടമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്തർ പ്രദേശിലെ ബൽറാംപുരിൽ റാലിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡിസംബർ എട്ടിന് ഹെലികോപ്ടർ തകർന്നു മരിച്ച എല്ലാ ധീരപോരാളികൾക്കും ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇന്ത്യയുടെ പ്രഥമ സംയുക്ത സേനാമേധാവി ജനറൽ ബിപിൻ റാവത്തിന്റെ മരണം എല്ലാ രാജ്യസ്നേഹികളുടെയും നഷ്ടമാണ്. അദ്ദേഹം ധീരനായിരുന്നു. രാജ്യത്തിന്റെ സായുധസേനയെ സ്വയംപര്യാപ്തമാക്കുന്നതിനായി അദ്ദേഹം കഠിനമായി പരിശ്രമിച്ചതിന് രാജ്യം സാക്ഷ്യം വഹിച്ചു- മോദി പറഞ്ഞു.

ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുഃഖപൂർണമായ നിലയിലാണ് ഇന്ത്യയുള്ളത്. എങ്കിലും രാജ്യം നിശ്ചലമായിട്ടില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യ ദുഃഖിക്കുകയാണ്. വേദനയുണ്ടെങ്കിലും നാം നമ്മുടെ ചുവടുവെപ്പോ വികസനമോ നിർത്തില്ല. ഇന്ത്യ നിശ്ചലമാവുകയില്ല. ഇന്ത്യക്കാർ ഒരുമിച്ച് കഠിനമായി പരിശ്രമിക്കുകയും രാജ്യത്തിന് അകത്തും പുറത്തുനിന്നുമുള്ള സകല വെല്ലുവിളികളെയും നേരിടുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ബൽറാംപുരിലെത്തിയ പ്രധാനമന്ത്രി, സരയൂ കനാൽ നാഷണൽ പ്രോജക്ടിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ഏകദേശം 29 ലക്ഷം കർഷകർക്ക് ജലസേചനത്തിന് സഹായമാകുന്ന പദ്ധതി, 14 ലക്ഷത്തിലധികം ഹെക്ടർ ഭൂമിയിലേക്ക് ജലമെത്തിക്കും. ഉത്തർ പ്രദേശ് ഗവർണർ ആനന്ദി ബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേന്ദ്രമന്ത്രി ഗജേന്ദ്ര സിങ് ശെഖാവത്ത് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# നിങ്ങളുടെ സങ്കൽപ്പങ്ങൾക്കുമപ്പുറം ത്യാഗികളാണവർ... ദിവസങ്ങൾക്ക് മുൻപ് ലിഡ്ഡറുടെ മകൾ ചൊല്ലി

'രാജ്യത്തിന്റെ പൂർണതയ്ക്ക് വേണ്ടി പോരാടുന്ന
അപൂർണമായൊരു കുടുംബമുള്ളവർ,
നിങ്ങളുടെ സങ്കൽപ്പങ്ങൾക്കുമപ്പുറം
ത്യാഗികളാണവർ...

കൂനൂരിലുണ്ടായ ഹെലികോപ്റ്റർ അപകടത്തിൽ ബ്രിഗേഡിയർ ലഖ്ബിന്ദർ സിങ് ലിഡ്ഡർ മരിക്കുന്നതിന് ദിവസങ്ങൾക്ക് മുമ്പ് ഒരു ഓൺലൈൻ യോഗത്തിൽ വെച്ച് മകൾ ചൊല്ലിയ കവിതയുടെ വരികളാണ് ഇത്. ഹെലികോപ്റ്റർ അപകടത്തിന് ദിവസങ്ങൾക്ക് മുമ്പാണ് തന്റെ പുസ്തകത്തിലെ കവിത ഒരു യോഗത്തിൽ വെച്ച് ആഷ്ന ലിഡ്ഡർ വായിച്ച് കേൾപ്പിച്ചത്. ഇതിന്റെ വീഡിയോ ഇപ്പോൾ സോഷ്യൽ മീഡിയയും ഏറ്റെടുത്തിരിക്കുകയാണ്.

രാജ്യത്തെ ആദ്യ വനിതാ ഐപിഎസ് ഓഫീസറായ കിരൺ ബേദിയാണ് ഇതുമായി ബന്ധപ്പെട്ട വീഡിയോ ട്വീറ്റ് ചെയ്തിരിക്കുന്നത്.

ബ്രിഗേഡിയർ ലിഡ്ഡറിന്റെ മകൾ ആഷ്ന ലിഡ്ഡർ തന്റെ പുസ്തകത്തിൽ കുറിച്ച കവിതയാണ്. ഡിസംബർ 3ന് ബുക്ക് റീഡിംഗ് സെഷനിൽ വെച്ച് അവൾ കവിത ചൊല്ലുന്നതാണ് വീഡിയോയിൽ കാണുന്നത്. നേരത്തെ തന്നെ ആപത് സൂചനകൾ നൽകുന്ന വരികളാണിവ. ജീവിതം എന്നത് വളരെ ഏറെ നിഗൂഢതകൾ നിറഞ്ഞതാണെന്ന് കിരൺ ബേദി ട്വീറ്റ് ചെയ്തു.

'ത്യാഗോജ്ജ്വലമായ സ്വാതന്ത്ര്യം' എന്നാണ് തന്റെ കവിതയ്ക്ക് ആഷ്ന തലക്കെട്ട് നൽകിയിരിക്കുന്നത്. ഡിസംബർ 3നാണ് തന്റെ പുസ്തകത്തിലെ കവിത കിരൺ ബേധി അടക്കമുള്ളവർ പങ്കെടുത്ത യോഗത്തിൽ വെച്ച് വായിച്ചു കേൾപ്പിച്ചത്. എന്നാൽ ഇതിന് നാല് ദിവസങ്ങൾക്ക് ശേഷം രാജ്യത്തെ നടുക്കിയ ഹെലികോപ്റ്റർ അപകടമുണ്ടായി. സംയുക്ത സേനാമേധാവിയോടൊപ്പം ഉണ്ടായിരുന്ന് 13 പേരുടെ ജീവനാണ് അപകടത്തിൽ പൊലിഞ്ഞത്. ഇതിൽ ആഷ്ന ലിഡ്ഡറിന്റെ അച്ഛനും ഉൾപ്പെട്ടിരുന്നു.

സ്വാതന്ത്ര്യദിനത്തിലാണ് താൻ ഈ കവിത എഴുതിയതെന്നും മറ്റുള്ളവരുടെ ജീവിതത്തിന് വേണ്ടി തങ്ങളുടെ ജീവൻ നൽകാൻ തയ്യാറായവർക്ക് വേണ്ടിയാണ് ഈ കവിതയെന്നും ആഷ്ന വീഡിയോയിൽ പറയുന്നുണ്ട്.

'എനിക്ക് 17 വയസായി. 17 വർഷവും അച്ഛൻ എനിക്കൊപ്പമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നല്ല ഓർമകളുമായി ഞങ്ങൾ മുന്നോട്ട്പോകും. ഇതൊരു ദേശീയ നഷ്ടമാണ്. എന്റെ അച്ഛൻ ഒരു ഹീറോ ആയിരുന്നു. എന്റെ ഏറ്റവും നല്ല സുഹൃത്ത്. ഒരു പക്ഷേ ഇത് വിധിയായിരിക്കും. മികച്ചത് നമ്മെ തേടിവരും. അദ്ദേഹമായിരുന്നു എൻറെ പ്രചോദനം' എൽഎസ് ലിഡ്ഡറിന്റെ സംസ്കാരച്ചടങ്ങിൽ വികാരധീനയായി ആഷ്ന പറഞ്ഞത് ഇങ്ങനെയായിരുന്നു.

കേരള പ്രണാമം
സത്യം വദ ധർമ്മം ചര

രാഹുകാലം : 04.30 to 06.00 pm
ഗുളികകാലം : 03.30 to04.30 Pm
യമകണ്ടകകാലം : 12.00 to01.30 pm

# ART & LITERATURE



## സോദരി നീ പുനർജനിതേടുക



ഭോഗ വിലാസങ്ങൾക്കായി പങ്കുവയ്ക്കാൻ
ദ്വാപരയുഗത്തിലെ ദ്രൗപതിയല്ല നീ

പരപുരുഷ സംശയത്താൽ മൊഴി ചൊല്ലുവാൻ
ത്രേതായുഗത്തിലെ സീതാദേവിയുമല്ല നീ

വിരൂപനാം ധൃതരാഷ്ട്രരെ പ്രാപിക്കുവാൻ കണ്ണുകൾ മൂടിക്കെട്ടിയ ഗാന്ധാരിയുമല്ല നീ

പ്രണയ വിരഹം ഏറ്റുവാങ്ങുവാൻ കൃഷ്ണ പ്രണയിനി രാധയുമല്ല നീ

പാതിവ്രത്യ
മെന്നോരോമനപ്പേരിൽ
പ്രണയേശ്വരനെ
വേശ്യ വേഴ്ചയിലേക്കാനയിക്കാൻ
ശീലാവതിയുമല്ല നീ

ഭോഗേച്ഛ ആറിത്തണുക്കുമ്പോൾ
മറന്നിട്ടു പോവാൻ
ദുഷ്യന്തന്റെ ശകുന്തളയുമല്ല നീ

പുനർജനി തേടുക  നീ സോദരി
ചമ്പൽ വനാന്തരങ്ങളിൽ സിംഹഗർജ്ജനം മുഴക്കുവാൻ ഇനിയുമൊരു
 ഫൂലാൻ ദേവിയായ്



സലി കെ എസ്

## ഡിസംബർ !

ഡയറിയുടെ അവസാനതാളുകൾ
മഞ്ഞുമൂടിക്കിടക്കുന്നു
ദിനങ്ങളെണ്ണിയെണ്ണി
എൻറെയീ ഡിസംബറും
തിരശ്ശീലയ്ക്കപ്പുറം
ഓർമ്മകളിലൊളിക്കുന്നു !
കലണ്ടർപേജുകൾമറിയുമ്പോൾ
നവവധുവിൻറെ നാണത്തോടെ
വീണ്ടുമൊരാണ്ട് !
കുളിരുപടലങ്ങളിലെ
നക്ഷത്രക്കാഴ്ച്ചകൾ മായുമ്പോൾ
ചേതനയറ്റ് ചോരപുരണ്ടൊരു
നോവിൻ ഡിസംബർ !

കനി

## അകലാത്ത ബന്ധം



താളബോധത്തിന്റെ അർത്ഥങ്ങൾ
തേടുമ്പോൾ
ഓർക്കുന്നു ഓമലേ നിന്നെ ഞാൻ
എതോ നിമിഷ കവാടത്തിൽ വച്ചു നീ
ഓടി അടുത്തില്ലേ മനസ്സിൽ
ഇല്ല : അടയ്ക്കില്ല. കൊട്ടി അടയ്ക്കില്ല ...
പറയാതെ മിണ്ടാതെ വന്നവനെന്നാലും
ഇല്ല മോഹിക്കില്ല തെല്ലുമീ
സാന്നിധ്യം
എന്നാലിന്നു കഴിയില്ല നിന്റെ അസാന്നിധ്യം
അത്രമേൽ ആരവം തത്തികളിച്ചില്ലേ
വറ്റിവരണ്ട താം എൻ മാനസഃ
മഞ്ഞാ യോ മഴയായോ
എന്തൊക്കെയായി ടാം
എന്നിൽ വമിച്ചില്ലേ നിൻ കരങ്ങൾ
കെട്ടി പുണർന്ന് ഞാൻ നെഞ്ചിലേക്കേറ്റട്ടെ ...
 മാറിടം ചേരുന്ന നിന്റെ സ്പർശം
വേർപിടാനാകാതെ മാനസ ചേർച്ചയിൽ
എന്നിലേക്കാക്കട്ടെ നിൻ വിയർപ്പും
ഉപ്പുരസമല്ല നിൻ അധരത്തിൽ
ഉണ്മയെ തേടുന്ന പാനപാത്രം
ഊറ്റി കുടിക്കട്ടെ അക്ഷയ പാത്രത്തിൽ
അന്യമാകാത്ത ഈ ക്ഷീര സൗഖ്യം
പാലുണ്ണി വന്നാലും തുള്ളി തെറുപ്പിച്ച്
പാൽ കൊതി മാറാത്ത കൃഷ്ണനായി
എന്റെ ഉദര മിന്നിച്ഛിച്ച് പോകുന്നു ....
നിന്റെ ബിജത്തിന്റെ എതാനും തുള്ളികൾ

അനിതാ അലേഷ്

## അനാഥന്റെ പ്രണയം

താതനില്ലാതെ ചെരിയിലൊരു
ചൊരക്കുഞ്ഞായ് പിറന്നതും
നാമമില്ലാതെ ദൂരമേറെ
വിലാപയാത്രപോൽ നടന്നതും
മാതൃവാത്സല്യം കൊതിച്ചും
പിതൃവാത്സല്യമാശിച്ചും
പിന്നെയീ ഇരുൾ മൂടിയ
ജീവിതത്തോടു ചേർന്നും
തനിയെ വീണൊരു പേരിൻറെ ബലത്തിൽ
ആറടി മണ്ണിൻറെ മേൽവിലാസത്തിൽ
കരയേതും പുരളാത്തൊരു ഹൃത്തിൻറെ ശോഭയിൽ
ഇന്ന്  യൌവ്വനം തൊട്ടപ്പൊഴാണല്ലോ
പെണ്ണേ ,
ഊഴം കാത്തധികനേരമിവിടെ നിന്നപോൽ ,
തിടുക്കത്തിലെൻറെ വികാരങ്ങളിൽ
തീക്ഷ്ണമായ നിൻറെ
നേത്രങ്ങളുടെ വൻചുഴി വീണതും ,
ഉരുകിയൊലിക്കുന്ന ലാവ പോലെ,
നിൻറെ ചുണ്ടുകളുടെ തീയിൽ
ഞാൻ വെന്തു തുടങ്ങിയതും !
എന്റെ തിരസ്കൃതമാം നെഞ്ചിടിപ്പിലെയ്ക്ക്
അലറിയാഞ്ഞടിക്കുന്ന
കൊടുങ്കാറ്റാണ് നിൻറെ സ്നേഹം ,
കനലുകൾ പടർത്തിയത് മൂർഛിക്കുന്നു !
ശിരസ്സിൽ ,
നരകദാഹങ്ങളിൽ ,
കോരി ചൊരിയുന്ന മഴയായും
കറുപ്പ് മൂടിയ കൽത്തുറുങ്കിലെ
തിരിയുടെ പ്രകാശമായും
ഇനിയുമെന്നും വിളങ്ങുക നീ !
നിത്യദു:ഖത്തിൽ നിന്നും
നീയെന്ന മഹായാനത്തിലേയ്ക്ക്
ഞാനൊരു സൂര്യനായ് ജ്വലിച്ചുയരട്ടെ

SPECIAL-NEWS





# സുവർണജൂബിലി തിളക്കത്തിൽ വിശ്വകർമ സർവീസ് സൊസൈറ്റി: സുവർണജൂബിലി മന്ദിരം ഉദ്ഘാടനം ഇന്ന്

കോട്ടയം: കേരളത്തിലെ വിശ്വകർമ സമുദായത്തിൻറെ മാറ്റത്തിനും മുന്നേറ്റത്തിനുവേണ്ടി രൂപം കൊണ്ട വിശ്വകർമ സർവീസ് സൊസൈറ്റി സുവർണ ജൂബിലി തിളക്കത്തിൽ. അനുബന്ധിച്ച് നിർമാണം പൂർത്തിയായ സുവർണജൂബിലി മന്ദിരത്തിൻറെ ഉദ്ഘാടനം ഞായറാഴ്ച നടക്കും. ഉച്ചയ്ക്ക് 11.45നും 12.05 നും മധ്യേ സംസ്ഥാന പ്രസിഡൻറ് ടി.യു രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡൻറ് അഡ്വ. ടി.ആർ മധു അധ്യക്ഷനാവും. ഉച്ചയ്ക്ക് രണ്ടിന് സാംസ്കാരിക സമ്മേളനം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് അഡ്വ. കെ. അനന്തഗോപൻ ഉദ്ഘാടനംചെയ്യും. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ, മുൻ എം.എൽ.എ അഡ്വ. ഡി.സുഗതൻ എന്നിവർ പെങ്കടുക്കുമെന്ന് ജനറൽസെക്രട്ടറി എം.പി രാധാകൃഷ്ണൻ, ട്രഷറർ കെ.എ ശിവൻ, കെ.ആർ സുധീന്ദ്രൻ, പി. ഉദയഭാനു, എൻ. സതീഷ്കുമാർ, ബിനു പുള്ളുവേലിൽ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

**വിശ്വകർമ സർവീസ് സൊസൈറ്റി:**

1968 ഓഗസ്റ്റ് 26നാണ് വിശ്വകർമ സർവീസ് സൊസൈറ്റി സംഘടന നിലവിൽ വന്നത്. അഖിലകേരള വിശ്വകർമ സഭ, കേരള വിശ്വബ്രഹ്മ സഭ, കേരള കമ്മാളസഭ എന്നീ സംഘടനകൾ ചേർന്ന് ഹൈലെവൽ കമ്മിറ്റി രൂപവത്കരിച്ചാണ് ഏക സംഘടനയായത്. തുടർന്ന് മൂന്നുസംഘടനയുടെ പ്രസിഡന്റുമാർ, യഥാക്രമം പ്രസിഡന്റ്, ജനറൽസെക്രട്ടറി, ഖജാൻജി എന്നീ പദവി ഏറ്റെടുത്തു. എം.എൻ. കൃഷ്ണൻ ആചാരി, കീച്ചേരി തങ്കപ്പൻ ആചാരി, ടി.പി. ഗോവിന്ദൻ ആചാരി, വി.കെ. വാസുദേവൻ ആചാരി, അഡ്വ.പി. സരസപ്പൻ, എ. നടരാജൻ, കുമാരനാചാരി, കെ. അമ്പലവർണ്ണനാചാരി, ആർ. അയ്യാവ് ആചാരി, കെ. വാസുദേവൻ, പി.കെ. കുമാരനാചാരി, വി.എ. മാധവൻ, എ.കെ. ആചാരി, വി.എ. പഴനി ആചാരി എന്നിവരെല്ലാം വിവിധ കാലങ്ങളിൽ നേതൃപരമായ സംഭാവനകൾ നൽകി. 1979ൽ ചങ്ങനാശേരി ആലപ്പുഴ റോഡിൽ പെരുന്നയ്ക്കടുത്ത് ഹെഡ് ഓഫീസിന് സ്ഥലം വാങ്ങി താത്കാലിക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. 1987ൽ ഒരുനില പണി തീർത്തു. 1992ൽ കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസ്ഥാനമന്ദിരമായി പ്രവർത്തനം തുടങ്ങി. കെട്ടിടം മൂന്നുനിലയാക്കാൻ 2017 സെപ്റ്റംബർ 17ന് സംസ്ഥാന പ്രസിഡൻറ് ടി.യു രാധാകൃഷ്ണൻ ശിലാന്യാസം നടത്തി. ഏക സംഘടന, ഏക നേതൃത്വം, ഏക ലക്ഷ്യം എന്ന മുദ്രാവാകൃത്തിലാണ് വി.എസ്.എസ് പ്രവർത്തിക്കുന്നത്. 2012ൽ സൊസൈറ്റിയുടെ കീഴിൽ ഗായത്രി സ്വയംസഹായ സംഘം പ്രവർത്തനം തുടങ്ങി. സ്ത്രീകളെ നേതൃത്വനിരയിലേക്ക് എത്തിക്കുകയായിരുന്നു ലക്ഷ്യം. വിശ്വകർമ കലാകാരന്മാരെ അണിനിരത്തി വികാസ് എന്ന പേരിൽ കലാസാഹിത്യസംഘവും പ്രവർത്തിക്കുന്നു. മഹിളാസംഘം, യൂത്ത് ഫെഡറേഷൻ, മീഡിയാസെൽ, കൗൺസിൽ സെൽ, ഡിജിസെൽ, അഡ്മിനിസ്ട്രേഷൻ സെൽ എന്നിവയും പ്രവർത്തിക്കുന്നു. സംഘടനയുടെ പേരിൽ വി.എസ്.എസ്. മാട്രിമോണി, ആചാര്യസെൽ, കരിയർഗൈഡൻസ് എന്നിവയും സംഘടനാ ഭരണനടപടികൾ ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങളും പൂർത്തിയാകുന്നു.

SPECIAL-NEWS




# പാർട്ടി സെക്രട്ടറിയെ ചാൻസലറാക്കുന്നതാണ് നല്ലത്; പരിഹസിച്ച് വിഡി സതീശൻ

**തിരുവനന്തപുരം:** ചാൻസലർ പദവി ഒഴിയാമെന്ന് കാണിച്ച് മുഖ്യമന്ത്രിക്ക് ഗവർണർ അയച്ച കത്ത് അതീവ ഗൗരവതരമാണെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. വി.സിമാരുടെ നിയമനങ്ങളിലും യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തിലും മനം മടുത്താണ് ചാൻസലർ പദവി ഒഴിയാൻ ഗവർണർ സന്നദ്ധനായത്. മുഖ്യമന്ത്രിക്ക് ഒരു ഗവർണർ ഇത്തരമൊരു കത്ത് നൽകേണ്ടിവന്നത് രാജ്യത്ത് ആദ്യമായിട്ടാകുമെന്നും വിഡി സതീശൻ പറഞ്ഞു. സർവകലാശാലകളിൽ നടക്കുന്നത് പിൻവാതിൽ നിയമനമാണ്. സർവകലാശാലകളെ പാർട്ടി സെല്ലുകളാക്കി മാറ്റുകയാണ്. മുഖ്യമന്ത്രിയേക്കാൾ പാർട്ടി സെക്രട്ടറിയെ ചാൻസലറാക്കുന്നതാണ് നല്ലത്. പ്രതിപക്ഷം നേരത്തെ പറഞ്ഞത് ഗവർണർ ശരിവച്ചിരിക്കുകയാണെന്നും സതീശൻ ആരോപിച്ചു. വിദ്യാഭ്യാസ രംഗത്തെ രാഷ്ട്രീയവൽക്കരണത്തിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ഗവർണറുടെ കത്ത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ അപചയവും ബന്ധു നിയമനങ്ങളും നേരത്തെ പലവട്ടം പ്രതിപക്ഷം തെളിവ് സഹിതം പറഞ്ഞതാണ്. അപ്പോഴെല്ലാം പതിവ് മൗനം തുടർന്ന മുഖ്യമന്തിക്ക് ഇപ്പോൾ എന്ത് പറയാനുണ്ട് ഗവർണറുടെ ആരോപണത്തോടുള്ള മുഖ്യമന്ത്രിയുടെ മറുപടി അറിയാൻ പൊതു സമൂഹത്തിന് താത്പര്യമുണ്ട്. യോഗ്യതയില്ലാത്ത നിയമനങ്ങൾ വഴി സർവ്വകലാശാലകളുടെ അക്കാദമിക രംഗം പൂർണമായും തകർന്നുവെന്നും അദ്ദേഹം പറഞ്ഞു. സർവ്വകലാശാല ഭരണം സിപിഎം സംഘടനകളുടെ പൂർണ നിയന്ത്രണത്തിലാക്കി. പാർട്ടി നിയമനങ്ങൾ നടത്താനും ബന്ധുക്കളെ കുടിയിരുത്താനുമുള്ള കേന്ദ്രങ്ങളാക്കി സർവകലാശാലകൾ മാറ്റപെട്ടതിന്റെ ദുരന്തം അനുഭവിക്കുന്ന് വിദ്യാഭ്യാസ മേഖല ഒന്നാകെയാണെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.



# മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറിക്കെതിരെ കേസ്

**കോഴിക്കോട്** മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറിക്കെതിരെ കേസെടുത്തു. അബ്ദുറഹ്മാൻ കല്ലായിക്കെതിരെ പൊലീസ് കേസെടുത്തു.മന്ത്രി മുഹമ്മദ് റിയാസിനെതിരായ പരാമർശത്തിലാണ് വെള്ളയിൽ പൊലീസ് കേസെടുത്തത്. സിപിഐഎം പരപ്പനങ്ങാടി ലോക്കൽ കമ്മറ്റി മെമ്പർ എപി മുജീബ് ആണ് പരാതി നൽകിയത്.കോഴിക്കോട് കടപ്പുറത്ത് സംഘടിപ്പിച്ച വഖഫ് സംരക്ഷണ റാലിയിൽ പൊതുമരാമത്ത് മന്ത്രി പിഎ മുഹമ്മദ് റിയാസിനെ വ്യക്തിപരമായി അധിക്ഷേപിച്ചുകൊണ്ടായിരുന്നു മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി അബ്ദുറഹിമാൻ കല്ലായിയുടെ പ്രസംഗം. പരാമർശം വിവാദമായതോടെ, സംഭവത്തിൽ അബ്ദുറഹ്മാൻ കല്ലായി മാപ്പ് പറഞ്ഞിരുന്നു.



# സംസ്ഥാനത്ത് 3795 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് 3795 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. തിരുവനന്തപുരം 681, എറണാകുളം 543, തൃശൂർ 445, കോഴിക്കോട് 413, കോട്ടയം 312, കൊല്ലം 310, കണ്ണൂർ 202, മലപ്പുറം 192, പത്തനംതിട്ട 146, ആലപ്പുഴ 139, ഇടുക്കി 132, പാലക്കാട് 110, വയനാട് 91, കാസർഗോഡ് 79 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗ ബാധ സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 58,344 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 5 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 6 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,61,939 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,57,425 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 4514 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 206 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 38,583 കോവിഡ് കേസുകളിൽ, 8.1 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 50 മരണങ്ങളാണ് കൊവിഡ് മൂലമാണെന്ന് ഇന്നലെ സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 195 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 42,824 ആയി.

രോഗം സ്ഥിരീകരിച്ചവരിൽ 14 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 3556 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 200 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 25 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

# ഇപ്പോഴത്തെ കത്തോടെ ഗവർണറും സർക്കാരും തമ്മിലുള്ള മധുവിധു കാലം ഏതായാലും കഴിഞ്ഞിരിക്കുന്നു

**തിരുവനന്തപുരം:** ഭരണത്തിൽ ഇടപെടരുതെന്ന് കണ്ണൂരിൽ പാർട്ടി പ്രവർത്തകർക്ക് മുഖ്യമന്ത്രിയുടെ തിട്ടൂരം. മറുവശത്ത് സർവകലാശാലകളിൽ പാർട്ടി ഇടപെടൽ അസഹനീയമാണെന്ന് ഗവർണർ. എന്ത് ചെയ്യരുതെന്ന് പറയുന്നോ കൃത്യമായി അതുതന്നെ ചെയ്തെന്ന പരാതിയാണ് ഉയർന്നത്. രണ്ട് പേരും പറയുന്നത് ഒന്ന് തന്നെ. പക്ഷേ പ്രതി ആര്. എവിടെയോ എന്തോ തകരാർ പോലെ.
ഭിന്നതാത്പര്യം എന്നത് വലിയ പൊല്ലാപ്പാണ്. ഗവർണർ രാഷ്ട്രീയം കളിക്കുന്നുവെന്ന കാർഡ് സർക്കാരിനും സി.പി.എമ്മിനും ഇറക്കാവുന്നതാണ്. വൈരുധ്യാധിഷ്ഠിത ഭൗതികവാദം പോലെ വെറും താത്വിക വിശദീകരണം പോരാ. ഇടപെടരുതെന്ന് മുഖ്യമന്ത്രിയും ഇടപെടൽ പരിധി വിടുന്നുവെന്ന് ഗവർണറും പറഞ്ഞാൽ ആര്, എവിടെയൊക്കെ, എങ്ങനെ ഇടപെട്ടു എന്ന ചോദ്യമാണ് ജനം അന്വേഷിക്കുക. ഗവർണറുടെ ഉന്നം കൃത്യമായതിനാൽ അത് വെളിവാകാൻ ഇത് നിമിത്തമാകും.
ഗവർണർ സർക്കാരിനെ അകപ്പെടുത്തിയ പ്രതിസന്ധിയുടെ ആഴം അത്ര ചെറുതല്ല. സമ്മേളന കാലത്താണ് ഈ വെടിപൊട്ടിച്ചിരിക്കുന്നത്. ലീഗുകാർക്ക് കണക്കിന് കൊടുത്തപോലെ ഗവർണർക്ക് കൊടുക്കാൻ മുഖ്യമന്ത്രിക്ക് തയ്യാറാകുമോ പോർമുഖം 'വിനയ'ത്തിന്റെ ഭാഷയിലാണ് ഗവർണർ തുറന്നിരിക്കുന്നത്. ഏറ്റുമുട്ടലിന്റെ പാത സ്വീകരിച്ചാൽ എവിടെയെത്തും ആര് സ്കോർ ചെയ്യും കത്തെഴുതിയ ഗവർണറെ തിരിച്ചുവിളിക്കാൻ കേന്ദ്രത്തിന് കത്തെഴുത്തുണ്ടാകുമോ കണ്ണൂരിൽ മനസ്സാക്ഷിക്ക് വിരുദ്ധമായി തെറ്റിന് കൂട്ടുനിന്നു. തെറ്റ് ചെയ്തുവെന്ന് ചാൻസലർ തന്നെ പറയുന്നു. അതിന് എന്ത് ന്യായം. അത് കാലടിയിലും ആവർത്തിക്കാൻ നിർബന്ധിക്കുന്നു എന്നും പറയുമ്പോൾ ആരോപണത്തിന്റെ ഗൗരവം ഏറുകയാണ്. പാർട്ടി താത്പര്യങ്ങൾ എന്തായിരുന്നു എന്ന ഫയൽ ആകും ഇനി തുറക്കപ്പെടുക. പൊതുജനം കൂടുതൽ കാര്യങ്ങൾ അറിയും. വി.സിയായി നിയമിക്കാൻ മൂന്നുപേരുടെ പേര് നിർദേശിക്കണം എന്നാണ് ചട്ടം. അതാണ് കീഴ്വഴക്കം. അപ്പോ അതിൽ മെറിറ്റ് നോക്കി ഗവർണർ തീരുമാനിക്കും. അല്ലെങ്കിൽ സ്വന്തം താത്പര്യത്തിന് നറുക്ക് വീഴും.
ഗവർണർ നിശ്ചയിക്കുന്ന മെറിറ്റാണ് പ്രശ്നം. വഴങ്ങുന്ന ഗവർണറാണെങ്കിൽ ആ മൂന്നിൽ സർക്കാർ ആഗ്രഹിക്കുന്ന നോമിനിക്ക് തന്നെ നറുക്ക് വീഴും. അല്ലെങ്കിൽ അത് നടക്കില്ല. സമീപ കാലത്ത് സർക്കാർ നൽകിയ പല പട്ടികയിലും മെറിറ്റ് നോക്കി ഗവർണർ നീങ്ങിയപ്പോൾ ചില പദവികളിൽ ഉദ്ദേശിച്ചവരല്ല വന്നത് എന്നാണ് കേൾവി. മൂന്നു പേരിന് പകരം ഒറ്റ പേര് മാത്രം നൽകിയാൽ ഗവർണർക്ക് വേറെ ഓപ്ഷനില്ല. അതാണ് കാലടിയിൽ പരീക്ഷിച്ചത്.
കൈ കെട്ടിയിടാൻ ശ്രമിക്കുന്നു എന്ന് പറഞ്ഞ് കണ്ണൂരിൽ വഴങ്ങിയെങ്കിൽ അത് ഒരു ശീലമാക്കേണ്ടെന്ന് വ്യക്തമാക്കുകയാണ് മുഖ്യമന്ത്രിക്ക് കത്തെഴുതിയതിലൂടെ ഗവർണർ. ഒറ്റ പേരിന് ഗവർണർ ഓ.കെ പറഞ്ഞോളും എന്ന കണക്കുകൂട്ടലാണ് പൊളിഞ്ഞത്. ഇങ്ങനെയാണ് പോക്കെങ്കിൽ എന്റെ പേരിൽ വേണ്ട നിങ്ങൾ തന്നെ നേരിട്ട് ആയിക്കോളൂ എന്ന് പറയുമ്പോൾ ഒരു ഗവർണർക്ക് ഇതിലും മികച്ച രീതിയിൽ രാഷ്ട്രീയമായി നീങ്ങാനാകില്ല എന്ന് പറയേണ്ടി വരും.
ഫയൽ മടക്കുക, ഒപ്പിടാൻ വിസമ്മതിക്കുക തുടങ്ങിയ കലാപരിപാടികളാണ് റബർ സ്റ്റാമ്പ് അല്ലാതെ ഗവർണർ കസേരയിൽ ഇരുന്നവർ പരമാവധി ചെയ്തിട്ടുള്ളത്. ആരിഫ് മുഹമ്മദ് ഖാനെ ഗവർണറായി നിയോഗിച്ചത് ബി.ജെ.പി. ഒന്നും കാണാതെയല്ല. പക്ഷേ ആ റോൾ ഇന്നലെകളിൽ നിർവഹിച്ചോ അതോ ഇപ്പോ നിർവഹിക്കുകയാണോ നയപ്രഖ്യാപനം വായിച്ചും സർക്കാരിനെ വാഴ്ത്തിയും മധുവിധുകാലം അങ്ങനെ കടന്നുപോയി. പൗരത്വ നിയമഭേദഗതിയിൽ ഗവർണറും സർക്കാരും ഒന്നിടഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് തദ്ദേശ വാർഡുകളുടെ എണ്ണം കൂട്ടാനുള്ള ഓർഡിനൻസുമായി ചെന്നപ്പോൾ ഒപ്പിടില്ലെന്ന് തീർത്ത് പറഞ്ഞു. വേണേൽ നിയമസഭ കൂടി നിയമം കൊണ്ടുവരാൻ പറഞ്ഞപ്പോൾ സർക്കാരിന് വേറെ വഴിയില്ലാതായി. ചാൻസലർ കസേര മുഖ്യമന്ത്രിക്ക് തീറെഴുതുന്ന ഓർഡിനൻസുമായി വന്നാൽ ഒപ്പിട്ടേക്കാം എന്നും പറഞ്ഞ സ്ഥിതിക്ക്. അത് അറ്റകൈ പ്രയോഗമാണ്. വൈദ്യൻ ഇച്ഛിച്ചതും രോഗി കൽപിച്ചതും ഒന്ന് എന്നപോലെ ഇതൊരു അവസരമായി സർക്കാരിന് പരീക്ഷിച്ച് നോക്കാവുന്നതാണ്. മാനക്കേടും തിരിച്ചടിയും ഒന്നും ചിന്തിക്കാതെ ചാൻസ് ഉപയോഗിക്കാൻ ഇതിലും നല്ല അവസരമില്ല.
രണ്ടാം പിണറായി സർക്കാർ വന്ന ശേഷം നേരിടുന്ന ആദ്യ വെല്ലുവിളിയാണിത്. ഭരണഘടനാപരമായി നോക്കിയാൽ ഭരണത്തലവൻ തന്നെ സർക്കാരിന്റെ കുറ്റപത്രം വായിക്കുന്നതിന് സമമായി കാര്യങ്ങൾ. ഒന്നാം പിണറായി സർക്കാരിന്റെ തുടക്കം തന്നെ ഇ.പി. ജയരാജന്റെ രാജിയോടെയായിരുന്നു. ബന്ധുനിയമനം പകൽപോലെ വ്യക്തമായപ്പോ രാജി ചോദിച്ച് വാങ്ങിയ അതേ പിണറായി തന്നെയാണ് ഇപ്പോഴും ഭരിക്കുന്നത്. 'അഗ്നിശുദ്ധി' വരുത്തി ജയരാജൻ തിരികെ മന്ത്രിയായി. പ്രളയവും കോവിഡും വന്നു. എന്നും എപ്പോഴും ധാർമ്മികതയിൽ ആശ്രയിക്കാനാകില്ലല്ലോ. ബന്ധുനിയമനത്തിൽ തുടങ്ങി സ്ഥിരപ്പെടുത്തൽ മാമാങ്കത്തിലാണ് ഒന്നാം ടേം അവസാനിപ്പിച്ചത്. രണ്ടാം ടേമിൽ



അത് കുറച്ചുകൂടി ഊർജസ്വലമായി തുടരുന്നു. ഭരണത്തുടർച്ചയല്ലേ. ഇതേ കാലടി സർവകലാശാലയിൽ ഇപ്പോഴത്തെ സ്പീക്കർ എം.ബി. രാജേഷിന്റെ ഭാര്യയുടെ നിയമനം ഉണ്ടാക്കിയ വിവാദം അന്തരീക്ഷത്തിലുള്ളപ്പോഴാണ് അതേ സ്ഥലത്ത് ഇഷ്ടക്കാരനെ വി.സിയാക്കാനുള്ള കളി ഗവർണർ മുടക്കിയിരിക്കുന്നത്.
ഇതിനിടയിൽ ഷിജു ഖാന് ചട്ടം മറികടന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നൽകി കണ്ണൂർ സർവകലാശാലയിൽ കുടിയിരുത്താൻ നോക്കുന്നുവെന്ന് പറഞ്ഞ് മറ്റൊരു വിവാദം തലപൊക്കി. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായ കെ.കെ. രാഗേഷിന്റെ ഭാര്യയെ കണ്ണൂർ സർവകലാശാലയിൽ നിയമിക്കാൻ അണിയറനീക്കം നടക്കുന്നുവെന്ന് പറഞ്ഞ് പ്രതിപക്ഷം പ്രതിഷേധത്തിനിറങ്ങിയത് ഏതാനും ദിവസം മുമ്പാണ്. ഷംസീർ എംഎൽഎയുടെ ഭാര്യയെ കണ്ണൂർ സർവകലാശാലയിൽ നിയമിച്ചത് ഹൈക്കോടതി തടഞ്ഞിട്ട് അധികകാലമായിട്ടില്ല. കാലിക്കറ്റിലും വി.സി നിയമനം വൈകിപ്പിച്ച് സർക്കാർ നാമനിർദേശം ചെയ്ത കെ.എം സീതിയുടെ നിയമനം ഗവർണർ തടഞ്ഞതും അധികകാലം മുമ്പല്ല
ഗവർണറും സർക്കാരും തമ്മിലുള്ള മധുവിധു കാലം ഏതായാലും കഴിഞ്ഞിരിക്കുന്നു, ഇപ്പോഴത്തെ കത്തോടെ. ഇനി മുഖ്യമന്ത്രിയുടെ മറുപടിയാണ് നിർണായകം. കത്ത് കിട്ടിയ പാടെ മുഖ്യമന്ത്രി ഫോണിൽ വിളിച്ചിട്ടും ഗവർണർ വഴങ്ങിയില്ല. തെറ്റിദ്ധാരണ മാറ്റാൻ ചെന്ന ധനമന്ത്രി ബാലഗോപാലും വെറും കയ്യോടെ മടങ്ങി. കാലടിയിൽ കീഴടങ്ങി സർക്കാർ വഴങ്ങുമോ അതോ ഗവർണർ മെരുങ്ങുമോ രാഷ്ട്രീയ കണിയാന്മാർക്ക് സുവർണാവസരം വരികയാണ്.



# അക്രമിസംഘം യുവാവിനെ വെട്ടിക്കൊന്നു

തിരുവനന്തപുരം: തിരുവനന്തപുരത്ത് പത്തംഗസംഘം യുവാവിന്റെ കാൽ വെട്ടിയെടുത്ത് റോഡിലേക്ക് വലിച്ചെറിഞ്ഞു. പോത്തൻകോട് കല്ലൂരിലാണ് സംഭവം. കല്ലൂർ സ്വദേശി സുധീഷിന്റെ കാലാണ് ബൈക്കിലും ഓട്ടോയിലുമായി എത്തിയ പത്തംഗ സംഘം വെട്ടിയെടുത്തത്. സംഘത്തെ കണ്ട് ഓടി വീട്ടിൽ കയറിയ സുധീഷിനെ വീട്ടിനകത്തിട്ട് വെട്ടുകയായിരുന്നു. ദേഹത്താകെ വെട്ടേറ്റ സുധീഷിനെ ഗുരുതരാവസ്ഥയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും പിന്നീട് മരണപ്പെട്ടു. വെട്ടേറ്റു വീണ ശേഷമാണ് സുധീഷിന്റെ കാൽ അക്രമിസംഘം വെട്ടിമാറ്റിയത്. സംഘത്തിലുണ്ടായിരുന്നവരിൽ ഒരാൾ മുറിഞ്ഞു പോയ കാലുമെടുത്ത് പുറത്തേക്ക് വരികയും ബൈക്കിൽ കയറി തിരിച്ചു പോകും വഴി റോഡിലേക്ക് വലിച്ചെറിയുകയുമായിരുന്നു.

## സിലിണ്ടറിൽ നിന്നുള്ള റബ്ബർ ട്യൂബ് എലി കരണ്ടു, ഫ്രിഡ്ജ് തുറന്നതിന് പിന്നാലെ തീയാളി; യുവതിക്ക് ദാരുണാന്ത്യം

തിരുവനന്തപുരം: പാചകവാതക ഗ്യാസ് സിലിണ്ടറിൽ നിന്ന് ഗ്യാസ് ചോർന്നുള്ള അപകടത്തിൽ ഗുരുതര പൊള്ളലേറ്റ് ചികിൽസയിലായിരുന്ന വീട്ടമ്മ മരിച്ചു.മഞ്ഞപ്പാറ ഉമേഷ് ഭവനിൽ സുമി (32) ആണ് മരിച്ചത്. കഴിഞ്ഞ ബുധനാഴ്ച രാവിലെ ആറരയോടെയായിരുന്നു അപകടം. ചായ ഉണ്ടാക്കുന്നതിനായി രാവിലെ ഉറക്കമുണർന്ന് ഫ്രിഡ്ജ് തുറന്ന സമയം തീആളിപടരുകയായിരുന്നു. യുവതിയുടെ കരച്ചിൽ കേട്ടെത്തിയ വീട്ടുകാർ ഉടൻതന്നെ യുവതിയെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിൽ വീടിനും ഭാഗികമായി തീ പിടിച്ചിരുന്നു.തുടർന്ന് സുരക്ഷാ വിഭാഗം നടത്തിയ പരിശോധനയിൽ ഗ്യാസ് സിലിണ്ടറിൽ നിന്നും അടുപ്പിലേയ്ക്ക് ഘടിപ്പിച്ചിരുന്ന റബ്ബർ ട്യൂബ് എലി കരണ്ടതായി കണ്ടെത്തിയിരുന്നു. ഇതിലൂടെ ഗ്യാസ് ചോർന്നാണ് അപകടം സംഭവിച്ചത്. ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ റബ്ബർ ട്യൂബുകൾ ഒഴിവാക്കി കട്ടിയുള്ള ട്യൂബുകൾ ഗ്യാസ് സിലിണ്ടറുകളിൽ ഘടിപ്പിക്കണമെന്ന് സുരക്ഷാ ഉദ്യോഗസ്ഥർ അറിയിച്ചു

## സംസ്ഥാനത്ത് പുതിയ കരിയർ നയം ഉണ്ടാക്കും: മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്ത് പുതിയ കരിയർ നയം കൊണ്ടുവരുമെന്ന് തൊഴിലും പൊതുവിദ്യാഭ്യാസവും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തെ എല്ലാവിധ കരിയർ ഡെവലപമെന്റ് പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക, സംസ്ഥാന കരിയർ ഡെവലപ്മെന്റ് മിഷൻ രൂപീകരിക്കുക, പഠനം പൂർത്തിയാക്കിയ എല്ലാവരെയും ഘട്ടംഘട്ടമായി തൊഴിൽ മേഖലയിൽ എത്തിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. നിയുക്തി തൊഴിൽമേള-2021 ന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. എൽഡിഎഫ് പ്രകടനപത്രികയിൽ പറഞ്ഞ പ്രകാരം തൊഴിൽ ലഭ്യമാക്കുമെന്ന് മന്ത്രി വ്യക്തമാക്കി. എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ സംഘടിപ്പിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയബിലിറ്റി സെന്ററുകളുടെയും സഹകരണത്തോടെയാണ് തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്.

ഐടി, ടെക്സ്റ്റൈൽ, ജ്വല്ലറി, ഓട്ടോമൊബൈൽസ്, അഡ്മിനിസ്ട്രേഷൻ, മാർക്കറ്റിംഗ്, ഹോസ്പിറ്റാലിറ്റി, ഹെൽത്ത്കെയർ എന്നിവയിലേതടക്കമുള്ള പ്രമുഖ കമ്പനികൾ തൊഴിൽമേളകളിൽ പങ്കെടുക്കുന്നുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളേയും ഉദ്യോഗാർത്ഥികളേയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മെഗാ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്.

കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇലക്ട്രോണിക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ഓൺലൈൻ സോഫ്റ്റ്വെയർ വികസിപ്പിക്കുകയും വെബ്സൈറ്റ് വഴി തൊഴിലന്വേഷകർക്ക് വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ തൊഴിലന്വേഷകരുടെ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ എൻ ഐ സിയുടെ സഹായത്തോടെ തയ്യാറാക്കിയ മൊബൈൽ അപ്ലിക്കേഷന്റെ ഉദ്ഘാടനവും മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു.

## കനകനഗറിലെ പൈപ്പ് പൊട്ടൽ: ജലവിതരണം ഇന്നലെ പുനഃസ്ഥാപിച്ചു



പേരൂർക്കട: അരുവിക്കരയിലെ 72 എംഎൽഡി പ്ലാൻറിൽ നിന്നും ഒബ്സർവേറ്ററിയിലേക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പ് ലൈനിലുണ്ടായ പൊട്ടൽ പരിഹരിച്ച് ഇന്നലെ ഉച്ചയോടെ ജലവിതരണം പുനഃസ്ഥാപിച്ചു. നാളെ മുതൽ പൂർണതോതിൽ വെള്ളം ലഭിക്കുമെന്ന് വാട്ടർ അഥോറിറ്റി അധികൃതർ പറഞ്ഞു. നഗരസഭ റോഡുപണി നടത്തുന്നതിനിടെയാണ് അരുവിക്കര ജലസംഭരണിയിൽ നിന്ന് വെള്ളയമ്പലം ഒബ്സർവേറ്ററിയിലേക്ക് ജലം എത്തിക്കുന്ന പൈപ്പ് കനകനഗറിനു സമീപം പൊട്ടിയത്. അതിശക്തമായി വെള്ളപ്പാച്ചിലിൽ നിരവധി വീടുകളിൽ വെള്ളവും ചെളിയും കയറുകയും 20 മീറ്ററോളം ഭാഗത്ത് റോഡ് ഒലിച്ചു പോകുകയും ചെയ്തിരുന്നു. 10 മീറ്റർ വരുന്ന ഒരു പൈപ്പ് പൂർണമായും മാറ്റി സ്ഥാപിക്കണം. മറ്റൊരു പൈപ്പിന്റ് ജോയിന്റ് പൂർവസ്ഥിതിയിലാക്കണം. പൈപ്പിൽ കോളർ ജോയിന്റ് സ്ഥാപിക്കുന്നതും അടിമണ്ണ് ഒലിച്ചുപോയ ഭാഗത്ത് കോൺക്രീറ്റ് ചെയ്യുന്നതും മണൽ ചാക്ക് നിരത്തുന്നതുമാണ് പണി സങ്കീർണമാകാനും നീണ്ടുപോകാനും കാരണമെന്ന് അധികൃതർ പറഞ്ഞു.30ഓളം തൊഴിലാളികളാണ് പൈപ്പിന്റെ അറ്റകുറ്റപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നത്. പമ്പിംഗ് പൂർണമായി നിർത്തിവച്ചിരിക്കുന്നതിനാൽ വെള്ളയമ്പലം, പാളയം, പാറ്റൂർ സെക്ഷൻ പരിധിയിലുള്ള സ്ഥലങ്ങളിൽ കുടിവെള്ള വിതരണം പൂർണമായി മുടങ്ങി. വാട്ടർ അഥോറിറ്റി ടാങ്കർ ലോറികളിൽ ജലം എത്തിച്ചു. രാത്രി വൈകിയും അറ്റകുറ്റപ്പണി പുരോഗമിക്കുകയാണ്.കുടിവെള്ളം ആവശ്യമുള്ള സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ ജലമെത്തിക്കും. ഹെൽപ്പ് ലൈൻ നമ്പർ: 8547 697340. വി.കെ. പ്രശാന്ത് എംഎൽഎയുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം സ്ഥലത്ത് സന്ദർശനം നടത്തി.

# സപ്ലൈകോ ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും ആരംഭിച്ചു

## സപ്ലൈകോയിലൂടെ ഗുണമേൻമയുള്ള ഉല്പന്നങ്ങൾ ഉറപ്പാക്കും: മന്ത്രി അഡ്വ. ജി ആർ അനിൽ

ആധുനിക വിവരസാങ്കേതിക സങ്കേതങ്ങൾ ഉപയോഗിച്ച് സപ്ലൈകോയിലൂടെ ജനങ്ങൾക്ക് പരമാവധി വിലക്കുറവിൽ ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ എത്തിക്കുമെന്ന് ഭക്ഷ്യ- പൊതുവിതരണ വകുപ്പു മന്ത്രി അഡ്വ. ജി ആർ അനിൽ പറഞ്ഞു. സംസ്ഥാനതലത്തിൽ ആരംഭിച്ച സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലൂടെയുള്ള ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും തൃശൂർ ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സപ്ലൈകോ ആധുനികരണത്തിന്റെ പാതയിലാണ്. ഓൺലൈൻ ഹോം ഡെലിവറി പദ്ധതി, മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള എല്ലാ ഔട്ട്ലെറ്റുകളിലും ഡിജിറ്റൽ പെയ്മെന്റ് ഗേറ്റ് വേ സമ്പ്രദായം, സപ്ലൈകോയുടെ പെട്രോൾ പമ്പുകൾ, മെഡിക്കൽ സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ മുതൽ പീപ്പിൾസ് ബസാർ വരെയുള്ള ഔട്ട്ലെറ്റുകൾ, ഡിപ്പോ ഓഫീസുകൾ, റീജിയണൽ ഓഫീസുകൾ, ഹെഡ് ഓഫീസ് എന്നിവ തമ്മിൽ വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ കോർത്തിണക്കിയുള്ള സ്റ്റോക്കും വിൽപനയും ക്രമീകരിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് സപ്ലൈകോ പ്രധാനമായും ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. സപ്ലൈകോ കുടുംബശ്രീയുടെ സഹകരണത്തോടെയാണ് ഹോം ഡെലിവറി നടത്തിവന്നിരുന്നത്. അതിന്റെ ചുവടുപിടിച്ചാണ് സ്വന്തമായി ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും നടത്താൻ തീരുമാനിച്ചത്.

തൃശ്ശൂരിലെ മൂന്നു സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലാണ് 'സപ്ലൈ കേരള' എന്ന ആപ്പ് വഴി ഓൺലൈൻ വില്പനയ്ക്ക് തുടക്കം കുറിക്കുന്നത്. ഈ മൂന്നിടങ്ങളിലെ പ്രവർത്തനം മികവുറ്റതാക്കി ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു. കേരളത്തിലെ 14 ജില്ലകളിലുമുള്ള ഉപഭോക്താക്കൾക്ക് എളുപ്പത്തിലും, വേഗത്തിലും മിതമായ നിരക്കിൽ അവശ്യവസ്തുക്കൾ ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് സപ്ലൈകോ ഇതിലൂടെ പൂർത്തീകരിക്കുന്നത്. പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് 'സപ്ലൈ കേരള' ആപ്പിലൂടെ തൊട്ടടുത്ത സപ്ലൈകോ ഔട്ട്ലെറ്റ് തിരഞ്ഞെടുത്ത് സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാനാകും. അവശ്യ സാധനങ്ങൾ ഓൺലൈനായി ഓർഡർ ചെയ്യുന്നതുവഴി ഉപഭോക്താക്കൾക്ക് ക്യൂ നില്ക്കാതെ സമയവും പണവും ലാഭിച്ച് സപ്ലൈകോ ഉൽപ്പന്നങ്ങൾ വാങ്ങാനുള്ള അവസരമാണ് ഒരുങ്ങുന്നതെന്നും മന്ത്രി വ്യക്തമാക്കി.'സപ്ലൈ കേരള' വഴി പുതുതായി വിപണിയിലിറക്കുന്ന ഉത്പന്നങ്ങളെക്കുറിച്ചുള്ള തൽക്ഷണ അറിയിപ്പ് ലഭിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സപ്ലൈകോ ഏതൊരു ഓൺലൈൻ ബില്ലിനും അഞ്ചു ശതമാനം വിലകിഴിവ് നല്കും. സംസ്ഥാനത്തെ അഞ്ചൂറിൽപരം സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലൂടെ 'സപ്ലൈ കേരള' ആപ്പ് വഴി സപ്ലൈകോയുടെ വലിയൊരു വിതരണ ശൃംഖല സ്ഥാപിതമാകുന്നതോടു കൂടി 10,000-ലധികം യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് വഴിയൊരുങ്ങുമെന്നും അദ്ദേഹം വ്യക്തമാക്കി.എല്ലാ ഔട്ട്ലെറ്റുകളിലും ഡിജിറ്റൽ പേയ്മെന്റ് സമ്പ്രദായം ഏർപ്പെടുത്തുകയാണ് ലക്ഷ്യം. നിലവിൽ ചില ഔട്ട്ലെറ്റുകളിൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ഉപഭോക്താക്കൾക്ക് പേയ്മെന്റ് ഗേറ്റ് വേകൾക്ക് സർവീസ് ചാർജ് നൽകുന്ന സാഹചര്യം ഉണ്ട്. അത് പരമാവധി കുറച്ചോ തീരെ ഇല്ലാതാക്കിയോ ഉപഭോക്താക്കൾക്കും സപ്ലൈകോയ്ക്ക് നഷ്ടം ഇല്ലാത്ത രീതിയിൽ സമ്പ്രദായം ഏർപ്പെടുത്തും. ക്യു ആർ കോഡ് സ്കാനിങ്, കാർഡ് സ്വൈപ്പിങ്, ഇൻറർനെറ്റ് ബാങ്കിംഗ് എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള പെയ്മെന്റ് ഗേറ്റ് വേകൾ ഏർപ്പെടുത്താനാണ് താൽപര്യ പത്രത്തിലൂടെ സേവനദാതാക്കളെ സപ്ലൈകോ ക്ഷണിച്ചിട്ടുള്ളതെന്നും ഓൺലൈൻ ഹോം ഡെലിവറി ആപ്പിലൂടെ ഈ സമ്പ്രദായം നിലവിൽ വരുമെങ്കിലും ഓഫ്ലൈൻ ആയി സാധനങ്ങൾ വാങ്ങിക്കുന്ന ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്തു കൊണ്ടാണ് ഇത്തരം സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു. സപ്ലൈകോ അതിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.ആർ.പി (എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ്) വികസിപ്പിക്കുന്നതിന്റെ പാതയിലാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽ സപ്ലൈകോയുടെ പ്രവർത്തങ്ങൾ സുതാര്യവും സുഗമവും ശക്തവുമാക്കുവാൻ ഇ.ആർ.പി വഴി സാധ്യമാവും. 2022 ഏപ്രിലോടുകൂടി ഇത് നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള മുഴുവൻ ഔട്ട്ലെറ്റുകളിലെയും തൽസ്ഥിതി ഹെഡ് ഓഫീസിൽ അറിയുന്നതിനും അതുവഴി സ്റ്റോക്കുകൾ ക്രമീകരിക്കുന്നതിനും കഴിയുമെന്നതാണ് ഇതിൽ ഏറ്റവും വലിയ ഗുണം.ഓരോ ഉപഭോക്താവിനും സപ്ലൈ കേരള ആപ്പിലൂടെ പേയ്മെന്റ് ഉപാധികൾ ഉപയോഗപ്പെടുത്തി ഉൽപ്പന്നങ്ങൾ വാങ്ങാം. സപ്ലൈകോ ഓൺലൈൻ വിപണന ഉത്പന്നങ്ങൾക്ക് സർക്കാർ അംഗീകരിക്കുന്ന വിവിധ ഓഫറുകളും, ഡിസ്കൗണ്ടുകളും അതത് സമയങ്ങളിൽ 'സപ്ലൈ കേരള' ആപ്പ് വഴി അറിയിപ്പ് നല്കും. 'സപ്ലൈ കേരള' ആപ്പ് വഴി ലഭിക്കുന്ന ഓർഡറുകൾ ഏറ്റവും കൂടിയത് 24 മണിക്കൂറിനകം ഉപഭോക്താവിന് എത്തിച്ചു നല്കുമെന്നും സപ്ലൈകോയുടെ ഓരോ സൂപ്പർ മാർക്കറ്റിന്റെയും 10 കി.മീ ചുറ്റളവിൽ ഹോം ഡെലിവറി ഉണ്ടാവും. നാലു കി.മീ ദൂരത്ത് അഞ്ചുകിലോ തൂക്കത്തിന് 35 രൂപയും ജിഎസ്റ്റിയും എന്നതാണ് നിശ്ചയിച്ചിരിക്കുന്ന മിനിമം നിരക്ക്. പിന്നീട് വേണ്ടി വന്നാൽ മാവേലി സ്റ്റോറുകളിലേക്കും ഓൺലൈൻ വില്പന നടപ്പിലാക്കുന്നതാണ്. സപ്ലൈകോയുടെ കംപ്യൂട്ടർ വിഭാഗം വികസിപ്പിച്ച ഇൻവെന്ററി മാനേജ്മെൻറ് വഴി എല്ലാ 'സപ്ലൈകോ വില്പനശാലകളിലെ സ്റ്റോക്കും സെയിൽസും കേന്ദ്ര കാര്യാലയത്തിലെന്ന പോലെ എവിടെ നിന്നും അറിയാവുന്നതാണ്. ഈ വികസനം വഴി പൊതുവിപണിയിൽ സപ്ലൈകോയ്ക്ക് കുറച്ചുകൂടി ശക്തമായി ഇടപെടാൻ സാധിക്കും. പൊതുവിതരണ മേഖലയെ ലാഭത്തിലാക്കുന്ന ഒരു ബദൽ നയം കേരളം സർക്കാർ ഉണ്ടാക്കിയെടുത്തു. അതുകൊണ്ടു തന്നെ സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് സപ്ലൈകോ ശ്രദ്ധേയമായ പങ്കാണ് വഹിക്കുന്നത്. ജനങ്ങളുമായി വകുപ്പ് വളരെ അടുത്തു നിൽക്കുന്നതിന്റെ തെളിവാണ് കോവിഡ് പശ്ചാത്തലത്തിലും കേരളം കണ്ടത്. കോവിഡ് കാലത്ത് കേരളത്തിൽ ഒരാൾ പോലും പട്ടിണി കിടന്നില്ലെന്നത് രാജ്യത്തിനു തന്നെ വലിയൊരു മാതൃകയാണെന്നും മന്ത്രി ഓർമിപ്പിച്ചു. കോവിഡ് സാഹചര്യത്തിൽ 11 കോടി ഭക്ഷ്യക്കിറ്റുകളാണ് 13 തവണയായി 87 ലക്ഷം ജനങ്ങൾക്കു നൽകിയത്. ഇതോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടഞ്ഞു നിർത്താനും സർക്കാരിനു സാധിച്ചു. സംസ്ഥാനത്ത് 6 വർഷക്കാലമായി 13 നിത്യോപയോഗ സാധനങ്ങൾക്ക് അതേവില നിലനിർത്താൻ കഴിഞ്ഞത് സർക്കാരിന്റെ ശ്രദ്ധേയമായ ഇടപെടലിലൂടെയാണന്നും മന്ത്രി വ്യക്തമാക്കി. സപ്ലൈകോ ജനറൽ മാനേജർ ടി.പി. സലിം കുമാർ, ജില്ലാ സപ്ലൈ ഓഫീസർ അയ്യപ്പദാസ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പാലക്കാട് സപ്ലൈകോ റീജിയണൽ മാനേജർ ശിവകാമി അമ്മാൾ എന്നിവർ പങ്കെടുത്തു.

KOLLAM

അറിയിപ്പ്



## മെഗാ തൊഴിൽ മേള ഡിസംബർ 18ന്

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ മെഗാ തൊഴിൽ മേള 'നിയുക്തി' 2021 ഡിസംബർ 18ന് ഫാത്തിമ മാതാ നാഷണൽ കോളേജിൽ നടക്കും. 50 സ്വകാര്യ സ്ഥാപനങ്ങളിലേക്കുള്ള 2000 ഒഴിവുകളിലേക്കാണ് തിരഞ്ഞെടുപ്പ്. ബാങ്കിംഗ്, ഫിനാൻസ്, അക്കൗണ്ട്സ്, സെയിൽസ്, മാർക്കറ്റിംഗ്, അഡ്മിനിസ്ട്രേഷൻ, റിറ്റെയ്ൽ, എൻജിനീയറിങ്, എച്ച്. ആർ, ഐ.ടി, എഡ്യൂക്കേഷൻ, ഹോസ്പിറ്റാലിറ്റി, ടെലികമ്യൂണിക്കേഷൻ, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമൊബൈൽസ് വിഭാഗങ്ങളിലുള്ള തൊഴിൽദാതാക്കൾ പങ്കെടുക്കും.പ്ലസ് ടു അല്ലെങ്കിൽ ഐ.ടി.ഐ മിനിമം യോഗ്യതയുള്ള 35 വയസ്സു വരെയുള്ളവർക്കും ഏതു കോഴ്സിനും അവസാന വർഷം പഠിക്കുന്നവർക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും പങ്കെടുക്കാം. ഡിസംബർ 15നകം ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി അഡ്മിറ്റ് കാർഡുമായി ഹാജരാകുന്നവർക്കാണ് പങ്കെടുക്കാൻ അവസരം. രജിസ്ട്രേഷന് www.job-f-tse.k-er-a-l-a.gov.in വെബ്സൈറ്റ്. കൂടുതൽ വിവരങ്ങൾ 9995794641, 8089419930, 8714835683 നമ്പരുകളിൽ ലഭിക്കും.

## വിതരണം

എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിൽ 2008-09 മുതൽ 2016-17 വരെ കാലയളവിൽ പഠിച്ച വിദ്യാർത്ഥികളുടെ കരുതൽധനം (കോഷൻ ഡെപ്പോസിറ്റ്) നവംബർ 27 മുതൽ ഡിസംബർ 15 വരെ വിതരണം ചെയ്യും. അർഹരായവർ കൈപ്പറ്റിയില്ലെങ്കിൽ സർക്കാരിലേക്ക് ഒടുക്കും.

## ഇ-ശ്രം രജിസ്ട്രേഷൻ

അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികളും ഇ-ശ്രം പോർട്ടലിലേക്ക് എത്രയും വേഗം രജിസ്ട്രേഷൻ നടത്തണമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിൽ ഉടമകളുടെയും വിവിധ ട്രേഡ് യൂണിയനുകളുടെയും വകുപ്പുകളുടെയും സഹകരണവും കലക്ടർ അഭ്യർത്ഥിച്ചു.രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഇ. എസ്.ഐ/ഇ.പി.എഫ് അംഗത്വമില്ലാത്ത 16നും 59 നും ഇടയിൽ പ്രായമുള്ള എല്ലാ അസംഘടിത തൊഴിലാളികളും ഡിസംബർ 31നകം അവസരം വിനിയോഗിക്കണം. സ്വന്തമായോ പൊതുസേവന കേന്ദ്രം (സി. എസ്. സി ), അക്ഷയ, ഇന്ത്യൻ പോസ്റ്റൽ ബാങ്ക് വഴിയോ രജിസ്ട്രേഷൻ നടത്താം. register.eshram.gov.in പോർട്ടലിലാണ് രജിസ്റ്റർ ചെയ്യേണ്ടത്.ആധാർ, ബാങ്ക് അക്കൗണ്ട്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ എന്നിവയുണ്ടെങ്കിൽ ഒ.ടി.പി വെരിഫിക്കേഷൻ സൗകര്യമുപയോഗിച്ച് സ്വന്തമായി രജിസ്റ്റർ ചെയ്യാം. ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ ഇല്ലാത്തവർക്ക് അടുത്തുള്ള സി.എസ്.സി/അക്ഷയ കേന്ദ്രങ്ങളിൽ ബയോമെട്രിക് വെരിഫിക്കേഷൻ വഴി നടത്താം. രജിസ്ട്രേഷൻ പൂർത്തിയാക്കി കാർഡ് ഡൗൺലോഡ് ചെയ്യാം. തൊഴിലുറപ്പ് തൊഴിലാളികൾ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ, ലോട്ടറി വിൽപനക്കാർ, കരകൗശല തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ, കുടിയേറ്റ തൊഴിലാളികൾ, കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ, ചുമട്ടു തൊഴിലാളികൾ, ചെറുകിട തോട്ടം-തയ്യൽ തൊഴിലാളികൾ, ആരോഗ്യവകുപ്പിലെ താൽക്കാലിക ജീവനക്കാർ, കെട്ടിട നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന വിവിധ വിഭാഗക്കാർ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, മത്സ്യതൊഴിലാളികൾ, ഹരിതകർമ്മ സേന തുടങ്ങിയ അസംഘടിത തൊഴിലാളികളെല്ലാം രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.



# ടൗൺ ഹാൾ നിർമാണം ; പൈലിങ് നടത്തിയ ഭൂമി കാടുവളർന്നനിലയിൽ

**പുനലൂർ:** തറക്കല്ലിടീലും ഉദ്ഘാടനവും മുടങ്ങാതെ. പക്ഷേ, ടൗൺ ഹാൾ മാത്രം ഉയർന്നില്ല. ഏറ്റവുമൊടുവിൽ, പ്രതീക്ഷനൽകി കഴിഞ്ഞ മാർച്ചിൽ പൈലിങ് ആരംഭിച്ചെങ്കിലും അതും നിലച്ചു.പുനലൂരിൽ നഗരസഭയുടെ ടൗൺ ഹാൾ ഉയരുന്നതും നോക്കിയിരിക്കുകയാണ് ഒന്നരപ്പതിറ്റാണ്ടായി ജനം. 2006-ൽ ആദ്യമായി തറക്കല്ലിട്ട ഹാളിന് കഴിഞ്ഞ ഡിസംബറിൽ ഉൾപ്പെടെ രണ്ടുതവണകൂടി കല്ലിട്ടു. എന്നാൽ, ഇതുവരെ ഹാൾ നിർമിച്ചില്ല. ചെമ്മന്തൂരിലെ സ്റ്റേഡിയത്തിൽ ടൗൺ ഹാൾ നിർമിക്കാൻ പദ്ധതിയിട്ടിട്ട് 15 വർഷമായി. 9.95 കോടി ചെലവഴിച്ച് അത്യാധുനിക സൗകര്യങ്ങളോടെ രണ്ടു ഘട്ടമായാണ് നിർമാണത്തിനു പദ്ധതിയിട്ടത്. കൊല്ലം-തിരുമംഗലം ദേശീയപാതയ്ക്ക് അഭിമുഖമായി, 16 കടമുറികളോടുകൂടിയ വ്യാപാരസമുച്ചയം ഉൾപ്പെടെ മൂന്നു നിലയിലാണ് ടൗൺ ഹാളിന്റെ രൂപരേഖ.4020 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ഹാളിൽ ഒരേസമയം 800 പേർക്ക് ഇരിക്കാനാകും. നഗരസഭയുടെ പദ്ധതിവിഹിതത്തിൽനിന്ന് 20 ശതമാനം തുകയും ബാക്കി വായ്പയും ലഭ്യമാക്കി ഹാൾ പൂർത്തീകരിക്കാനായിരുന്നു പദ്ധതി.കഴിഞ്ഞമാർച്ചിൽ സ്ഥലത്ത് മൺവേല ആരംഭിച്ചെങ്കിലും പൈലിങ്ങോടെ നിർത്തി. എട്ടുമാസം പിന്നിട്ടിട്ടും തുടർനടപടിയില്ല. സ്ഥലം കാടു മൂടിക്കഴിഞ്ഞു. ബജറ്റിൽ മുടങ്ങാതെമുൻ എം.എൽ.എ.യും കെ.പി.എ.സി. സ്ഥാപക നേതാവുമായ പുനലൂർ എൻ.രാജഗോപാലൻ നായരുടെ സ്മരണാർത്ഥമാണ് ടൗൺ ഹാൾ നിർമിക്കുന്നത്.നഗരസഭയുടെ ബജറ്റുകളിൽ ഏതാണ്ട് കാൽനൂറ്റാണ്ടായി ഇടംപിടിക്കുന്ന പ്രധാന പദ്ധതിയാണിത്. നഗരസഭയുടെ അധ്യക്ഷസ്ഥാനം സി.പി.ഐ.ക്ക് പലതവണ ലഭിച്ചിട്ടും സ്ഥിരമായി എം.എൽ.എ. സ്ഥാനം ലഭിച്ചിട്ടും പാർട്ടിയുടെ മുതിർന്ന നേതാവിന്റെ പേരിലുള്ള ടൗൺ ഹാൾ നിർമിക്കാൻ കഴിഞ്ഞില്ല. ഇടയ്ക്ക് ചലച്ചിത്രവികസന കോർപ്പറേഷനുമായി സഹകരിച്ച് 'കിഫ്ബി'യുടെ സഹായത്തോടെ ടൗൺ ഹാളും തിയേറ്റർ സമുച്ചയവും നിർമിക്കാനുള്ള പദ്ധതി തയ്യാറാക്കിയെങ്കിലും സാങ്കേതിക തടസ്സങ്ങളിൽത്തട്ടി ഉപേക്ഷിക്കേണ്ടിവന്നു. പിന്നീടാണ് പുതിയ പദ്ധതി തയ്യാറാക്കിയത്.

## തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും: മന്ത്രി കെ. രാജൻ




**കൊല്ലം:** വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പുതിയ തലമുറയ്ക്കായി കൂടുതൽ തൊഴിൽ അവസരങ്ങൾ ഒരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി കെ. രാജൻ. ജയൻ സ്മാരക ഹാളിൽ ജില്ലാ പഞ്ചായത്തിന്റെ സ്കിൽ ടെക് പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഐടിഐ, പോളിടെക്നിക്, എൻജിനീയറിംഗ് പാസായ 300 ഓളം പട്ടികജാതി വിഭാഗത്തിൽപെട്ട ഉദ്യോഗാർഥികൾക്ക് നിലവിലുള്ള തസ്തികകൾ ഉപയോഗപ്പെടുത്തി തൊഴിൽ നൽകുന്ന ജില്ലാ പഞ്ചായത്തിന്റെ സ്കിൽ ടെക് പദ്ധതി മാതൃകാപരമാണ്. ഉത്പാദന രംഗമായ കാർഷിക മേഖലയെ നൂതന ആശയങ്ങളിലൂടെ സുശക്തമാക്കും. മൂല്യവർധിത ഉത്പന്നങ്ങൾക്കായി ചെറിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുമെന്നും മന്ത്രി പറഞ്ഞു. എം. മുകേഷ് എംഎൽഎ ഉദ്യോഗാർഥികൾക്ക് നിയമന ഉത്തരവ് കൈമാറി. തൊഴിൽ അവസരങ്ങൾ ഇല്ലാതെ ബുദ്ധിമുട്ടുന്ന നിലവിലെ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് വലിയൊരു മുന്നേറ്റമാണ് നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.പദ്ധതിയിലൂടെ ഐടിഐ, പോളിടെക്നിക്, എൻജിനീയറിംഗ് പാസായ 269 ഉദ്യോഗാർഥികൾക്കാണ് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ രണ്ടുവർഷത്തെ നിയമനം നൽകുന്നത്.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ അധ്യക്ഷനായി. ജില്ലാ കളക്ടർ അഫ്സാന പർവീൺ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുമലാൽ, സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ ഡോ. പി.കെ ഗോപൻ, അനിൽ എസ്. കല്ലേലിഭാഗം, ജെ. നജീബത്ത്, വസന്ത രമേശ്, സെക്രട്ടറി കെ. പ്രസാദ്, ജില്ലാ പഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## പാലം പണി: വൈകും



**കുണ്ടറ:** മൺറോത്തുരുത്ത് പഞ്ചായത്തിലെ കൊന്നയിൽക്കടവ്-പെരുങ്ങാലം പാലത്തിന്റെ പണി വൈകും. നിർമാണസാമഗ്രികൾ ബാർജുകളിൽ എത്തിക്കുന്നതിനെക്കുറിച്ചാണ് ഇപ്പോൾ ആലോചന. ചെലവു കൂടുമെന്നതിനാൽ റീ ടെൻഡർ വേണം. അതുമായിട്ടില്ല. പൊതുമരാമത്ത് റോഡ്സ് ആൻഡ് ബ്രിഡ്ജസ് വിഭാഗമാണ് പ്രാരംഭനടപടി തുടങ്ങിയത്. ഇപ്പോൾ പണി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള(ആർ.ബി.ഡി.സി.കെ.)യ്ക്ക് കൈമാറി.തോപ്പിൽ രവി എം.എൽ.എ. ആയിരുന്നപ്പോഴാണ് കൊന്നയിൽക്കടവ് നടപ്പാലം നിർമിച്ചത്. 92-ലെ പ്രളയത്തിൽ നടപ്പാലം ഒലിച്ചുപ്പോയി. പിന്നീട് ഗ്രാമവാസികൾക്ക് മറുകരയെത്താൻ പൊതുമരാമത്ത് കടത്തുവള്ളമായി ആശ്രയം. ഇപ്പോഴും അത് തുടരുന്നു. കിടപ്രം, പെരുങ്ങാലം വാർഡുകളിലായി 250 കുടുംബങ്ങൾ ഒറ്റപ്പെട്ടു. ആശുപത്രി, ബാങ്ക്, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ എത്താനുള്ള ഏകമാർഗമായിരുന്നു നടപ്പാലം. മൺറോത്തുരുത്തിലെ ഏക ഗവ. ഹയർ സെക്കൻഡറി സ്കൂൾ പെരുങ്ങാലത്താണ്. ഒന്നുമുതൽ പത്തുവരെ 67 കുട്ടികളുണ്ട്. പ്ലസ് ടു ഏകജാലകമായതിനാൽ പ്ലസ് ടുവിന് കുട്ടികളുണ്ട്.ട്രെയിനിറങ്ങി രണ്ടുകിലോമീറ്റർനടന്ന് കൊന്നയിൽക്കടവിൽ എത്തി അവിടെനിന്ന് കടത്തുവള്ളത്തിലാണ് കുട്ടികളും അധ്യാപകരും സ്കൂളിൽ എത്തുന്നത്. ഇടയ്ക്കിടെയുണ്ടാകുന്ന പ്രളയവും വേലിയേറ്റവുംമൂലം വിദ്യാർഥികളും അധ്യാപകരും ബുദ്ധിമുട്ടുന്നു.ഈ വാർഡുകളിലുള്ള ആർക്കെങ്കിലും പെട്ടെന്ന് അസുഖം വന്നാൽ കസേരയിൽ ചുമന്ന് ബോട്ടിലോ വള്ളത്തിലോ കയറ്റി റോഡിൽ എത്തിക്കണം. അവിടെനിന്ന് ആശുപത്രിയിൽ എത്തിക്കുമ്പോഴേക്കും രോഗികൾ മരിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. 65 വീടുകൾ പൂട്ടിയിട്ട് കുടുംബങ്ങൾ ബന്ധുവീടുകളിലോ മറ്റു സ്ഥലങ്ങളിലോ ചേക്കേറി.2018-ൽ മന്ത്രിമാരായിരുന്ന മേഴ്സിക്കുട്ടിയമ്മയുടെയും ജി.സുധാകരന്റെയും സാന്നിധ്യത്തിൽ കൊന്നയിൽക്കടവ് പാലത്തിന്റെ നിർമാണോദ്ഘാടനം നടന്നു.28 കോടിയുടെ കരാർ. റെയിൽവേ ലൈനിനുനോടു ചേർന്ന റോഡിലൂടെ വലിയ വാഹനത്തിൽ നിർമാണസാമഗ്രികൾ കൊണ്ടുവരുന്നതിൽ റെയിൽവേ തടസ്സമുന്നയിച്ചു.ഇപ്പോൾ കായലിലൂടെ ബാർജുകളിൽ നിർമാണസാമഗ്രികൾ എത്തിക്കാനാണ് ആലോചന. ആർ.ബി.ഡി.സി.കെ. അതിനുള്ള നടപടികളിലേക്ക് നീങ്ങുന്നു. ചെലവ് അതനുസരിച്ച് കൂടും. കിഫ്ബി അത് അനുവദിക്കണം.

## കൽമണ്ഡപത്തിന്റെ പുനർനിർമാണം പൂർത്തിയായി

**കൊട്ടാരക്കര:** പുത്തൂർ മണ്ഡപം മുക്കിന് പേരും പെരുമയും നൽകിയ കൽമണ്ഡപത്തിന്റെ പുനർനിർമാണം പൂർത്തിയായി. വാഹനമിടിച്ചു തകർന്നു പോയ കൽമണ്ഡപത്തിന്റെ സ്ഥാനത്ത് ചേതോകരമായ രീതിയിലാണ് പുതിയ മണ്ഡപം നിർമിച്ചിട്ടുള്ളത്.തിരുവിതാംകൂർ ചരിത്രത്തിന്റെ ഭാഗമായിരുന്നു പുത്തൂർ മണ്ഡപം. ശ്രീമൂലം തിരുനാളിന്റെ ഭരണ കാലഘട്ടത്തിലാണ് മണ്ഡപ നിർമാണം നടന്നതെന്നാണ് ചരിത്ര രേഖകൾ. പുത്തൂരിൽ സംഗമിച്ചിരുന്ന മൂന്നു നാടുവാഴികൾ ഭരണനിർവ്വഹണത്തിനായി സമ്മേളിച്ചിരുന്നത് ഈ കൽമണ്ഡപത്തിലായിരുന്നു. കളരി ദേശാധിപൻ കരിക്കത്താനും കുഴിക്കൽ ദേശവാഴി കുഴിക്കൽത്താനും മണ്ണടി ദേശാധിപൻ കാമ്പിത്താനുമായിരുന്നു ഈ നാടുവാഴികൾ. കൊല്ലിനും കൊലക്കും അധികാരമുണ്ടായിരുന്ന ഇവർ മാസത്തിലൊരിക്കലായിരുന്നു മണ്ഡപത്തിൽ സമ്മേളിച്ചിരുന്നത്. ആ ദിവസമൊഴിച്ച്, വാഹന ഗതാഗതമില്ലാതിരുന്ന അക്കാലത്തെ കാൽനടയാത്രക്കാരുടെ വിശ്രമകേന്ദ്രമായിരുന്നു ഇവിടം. യാത്രക്കാർക്കായി സംഭാര വിതരണവും നടന്നിരുന്നു.പുതിയ കാലഘട്ടത്തിലും യാത്രക്കാരുടെ കാത്തിരുപ്പു കേന്ദ്രമായിരുന്നു ഇവിടം. 2016 നവംബറിലാണ് പുത്തൂരിന്റെ പൈതൃകസ്വത്തായ മണ്ഡപം തകർന്നത്. സ്വകാര്യ കശുവണ്ടി ഫാക്ടറിയിലേക്കു വന്ന കണ്ടയ്നർ ലോറിയിടിച്ചാണ് തകർച്ച സംഭവിച്ചത്. ഇത് പുനർനിർമിക്കണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ രംഗത്തുവരികയും പ്രക്ഷോഭങ്ങൾ നടത്തുകയുമുണ്ടായി. പക്ഷേ ഇതിനുള്ള ഭരണപരമായ തീരുമാനമുണ്ടായത് 2020 മാർച്ചിച്ചാണ്. മുൻ എം എൽഎ ഐഷാപോറ്റി നിർമാണത്തിനായി 7.05 ലക്ഷം ഇതിനായി അനുവദിക്കുകയുണ്ടായി. നിർമാണം ആരംഭിച്ചെങ്കിലും കോവിഡും മഴയുമെല്ലാം പ്രതിസന്ധി സൃഷ്ടിച്ചു. ഒടുവിൽ ഒരു ദേശത്തിന്റെ കാത്തിരിപ്പു സഫലമാക്കി മണ്ഡപ നിർമാണം പൂർത്തിയായി. ഇനി ചെമ്പിന്റെ താഴികക്കുടം സ്ഥാപിക്കുന്ന ജോലി മാത്രമാണ് അവശേഷിക്കുന്നത്. കൊല്ലം നിർമിതികേന്ദ്രമാണ് പൗരാണിക തനിമ നിലനിർത്തി മണ്ഡപം പുനർനിർമിച്ചത്. മണ്ഡപത്തിനു സമീപമായി മനോഹരമായ രീതിയിൽ പുൽത്തകിടിയും ഒരുക്കിയിട്ടുണ്ട്.18 ന് മന്ത്രി കെ.എൻ.ബാലഗോപാൽ മണ്ഡപം നാടിനു സമർപ്പിക്കും. സമർപ്പണ ചടങ്ങ് വർണാഭമാക്കുന്നതിനുള്ള ആലോചനയോഗം കഴിഞ്ഞ ദിവസം പുത്തൂർ വ്യാപാരഭവനിൽ നടന്നു.

## മണ്ണ് വിട്ടു കൊടുക്കാനാവില്ല' - വിങ്ങുന്ന ഹൃദയത്തോടെ അമ്മ

**ചാത്തന്നൂർ:** 'ഇന്ത്യ- പാക്ക് യുദ്ധത്തിൽ പങ്കെടുത്ത എന്റെ ഭർത്താവും അപകടത്തിൽ മരിച്ച മകനും അന്ത്യവിശ്രമം കൊള്ളുന്ന മണ്ണ് ആണിത്. അവരുടെ കുഴിമാടങ്ങൾ കവരുകയാണ്. ദിവസവും പൂവിട്ടു തൊഴുതു പ്രാർഥിക്കുന്ന മണ്ണ് വിട്ടു കൊടുക്കാനാവില്ല' ഭർത്താവിനെയും മകനെയും സംസ്കരിച്ച സ്ഥലത്തു കെ റെയിൽ പദ്ധതിക്കു കല്ലിടാൻ കുറ്റിയടിക്കുന്നതു കണ്ടു ചാത്തന്നൂർ വെടിക്കുന്നുവിള വൃന്ദാവനിൽ ദേവകി അമ്മ വിങ്ങുന്ന ഹൃദയത്തോടെ പൊട്ടിത്തെറിച്ചു.74 ദിവസം മുൻപാണു ഭർത്താവ് ശശിധരൻപിള്ള (75) മരിച്ചത്. സംസ്കരിച്ച സ്ഥലത്തു കുറ്റിയടിച്ചതു സഹിക്കാനാകാതെ ആളുകൾ ബഹളം വച്ചതോടെ അൽപം മാറി കല്ലിട്ടു.1997ലെ യുദ്ധത്തിൽ പങ്കെടുത്ത സൈനികനായിരുന്നു ശശിധരൻപിള്ള. യുദ്ധത്തിനിടെ പരുക്കേറ്റു ശശിധരൻ പിള്ളയെ കാണാതായിരുന്നു. മരിച്ചെന്ന് അറിയിപ്പു ലഭിച്ചതോടെ വീട്ടിൽ ചടങ്ങുകൾ നടത്തി. എന്നാൽ ഒരാഴ്ചയ്ക്കു ശേഷം അരുവിയുടെ തീരത്തു നിന്നു ശശിധരൻ പിള്ളയെ കണ്ടെത്തി. മാസങ്ങൾ നീണ്ട ചികിത്സ കഴിഞ്ഞ് എത്തിയപ്പോൾ നാട് ഒന്നായി വരവേറ്റു. പിന്നീടായിരുന്നു വിവാഹം. ദുബായിൽ അപകടത്തിൽ മരിച്ച മകനെയും സംസ്കരിച്ച സ്ഥലവും വീടും പിടിച്ചെടുത്ത് തങ്ങളെ കുടിയൊഴിപ്പിക്കുകയാണെന്നും അവർ കരഞ്ഞുകൊണ്ടു പറയുന്നു. തലമുറകളായി കഴിയുന്ന വീട് ഇല്ലാതാകുമെന്നു വ്യക്തമായതോടെ മറ്റൊരു വീട്ടമ്മയ്ക്കു ദേഹാസ്വാസ്ഥ്യം ഉണ്ടായി.

## റോഡ് നികുതി ഒഴിവാക്കും - മന്ത്രി

**കൊല്ലം:** സെറിബ്രൽ പാൾസിയും ഓട്ടിസവും ഉൾപ്പെടെ ബുദ്ധിപരമായ ഭിന്നശേഷികളുള്ള കുട്ടികളുടെ ആവശ്യത്തിനായി വാങ്ങുന്ന സ്വകാര്യ വാഹനങ്ങളുടെ റോഡ് നികുതി ഒഴിവാക്കാൻ തീരുമാനിച്ചതായി ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. നിലവിൽ ശാരീരികമായ ഭിന്നശേഷികളുള്ള കുട്ടികൾക്കായി വാങ്ങുന്ന വാഹനങ്ങൾക്കാണ് നികുതി ഇളവുള്ളത്. ഭിന്നശേഷിക്കാരുള്ള കുടുംബങ്ങൾക്ക് നികുതി ഒഴിവാകുന്നത് സഹായകരമാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പുതിയ തീരുമാനം എന്നും അദ്ദേഹം വ്യക്തമാക്കി.

## അറിയിപ്പ് ബോർഡുകൾ ഫലംകണ്ടില്ല

**പുനലൂർ:** പൊൻകുന്നംപുനലൂർ പാതയിൽ പുനർനിർമാണ ജോലികൾ നടക്കുന്നതിനാൽ ശബരിമലയിലേക്ക് പോകേണ്ട വാഹനങ്ങൾ മറ്റൊരു റൂട്ടിലൂടെ തിരിച്ചുവിടുന്നതിന് അറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചെങ്കിലും പൊലീസ് പിക്കറ്റിങ് ഏർപ്പെടുത്താഞ്ഞതിനാൽ തീർഥാടകർക്ക് ആശയക്കുഴപ്പം. അറിയിപ്പ് ബോർഡ് ശ്രദ്ധിക്കാതെ പഴയ വഴി തമിഴ്നാട്ടിലേക്ക് പോയ വാഹനമാണ് പുനലൂർ നെല്ലിപ്പള്ളി ഹൈസ്കൂൾ ജംക്ഷനു സമീപം കഴിഞ്ഞ ദിവസം പുതഞ്ഞത്. ഏറെ നേരം പണിപ്പെട്ടാണ് മിനി ബസിന് യാത്ര തുടരാനായത്. ദേശീയപാതയിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നു ചെങ്കോട്ട വഴി പുനലൂരിൽ എത്തുന്ന വാഹനങ്ങൾ കുന്നിക്കോട് പത്തനാപുരംകല്ലുംകടവ്അടൂർ കൈപ്പട്ടൂർപത്തനംതിട്ട വഴി തിരിഞ്ഞു പോകണം. മലയാളം, തമിഴ്, ഇംഗ്ലിഷ് ഭാഷകളിൽ രേഖപ്പെടുത്തിയ അറിയിപ്പ് ബോർഡ് കഴിഞ്ഞ ദിവസം പുനലൂർ ടിബി ജംക്ഷനിലും മറ്റു കേന്ദ്രങ്ങളിലും സ്ഥാപിച്ചിരുന്നു. എന്നാൽ കഴിഞ്ഞ രണ്ട് ദിവസമായി പുനലൂർ ടിബി ജംക്ഷനിൽ എത്തുന്ന തീർഥാടക വാഹനങ്ങൾ പത്തനാപുരം പാതയിലേക്ക് തന്നെ പോകുകയാണ്. തിരിച്ചും ഇതുതന്നെയാണ് സ്ഥിതി. പലഭാഗത്തും കൂറ്റൻ സംരക്ഷണ ഭിത്തി നിർമാണത്തിനായി റോഡിന്റെ മധ്യഭാഗം മുതൽ ഇടിച്ചു മാറ്റിയിട്ടുണ്ട് ഈ ഭാഗത്ത് ഒരു വശത്തു കൂടിയാണ് ഗതാഗതം നിയന്ത്രിച്ചിരിക്കുന്നത്.



PATHANAMTHITTA

അറിയിപ്പ്



## അപേക്ഷിക്കാം

സ്റ്റേറ്റ് റിസോഴ്സ് സെൻറർ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്. ആർ.സി കമ്മ്യൂണിറ്റി കോളേജ്, ഹോസ്പറ്റൽ സി. എസ്. എസ്. ഡി ഡിവൈസ് റീപ്രോസസ്സിംഗ് ക്വാളിറ്റി മാനേജ്മെൻറ് ഓൺലൈൻ പാർട്ട് ടൈം സർട്ടിഫിക്കറ്റ് പ്രോഗ്രാമിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു . മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രിയോ/ഡിപ്ലോമയോ ഉള്ളവർക്കും സി. എസ്. എസ്. ഡി ടെക് നീഷ്യർക്കും ഡിസംബർ 15 നകം അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് www.srccc.in എന്ന വെബ് സൈറ്റിലും 8301915397 / 9447049125 എന്ന നമ്പറുകളിലും ലഭിക്കും.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡിന് അപേക്ഷ ക്ഷണിച്ചു. ജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ളതും കല,സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യസേവനം, വ്യവസായം,സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നത നേട്ടം കൈവരിച്ചവരുമായ യുവജനങ്ങളെ അവാർഡിന് പരിഗണിക്കും. അവാർഡിനായി നാമനിർദേശം നൽകുകയോ സ്വമേധയാ അപേക്ഷ സമർപ്പിക്കുകയോ ചെയ്യാം. യുവജനക്ഷേമ ബോർഡിൽ നിന്ന് അംഗീകാരമൊന്നും ലഭിച്ചിട്ടില്ലാത്തവരും മുമ്പ് യൂത്ത് ഐക്കൺ അവാർഡിന് അർഹരായിട്ടില്ലാത്തവരുമായിരിക്കണം അപേക്ഷകർ. പൊതുജനങ്ങളിൽ നിന്ന് കിട്ടുന്ന നിർദേശങ്ങൾ പരിഗണിച്ച് വിദഗ്ധ ജൂറിയുടെ തീരുമാനത്തിനു വിധേയമായി ആറ് പേർക്കാണ് അവാർഡ് നൽകുക. യൂത്ത് ഐക്കണായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20,000 രൂപയുടെ ക്യാഷ് അവാർഡും ബഹുമതി ശിൽപ്പവും നൽകും. നിർദേശങ്ങൾ official.ksyc@gmail.com ൽ അറിയിക്കാം. കൂടാതെ കമ്മീഷന്റെ വികാസ് ഭവനിലുള്ള ഓഫീസിൽ നേരിട്ടും നിർദേശങ്ങൾ നൽകാം. അപേക്ഷകൾ ഡിസംബർ 15നകം നൽകണം.

## അപേക്ഷിക്കാം

പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ആറു മാസത്തെ പെയ്ഡ് അപ്രന്റീസ് ഷിപ്പിന് അവസരം. ജേണലിസം, പബ്ലിക് റിലേഷൻസ് എന്നീ വിഷയങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പി.ജി ഡിപ്ലോമ എന്നിവ നേടിയവർക്ക് അപേക്ഷിക്കാം.2020, 2021 വർഷങ്ങളിൽ കോഴ്സ് കഴിഞ്ഞവരും സ്വന്തമായി സ്മാർട്ട് ഫോണും ഇന്റർനെറ്റ് ഡേറ്റാ കണക്ഷനും ഉള്ളവരുമാകണം. എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അപ്രന്റീസിന് പ്രതിമാസം 7000 രൂപ സ്റ്റൈപ്പന്റ് ലഭിക്കും. താത്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ബയോഡേറ്റ എന്നിവ സഹിതം കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ അപേക്ഷ നൽകണം. അവസാന തീയതി ഡിസംബർ 18. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0468-2222657.



# ഏഴുലക്ഷം ടൺകൂടി ഉത്പാദനം ഉണ്ടെങ്കിൽ കേരളം പച്ചക്കറി സ്വയംപര്യാപ്തം: മന്ത്രി പ്രസാദ്

**പത്തനംതിട്ട:** പച്ചക്കറിയിൽ സ്വയംപര്യാപ്തതയിലേക്ക് എത്താൻ ഞങ്ങളും കൃഷിയിലേക്ക് എന്ന മുദ്രാവാക്യവുമായി എല്ലാവരും കൃഷിയിലേക്കിറങ്ങണമെന്ന് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ്. പത്തനംതിട്ട കൈപ്പട്ടൂർ കൊല്ലായി പാടശേഖരം മൂന്നാം കലുങ്കിൽ തരിശുരഹിത വള്ളിക്കോട് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. 15.70 ലക്ഷം ടൺ പച്ചക്കറിയാണു പ്രതിവർഷം കേരളത്തിൽ ഉത്പാദിപ്പിക്കുന്നത്. ഏഴു ലക്ഷം ടൺ പച്ചക്കറികൾകൂടി ഉത്പാദിപ്പിക്കാനായാൽ കേരളത്തിനു പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടാനാകും. വിലക്കയറ്റം എന്ന പ്രതിസന്ധിയെ മറികടക്കുവാൻ അവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ അവയുടെ ശാശ്വത പരിഹാരം നമുക്കാവശ്യമായ പച്ചക്കറികൾ നാം സ്വയംതന്നെ കൃഷി ചെയ്യുക എന്നതു തന്നെയാണ്. കേരളത്തിൻറെ മണ്ണിൽ ഒരിഞ്ചുപോലും തരിശുഭൂമിയില്ലാതെ കൃഷിയോഗ്യമാക്കുകയാണു ലക്ഷ്യം. അതിനാവശ്യമായ എല്ലാ സഹകരണവും കാർഷിക വികസന കർഷക ക്ഷേമവകുപ്പിൻറെ ഭാഗത്തു നിന്നുണ്ടാകുമെന്നും മന്ത്രി പറഞ്ഞു. വള്ളിക്കോട് പഞ്ചായത്തിലെ തരിശ് കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതിയാണ് തരിശുരഹിത വള്ളിക്കോട് പദ്ധതി. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്ത്, കാർഷിക വികസന കർഷക ക്ഷേമവകുപ്പ് എന്നിവയുടെ സഹകരണത്തോടെ കൈപ്പട്ടൂർ കൊല്ലായി പാടശേഖരത്ത് നെൽകൃഷി ഞാറുനടീൽ നടത്തിയാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ കർഷക തൊഴിലാളികളായ കുറ്റിവടക്കതിൽ കൊച്ചുചെറുക്കൻ, മലയിൽ പുരയ്ക്കൽ കുട്ടി എന്നിവരെ മന്ത്രി ആദരിച്ചു. കരിന്പ് കൃഷി പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഓമല്ലൂർ ശങ്കരൻ നിർവഹിച്ചു. അടുക്കളത്തോട്ടം പച്ചക്കറി തൈ വിതരണ ഉദ്ഘാടനം കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജിജി സജി കുടുംബശ്രീ വൈസ് ചെയർപേഴ്സൺ വിജയ ലക്ഷ്മിക്ക് നൽകി നിർവഹിച്ചു. വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ആർ. മോഹനൻ നായർ അധ്യക്ഷത വഹിച്ചു. കോന്നി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് നീതു ചാർളി, വള്ളിക്കോട് പഞ്ചായത്ത് വൈസ് പ്രസിഡൻറ് സോജി പി. ജോൺ, ബ്ലോക്ക് പഞ്ചായത്തംഗം കെ.ആർ. പ്രമോദ്, എ.പി. ജയൻ, ജനപ്രതിനിധികൾ രാഷ്ട്രീയ കക്ഷി നേതാക്കൾ, കൃഷിവകുപ്പുദ്യോഗസ്ഥർ തുടങ്ങിയവർ പ്രസംഗിച്ചു.

# റാവത്തിന്റെ ഡ്രൈവർക്ക് ഇത് തീരാനഷ്ടം; അനൂപ് നായർ ആ കാലം ഓർക്കുമ്പോൾ

**പത്തനംതിട്ട:** 'സംയുക്ത സേനാ മേധാവിയുടെ ആദ്യ ഡ്രൈവറാണ് ഞാൻ' ജനറൽ ബിപിൻ റാവത്തുമായി ഉണ്ടായിരുന്നത് ആത്മബന്ധം.മലയാളി സൈനികൻ അനൂപ് നായർ ആ ഓർമ്മകളിൽ നീറുകയാണ് ഇപ്പോൾ. ജനറൽ റാവത്ത് കരസേനാ മേധാവിയായിരുന്നപ്പോൾ 2 വർഷവും സംയുക്ത സേനാമേധാവിയായപ്പോൾ ആദ്യത്തെ ഒരു വർഷവും പത്തനംതിട്ട കൂടൽ എള്ളുംകാലായിൽ നായിക് അനൂപ് നായർ ആയിരുന്നു ഡ്രൈവർജനറലിനൊപ്പം ഹെലികോപ്റ്റർ അപകടത്തിൽ മരിച്ച ഹവിൽദാർ സത്പാൽ, നായിക് ഗുർസേവക് സിങ്, നായിക് ജിതേന്ദ്ര കുമാർ, ലാൻസ് നായിക് ബി.സായിതേജ എന്നിവരും അനൂപിന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു. സേനാ മേധാവിയുടെ വസതിയിൽ ഒരുമിച്ചു ഡ്യൂട്ടി ചെയ്തിരുന്ന കൂട്ടുകാരായിരുന്നു അവർ. 'വലിയ സ്നേഹമുള്ള മനുഷ്യനായിരുന്നു' ജനറൽ റാവത്തിനെക്കുറിച്ച് അനൂപിന് പറയാനുള്ളത് ഇതാണ.വലുപ്പച്ചെറുപ്പമില്ലാതെ എല്ലാവരുടെയും കാര്യത്തിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പ്രധാനമന്ത്രിയും രാഷ്ട്രപതിയും ഉൾപ്പെടെയുള്ള പ്രമുഖരോടൊത്തുള്ള വിരുന്നുകളിൽ പങ്കെടുത്തശേഷം തിരിച്ചുവരുമ്പോൾ അദ്ദേഹം ആദ്യം അന്വേഷിക്കുക ഞങ്ങളൊക്കെ ഭക്ഷണം കഴിച്ചോ എന്നാകും. ഓരോ തവണ ഞാൻ ലീവിൽ പോയി വരുമ്പോഴും വീട്ടിലെ വിശേഷങ്ങൾ അന്വേഷിക്കും. അതുപോലെ സ്നേഹമായിരുന്നു ഭാര്യ മധുലികയ്ക്കും-അനൂപ് പറയുന്നു.മാസങ്ങൾക്കു മുൻപ് ശ്രീനഗറിലേക്കു പോസ്റ്റിങ് ലഭിച്ചതിനെത്തുടർന്ന് യാത്ര പറഞ്ഞു പോരുമ്പോൾ എന്റെ അമ്മയ്ക്കും ഭാര്യയ്ക്കുമായി




2 സാരികൾ മാഡം തന്നയച്ചുവെന്നും അനൂപ് കൂട്ടിച്ചേർക്കുന്നു. തെറ്റു കണ്ടാൽ അദ്ദേഹം ശാസിക്കുകയും ചെയ്യും. 2 തവണ മാത്രമാണ് എന്നെ വഴക്കു പറഞ്ഞിട്ടുള്ളത്. ദേഷ്യം മാറുമ്ബോൾ ക്ഷമ പറയും. തെറ്റിന്റെ ഗൗരവമെന്താണെന്നു സ്നേഹപൂർവം പറഞ്ഞു മനസ്സിലാക്കും-ഇതായിരുന്നു ജനറൽ റാവത്ത്.അദ്ദേഹത്തിനൊപ്പം ജോലി ചെയ്തിരുന്ന ഞങ്ങൾ മുപ്പതോളം പേർക്കു കോവിഡ് വന്നു. അന്നും അരികിൽ വന്ന് സുഖവിവരം അന്വേഷിച്ചു. നമ്മളൊക്കെ സൈനികരല്ലേ, എന്നു പറഞ്ഞ് ധൈര്യം പകർന്നു-അനൂപ് ഓർക്കുന്നു. അപകടത്തിൽ മരിച്ചവരിൽ 4 സൈനികരുമായി വലിയ ആത്മബന്ധമായിരുന്നു. ഒരു പാത്രത്തിൽ ഭക്ഷണം കഴിച്ച് ഒരുമിച്ചുറങ്ങിയും ചിലപ്പോഴൊക്കെ വഴക്കിട്ടും സേനാമേധാവിയുടെ വസതിയിൽ ഡ്യൂട്ടി ചെയ്തിരുന്നു ഞങ്ങൾ. അടുത്തടുത്ത 5 കട്ടിലുകളായിരുന്നു ഞങ്ങളുടേത്. സംയുക്ത സേനാ മേധാവി എന്ന പദവി 2 വർഷം മുൻപാണല്ലോ വന്നത്. ആദ്യ മേധാവിയായി ജനറൽ റാവത്ത് ചുമതലയേറ്റപ്പോൾ ഞാനായിരുന്നു ഡ്രൈവർ. അങ്ങനെ ഈ പദവിയിലുള്ളയാളുടെ ആദ്യ ഡ്രൈവറെന്ന നേട്ടം എനിക്കു ലഭിച്ചു. അദ്ദേഹത്തിനൊപ്പം ജോലി ചെയ്തതുകൊണ്ട് റിപ്പബ്ലിക് ദിന പരേഡിൽ പോലും വാഹനമോടിക്കാനായി. എത്രയെത്ര വലിയ ആളുകളെ നേരിൽ കാണാനായി-അനൂപ് വിശദീകരിക്കുന്നു.

## ഹണിട്രാപ്പ് സംഘം കുടുങ്ങി

**പന്തളം:** വയോധികനെ ഹണിട്രാപ്പിൽ കുരുക്കി 2.40 ലക്ഷം രൂപ തട്ടിയെന്ന പരാതിയിൽ യുവതി അടക്കം കസ്റ്റഡിയിൽ. അടൂർ ഹൈസ്കൂൾ ജങ്ഷനിൽ വാടകയ്ക്ക് താമസിക്കുന്ന സിന്ധുവും കൂട്ടാളികളുമായി കസ്റ്റഡിയിൽ ആയിരിക്കുന്നത്.പന്തളം മുടിയൂർക്കോണം സ്വദേശിയായ എഴുപത്തിയാറുകാരനെയാണ് സംഘം തന്ത്രപൂർവം കുരുക്കിലാക്കിയത്.വയോധികനും ഭാര്യയും മാത്രമാണ് വീട്ടിൽ താമസം. ഇവരുടെ വസ്തു വിൽക്കുന്നതിന് വേണ്ടി ഓഎൽഎക്സിൽ പരസ്യം നൽകിയിരുന്നു. ഇതു കണ്ടിട്ടെന്ന വ്യാജേനെ സിന്ധുവും മറ്റൊരാളും വയോധികനെ സമീപിച്ചു. ആദ്യ തവണ വസ്തുവിന്റെ വിവരങ്ങളും വിലയും ചോദിച്ച് മടങ്ങി. ഇക്കഴിഞ്ഞ ആറിന് ഉച്ച കഴിഞ്ഞ് രണ്ടിന് പരാതിക്കാരന്റെ വീട്ടിലെത്തിയ സിന്ധുവും സഹായിയും ചേർന്നാണ് കെണിയൊരുക്കിയത്.തുടർന്ന് വയോധികനുമായി സിന്ധു അടുത്തിടപഴകി. ഇയാളുടെ മടിയിൽ കയറി ഇരുന്നു. ഈ സമയം ഒപ്പം വന്നയാൾ ഇതെല്ലാം മൊബൈൽ ഫോൺ ക്യാമറയിൽ ചിത്രീകരിച്ചു. അതിന് ശേഷം സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി വയോധികനിൽ നിന്ന് രണ്ടു ലക്ഷം രൂപയുടെ ബ്ലാങ്ക് ചെക്കും അര പവന്റെ സ്വർണ മോതിരവും റൈസ് കുക്കറും മെഴുക് പ്രതിമയും കൈക്കലാക്കി മടങ്ങി.ഒമ്ബതിന് ഉച്ചയ്ക്ക് ഒരു മണിയോടെ വീണ്ടുമെത്തിയ സംഘത്തിൽ മൂന്നാമതൊരാൾ കൂടിയുണ്ടായിരുന്നു. അതൊരു പൊലീസുകാരനാണെന്ന് പരാതിക്കാരനെ ഇവർ തെറ്റിദ്ധരിപ്പിച്ചു. അതിന് ശേഷം ഭീഷണി മുഴക്കി 18,000 രൂപയുടെ ചെക്ക് വാങ്ങി. കൂടാതെ മൂന്നു ലക്ഷം രൂപയുടെ ചെക്ക് ഒപ്പിട്ടു വാങ്ങുകയും ചെയ്തു.പിന്നെയും പ്രതികൾ ഭീഷണി തുടർന്നപ്പോഴാണ് വയോധികൻ പൊലീസിനെ സമീപിച്ചത്. പ്രതി സിന്ധു നേരത്തേയും സമാനരീതിയിൽ ഹണിട്രാപ്പ് നടത്തിയതിന് പിടിയിലായ ആളാണ്.

## ഇരട്ട സഹോദരങ്ങൾക്ക് നേട്ടം

**റാന്നി:** പത്തനംതിട്ട ജില്ലാ ജൂണിയർ അത്‌ലറ്റിക്സ് മത്സരത്തിൽ അണ്ടർ 20 പെൺകുട്ടികളുടെ വിഭാഗത്തിൽ ഇരട്ട സഹോദരിമാരായ എസ്. അൽക്ക, എസ്. അൽമി എന്നിവർക്ക് ഒന്നാം സ്ഥാനം. അൽക്കയ്ക്ക് ഷോട്ട്പുട്ടിന് ഒന്നാം സ്ഥാനവും അൽമിക്ക് ജാവലിൻ ത്രോയിൽ ഒന്നാം സ്ഥാനവും ഡിസ്കസ്ത്രോയിൽ രണ്ടാം സ്ഥാനവുമാണ് ലഭിച്ചത്.സ്കൂൾ കായിക മത്സരത്തിൽ ജില്ല, സംസ്ഥാന തലങ്ങളിൽ ഒന്നാം സ്ഥാനമടക്കം നിരവധി സമ്മാനങ്ങൾ നേടിയിട്ടുള്ള ഇരട്ട സഹോദരങ്ങൾ ദേശീയ സ്കൂൾ മീറ്റിലും കഴിവു തെളിയിച്ചി ട്ടുണ്ട്. കുന്നം ഗവൺമെൻറ് എൽപി സ്കൂൾ പ്രഥമധ്യാപകൻ ഇടമുറി തോന്പിക്കണ്ടം ചേന്നമലയിൽ സി.പി. സുനിലിൻറെ മക്കളാണിവർ. കൊടുമണ്ണിൽ ഒരു കോടി രൂപ ചെലവിൽ റൈസ് മിൽ: ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പത്തനംതിട്ട: കാർഷിക വികസനത്തിൻറെ ഭാഗമായി ജില്ലാ പഞ്ചായത്ത് കൊടുമണ്ണിൽ ഒരു കോടി രൂപ ചെലവിൽ റൈസ് മിൽ സ്ഥാപിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഓമല്ലൂർ ശങ്കരൻ പറഞ്ഞു. നെൽകൃഷിക്കായി 1.25 കോടി രൂപ ജില്ലാ പഞ്ചായത്ത് നീക്കിവച്ചിട്ടുണ്ട്. അവയിൽ ഒരു വിഹിതം വള്ളിക്കോട് പഞ്ചായത്തിനും ലഭ്യമാക്കുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പറഞ്ഞു.

# കേരഗ്രാമം പദ്ധതിയിലൂടെ 15 ലക്ഷം തെങ്ങിൻതൈകൾ നടും: മന്ത്രി പി. പ്രസാദ്

**അടൂർ:** കേരഗ്രാമം പദ്ധതിയിലൂടെ ഒരു വർഷം പതിനഞ്ചു ലക്ഷം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പി. പ്രസാദ്. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് ഹാളിൽ കേരഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നാളികേരത്തിൻറെ മൂല്യവർധിത ഉത്പന്നങ്ങൾ പ്രാദേശിക ബ്രാൻഡിൽ പുറത്തിറക്കണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ഉരുക്കുവെളിച്ചെണ്ണ പോലുള്ള ഗുണമേന്മയേറിയ കേര ഉത്പന്നങ്ങൾ പ്രാദേശിക കൂട്ടായ്മകൾ കേരഗ്രാമം പദ്ധതിയിൽ നിർമിക്കണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ഇതിനുവേണ്ട എല്ലാ പരിശീലനങ്ങളും സഹായങ്ങളും കൃഷിവകുപ്പ് നൽകും. കേരഗ്രാമം പദ്ധതി പ്രകാരം മൂന്നുവർഷംകൊണ്ട് 76 ലക്ഷം രൂപ പഞ്ചായത്തിന് ലഭിക്കും. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൂടി സംയോജിപ്പിച്ചാൽ മൂന്ന് വർഷത്തിനുശേഷവും തുടർപ്രവർത്തനങ്ങൾ നടത്താൻ കേര സമിതിക്ക് കഴിയുമെന്നും മന്ത്രി പറഞ്ഞു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു. ആര്യാട്ട് വീട് തട്ടയിൽ നാരായണൻ, ഒരു വീട്ടിൽ തെക്കേതിൽ സി.കെ. രവി ശങ്കർ, വരിക്കോലിൽ പെരുംപുളിക്കൽ മോഹനൻ പിള്ള, കിഴക്കേവാലയ്യത്തുപെരുംപുളിക്കൽ എ.കെ. സുരേഷ്, കല്ലുംപുറത്തു തട്ടയിൽ മാധവൻ പിള്ള, എന്നീ കർഷകരെ ചടങ്ങിൽ മന്ത്രി ആദരിച്ചു. തെങ്ങ് കയറ്റയന്ത്രം നൽകി ആനുകൂല്യ വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസി ഡൻറ് ഓമല്ലൂർ ശങ്കരൻ നിർവ ഹിച്ചു. പമ്പ സെറ്റ് പെർമിറ്റ് വിതരണം പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് രേഖ അനിലും സോയിൽ ഹെൽത്ത് കാർഡ് വിതരണം പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോർജ് ബോബിയും നിർവഹിച്ചു. സംയോജിത വിള പരിപാലനം നാളികേര കൃഷിയിൽ എന്ന വിഷയത്തിൽ സീനിയർ സയൻറിസ്റ്റ് ഡോ. എൽ. നിഹാദ്, കായംകുളം സിപിസിആർഐ പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. എ. ജോസഫ് രാജ്കുമാർ എന്നിവർ സെമിനാർ നയിച്ചു.

## പാത ഞായറാഴ്ച തുറക്കും

**പത്തനംതിട്ട :** പമ്പയിൽ നിന്നും സന്നിധാനത്തേക്കുള്ള പരമ്പരാഗത പാത ഞായറാഴ്ച തീർത്ഥാടകർക്ക് തുറന്നു കൊടുക്കും. പമ്പാ സ്നാനം ശനിയാഴ്ച പകൽ 11 മുതലും അനുവദിക്കും. കലക്ടറേറ്റിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ സമിതി യോഗമാണ് ഇക്കാര്യം തീരുമാനിച്ചത്. ത്രിവേണി നടപ്പാലം മുതൽ നൂറ്റമ്പത് മീറ്ററും തൊട്ടുതാഴെ 170 മീറ്ററുമാണ് പമ്പാ സ്നാനത്തിന് അനുവദിക്കുക. തീർഥാടകരുടെ സുരക്ഷയ്ക്കായി പൊലീസും അഗ്നിരക്ഷാ സേനയും സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തിയതായി കലക്ടർ ജിവ്യാ എസ്സ അയ്യർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.പമ്പ സ്നാനത്തിന് നാലു പ്രവേശന കവാടം ആണ് ഉണ്ടാവുക. ഇതിലൂടെ മാത്രമേ തീർത്ഥാടകർ സ്നാനത്തിന് പ്രവേശിക്കാവു. പമ്പയിൽ ജലനിരപ്പ് ഉയരുകയാണെങ്കിൽ അതാത് സമയത്ത് ക്രമീകരണം വിലയിരുത്താൻ എഡിഎമ്മിൻറെ നേതൃത്വത്തിൽ പമ്പയിൽ തന്നെ യോഗം ചേർന്ന് തീരുമാനിക്കും. പരമ്പരാഗത പാത ഞായറാഴ്ച പുലർച്ചെ രണ്ടു മുതൽ തുറന്നുകൊടുക്കും. രാത്രി എട്ടു വരെയാണ് പ്രവേശനം.ആരോഗ്യ രക്ഷാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. കുടിവെള്ളത്തിന് ജല അതോറിട്ടിയുടെ 44 കിയോസ്ക്കുകൾ തയ്യാറാക്കി. അടിയന്തര മെഡിക്കൽ സെൻറർ സംവിധാനം ഏഴെണ്ണം ഏർപ്പെടുത്തി. കൂടാതെ രണ്ട് കാർഡിയോളജി കേന്ദ്രങ്ങളും ഈ പാതയിൽ പ്രവർത്തിക്കും. 40 സന്നദ്ധ സേന പ്രവർത്തകർ സ്ട്രെച്ചറുമായി ഈ പാതയിൽ ഉണ്ടാകും. രണ്ടു ബ്ലോക്കുകളിലായി 56 ശൗചാലയം ഒരുക്കിയിട്ടുണ്ട്. ശനിയാഴ്ച വൈകിട്ട് പാതയിലൂടെ ട്രയൽ നടത്തിയ ശേഷം ഞായറാഴ്ച പുലർച്ചെ തുറന്നു നൽകും. സന്നിധാനത്ത് തീർഥാടകർക്ക് താമസ സൗകര്യം ഞായറാഴ്ചമുതൽ ഉണ്ടാകും. 500 മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. 12 മണിക്കൂർ ആണ് ഇവിടെ തങ്ങാൻ അനുവദിക്കുക. തീർത്ഥാടകർക്ക് സന്നിധാനത്ത് വിരിവയ്ക്കാൻ തൽക്കാലം സൗകര്യം അനുവദിച്ചിട്ടില്ല. വേണ്ടിവന്നാൽ തീർത്ഥാടകരുടെ ആവശ്യം കൂടി പരിഗണിച്ച് തീരുമാനിക്കാം എന്ന് കലക്ടർ പറഞ്ഞു. തീർത്ഥാടകർക്ക് പരമ്പരാഗത പാതയിലൂടെ കയറുകയോ സ്വാമി അയ്യപ്പൻ റോഡ് വഴിയോ കേറി ഇറങ്ങുകയോ ചെയ്യാം.

# സന്ദീപ് കൊലക്കേസിൽ ഒരാളെക്കൂടി പ്രതി ചേർത്തു

**തിരുവല്ല:** സിപിഎം പെരിങ്ങര ലോക്കൽ സെക്രട്ടറി പി.ബി. സന്ദീപ് കുമാറിനെ കൊലപ്പെടുത്തിയ കേസിൽ ഒരാളെക്കൂടി പ്രതി ചേർത്തു. കരുവാറ്റ പാലപ്പള്ളി കോളനിയിൽ രതീഷിനെ (36)യാണ് അന്വേഷണസംഘം പ്രതിപ്പട്ടികയിൽ ചേർത്തത്. ഇതോടെ കൊലപാതകവുമായി ബന്ധപ്പെട്ട് ആറ് പ്രതികളായി. സന്ദീപിനെ കൊലപ്പെടുത്തിയശേഷം ഒന്നു മുതൽ നാലു വരെയുള്ള പ്രതികളെ ഒളിവിൽ താമസിപ്പിച്ച കുറ്റത്തിനാണ് രതീഷിനെതിരെ കേസ് എടുത്തിട്ടുള്ളതെന്നന്നും മറ്റൊരു അടി പിടി കേസിൽ ഇപ്പോൾ ഇയാൾ ആലപ്പുഴ സബ് ജയിലിൽ കഴിയുകയാണെന്നും അടുത്ത ദിവസം തന്നെ പ്രതിയെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ ചോദ്യം ചെയ്യുമെന്നും ഡിവൈഎസ്പി രാജപ്പൻ റാവുത്തർ പറഞ്ഞു.കേസിൽ നേരത്തെ പിടിയിലായ അഞ്ചു പ്രതികളും നിലവിൽ പോലീസ് കസ്റ്റഡിയിലുണ്ട്. തിങ്കളാഴ്ചവരെയാണ് ഇവരുടെ കസ്റ്റഡി കാലാവധി. കേസുമായി ബന്ധപ്പെട്ട വിശദമായ ചോദ്യം ചെയ്യലിനു പ്രതികളെ വിധേയമാക്കി വരികയാണെന്നു പോലീസ് പറഞ്ഞു. കേസിൽ 52 സാക്ഷികളുടെ മൊഴി പോലീസ് ശേഖരിച്ചി ട്ടുണ്ട്. മൂന്ന് ദൃക്സാക്ഷികൾ കേസിനുണ്ടെന്നും പോലീസ് പറഞ്ഞു. സന്ദീപിനെ പ്രതികൾ ആക്രമിക്കുന്ന സമയത്ത് റോഡിലൂടെ ബൈക്കിൽ എത്തിയ മൂന്ന് യുവാക്കളെയാണ് ദൃക്സാക്ഷി പട്ടികയിൽപെടുത്തിയിരിക്കുന്നത്. ബൈക്കിൻറ വെളിച്ചത്തിൽ സന്ദീപിനെ ജിഷ്ണുവിൻറെ നേതൃത്വത്തിൽ കഠാരി ഉപയോഗിച്ച് കുത്തുന്നതു കണ്ടതായാണ് മൊഴി. അഞ്ചാം പ്രതി വിഷ്ണുവിൻറെ ശബ്ദ സാന്പിളുകൾ പോലീസ് പരിശോധനയ്ക്കെടുത്തിട്ടുണ്ട്. വിഷ്ണുവിനറ്റേതെന്ന പേരിൽ പുറത്തുവന്ന സംഭാഷണത്തിൻറെ ആധികാരികത ഉറപ്പിക്കാനാണ് ശബ്ദ പരിശോധന നടത്തുന്നത്.



# പക്ഷിപ്പനി പുഞ്ചക്കൃഷിക്കും ഭീഷണിയാകുന്നു:

## താറാവുകളെ മാറ്റാൻ കഴിയാത്തതു പുഞ്ചക്കൃഷിക്കു ഭീഷണിയാകുന്നുണ്ട്

**അമ്പലപ്പുഴ:** ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ തകഴിയിൽ താറാവുകളെ കൊന്നുകത്തിക്കുന്ന ജോലികൾ രണ്ടാംദിവസവും തുടർന്നു. നാലുകർഷകരുടേതായി 12,500 താറാവുകളെയാണു വ്യാഴാഴ്ച കൊന്നത്. മഴമൂലം രാത്രിവൈകിയാണ് ഇവയെ കത്തിക്കാൻ തുടങ്ങിയത്. വെള്ളിയാഴ്ച വൈകീട്ടുവരെ ഇതുനീണ്ടു.വ്യാഴാഴ്ചരാവിലെ കളക്ടർ എ. അലക്സാണ്ടറുടെ അധ്യക്ഷതയിൽ ച്ചേർന്ന യോഗത്തിലെ തീരുമാനപ്രകാരമാണു തകഴി കുന്നുമ്മ കരിയാർ മുടിയിലക്കരി പാടശേഖരത്തിന്റെ തെക്കേപുറംബണ്ടിൽ കർശന സുരക്ഷാക്രമീകരണങ്ങളോടെ താറാവുകളെക്കൊന്ന് ചാക്കുകളിലാക്കിത്തുടങ്ങിയത്. വൈകുന്നേരത്തോടെ ശക്തമായ മഴപെയ്തു. ഇതുമൂലം ഏറെനേരം ജോലികൾ നിർത്തിവെക്കേണ്ടിവന്നു. വെള്ളിയാഴ്ച രാവിലെയാണു കത്തിക്കൽ പുനരാരംഭിച്ചത്.പുറക്കാട് അറുപതിൽച്ചിറ ജോസഫ് ചെറിയാൻ(ബാബു), തകഴി ജോസ്ഭവൻ ജോസ്മോൻ, പുറക്കാട് സ്വദേശികളായ വിഷ്ണുഭവൻ രാജു ചെല്ലപ്പൻ, പുത്തൻപറമ്പ് പ്രഭു എന്നിവരുടെ താറാവുകളെയാണു കൊന്നത്. വെറ്ററിനറി സർജന്മാരുടെ നേതൃത്വത്തിലുള്ള നാലു പ്രത്യേകസംഘങ്ങളായിരുന്നു(റാപ്പിഡ് റെസ്പോൺസ് ടീം) കത്തിക്കാനുണ്ടായിരുന്നത്. മേഖലയിൽ ഇനിയും പക്ഷികൾ ഉണ്ടെങ്കിൽ കണ്ടെത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ റാപ്പിഡ് റെസ്പോൺസ് ടീം പരിശോധന നടത്തുന്നുണ്ട്. പക്ഷികളുടെ തൂവലുകളും മറ്റവശിഷ്ടങ്ങളും കത്തിച്ചു നശിപ്പിക്കുന്നതിനു ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.രോഗബാധ സ്ഥിരീകരിച്ച മേഖലകളിൽ താറാവ്, കോഴി, കാട, വളർത്തുപക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ഠം(വളം) എന്നിവയുടെ ഉപയോഗവും വിപണനവും കളക്ടർ നിരോധിച്ചിട്ടുണ്ട്. താറാവുകളെ പാടത്തുനിന്നു മാറ്റണമെന്നു കർഷകർ.പക്ഷിപ്പനിപടരുന്ന സാഹചര്യത്തിൽ പാടശേഖരത്തിൽനിന്നു താറാവുകളെ മാറ്റാൻ കഴിയാത്തതു പുഞ്ചക്കൃഷിക്കു ഭീഷണിയാകുന്നുണ്ട് . നെടുമുടി തെക്കേ ഇടശ്ശേരി പാടശേഖരത്തിലുൾപ്പെടെയുള്ള കർഷകരാണ് വിതയ്ക്കാനായി വിത്തു തയ്യാറാക്കി കാത്തിരിക്കുന്നത്.മൃഗസംരക്ഷണവകുപ്പിൻറെ നിർദേശമുള്ളതിനാൽ കൃഷിയിടത്തിൽനിന്നു ശേഷിക്കുന്ന താറാവുകളെ മാറ്റാൻ കർഷകനു കഴിയുന്നില്ല. രോഗലക്ഷണം കാണപ്പെട്ട സ്ഥലത്തുതന്നെ താറാവുകളെ പാർപ്പിക്കുകയാണു വേണ്ടത്. അല്ലെങ്കിൽ രോഗവ്യാപനത്തിനു കാരണമാകും. താറാവുകളെ മാറ്റണമെന്നു കർഷകർ ആവശ്യപ്പെടുമ്പോൾ മാറ്ററുതെന്നാണു മൃഗസംരക്ഷണ വകുപ്പ് തറപ്പിച്ചുപറയുന്നത്. പനി സ്ഥിരീകരിക്കാൻ വൈകുന്നതു കർഷകരെ ധർമസങ്കടത്തിലാക്കുന്നുണ്ട്.വിതയിറക്കണമെന്നും അടിയന്തരമായി താറാവുകളെമാറ്റണമെന്നും ആവശ്യപ്പെട്ട് പാടശേഖരസമിതി സെക്രട്ടറി കെ.പി. ഭാസ്കരൻ നെടുമുടി പോലീസിൽ പരാതി നൽകിയിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ കർഷകരെ പോലീസ് വിളിപ്പിച്ചെങ്കിലും ഇരുകൂട്ടരും ആലോചിച്ചു തീരുമാനമെടുക്കാൻ നിർദേശിച്ചു മടക്കിയയച്ചു.നെടുമുടിയിൽ രണ്ടാഴ്ചയ്ക്കുള്ളിൽ ചത്ത താറാവുകളുടെ എണ്ണം പതിനായിരം കവിഞ്ഞു. താറാവുകളെ തീറ്റയ്ക്കായി ഇറക്കിയ പാടശേഖരങ്ങളിൽനിന്നു മാറ്റാൻ വിലക്കുവന്നത് താറാവുകർഷകരെയും പാടശേഖര സമിതിക്കാരെയും ദുരിതത്തിലാക്കുകയാണ്.ഒന്ന്, രണ്ട് തീയതികളിലായി ചത്ത താറാവുകളുടെ സാംപിളുകൾ തിരുവല്ല മഞ്ഞാടിയിലെ പരിശോധനാകേന്ദ്രത്തിൽ കൊടുത്തിരുന്നു. ജില്ലാ മൃഗസംരക്ഷണ വകുപ്പ് അധികൃതർ രണ്ടാം തീയതിയും മൂന്നാം തീയതിയും സ്ഥലത്തു നേരിട്ടെത്തി സാംപിളുകൾ ശേഖരിക്കുകയും ചെയ്തിരുന്നു. കർഷകർ ദിവസവും മൃഗാശുപത്രിയിൽചെന്നു പരിശോധനാഫലം തിരക്കുന്നുണ്ട്. പക്ഷേ ഫലം വരുന്നില്ല.



# തൈക്കാട്ടുശ്ശേരി ടൂറിസം; നിർമാണ ജോലികൾ വൈകുന്നതിൽ ആശങ്ക

**തുറവൂർ:** തൈക്കാട്ടുശ്ശേരി അപ്രോച്ച്റോഡിൽ കാൽനടയാത്രികർക്ക് കടന്നുപോകാനിടമില്ല. സൈക്കിൾ, ഇരുചക്രവാഹനയാത്രികർ അപകടത്തിൽപ്പെടുന്നതു പതിവാകുന്നു... ഇങ്ങനെനീളുന്നു ജനങ്ങളുടെ പരാതികൾ. കോടികൾ മുടക്കിനടത്തുന്ന തൈക്കാട്ടുശ്ശേരി വിനോദസഞ്ചാര പദ്ധതിയുടെ നിർമാണജോലികൾ ഇഴയുന്നതാണ് പരാതികൾക്കടിസ്ഥാനം.പാലത്തിന് പടിഞ്ഞാറോട്ടുള്ള അപ്രോച്ച് റോഡിനിരുവശവുമാണ് പദ്ധതിപ്രദേശം. വിനോദസഞ്ചാര വകുപ്പിന്റെ 2.5 കോടിയാണ് പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. കൈവരികൾ, വിശ്രമിക്കാൻ ഇരിപ്പിടങ്ങൾ, പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, കോഫിഷോപ്പ്, നടപ്പാതകൾ എന്നിവയാണ് സജ്ജമാക്കുന്നത്. റോഡിൽനിന്ന് ഒന്നരമീറ്റർ മാറിമാത്രമേ നിർമാണങ്ങൾ പാടുള്ളൂയെന്ന നിർദേശം പാലിക്കാതെയാണ് തറയോടുപാകി അതിരുതിരിച്ചിരിക്കുന്നത്.ഇതുമൂലം കാൽനട, സൈക്കിൾ യാത്രികർ റോഡിലൂടെയാണ് കടന്നുപോകുന്നത്. വാഹനത്തിരക്കേറിയ റോഡാണിത്. വാഹനങ്ങൾ കടന്നുപോകുമ്പോൾ കാൽനട, സൈക്കിൾ യാത്രികർ ഇതുകാരണം അപകടത്തിൽപ്പെടുന്നത് പതിവുകാഴ്ചയാണ്. പദ്ധതി പ്രദേശത്ത് തറയോടുപാകിയ നടപ്പാതയൊരുക്കുന്നുണ്ടെന്നും പദ്ധതി പൂർത്തിയായാൽ കാൽനടയാത്രികർക്ക് അതുവഴി സുരക്ഷിതമായി കടന്നുപോകാനാകുമെന്നുമാണ് അധികൃതർ പറയുന്നത്. നിർമാണങ്ങൾ എത്രയുംവേഗം പൂർത്തിയാക്കണമെന്നാണ് യാത്രക്കാരുടെ ആവശ്യം.

# ജലജീവൻ പദ്ധതി : ജനുവരിയിൽ മുഴുവൻ വീടുകളിലും വെള്ളമെത്തും

**തുറവൂർ:** ജനുവരി അവസാനത്തോടെ ഏഴു പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വെള്ളമെത്തിത്തുടങ്ങും. ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കടക്കരപ്പള്ളി, പട്ടണക്കാട്, തുറവൂർ, കുത്തിയതോട്, കോടംതുരുത്ത്, എഴുപുന്ന, അരൂർ പഞ്ചായത്തുകളിലെ മുഴുവൻ വീടുകളിലും വെള്ളമെത്തിക്കുന്നത്.ജല അതോറിറ്റി, പൈപ്പ്ലൈൻ സ്ഥാപിക്കൽ വേഗത്തിലാക്കിയിട്ടുണ്ട്. ജപ്പാൻ ശുദ്ധജലപദ്ധതി കമ്മിഷൻചെയ്തശേഷവും ജില്ലയുടെ വടക്കൻപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായില്ല. തുടർന്നാണ് പദ്ധതി ആവിഷ്കരിച്ചത്. പ്രദേശത്ത് 14,473 കുടുംബങ്ങൾക്കുകൂടി കണക്ഷൻ നൽകുന്നതാണ് ജലജീവൻ പദ്ധതി. മുക്കാൽ ഭാഗം വീടുകളിലും കണക്ഷൻ നൽകിക്കഴിഞ്ഞു.കടക്കരപ്പള്ളി- 150, പട്ടണക്കാട്- 74, തുറവൂർ-37, കുത്തിയതോട്- 90, കോടംതുരുത്ത്- 150, എഴുപുന്ന- 120, അരൂർ- 800 എന്നിങ്ങനെയാണ് ഇനി കണക്ഷൻ നൽകാനുള്ളത്. പൈപ്പ്ലൈൻ വലിക്കാൻ സ്ഥലമുടമകളുടെ അനുവാദം ലഭിക്കാത്ത കാരണത്താൽ 60 വീടുകൾക്ക് കണക്ഷൻ നൽകുന്നത് തടസ്സപ്പെട്ട നിലയിലാണ്. ഇക്കാര്യത്തിൽ തങ്ങൾ നിസ്സഹായരാണെന്നാണ് ജല അതോറിറ്റി അധികൃതർ പറയുന്നത്. പഞ്ചായത്ത് അധികൃതർ ഇടപെട്ട് സ്ഥലമുടമകളുടെ അനുവാദം വാങ്ങിനൽകണമെന്നാണ് ജനങ്ങളുടെ ആവശ്യം.



# വയോധികയുടെ കൊലപാതകം: അയൽവാസി അറസ്റ്റിൽ

**മാന്നാർ:** ചെന്നിത്തല കാരാഴ്മ കിഴക്ക് ഇടയിലെ വീട്ടിൽ സരസമ്മ(85)യെ കൊലപ്പെടുത്തി കിണറ്റിൽ തള്ളിയ കേസിൽ അയൽവാസി അറസ്റ്റിൽ. കാരാഴ്മ കിഴക്ക് ഇടയിലെ വീട്ടിൽ രജീഷി(40)നെയാണ് മാന്നാർ പോലീസ് അറസ്റ്റുചെയ്തത്. സരസമ്മയുടെ അകന്ന ബന്ധുകൂടിയാണ് പ്രതി.തനിച്ചുതാമസിച്ചിരുന്ന സരസമ്മയെ നവംബർ 28-നു രാവിലെ എട്ടുമണിയോടെയാണ് വീട്ടുമുറ്റത്തെ കിണറ്റിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. തൊട്ടടുത്ത വീട്ടിൽ താമസിക്കുന്ന ഇവരുടെ മരുമകൾ രമ രാവിലെ കാപ്പിയുമായി എത്തിയപ്പോൾ വീട്ടിൽ കാണാഞ്ഞതിനെതുടർന്നുള്ള തിരച്ചിലിലാണ് കിണറ്റിനുള്ളിൽ കാലുകൾ മുകളിലായി മരിച്ചുകിടക്കുന്നതു കണ്ടത്. തുടർന്ന് അഗ്നിരക്ഷാസേനയെത്തി മൃതദേഹം പുറത്തെടുക്കുകയായിരുന്നു. കായംകുളം ഗവ. ആശുപത്രിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹം രണ്ടുദിവസം കഴിഞ്ഞ് ചൊവ്വാഴ്ചയാണ് വണ്ടാനം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തിയത്. സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നത് സരസമ്മയുടെ രണ്ടുകാതിലെയും കമ്മൽ പറിച്ചെടുത്തതായി കാണുകയും ദേഹപരിശോധനയിൽ കൊലപാതകമാണന്നു സംശയം തോന്നുകയുമായിരുന്നെന്നാണ്. പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ഡോഗ് സ്ക്വാഡും ശാസ്ത്രവിദഗ്ധരും സരസമ്മ താമസിച്ച വീട്ടിലും മൃതദേഹം കാണപ്പെട്ട കിണറിന്റെ പരിസരത്തും പരിശോധന നടത്തിയെങ്കിലും പ്രതിയെ കണ്ടെത്തുന്നതിനുള്ള സാഹചര്യത്തെളിവുകളും ലഭിച്ചില്ല. തുടർന്ന് ചെങ്ങന്നൂർ ഡിവൈ.എസ്.പി. ആർ. ജോസ്, നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. എം.കെ. ബിനുകുമാർ, മാന്നാർ പോലീസ് ഇൻസ്പെക്ടർ ജി. സുരേഷ്കുമാർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപവത്കരിച്ചു. പ്രദേശവാസിയായ ആരോ ആണ് ഇതു ചെയ്തതെന്ന നിഗമനത്തിലെത്തിയ പോലീസ് അന്വേഷണം ആ വഴിയിലേക്കു നീക്കുകയായിരുന്നു. ഇതിനിടയിൽ ചെന്നിത്തല കല്ലുംമൂട്ടിലുള്ള ജൂവലറിയിൽ പ്രതി രജീഷും മറ്റൊരാളും കമ്മൽ വിൽക്കാനെത്തിയതായി കണ്ടെത്തി. ഇവരെ ചോദ്യംചെയ്തപ്പോഴാണ് രജീഷ് കുറ്റം സമ്മതിച്ചത്.സംഭവദിവസം വെളുപ്പിന് ഒരുമണിയോടെ സരസമ്മയുടെ വീട്ടിലെത്തിയ പ്രതി ഇവരുടെ വായ പൊത്തിപ്പിടിച്ചു. ബോധം നഷ്ടപ്പെട്ടപ്പോൾ മരിച്ചു എന്ന് ഉറപ്പിക്കാൻവേണ്ടി ഇയാൾ ഉടുത്തിരുന്ന കൈലിയുടെ ഒരുഭാഗം കീറി കഴുത്തിൽ മുറുക്കി. തുടർന്ന് കാതിലെ കമ്മൽ പറിച്ചെടുത്തശേഷം മൃതദേഹം കിണറ്റിൽ തള്ളി. പ്രതിയെ വെള്ളിയാഴ്ച സംഭവസ്ഥലത്തും പ്രതിയുടെ വീട്ടിലും കൊണ്ടുപോയി തെളിവെടുത്തു. രജീഷിന്റെ കിടപ്പുമുറിയിൽ ഒളിപ്പിച്ചുവെച്ചിരുന്ന സരസമ്മയുടെ കമ്മലും കഴുത്തു വലിച്ചുമുറുക്കാൻ ഉപയോഗിച്ച കൈലിയുടെ ഭാഗവും കണ്ടെടുത്തു. പ്രതിയെ ശനിയാഴ്ച കോടതിയിൽ ഹാജരാക്കും

# കരൂരിൽ നിന്ന് വൻ വ്യാജമദ്യശേഖരം പിടികൂടി

**അമ്പലപ്പുഴ:** അമ്പലപ്പുഴയ്ക്കടുത്ത് കരൂരിൽ ആൾത്താമസമില്ലാത്ത വീട്ടിലെ വ്യാജമദ്യനിർമാണകേന്ദ്രത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ആയിരത്തിലേറെ കുപ്പി വ്യാജമദ്യവും സ്പിരിറ്റും പിടികൂടി. മദ്യംനിറയ്ക്കാനുള്ള പതിനായിരത്തിലേറെ കാലിക്കുപ്പികളും അടപ്പും പാക്കിങ് യന്ത്രവും വീട്ടിൽനിന്നു കണ്ടെത്തി. വൈകീട്ട് ഏഴുമണിക്കാരംഭിച്ച പരിശോധന രാത്രി വൈകിയും തുടർന്നു. പുറക്കാട് ഗ്രാമപ്പഞ്ചായത്ത് മൂന്നാം വാർഡിൽ കരൂർ കാഞ്ഞൂർമഠം ഭാഗത്താണ് വ്യാജമദ്യനിർമാണകേന്ദ്രം പ്രവർത്തിച്ചിരുന്നത്. സ്പിരിറ്റിൽ നിറംചേർത്താണ് വ്യാജമദ്യമുണ്ടാക്കിയിരുന്നത്.ഇതിനുള്ള സ്പിരിറ്റും കണ്ടെടുത്തു. ഒരു പെട്ടിയിൽ പന്ത്രണ്ടെണ്ണം വെച്ച് നിരവധി പെട്ടികളിലാക്കിയാണ് മദ്യം സൂക്ഷിച്ചിരുന്നത്. ആയിരം കുപ്പികളിലായി എണ്ണൂറിലേറെ ലിറ്റർ വ്യാജമദ്യമാണുണ്ടായിരുന്നതെന്നാണ് പ്രാഥമികവിവരം. ബാറുകളിൽ സെക്കൻഡ്സ് വിൽപ്പനയ്ക്കുള്ളതാണെന്നാണ് സംശയിക്കുന്നത്. പ്രതികൾക്കുവേണ്ടി പോലീസ് വ്യാപകമായ പരിശോധന തുടങ്ങി.പ്രതികളെക്കുറിച്ച് പോലീസിനു സൂചനകൾ ലഭിച്ചതായാണ് വിവരം.

KOTTAYAM

അറിയിപ്പ്



## ക്വട്ടേഷൻ ക്ഷണിച്ചു

**കോട്ടയം:** തലയോലപ്പറമ്പ് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഫാമിലി വെൽഫെയർ ഓഫീസ് കെട്ടിടം പൊളിച്ചു നീക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 20ന് ഉച്ചയ്ക്ക് 12നകം നൽകണം. ഫോൺ: 04829237403.

## ജില്ലാ കളക്ടറുടെ കർശന നിർദ്ദേശം


**കോട്ടയം:** ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമരാമത്ത്, റവന്യൂ വകുപ്പുകളുടെയും കീഴിലുള്ള പാതയോരങ്ങളിലും പുറമ്പോക്കുകളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടി മരങ്ങൾ ഡിസംബർ 18നകം നീക്കാൻ ജില്ലാ കളക്ടറുടെ കർശന നിർദ്ദേശം. പാതയോരത്തെ അനധികൃത കൊടിമരങ്ങൾ നീക്കുന്നതുമായി ബന്ധപ്പെട്ട് കളക്ട്രേറ്റിൽ ചേർന്ന പഞ്ചായത്ത്, റവന്യൂ, പൊതുമരാമത്ത്, നഗരസഭ ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് നിർദ്ദേശം. കൊടിമരങ്ങൾ നീക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഡിസംബർ 20 നകം നൽകാൻ ഹൈക്കോടതി ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പാതയോരങ്ങളിലെ കൊടിമരങ്ങൾ അടിയന്തരമായി നീക്കാൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് കളക്ടർ നിർദ്ദേശം നൽകി. പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഇതു സംബന്ധിച്ച നിർദ്ദേശം നൽകാൻ പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി. നഗരസഭകളിൽ നഗരസഭ സെക്രട്ടറിമാർ അടിയന്തരനടപടി സ്വീകരിക്കണം. റവന്യൂ പുറമ്പോക്കുകളിൽ സ്ഥാപിച്ചവ നീക്കുന്നതിന് തഹസിൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകി. യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകാൻ ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു. അതത് പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ഉദ്യോഗസ്ഥർക്ക് ആവശ്യമായ സംരക്ഷണമൊരുക്കും.സ്വമേധയാ കൊടിമരങ്ങൾ നീക്കുന്നതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം താലൂക്ക് തലത്തിൽ വിളിക്കാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകി. സ്വമേധയാ നീക്കം ചെയ്യാത്ത പക്ഷം പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് നിയമാനുസൃത നടപടി സ്വീകരിക്കാം. അടിയന്തര നടപടി സ്വീകരിച്ച് ഡിസംബർ 18 നകം ബന്ധപ്പെട്ട ഉദ്യോസ്ഥർ റിപ്പോർട്ട് നൽകണം. കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ എ.ഡി.എം. ജിനു പുന്നൂസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബിനു ജോൺ, തഹസിൽദാർമാർ, പൊതുമരാമത്ത്-റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ, നഗരസഭ സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു.

## ഗതാഗത നിയന്ത്രണം

റീ ബിൽഡ് കേരള പദ്ധതിയിൽ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ അതിരമ്പുഴ - കൈപ്പുഴ റോഡിൽ ഇന്ന് (നവംബർ 20) മുതൽ അടുത്ത വർഷം ഫെബ്രുവരി 18 വരെ വാഹന ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയതായി കെ.എസ്.ടി.പി 1 എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. വൈക്കം - പ്രാവട്ടം - കോട്ടയം റൂട്ടിൽ വരുന്ന ബസുകളും വലിയ വാഹനങ്ങളും പനമ്പാലം വഴി കോട്ടയം , മെഡിക്കൽ കോളേജ് ഭാഗങ്ങളിലേക്ക് പോകണം

## സൊസൈറ്റികളുടെ റിട്ടേൺ ഫയൽ കുടിശിക; ഒറ്റത്തവണ തീർപ്പാക്കൽ

**കോട്ടയം:** രജിസ്ട്രേഷൻ വകുപ്പിൽ 1955ലെ ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികളുടെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കുടിശികയുള്ളവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ഒരു വർഷത്തേക്ക് 500 രൂപ നിരക്കിൽ പിഴയൊടുക്കി ബന്ധപ്പെട്ട രേഖകൾ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നൽകി 2022 മാർച്ച് 31 നകം സൊസൈറ്റിയുടെ റിട്ടേൺ ഫയൽ ചെയ്യാം. അവസാന ദിവസത്തെ തിരക്ക് ഒഴിവാക്കുന്നതിനായി സൊസൈറ്റികൾ അവസരം പ്രയോജനപ്പെടുത്തണമെന്ന് കോട്ടയം ജില്ലാ രജിസ്ട്രാർ ജനറൽ അറിയിച്ചു. ഫോൺ: 04812563822.



# റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ചിലെ ടാറിംഗ് ഇളകി

**ചങ്ങനാശേരി:** ചങ്ങനാശേരി-കവിയൂർ റോഡിലെ ഫാത്തിമാപുരം റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ചിലെ ടാറിംഗ് ഇളകി. വാഹന സഞ്ചാരം ദുരിതമായി. ഈ റോഡിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ബിഎം നിലവാരത്തിൽ ചെയ്ത ടാറിംഗാണ് ഇളകി മാറിയത്.ടാറിംഗ് ഇളകി മാറി രൂപപ്പെട്ട ഗട്ടറിലേക്കു ബൈക്കുകളടക്കം ചെറുവാഹനങ്ങൾ വീണ് മറിഞ്ഞപകടമുണ്ടാകുന്നത് പതിവാണ്. ഈ റോഡിൽ ജലവിഭവ വകുപ്പിൻറെ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾ വൈകുന്നതുമൂലമാണ് ടാറിംഗ് വൈകുന്നത്. കിഫ്ബിയുടെ കീഴിലായിരുന്ന ഈ റോഡ് നിർമാണം അടുത്തിടെ കെആർഎഫ്ബിക്കു വിട്ടു നൽകിയിരുന്നു. സാങ്കേതിക തടസങ്ങൾ പരിഹിക്കുന്നതു നീളുന്നതിനാലാണ് ഈ റോഡിൻറെ ബിസി നിലവാരത്തിലുള്ള ടാറിംഗ് വൈകുന്നത്. ഈ റോഡിൻറെ ബിഎം നിലവാരത്തിൽ ചെയ്ത പല ഭാഗങ്ങളും തകർന്നതും റോഡ് നിർമാണം ഏറ്റെടുത്ത കെആർഎഫ്ബിയെ ദുരിതത്തിലാക്കിയിട്ടുണ്ട്. ചങ്ങനാശേരി ബൈപാസുമായി സംഗമിക്കുന്ന ഭാഗത്തും റോഡിന് തകർച്ച നേരിട്ടിട്ടുണ്ട്.

# മൂന്ന് ദിവസം പ്രായമായ ശിശുവിനെ വെള്ളത്തിൽ മുക്കിക്കൊന്ന് അമ്മ

**കാഞ്ഞിരപ്പള്ളി:** നവജാത ശിശുവിനെ വെള്ളത്തിൽ മുക്കികൊലപ്പെടുത്തിയ അമ്മ അറസ്റ്റിൽ. അതേ സമയം കുഞ്ഞിനെ കൊലപ്പെടുത്താൻ സഹായിച്ച ഇവരുടെ മുതിർന്ന കുട്ടിയും കേസിൽ പ്രതിയായേക്കും എന്നാണ് പൊലീസ് പറയുന്നത്.ഇടക്കുന്നം മുക്കാലി മരൂർമലയിൽ നിഷയാണ് കേസിൽ അറസ്റ്റിലായത്. ഇവർ കുറ്റം സമ്മതിച്ചുവെന്നാണ് പൊലീസ് പറയുന്നത്.സംഭവത്തിൽ പൊലീസ് പറയുന്നത് ഇങ്ങനെയാണ്, ബുധനാഴ്ച രാവിലെ 10 മണിയോടെയാണ് സംഭവം. കുഞ്ഞ് അബദ്ധത്തിൽ കൈയിൽ നിന്നു വെള്ളത്തിൽ വീണു മരിച്ചതാണെന്നാണു നിഷ വ്യാഴാഴ്ച പൊലീസിനു മൊഴി നൽകിയത്. എന്നാൽ കുഞ്ഞിനെ വെള്ളത്തിലിട്ടു കൊന്നതാണെന്നു കുട്ടികളിൽ ഒരാൾ പൊലീസിനു മൊഴി നൽകി. തുടർന്നു വീണ്ടും ചോദ്യം ചെയ്തപ്പോൾ നിഷ കുറ്റം സമ്മതിച്ചു. ഞായറാഴ്ചയാണ് നിഷയ്ക്ക് കുഞ്ഞു ജനിച്ചത്. വീട്ടിൽത്തന്നെയായിരുന്നു പ്രസവം.സുരേഷിന്റെയും നിഷയുടെയും ആറാമത്തെ കുട്ടിയാണിത്. ദാരിദ്ര്യം മൂലം കുട്ടിയെ വളർത്താൻ കഴിയില്ലെന്ന ഭീതിയും നാട്ടുകാരുടെ പരിഹാസവും ഭയന്നാണ് കുഞ്ഞിനെ ശുചിമുറിയിലെ കന്നാസിലെ വെള്ളത്തിലിട്ടു കൊന്നതെന്നു നിഷ പറഞ്ഞു. ഒരുവശം തളർന്നു പോയ താൻ മുതിർന്ന കുട്ടിയുടെ സഹായത്തോടെയാണ് കുഞ്ഞിനെ വെള്ളത്തിലിട്ടതെന്നും നിഷ പറഞ്ഞുവെന്നാണ് പൊലീസ് പറയുന്നത്.ഇടതു കാലിന്റെ ശേഷിക്കുറവും ദാരിദ്ര്യവും മൂലവും കുട്ടിയെ വളർത്താൻ ബുദ്ധിമുട്ടുമെന്ന് നിഷ പൊലീസിനോട് പറഞ്ഞു. നാട്ടുകാരിൽ നിന്നുള്ള പരിഹാസവും ഭയന്നു. നാളുകളായി ഇവർ നാട്ടുകാരിൽ നിന്ന് അകന്നാണു കഴിയുന്നത്. ജോലിക്കു പോയതിനാൽ കുഞ്ഞിനെ കൊന്ന വിവരം അറിഞ്ഞില്ലെന്നു സുരേഷ് മൊഴി നൽകി. നിഷയ്ക്ക് പ്രസവ ശേഷം വേണ്ടത്ര ശുശ്രൂഷ ലഭിച്ചില്ലെന്നു വൈദ്യ പരിശോധനയിൽ കണ്ടെത്തി. ഇതേത്തുടർന്ന് കാഞ്ഞിരപ്പള്ളി ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് റിമാൻഡ് ചെയ്ത നിഷയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. മറ്റ് 5 കുട്ടികളെ പൊലീസ് ശിശുസംരക്ഷണ കേന്ദ്രങ്ങളിലേക്കു മാറ്റിയിരുന്നു.

# സിമന്റ് ഉപയോഗിച്ചു വള്ളം നിർമിച്ചു

**കടുത്തുരുത്തി:** പൂർണമായും സിമന്റ് ഉപയോഗിച്ചു വള്ളം നിർമിച്ച സുകുമാരന്റെ അടുത്ത ലക്ഷ്യം വെള്ളത്തിൽ ഒഴുകി നടക്കുന്ന വഞ്ചിവീട് നിർമിക്കുകയെന്നതാണ്. ഇതിനുള്ള പരിശ്രമങ്ങൾ സുകുമാരൻ ആരംഭിച്ചുകഴിഞ്ഞു. വെള്ളപ്പൊക്കം രൂക്ഷമായ കല്ലറ കപിക്കാട് പ്രദേശത്ത് ഇതിനെ മറികടക്കാനാണ് കപിക്കാട് മാത്തുണ്ണിപറമ്പിൽ സുകുമാരൻ വഞ്ചിവീട് നിർമാണത്തിന് തയാറെടുക്കുന്നത്. സുകുമാരന്റേത് വെറുമൊരു ആശയമല്ല. പൂർണമായും സിമന്റ് ഉപയോഗിച്ചു വള്ളം നിർമിച്ച് അഞ്ച് വർഷത്തിലേറയായി ഉപയോഗിച്ചുവരികയാണ് ഇദ്ദേഹം. ഇക്കാലമത്രയും വീട്ടിലേക്കു ആവശ്യമായ സാധനങ്ങൾ എത്തിക്കാനും മറ്റ് ആവശ്യങ്ങൾക്കുമെല്ലാം സുകുമാരൻ ഉപയോഗിക്കുന്നത് ഈ സിമിന്റ് വള്ളം തന്നെ. മേസ്തിരി



പണിക്കാരനായ ഇദ്ദേഹം 24 വയസ് മുതൽ ഈ മേഖലയിൽ പ്രവർത്തിച്ചു വരികയാണ്. ഓരോ ജോലിയും ചെയ്യുമ്പോൾ വൈവിധ്യങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നത് സുകുമാരൻറെ ശീലമാണ്. ഇതുതന്നെയാണ് സിമൻറ് വള്ളം നിർമാണത്തിലുമെത്തിച്ചത്. ഏതാണ്ട് 25,000 രൂപ വള്ളം നിർമാണത്തിനായി ചെലവായി. സാധനങ്ങൾ വളരെ കുറച്ചാണ് ആവശ്യം വന്നതെങ്കിലും സാങ്കേതിക പ്രവർത്തികൾക്കു പണം കൂടുതൽ ചിലവായി. ചില സുഹൃത്തുക്കളും വള്ളം നിർമാണത്തിന്റെ സമയങ്ങളിൽ സഹായിച്ചിരുന്നുവെന്നു സുകുമാരൻ പറഞ്ഞു. തഷ്യൈ രണ്ട് വീടുകൾ നിർമിച്ചപ്പോഴും ഇത്തരത്തിൽ വ്യത്യസ്തത കൊണ്ടുവരാൻ സുകുമാരൻ ശ്രമിച്ചു. കല്ലും കട്ടയും പൂർണമായും ഒഴിവാക്കി, ഇരുമ്പ് നെറ്റും സിമന്റും ഉപയോഗിച്ചാണ് വീടിന്റെ ഭിത്തി നിർമിച്ചത്. ഒന്നര ഇഞ്ച് കനത്തിൽ ഭിത്തി നിർമിച്ചശേഷം മേൽക്കൂര വാർക്കുകയായിരുന്നു. വർഷങ്ങൾ കഴിഞ്ഞെങ്കിലും വീടിന് ഒരു തകരാറും സംഭവിച്ചില്ലെന്നും സുകുമാരൻ പറയുന്നു. രണ്ടാമത്തെ വീട് നിർമിച്ചപ്പോൾ, ആവശ്യമായ നിർമാണ സാമഗ്രികൾ പൂർണമായും സിമൻറ് വള്ളത്തിലാണ് സൈറ്റിലെത്തിച്ചത്. 50 കൊട്ട മെറ്റൽ വരെ ഒരേ സമയം വള്ളത്തിൽ കയറ്റാനാവുമെന്ന് ഇദ്ദേഹം പറയുന്നു. ചെയ്യുന്ന ഓരോ പ്രവൃത്തിയും സൂഷ്മമായി നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്താൽ ഓരോ നിർമാണത്തിലും വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യാനാവുമെന്നാണ് സുകുമാരന്റെ അഭിപ്രായം. ആരിൽനിന്നും പഠിച്ചെടുത്തതല്ല സുകുമാരന്റെ തൊഴിലും കഴിവുകളും. ഓരോ പണി ചെയ്യുന്പോഴും മനസിരുത്തി ചിന്തിച്ചു കണക്കുകൂട്ടിയാണ് ചെയ്യുക. അപ്പോഴൊക്കെ അതിൻറെ ഫലവും കിട്ടിയിട്ടുണ്ട്. ഇത്തരത്തിൽ വൈവിധ്യങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ പലപ്പോഴും ആശങ്കകളും വിഷമതകളും ഉണ്ടായിട്ടുണ്ട്. കളിയാക്കി ചിരിച്ചവരും ഏറേയുണ്ടായിരുന്നു. എന്നാൽ വള്ള നിർമാണം പൂർത്തിയായതോടെ എല്ലാവരും അഭിനന്ദിച്ചതായും ഇദ്ദേഹം പറയുന്നു. അൽപസമയം കിട്ടിയാൽ സിമൻറുപയോഗിച്ച് എന്തെങ്കിലുമൊക്കെ നിർമിക്കാൻ ശ്രമിക്കും.

# മോട്ടോർ വാഹനവകുപ്പ് അദാലത്തിൽ പരാതി

**കോട്ടയം:** മോട്ടോർ വാഹന വകുപ്പിന്റെ അദാലത്തിൽ പരാതി പ്രളയം. ഗതാഗത മന്ത്രി ആന്റണി രാജുവിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം കോട്ടയം കെപിഎസ് മേനോൻ ഹാളിൽ സംഘടിപ്പിച്ച അദാലത്തിലാണ് നിരവധി പരാതികൾ എത്തിയത്. ജില്ലയിൽ വിവിധ ആർടി ഓഫീസുകളിലെ പ്രശ്നങ്ങളായിരുന്നു പരാതികളിലേറെയും. പരിവാഹൻ വെബ്സൈറ്റ്, മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓൺലൈൻ സേവനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വൻതുക വാങ്ങുന്നത്, ഓൺലൈൻ സേവനം തടസപ്പെടുമ്പോൾ ആർടി ഓഫീസുകളിൽ നേരിട്ട് പണം വാങ്ങാനുള്ള അനുമതി നൽകുക, വാഹനങ്ങളിൽ ജിപിഎസ് ഘടിപ്പിക്കുന്നതിനുള്ള സമയപരിധി മൂന്നു മാസത്തേക്കുകൂടി നീട്ടുക തുടങ്ങിയ പരാതികളാണ് അദാലത്തിൽ ലഭിച്ചത്. 758 പരാതികളാണ് ലഭിച്ചത്. 715 പരാതികൾ തീർപ്പാക്കി. 40 പരാതി അടിയന്തരമായി പരിഹരിക്കുന്നതിന് നിർദേശിച്ചു.കെപിഎസ് മേനോൻ ഹാളിൽ നടന്ന അദാലത്ത് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. സ്മാർട്ട് ഫോൺ ഉപയോഗിച്ച് വിവിധ അപേക്ഷകൾ സമർപ്പിക്കാനും ലൈസൻസ് പുതുക്കാനുമുള്ള സംവിധാനം നടപ്പാക്കിയാൽ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് അപേക്ഷകരെ മോചിപ്പിക്കാമെന്ന് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. സർക്കാർ



ഓഫീസുകളിലെത്താതെ വീട്ടിലിരുന്നുതന്നെ അപേക്ഷ സമർപ്പിക്കാനും ഓരോ ഘട്ടത്തിലും അപേക്ഷയുടെ തൽസ്ഥിതി മനസിലാക്കാനും സാധിക്കുന്ന നിലയിൽ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ സുതാര്യമാക്കുമെന്നും അധ്യക്ഷത വഹിച്ച മന്ത്രി ആന്റണി രാജു പറഞ്ഞു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, നഗരസഭാംഗം സിൻസി പാറേൽ, ട്രാൻസ്പോർട്ട് കമ്മിഷണർ എം.ആർ. അജിത്ത് കുമാർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ പ്രമോജ് ശങ്കർ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഷാജി മാധവൻ എന്നിവർ പ്രസംഗിച്ചു. എല്ലായിടത്തും ഓട്ടോമാറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ ജില്ലയിലെ ഉഴവൂർ ജോയിന്റ് ആർടി ഓഫീസിലെ ഓട്ടോമാറ്റഡ് ടെസ്റ്റിംഗ് മെഷീനുമായി ബന്ധപ്പെട്ടു നിരവധി പരാതികളാണ് ലഭിച്ചത്. എല്ലാ ആർടി ഓഫീസുകളിലും ഓട്ടോമാറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിച്ചശേഷമേ ഉഴവൂരിലും പ്രവർത്തനം തുടങ്ങാവൂവെന്നായിരുന്നു പ്രധാന ആവശ്യം.ഓട്ടോമാറ്റഡ് മെഷീനിൽ വാഹനങ്ങൾ കയറ്റണമെങ്കിൽ 200 രൂപ മുതൽ 400 രൂപവരെ ഫീസായി അടയ്ക്കേണ്ടി വരുന്നു. ഇതു സാധാരണക്കാർക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. സ്വകാര്യ വ്യക്തികൾക്കു പുറമെ ലോറി ഓണേഴ്സ് അസോസിയേഷൻ, കോൺട്രാക്റ്റ് ഗാരേജ് അസോസിയേഷൻ തുടങ്ങിയവരാണ് ഇതു സംബന്ധിച്ച പരാതി നൽകിയത്. പാലാ ആർടി ഓഫീസ് നെല്ലിയാനിയിലേക്ക് മാറ്റണമെന്ന് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പാലായിലെ ആർടി ഓഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കണമെന്ന നിവേദനവും അദാലത്തിൽ ലഭിച്ചു. ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേയിൽ പ്രവർത്തിക്കുന്ന ആർടി ഓഫീസിനു മുന്നിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ തീരെ കുറവാണ്. ഗതാഗതക്കുരുക്കും രൂക്ഷമാണ്. ഈ ആർടി ഓഫീസ് കൊട്ടാരമറ്റം നെല്ലിയാനിയിൽ പുതുതായി നിർമിക്കുന്ന മിനി സിവിൽസ്റ്റേഷൻ അനക്സിലേക്കു മാറ്റണമെന്നാണ് ആവശ്യമുയർന്നിരിക്കുന്നത്. പരിവാഹൻ പണിമുടക്കുന്നു ഗതാഗത വകുപ്പിനു കീഴിലുള്ള എല്ലാ സേവനങ്ങളും ഓൺലൈനാക്കിയെങ്കിലും പരിവാഹൻ സൈറ്റിന്റെ തകരാർ മൂലം മിക്കപ്പോഴും പ്രവർത്തനങ്ങൾ തടസപ്പെടുന്ന സാഹചര്യമാണ്. പലപ്പോഴും സൈറ്റിലൂടെ ഫീസ് അടയ്ക്കാൻ സാധിക്കുമെങ്കിലും അതിന്റെ പ്രിന്റ് എടുക്കാൻ സാധിക്കാതെ വരും. പലരും ഒരു കാര്യത്തിനായി മൂന്നും നാലും ദിവസം നടക്കേണ്ട ഗതികേടിലാണെന്നും പരാതിയിൽ പറയുന്നു. ഓൺ ലൈനിൽ പ്രവർത്തനങ്ങൾ തടസപ്പെടുമ്പോൾ ഫീസും ടാക്സും ആർടി ഓഫീസുകളിലും വാങ്ങാനുള്ള അനുമതി നൽകണമെന്നും പലരും ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകൾ കൈമാറി അദാലത്തിൽ 258 രേഖകൾ ഉടമകൾക്കു കൈമാറി. ഉടമസ്ഥന്റെ മേൽവിലാസത്തിൽ അയച്ചിട്ട് വിവിധ കാരണങ്ങളാൽ കൈപ്പറ്റാതെ തിരിച്ചുവന്ന ആർസി ബുക്കും ലൈസൻസുകളുമടങ്ങുന്ന 258 രേഖകളാണ് ഉടമസ്ഥർക്കു കൈമാറിയത്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഒറ്റത്തവണ തീർപ്പാക്കലിൽ ഉൾപ്പെടുത്തി തീരുമാനിക്കേണ്ട പരാതികൾ അടിയന്തരമായി സർക്കാരിലേക്ക് ശിപാർശചെയ്യാൻ മന്ത്രി നിർദേശിച്ചിട്ടുമുണ്ട്.

## ദേശീയപാതയിലെ നവീകരണം വൈകുന്നു



**മുണ്ടക്കയം ഈസ്റ്റ്:** പ്രളയത്തിൽ തകർന്ന ദേശീയപാതയിലെ നവീകരണം വൈകുന്നു. ഇതോടെ മുപ്പത്തഞ്ചാം മൈലിനും കുട്ടിക്കാനത്തിനുമിടയിൽ അപകടങ്ങൾ തുടർക്കഥയാകുന്നു. കൊട്ടാരക്കര-ദിണ്ഡിഗൽ ദേശീയപാതയിൽ മുപ്പത്തയഞ്ചാംമൈലിനും കുട്ടിക്കാനത്തിനുമിടയിലാണ് പ്രളയത്തിൽ റോഡിനു സാരമായി കേടുപാടുകൾ സംഭവിച്ചിരിക്കുന്നത്. പല സ്ഥലങ്ങളിലും റോഡിലേക്കു മണ്ണിടിഞ്ഞുവീണും റോഡിന്റെ സംരക്ഷണ ഭിത്തികൾ തകർന്നും വലിയ അപകടഭീഷണിയാണ് ഉയർത്തുന്നത്. മരുതുംമൂടിനു സമീപം റോഡിൻറെ ഒരു വശം പൂർണമായും തകർത്താണ് വലിയ ഉരുൾപൊട്ടൽ ഉണ്ടായിരിക്കുന്നത്. ഇത്തരത്തിൽ ആറോളം സ്ഥലങ്ങളിലാണ് വലിയ അപകടഭീഷണി നിലനിൽക്കുന്നത്. ഈ സ്ഥലങ്ങളിലെല്ലാം റോഡിൻറെ ഒരു വശത്തു കൂടി മാത്രമാണ് വാഹനങ്ങൾക്ക് കടന്നുപോകാൻ സാധിക്കുന്നത്. എന്നാൽ, ഈ മേഖലയിലൊന്നും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കാൻ ദേശീയപാത വിഭാഗം തയാറാകുന്നില്ലെന്ന പരാതിയാണ് ഉയരുന്നത്. മണ്ണിടിച്ചിലുണ്ടായ സമയങ്ങളിൽ ടാർ വീപ്പകൾ നിരത്തിവച്ച് ചുവന്ന റിബൺ വലിച്ചു കെട്ടിയതല്ലാതെ നാളിതുവരെ യാതൊരു മുൻകരുതൽ നടപടിയും സ്വീകരിച്ചിട്ടില്ല. ശബരിമല സീസൺ കൂടി ആരംഭിച്ചതോടെ പാതയിൽ അപകടഭീഷണി വർധിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഡ്രൈവർമാർക്ക് റോഡിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തതും അപകടങ്ങൾക്കു വഴിവയ്ക്കുന്നുണ്ട്.കഴിഞ്ഞദിവസം അമലഗിരിക്ക് സമീപം അയ്യപ്പഭക്തർ സഞ്ചരിച്ചിരുന്ന വാഹനം അപകടത്തിൽപ്പെട്ട് രണ്ടു പേർ മരിച്ചിരുന്നു. ഒരേസമയം മൂന്ന് അപകടമാണ് ഇവിടെ സംഭവിച്ചത്. പാതയുടെ വശത്തെ മണ്ണ് ഇടിഞ്ഞതിനെത്തുടർന്നു റോഡിന്റെ വീതി കുറഞ്ഞതാണ് അപകടത്തിന് വഴിവച്ചത്. ഇതിന് തൊട്ടുപിന്നാലെ കഴിഞ്ഞ ദിവസം രാവിലെ കെഎസ്ആർടിസി ബസും അയ്യപ്പഭക്തർ സഞ്ചരിച്ചിരുന്ന വാഹനവും കൂട്ടിയിടിച്ച് എട്ടോളം പേർക്കു പരിക്കേറ്റിരുന്നു. കൊടുകുത്തിക്കു മുകൾവശത്ത് കൊടുംവളവിൽ റോഡിൻറെ സംരക്ഷണഭിത്തി പൂർണമായും തകർന്നതോടെ മേഖലയിൽ വലിയ അപകട ഭീഷണിയാണു നിലനിൽക്കുന്നത്. പ്രകൃതി സൗന്ദര്യം ഏറെയുള്ള ഈ പ്രദേശത്ത് കാഴ്ച കാണുവാൻ സഞ്ചാരികൾ വാഹനങ്ങൾ നിർത്തിയിടുന്നതും അപകടസാധ്യത വർധിപ്പിക്കുന്നുണ്ട്. പ്രളയം കഴിഞ്ഞ് രണ്ടു മാസമായിട്ടും തിരിഞ്ഞുനോക്കാത്ത ദേശീയപാത അധികൃതരുടെ നിലപാടിനെതിരേ ശക്തമായ സമരത്തിന് ഒരുങ്ങുകയാണ് പ്രദേശവാസികൾ.

## നെടുങ്ങോട്ടുമലയിൽ കേഴയും; വനംവകുപ്പ് അടിയന്തര നടപടി സ്വീകരിക്കണം

**പാമ്പാടി:** വനാതിർത്തികളിൽ മാത്രം കണ്ടു വന്നിരുന്ന കേഴയും നെടുങ്ങോട്ടുമലയിൽ എത്തി. വർഷങ്ങൾക്കു മുമ്പ് കുറുക്കന്റെ സാന്നിധ്യം മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ കാട്ടുപന്നിയുടെയും സാന്നിധ്യം ഈ പ്രദേശങ്ങളിൽ ഉണ്ട്. കന്നുവെട്ടി, നെടുങ്ങോട്ടുമല, വാറുമല തുടങ്ങിയ പ്രദേശങ്ങളിൽ എക്കറുകണക്കിനു പ്രദേശം കാടുപിടിച്ചു കിടക്കുകയാണ്. ജനസഞ്ചാരം കുറവുള്ളതാണ് ഇത്തരം ജീവികളുടെ സ്വകാര്യതയ്ക്ക് ഭംഗം എൽക്കാതെ ഈ പ്രദേശം സ്ഥിര താമസമാക്കാൻ കാരണമാകുന്നത്. ശുദ്ധമായ ജലം ലഭിക്കുന്ന ചിങ്ങംകുഴി തോടും വലിയ തോതിലുള്ള ഖനനങ്ങളോ നിർമാണപ്രവർത്തനങ്ങളോ ഇല്ലാത്തതും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. ഈ പ്രദേശത്ത് തോക്ക് ലൈസൻസുള്ളവർ നാമമാത്രമാണ്. അവരിൽ ഭൂരിഭാഗവും പ്രായം എത്തിയവരും പന്നി ഉൾപ്പെടെ ഉള്ളവയെ വെടിവയ്ക്കുന്നതിനു പരിശീലനം ഇല്ലാത്തവരുമാണ്. ഈ പ്രദേശങ്ങളിൽ പശു വളർത്തിക്കൊണ്ടിരുന്ന ക്ഷീരകർഷകരിൽ നാമമാത്രമായവർ മാത്രമേ ഈ മേഖലയിൽ ഇപ്പോഴുള്ളു. ഇതുമൂലം ഈ പ്രദേശങ്ങളിൽ വലിയതോതിൽ പുല്ലും കാടും നിറഞ്ഞിരിക്കുകയാണ്. ഇതും ഇത്തരം ജീവികളെ ഇങ്ങോട്ട് ആകർഷിക്കുന്നതിനു കാരണമായിട്ടുണ്ട്. അതീവ സംരക്ഷിത മൃഗമായ കേഴ കൂടി ഇങ്ങോട്ട് എത്തിയതോടെ ഈ പ്രദേശങ്ങളിൽ കൂടുതൽ കൂടുകൾ സ്ഥാപിച്ചു കേഴയെ പിടിച്ച് കാട്ടിലേക്ക് അയയ്ക്കാൻ വനംവകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നു കർഷക കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി എബി ഐപ്പ് ആവശ്യപ്പെട്ടു.

## റോഡിൽ വെള്ളക്കെട്ട്

**കറുകച്ചാൽ:** അമ്പലക്കവല-തോട്ടയ്ക്കാട് റോഡിൽ മഴ പെയ്താൽ വെള്ളക്കെട്ട് പതിവ്. അമ്പലക്കവലക്കു സമീപം സോമില്ല് പടിയിലാണ് വെള്ളക്കട്ട് പതിവായത്. ചെറിയ മഴ പെയ്താൽ പോലും ഇവിടേക്ക് വെള്ളം ഒഴുകി കെട്ടിനിൽക്കും. റോഡിന്റെ ഒരു ഭാഗത്ത് 30 അടി നീളത്തിലാണു വെള്ളം കെട്ടിനിൽക്കുന്നത്. ബസുകളടക്കം സർവീസ് നടത്തുന്ന റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നത് യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്.വാഹനങ്ങൾ വരുമ്പോൾ യാത്രക്കാരുടെ മേൽ വെള്ളം തെറിക്കുന്നതു പതിവാണ്. റോഡ് നിർമാണത്തിലെ അപാകതകളും വെള്ളമൊഴുകാൻ ഓടകളില്ലാത്തതുമാണ് പ്രശ്നം. വെള്ളം കെട്ടിനിൽക്കുന്നതു ടാറിംഗ് വളരെ പെട്ടെന്ന് തകരുന്നതിനും കാരണമാകുന്നുണ്ട്. പ്രശ്നം പരിഹരിക്കാൻ അധികൃതർ നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപെട്ടു.നഗരശ്രീഉത്സവം സമാപിച്ചു കോട്ടയം: കോട്ടയം നഗരസഭയിൽ നടപ്പാക്കിയ നഗരശ്രീ ഉത്സവം സമാപിച്ചു. സമാപന സമ്മേളനം മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, നഗരസഭ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ, വൈസ് ചെയർമാൻ ബി. ഗോപകുമാർ എന്നിവർ പ്രസംഗിച്ചു.

## അറിയിപ്പ്

### ദർഘാസ് ക്ഷണിച്ചു

2021–22 അദ്ധ്യയന വർഷം അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലേക്ക് നൈറ്റ് ഡ്രസ്സ് വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണച്ചു.1. ടീ ഷർട്ട് & ബനിയൻ ക്ലോത്ത് പാന്റ്സ് (ബോയ്സ് – (208 എണ്ണം)2. നൈറ്റ് ഡ്രസ്സ് കോട്ടൺ (ടോപ്പും, പാന്റും– ഗേൾസ് – 256 എണ്ണം)താൽപര്യമുള്ളവർ ഡിസംബർ 10 ന് ഉച്ച കഴിഞ്ഞ് 3 നു മുമ്പായി മുദ്രവച്ച കവറിൽ ടെൻഡർകൾ ഇ.എം.ഡി, 200 രൂപയുടെ മുദ്രപത്രവും സഹിതം ഓഫീസിൽ സമർപ്പിക്കണം. ടെണ്ടർ അനുവദിച്ചു കിട്ടുന്ന സ്ഥാപനം വിതരണം ചെയ്യുന്ന സാധനം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതും ഗുണമിലവാരമില്ലാത്തതാണെന്ന് കണ്ടാൽ ടെണ്ടർ റദ്ദാക്കുന്നതുമാണ്. ടെണ്ടർ ഫോമുകൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭിക്കും

### താത്പര്യപത്രം ക്ഷണിച്ചു

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ നെടുമങ്ങാട് ഐ.റ്റി.ഡി പ്രോജക്ട് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കുറ്റിച്ചൽ ജി കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തനത്തിനായി നെടുമങ്ങാട്, തിരുവനന്തപുരം, കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിൽ അനുയോജ്യമായ കെട്ടിടം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങൾ/ഏജൻസികൾ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിച്ചു. 10 ക്ലാസ് മുറികൾക്കും, 200 കുട്ടികൾക്കുള്ള ഹോസ്റ്റൽ, ടോയ്ലറ്റുകൾ എന്നിവയ്ക്കുമുള്ള സൗകര്യം ഉണ്ടായിരിക്കണം. പ്രൊപ്പോസലുകൾ ഡിസംബർ 10 വൈകിട്ട് 4 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് വികാസ് ഭവനിലെ പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പടണം. ഫോൺ: 0471 2304594.

### ലേലം

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ കരിമണ്ണൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 35 സർവ്വെ 150ൽ പ്പെട്ടതും എൽ.സി 10/18 നമ്പർ കേസിൽപ്പെട്ട സർക്കാർ അധീനതയിൽ എടുത്ത് സ്ഥലത്ത് സൂക്ഷിച്ചിട്ടുളളതുമായ പട്ടികയിൽ വിവരിക്കുന്ന ആറ് ഇരുൾ കഷണങ്ങൾ തൊടുപുഴ തഹസിൽദാർ (ഭൂരേഖ) യുടെ സ്ഥിതീകരണത്തിന് വിധേയമായി തൊടുപുഴ തഹസിൽദാറോ (ഭൂരേഖ) അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ ഡിസംബർ 21 രാവിലെ 11 ന് കരിമണ്ണൂർ വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾ തൊടുപുഴ താലൂക്ക് ഓഫീസിൽ നിന്നോ ലേലം നടത്തുവാൻ നിശ്ചയിച്ച ഓഫീസിൽ നിന്നോ അറിയാം. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കരിമണ്ണൂർ വില്ലേജ് ഓഫീസറുടെ അനുവാദത്തോടെ തടികൾ പരിശോധിക്കാം.

### വാക്– ഇൻ– ഇന്റർവ്യൂ

ഗാർഹികാതിക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമ പ്രകാരം പ്രവർത്തിക്കുന്ന സാമൂഹ്യ നീതി വകുപ്പിലെ ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ സഹായിക്കുന്നതിനായുള്ള മെസ്സഞ്ചർ തസ്തികയിൽ തൃശൂർ ജില്ലയിൽ നിലവിലുള്ള താല്ക്കാലിക ഒഴിവിലേക്ക് സ്ത്രീ ഉദ്യോഗാർത്ഥികൾക്കായി വാക്ക് – ഇൻ – ഇന്റർവ്യൂ നടത്തും. പത്താം ക്ലാസ്സ് പാസ്സായിരിക്കണം. 25 വയസ്സിനും 50 വയസ്സിനും ഇടയിലാവണം പ്രായം. സമാന ജോലിയിൽ പ്രവൃത്തി പരിചയവും ജില്ലയിലുടനീളം യാത്ര ചെയ്യാനുള്ള കഴിവും അഭികാമ്യം. താല്പര്യമുള്ളവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ കോപ്പി, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം 2021 ഡിസംബർ 14 ന് രാവിലെ 11 മണിക്ക് തൃശൂർ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം, ഫോൺ : 0471–2348666, ഇ-മെയിൽ:

# മൂന്നാർ പഞ്ചായത്തിൽ യുഡിഎഫിന് ഭരണംപോയി; എൽഡിഎഫ് അവിശ്വാസം പാസായി

**മൂന്നാർ :** മൂന്നാർ പഞ്ചായത്ത് ഭരണം ഒന്നര പതിറ്റാണ്ടിനുശേഷം യുഡിഎഫിന് നഷ്ടമായി. ഭരണസമിതിക്കെതിരെ എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസം പാസായി. ആകെയുള്ള 21 അംഗങ്ങളിൽ യുഡിഎഫിലെ രണ്ടുപേർ ഉൾപ്പെടെ 12 പേർ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്തു. ഇതോടെ ഒരുവർഷത്തെ യുഡിഎഫ് ഭരണത്തിന് അന്ത്യമായി. പരാജയം മുന്നിൽകണ്ട് പ്രസിഡന്റ് എം മണിമൊഴി നേരത്തെ രാജിക്കത്ത് നൽകിയിരുന്നു.യുഡിഎഫ് അംഗങ്ങൾ പഞ്ചായത്ത് ഓഫീസിൽ എത്തിയെങ്കിലും ഭൂരിപക്ഷമില്ലെന്ന് മനസ്സിലായതോടെ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു. കഴിഞ്ഞച 19നാണ് പഞ്ചായത്ത് പ്രസിഡന്റ് എം മണിമൊഴി, വൈസ് പ്രസിഡന്റ് മാർഷ് പീറ്റർ എന്നിവർക്കെതിരെ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയത്.ചർച്ച അലങ്കോലപ്പെടുത്താൻ യുഡിഎഫ് പ്രവർത്തകർ തലേന്ന് രാത്രിയിൽ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലും പഞ്ചായത്ത് ഓഫീസ് പരിസരത്തും തമ്പടിച്ചിരുന്നു. എൽഡിഎഫ് അംഗങ്ങൾ പഞ്ചായത്ത് ഓഫീസിൽ എത്തിയപ്പോൾ ഇവർ പ്രകോപന മുദ്രാവാക്യങ്ങൾ മുഴക്കി. എൽഡിഎഫ് അംഗങ്ങളെ വാഹനത്തിൽനിന്ന് ഇറങ്ങാൻ അനുവദിച്ചില്ല. പൊലീസ് ഇടപെട്ട് പ്രവർത്തകരെ മാറ്റിയശേഷമാണ് വോട്ടെടുപ്പ് നടത്തിയത്.



# മോദി ഭരണത്തിൽ സ്ത്രീകൾ അരക്ഷിതർ

**പുൽപ്പള്ളി :** നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഭരണം രാജ്യത്ത് സ്ത്രീകളുടെ ജീവിതം ദുരിതപൂർണമാക്കിയതായി സിപിഐ എം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് 'സ്ത്രീ പ്രശ്നങ്ങളും കേരളവും ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു.രാജ്യത്ത് സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർധിച്ചു. പാചകവാതക- ഇന്ധന വിലവർധന ഏറ്റവും കൂടുതൽ ബാധിച്ചത് സ്ത്രീകളെയാണ്. പട്ടിണി കിടക്കുന്ന സ്ത്രീകളുടെ എണ്ണവും കൂടുതൽ ഇന്ത്യയിലാണ്. സ്ത്രീകളെ അനാചാരത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ഇരകളാക്കുന്നു. അവരുടെ സാമൂഹ്യ പദവി മെച്ചപ്പെടുത്താനുള്ള നടപടികളിൽ നിന്ന് കേന്ദ്ര സർക്കാർ പിന്നോട്ടുപോകുന്നു. പിറന്നു വീഴുന്ന 30.6 ശതമാനം കുഞ്ഞുങ്ങളും രക്തക്കുറവുള്ളവരാണ്. സ്ത്രീ പീഡനങ്ങൾ വർധിക്കുമ്പോഴും കുറ്റവാളികളെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാൻ ബിജെപിയും കോൺഗ്രസും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നടപടി ഉണ്ടാകുന്നില്ല. ഭരണഘടനാ സ്ഥാപനങ്ങളിൽ 50 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള ബിൽ പാർലമെന്റിൽ ചർച്ചപോലും ചെയ്യാതെ അട്ടിമറിക്കപ്പെടുകയാണെന്നും സെമിനാർ ചൂണ്ടിക്കാട്ടി.സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗവും ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ സി എസ് സുജാത ഉദ്ഘാടനം ചെയ്തു. സംഘാടകസമിതി ചെയർപേഴ്സൺ രുക്മിണി സുബ്രഹ്മണ്യൻ അധ്യക്ഷയായി. വി ഉഷാകുമാരി സംസാരിച്ചു. സംഘാടകസമിതി കൺവീനർ എം എസ് സുരേഷ്ബാബു സ്വാഗതവും മഹിളാ അസോസിയേഷൻ



ജില്ലാ സെക്രട്ടറി ബീന വിജയൻ നന്ദിയും പറഞ്ഞു. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം പി കെ സുരേഷ്, പി എസ് ജനാർദനൻ, മഹിളാ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് പി ആർ നിർമ്മല, എൻ പി കുഞ്ഞിമോൾ എന്നിവർ പങ്കെടുത്തു. കേരളത്തിൽ സ്ത്രീ മുന്നേറ്റം കരുത്താർജിച്ചു: സി എസ് സുജാത പുൽപ്പള്ളി എൽഡിഎഫ് സർക്കാരുകൾ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളും സ്ത്രീ സൗഹൃദ നയങ്ങളും കേരളത്തിലെ വനിതകളുടെ സാമൂഹ്യ മുന്നേറ്റത്തിന് വഴി തെളിച്ചതായി സി എസ് സുജാത പറഞ്ഞു. രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സാക്ഷരതാ നിരക്കും, കുറഞ്ഞ മാതൃ മരണനിരക്കും ശിശുമരണനിരക്കും ആരോഗ്യ മേഖലയിലെ പുരോഗതിയുമെല്ലാം വനിതകൾക്കായി എൽഡിഎഫ് സർക്കാർ നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങളുടെ ഫലമാണ്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ തീർപ്പുണ്ടാക്കാൻ അതിവേഗ കോടതികളും, കുറ്റവാളികളെ പെട്ടെന്ന് പിടികൂടി നിയമത്തിനു മുമ്പിലെത്തിക്കുന്നതുമെല്ലാം കേരളത്തിൽ മാത്രം നടക്കുന്ന കാര്യങ്ങളാണ്. തുല്യത ഉറപ്പാക്കാനുള്ള ബോധപൂർവമായ ഇടപെടൽ സർക്കാർ സംവിധാനങ്ങളിലൂടെ എൽഡിഎഫ് സർക്കാർ നടപ്പാക്കുന്നുണ്ട്.തൊഴിലുറപ്പ് പദ്ധതിയും ക്ഷേമ പെൻഷൻ വിതരണവും കുടുംബശ്രീ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കിയും സ്ത്രീകളുടെ സാമൂഹ്യ പദവി മച്ചപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയത് പുരോഗമന പ്രസ്ഥാനം ഭരിക്കുന്നതിന്റെ നേട്ടമാണെന്നും അവർ പറഞ്ഞു.



# ലീഗ് ഇസ്ലാം മത വിശ്വാസികൾക്ക് അപമാനം

**വൈത്തിരി :** മുസ്ലിംലീഗ് ഇസ്ലാം മത വിശ്വാസികൾക്ക് അപമാനമായി മാറിയെന്ന് ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ് എ എ റഹീം പറഞ്ഞു. ബാബറി മസ്ജിദ് തകർത്തപ്പോൾപോലും മിണ്ടാതിരുന്ന ലീഗ് ഇപ്പോൾ വിഷലിപ്തമായ വർഗീയത ഉയർത്തിവിടുകയാണ്. ഇതാണ് വഖഫ്ബോർഡ് വിഷയവുമായി ബന്ധപ്പെട്ട് കോഴിക്കോട്ട് നടന്ന സമ്മേളനത്തിലെ ലീഗ് നേതാക്കളുടെ പ്രസംഗങ്ങളിൽ തെളിയുന്നത്. സിപിഐ എം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി 'വർഗീയതയുടെ രാഷ്ട്രീയമാനങ്ങൾ' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു റഹീം.ജമാഅത്തെ ഇസ്ലാമിയുടെ ദറസ്സിൽ പഠിക്കുന്ന ലീഗ് മത രാഷ്ട്രം കിനാവു കാണുകയാണോ എന്ന് വ്യക്തമാക്കണം. സമുദായത്തെവച്ച് വളർന്ന് തടിച്ചു കൊഴുത്ത ലീഗ്, അധികാരം നഷ്ടപ്പെട്ടതോടെ മതനിരപേക്ഷതക്ക് വെല്ലുവിളിയായ ജമാഅത്തെ ഇസ്ലാമി, പോപ്പുലർഫ്രണ്ട് എന്നിവർ ഉയർത്തുന്ന മതരാഷ്ട്രവാദത്തിനുവേണ്ടി വാദിക്കുകയാണ്. അടിയന്തരമായി ലീഗ്, മുസ്ലിം ലീഗ് എന്ന പേരുമാറ്റണം. ലീഗിന്റെ അടിവേരിളകുകയും ന്യൂനപക്ഷങ്ങൾ ഇടതുപക്ഷത്തോട് അടുക്കുകയും ചെയ്തതിന്റെ പരിഭ്രാന്തിയിൽ ലീഗ് കേരളത്തിൽ താലിബാൻ റിപ്പബ്ലിക്ക് പ്രഖ്യാപിക്കുകയാണ്. രാഷ്ട്രീയത്തിന്റെ പ്രാണവായു തേടുന്നതിന്റെ വെപ്രാളത്തിൽ ലീഗ് ജമാഅത്തെ ഇസ്ലാമികവൽക്കരിക്കപ്പെട്ടു. ലീഗിന്റെ മലിനമനസ്സിൽനിന്ന് ഇറങ്ങിവരുന്നവരെ വിശ്വാസത്തിന്റെ വേലിക്കെട്ടുയർത്തി പിടിച്ചുകെട്ടാനാണ് ശ്രമം. ചെത്തുകാരന്റെ മകനെന്ന് മുഖ്യമന്ത്രിയെ അധിക്ഷേപിച്ച ആർഎസ്എസിന്റെ മറ്റൊരു മുഖമാണ് ലീഗിന്റേത്. ഇതേ രീതിയിലുള്ള അധിക്ഷേപമാണ് കഴിഞ്ഞ ദിവസം ലീഗും നടത്തിയത്. മനുസ്മൃതിയുടെ തടവറയിൽ കിടക്കുന്ന ആർഎസ്എസിനെപോലെ ജാതിബോധത്തിന്റെ വിഴുപ്പും പേറി നടക്കുകയാണ് ലീഗ്. കാലം ഒരുപാട് മാറിയെന്ന് ലീഗ് തിരിച്ചറിയുന്നില്ല. കാലം തങ്ങളുടെ കാൽക്കീഴിൽ കിടക്കണമെന്ന് ഇപ്പോഴും വാശിപിടിക്കുകയാണ്. മതന്യൂനപക്ഷത്തിന് ഭയരഹിതമായി അഭിമാനത്തോടെ ജീവിക്കാൻ കഴിയുന്ന ഏക സംസ്ഥാനം കേരളമാണ്. മന്ത്രി മുഹമ്മദ് റിയാസിന്റേത് വിവാഹമല്ല വ്യഭിചാരമാണെന്ന് അധിക്ഷേപിച്ച ലീഗ് നേതാവ് കുഞ്ഞാലിക്കുട്ടിയുടെ മുഖത്തുനോക്കിയാണ് വ്യഭിചാരം എന്ന് പറയേണ്ടത്–റഹീം പറഞ്ഞു. ചടങ്ങിൽ എം വി വിജേഷ് അധ്യക്ഷനായി. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗങ്ങളായ എ എൻ പ്രഭാകരൻ, കെ റഫീഖ് എന്നിവർ സംസാരിച്ചു. ഏരിയാ സെക്രട്ടറി സി യൂസഫ് സ്വാഗതം പറഞ്ഞു.

# പുൽപ്പള്ളിയിൽ ആടുവളർത്തൽ സംരംഭങ്ങൾ സജീവം

**പുൽപ്പള്ളി :** മൃഗസംരക്ഷണ വകുപ്പിന്റെ യും പുൽപ്പള്ളി പഞ്ചായത്തിന്റെയും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പുൽപ്പള്ളിയിൽ വ്യത്യസ്ത ആടുവളർത്തൽ സംരംഭങ്ങൾ സജീവമാകുന്നു. ആട് സാറ്റലൈറ്റ് യൂണിറ്റുകൾക്കും കമേഴ്സ്യൽ ആടുവളർത്തൽ യൂണിറ്റിനും പുറമേ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പുൽപ്പള്ളി പഞ്ചായത്തിന്റെ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആടു വിതരണ പദ്ധതിയും പൂർത്തിയാവുന്നു. 66 എസ് സി വിഭാഗം കുടുംബങ്ങൾക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുക.7500 രൂപ വീതം ഓരോ ഗുണഭോക്താവിനും പഞ്ചായത്ത് വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങൾക്ക് ചെറിയ വരുമാനമെങ്കിലും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചത്. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ക്ഷീര കർഷകർക്ക് രണ്ടുവീതം കൗ മാറ്റ് വാങ്ങുന്നതിന് 4,000 – രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയും ആത്മ വയനാടിന്റെ സഹകരണത്തോടെ പുൽപ്പള്ളി മൃഗാശുപത്രി വഴി നടപ്പിലാക്കുന്നു.വിവിധ ആടുവളർത്തൽ പദ്ധതികളുടെ ഉദ്ഘാടനവും ഗുണഭോക്താക്കൾക്കുള്ള പരിശീലനവും പഞ്ചായത്ത് പ്രസിഡന്റ് ടി എസ് ദിലീപ്കുമാർ നിർവഹിച്ചു. ബത്തേരി പ്രാദേശിക മൃഗസംരക്ഷണ പരിശീലന കേന്ദ്രം നേതൃത്വത്തിൽ നടന്ന ചടങ്ങിൽ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം ടി കരുണാകരൻ അധ്യക്ഷനായി. എൽഎംടിസി



അസി. ഡയറക്ടർ ഡോ. എ വി പ്രകാശൻ, ഡോ. ആദർശ് എന്നിവർ ക്ലാസെടുത്തു.പുൽപ്പള്ളി സീനിയർ വെറ്ററിനറി സർജൻ ഡോ. കെ എസ് പ്രേമൻ സ്വാഗതവും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പി കെ രതീഷ് നന്ദിയും പറഞ്ഞു. അസി. ഫീൽഡ് ഓഫീസർമാരായ എ കെ രമേശൻ, സി ഡി റോഷ്ന, പി കെ സുനിത, വി ടി ഗോപിനാഥ്, എം ആർ ബിന്ദു, പി കെ സന്തോഷ് കുമാർ, വി എം ജോസഫ്, കെ അരുന്ധതി, ഒ ബേബി, സിജി, ജയ സുരേഷ് തുടങ്ങിയവർ വിതരണത്തിന് നേതൃത്വം നൽകി

# കുറുക്കൻമൂലയിൽ കടുവയെ പിടികൂടാൻ കൂട് സ്ഥാപിച്ചു

**മാനന്തവാടി :** രണ്ടാഴ്ചയോളമായി കുറുക്കൻമൂലക്കാരുടെ ഉറക്കം കെടുത്തിയ കടുവയെ പിടികൂടാൻ വനം വകുപ്പ് കൂട് സ്ഥാപിച്ചു. നഗരസഭാ പരിധിയിലെ ചേറൂരിൽ എടപ്പറ പൗലോസിന്റെ തോട്ടത്തിലാണ് സീനിയർ വെറ്ററിനറി ഫോറസ്റ്റ് സർജൻ ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിൽ കൂട് സ്ഥാപിച്ചത്. കടുവയെ നേരിൽ കണ്ടാൽ മയക്കുവെടി നൽകാനുള്ള സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. വെള്ളിയാഴ്ച രാവിലെ ഒമ്പതരയോടെ ചേറൂരിൽ റോഡരികിലെ തോട്ടത്തിലൂടെ കടുവ നടന്നുനീങ്ങുന്നത് പ്രദേശവാസികൾ നേരിൽ കണ്ടിരുന്നു. തുടർന്ന് കലക്ടർ എം ഗീത ചേറൂർ, കുറുവ, കാടൻകൊല്ലി, കുറുക്കൻമൂല പ്രദേശങ്ങളിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു. ആളുകൾ പുറത്തിറങ്ങരുതെന്ന് മൈക്ക് അനൗൺസ്മെന്റും നടത്തി. വെള്ളിയാഴ്ച പുലർച്ചെയും കടുവ ഒരു പശുവിനെ കൊന്നു. മുണ്ടക്കൽ കുഞ്ഞെന്ന ജോണിന്റെ തൊഴുത്തിൽ നിന്നാണ് പശുവിനെ പിടികൂടിയത്. ഈ കിടാവിന്റെ ശരീരാവശിഷ്ടം കടുവയെ പിടികൂടാൻ സ്ഥാപിച്ച കൂട്ടിൽ ഇരയായി വച്ചിട്ടുണ്ട്. ഒ ആർ കേളു എംഎൽഎ, സബ് കലക്ടർ ആർ ശ്രീലക്ഷ്മി, താഹസിൽദാർ ജോസ് ചിറ്റിലപ്പള്ളി, ഡിഎഫ്ഒമാരായ രമേഷ് ബിഷ്ണോയ്, എ ഷജ്ന, നരേന്ദ്രനാഥ് ഹരിലാൽ, നഗരസഭാ വൈസ് ചെയർപേഴ്സൺ പി വി എസ് മൂസ, കൗൺസിലർമാർ എന്നിവർ സ്ഥലത്തെത്തിയിരുന്നു. മാനന്തവാടി ഡിവൈഎസ്പി എ പി ചന്ദ്രൻ, സിഐ എം എം അബ്ദുൽ കരീം എന്നിവരുടെ നേതൃത്വത്തിൽ വിവിധ സ്റ്റേഷനുകളിലെ എസ് എച്ച് ഒമാരും എസ് ഐമാരുമുൾപ്പെടെ നിരവധി പൊലീസുകാരും പ്രദേശത്ത് നിരീക്ഷണം ശക്തമാക്കി.

# അത്‌ലറ്റിക് മീറ്റിന് തുടക്കം

**മീനങ്ങാടി :** ജില്ലാ അത്‌ലറ്റിക് മീറ്റിന് മീനങ്ങാടി ശ്രീകണ്ഠപ്പ സ്റ്റേഡിയത്തിൽ തുടക്കം. അഞ്ച് ഇനങ്ങളിലാണ് മത്സരങ്ങൾ നടന്നത്. പുരുഷവിഭാഗം 10000 മീറ്ററിൽ റോബിൻ ജോസഫ് (ലീഡേഴ്സ് സ്പോർട്സ് ക്ലബ്ബ് മീനങ്ങാടി) ഒന്നാം സ്ഥാനം കരസ്ഥമാക്കി. ജാവലിൻ ത്രോ പുരുഷവിഭാഗം ഒന്നാം സ്ഥാനം ഷബീർ കെ (ക്രസന്റ് സ്പോർട്സ് ക്ലബ്ബ് പനമരം) നേടി. പുരുഷവിഭാഗം 23 വയസ്സിന് താഴെ ജവലിൻ ത്രോ ഒന്നാം സ്ഥാനം പി വി അഭയ് (തലയ്ക്കൽ ചന്തു സ്മാരക സ്പോർട്സ് ക്ലബ് വിളമ്പുകണ്ടം) നേടി. ഡിസ്കസ് ത്രോ വിഭാഗം 18 വയസ്സിന് താഴെ കെ ആർ അമൽരാജ് (ജിഎച്ച്എസ്എസ് മീനങ്ങാടി) ഒന്നാം സ്ഥാനം നേടി. ശനി 7.30ന് മീറ്റ് ആരംഭിക്കും. രാവിലെ പത്തിന് മീനങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് കെ ഇ വിനയൻ മീറ്റ് ഉദ്ഘാടനം ചെയ്യും. 12ന് പകൽ മൂന്നിന് സമാപന ചടങ്ങിൽ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എം മധു സമ്മാനദാനം നടത്തും.

# ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം വീണ്ടും മാറ്റി

**കട്ടപ്പന:** താലൂക്ക് ആശുപത്രിയിൽ ആരംഭിക്കാനിരുന്ന ഡയാലിസിസ് യൂണിറ്റിൻറെ പ്രവർത്തനം വീണ്ടും മുടങ്ങി. ജലത്തിൽ ബാക്ടീരിയയുടെ സാന്നിധ്യം കൂടുതലാണെന്ന റിപ്പോർട്ട് വന്നതോടെയാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം വീണ്ടും അനിശ്ചിതത്വത്തിലായിരിക്കുന്നത്. കട്ടപ്പന ഇരുപതേക്കർ താലൂക്ക് ആശുപത്രിയിൽ പ്രവർത്തനത്തിന് സജ്ജമായിരുന്നു ഡയാലിസിസ് യൂണിറ്റ്. ഇന്നലെ പ്രവർത്തനോദ്ഘാടനം വരെ നിശ്ചയിച്ചിരുന്നെങ്കിലും ഡയാലിസിസ് യൂണിറ്റിൽ ഉപയോഗിക്കേണ്ട വെള്ളത്തിൽ വീണ്ടും ബാക്ടീരിയുടെ സാന്നിധ്യം കണ്ടെത്തിയതിനാലാണ് പ്രവർത്തനം തുടങ്ങുന്നത് നീട്ടിവച്ചത്. ഇത് മൂന്നാംതവണയാണ് റിവേഴ്സ് ഓസ്മോസിസ് പരിശോധനയിൽ ജലത്തിൽ ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയത്.ഏതാനും മാസം മുൻപ രണ്ടുതവണ പരിശോധിച്ചപ്പോഴും ഫലം പോസിറ്റീവായിരുന്നു. തുടർന്ന് കുളത്തിൽനിന്ന് ജലം ശേഖരിക്കുന്ന വാട്ടർ ടാങ്കിലും ഡയാലിസിസ് യൂണിറ്റിനുള്ളിലെ സ്റ്റോറേജ് ടാങ്കിലും ഫിൽറ്ററുകൾ സ്ഥാപിച്ചിരുന്നു.ഇതിനുശേഷം നടത്തിയ പരിശോധനയിലും റിസൽട്ട് പ്രതികൂലമായതാണ് പ്രതിസന്ധിക്കു കാരണം. മെഷിനുകൾ സ്ഥാപിച്ചപ്പോഴുണ്ടായ പ്രശ്നങ്ങൾ കൊണ്ടാകാം ബാക്ടീരിയയുടെ സാന്നിധ്യം ഉണ്ടായതെന്നാണ് നിഗമനം. വീണ്ടും ജലം ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കും. ഫലം ലഭിക്കാൻ കുറഞ്ഞത് പത്തുദിവസം കാത്തിരിക്കണം.



# പഞ്ചായത്തു കാര്യാലയം സോളാർ എനർജിയിൽ

**വെള്ളത്തൂവൽ:** പഞ്ചായത്ത് കാര്യാലയത്തിൽ വൈദ്യുതി ഉത്പാദനത്തിനായി സ്ഥാപിച്ച സോളാർ ഹൈബ്രീഡ് പവർ പ്ലാൻറിൻറെ ഉദ്ഘാടനം അഡ്വ. എ. രാജ എംഎൽഎ നിർവഹിച്ചു. പഞ്ചായത്ത് കാര്യാലയത്തോടു ചേർന്നുള്ള കെട്ടിടത്തിനു മുകളിലാണ് പ്ലാൻറ് സ്ഥാപിച്ചിട്ടുള്ളത്. അഞ്ചു കിലോവാട്ട് വൈദ്യുതി ഈ പ്ലാൻറ് വഴി ഉത്പാദിപ്പിക്കാം.അനർട്ടിൻറെ കീഴിൽ പവർ വൺ മൈക്രോ സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് പാൻറ് സ്ഥാപിച്ചിരിക്കുന്നത്. ബാറ്ററി ബാക്കപ്പ് സംവിധാനം ഈ പ്ലാൻറിൻറെ പ്രത്യേകതയാണ്. ഉപയോഗശേഷം ഉണ്ടാകുന്ന അധിക വൈദ്യുതി വൈദ്യുതി വകുപ്പിന് നൽകാനാകും. തുടർ ക്രമീകരണമൊരുക്കി പദ്ധതി പൂർണമായി കാര്യക്ഷമമാക്കുമെന്ന് ഗ്രാമപഞ്ചായത്തധികൃതർ പറഞ്ഞു.ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മഞ്ചു ബിജു അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ.ബി ജോൺസൻ, പഞ്ചായത്തംഗങ്ങൾ,ഉദ്യോഗസ്ഥർതുടങ്ങിയവർപങ്കെടുത്തു.

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) ആഭിമുഖ്യത്തിൽ ജനുവരി മാസത്തിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിൽ പ്രവേശനത്തിനായി വിവിധ കേന്ദ്രങ്ങളിൽ അപേക്ഷ ക്ഷണിച്ചു.പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പിജിഡിസിഎ) (രണ്ട് സെമസ്റ്റർ) യോഗ്യത ഡിഗ്രി പാസ്. ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ (ഡിഡിറ്റിഒഎ) (രണ്ട് സെമസ്റ്റർ) യോഗ്യത എസ്.എസ്.എൽ.സി. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡിസിഎ) (ഒരു സെമസ്റ്റർ)യോഗ്യത പ്ലസ് ടു. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സിസിഎൽഐഎസ്) (ഒരു സെമസ്റ്റർ) യോഗ്യത പ്ലസ് ടു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആന്റ് സെക്യൂരിറ്റി(പിജിഡിസിഎഫ്) (ഒരു സെമസ്റ്റർ) യോഗ്യത എം.ടെക്/ബി.ടെക്/എംസിഎ/ബി.എസ്.സി/എം.എസ്.സി/ബിസിഎ. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് (എഡിബിഎംഇ) (ഒരു സെമസ്റ്റർ) യോഗ്യത ഇലക്ട്രോണിക്സ്/അനുബന്ധ വിഷയങ്ങളിൽ ഡിഗ്രി/ത്രിവത്സര ഡിപ്ലോമ പാസ്. ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് (ഡിഎൽഎസ്എം) (ഒരു സെമസ്റ്റർ) ഡിഗ്രി/ത്രിവത്സര ഡിപ്ലോമ പാസ്. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ എംബെഡ്ഡ് സിസ്റ്റം ഡിസൈൻ (പിജിഡിഇഡി) (ഒരു സെമസ്റ്റർ) എം.ടെക്/ബി.ടെക്/എം.എസ്.സി. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ് വർക്ക് അഡ്മിനിസ്ട്രേഷൻ (സിസിഎൻഎ) CO&PA പാസ്/കമ്പ്യൂട്ടർ/ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ വിഷയത്തിൽ ബി.ടെക്/ത്രിവത്സര ഡിപ്ലോമ പാസായവർ/കോഴ്സ് പൂർത്തിയാക്കിയവർ. അപേക്ഷിക്കുന്നതിനുള്ള അവാസന തീയതി ഡിസംബർ 31.ഈ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി/എസ്.റ്റി മറ്റ് പിന്നാക്ക വിദ്യാർഥികൾക്ക് നിയമവിധേയമായി പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. അപേക്ഷാ ഫാറവും വിശദവിവരവും ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ www.ihrd.ac.in നിന്നും ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷാ ഫാറങ്ങൾ രജിസ്ട്രേഷൻ ഫീസായ 150 രൂപ (എസ്.സി/എസ്.റ്റി 100 രൂപ) ഡി.ഡി സഹിതം ഡിസംബർ 31 ന് വൈകിട്ട് നാലിനു മുമ്പായി അതത് സ്ഥാപന മേധാവിക്ക് സമർപ്പിക്കണം


### നിയമനം

കൊച്ചി: എറണാകുളം ജനറൽ ആശുപത്രിയിലെ വികസന സമിതിയുടെ കീഴിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് അനസ്തേഷ്യോളജിസ്റ്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിമയനം നടത്തുന്നു. യോഗ്യത എം.ബി.ബി.എസ്, എംഡി/ഡിഎ അനസ്തേഷ്യ. ഡിസംബർ 18-ന് രാവിലെ 10.30 ന് എഴുത്തു പരീക്ഷയും കൂടിക്കാഴ്ചയും നടത്തുന്നു. താല്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ഒരു സെറ്റ് പകർപ്പും സഹിതം എറണാകുളം ജനറൽ ആശുപത്രി ടെലി മെഡിസിൻ ഹാളിൽ ഹാജരാകണം. കോവിഡ് പ്രോട്ടോകോൾ കർശനമായും പാലിക്കേണ്ടതാണ്.

### സ്കോളർഷിപ്പ്

കൊച്ചി: നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടും സ്കൂൾ നോഡൽ ഓഫീസർ ആധാർ ഒതന്റിക്കേഷൻ പൂർത്തിയാക്കിയില്ലെങ്കിൽ കുട്ടികൾക്ക് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കില്ലെന്ന് വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ അറിയിച്ചു. . 90 സ്കൂളുകൾ ഇപ്പോഴും ആധാർ ഒതന്റിക്കേഷൻ ഇതുവരെ നടത്തിയിട്ടില്ല. ഏതെങ്കിലും കുട്ടികൾക്ക് സ്കോളർഷിപ്പ് തുക നഷ്ടമായാൽ സ്കൂൾ പ്രധാനാധ്യാപകരുടെ ഗുരുതര വീഴ്ചയായി കാണുന്നതാണ്. ആയതിനാൽ ഡിസംബർ 13-ന് വൈകിട്ട് അഞ്ചിനുള്ളിൽ ആധാർ ഒതന്റിക്കേഷൻ നടത്തേണ്ടതാണ്. ആധാർ ഒതന്റിക്കേഷൻ നടത്താത്ത സ്കൂളുകളുടെ ലിസ്റ്റ് ddeernakulam.in വെബ്സൈറ്റിൽ ലഭ്യമാണ്. അധ്യാപകർക്കുംരക്ഷകർത്താക്കൾക്കും പരിശോധിക്കാം.





# ഫോട്ടോഷൂട്ട് കൂട്ടമാനഭംഗം: അജ്മലിനെ യുവതി തിരിച്ചറിഞ്ഞു

**കൊച്ചി:** കാക്കനാട് ഫോട്ടോഷൂട്ടിനായെത്തിയ മോഡലിനെ രണ്ടു ദിവസം തടവിൽ പാർപ്പിച്ചു ശീതളപാനീയത്തിൽ മയക്കുമരുന്നു നല്കി കൂട്ടമാനഭംഗം നടത്തിയ കേസിൽ പിടിയിലായ ഒന്നാംപ്രതി മുഹമ്മദ് അജ്മലിനെ (28) ഇന്നു കോടതിയിൽ ഹാജരാക്കും. ചാവക്കാട്ടെ ഭാര്യ വീട്ടിൽനിന്നാണ് ഇയാളെ പിടികൂടിയത്. സംഭവ ശേഷം നാടുവിട്ട പ്രതിക്കായി അന്വേഷണ സംഘം രണ്ടു ദിവസമായി ചാവക്കാട്ട് തെരച്ചിൽ നടത്തിവരികയായിരുന്നു. കാക്കനാട്ട് എത്തിച്ച പ്രതിയെ യുവതി തിരിച്ചറിഞ്ഞു. തുടർന്ന് ഫ്ളാറ്റിൽ എത്തിച്ചു തെളിവെടുത്തു. കായംകുളം പോലീസ് സ്റ്റേഷനതിൽ കാപ്പ നിയമപ്രകാരം നടപടി നേരിട്ടിട്ടുള്ള ആളാണ് അജ്മൽ. കടവന്ത്ര പോലീസ് സ്റ്റേഷനിൽ വധശ്രമത്തിനും ആയുധ നിരോധന നിയമപ്രകാരവും ഇയാൾക്കെതിരെ കേസുണ്ട്. നേരത്തെ അറസ്റ്റിലായ രണ്ടാം പ്രതി സലിംകുമാറിനെ ചോദ്യം ചെയ്തശേഷം കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. മൂന്നാംപ്രതി ഷെമീർ, നാലാംപ്രതി ലോഡ്ജ് നടത്തിപ്പുകാരിയായ തമിഴ്നാട് സ്വദേശിനി ക്രിസ്റ്റീന എന്നിവർ ഒളിവിലാണ്. നവംബർ 28ന് മലപ്പുറത്തുനിന്ന് ഫോട്ടോഷൂട്ടിനായി കൊച്ചിയിലെത്തിയ യുവതിയെ ഇടച്ചിറയിലെ ലോഡ്ജിൽ ക്രിസ്റ്റീനയുടെ ഒത്താശയോടെ അജ്മൽ, ഷമീർ, സലിംകുമാർ എന്നിവർ ചേർന്നു ലഹരിമരുന്ന് നൽകി പീഡിപ്പിച്ചെന്നാണ് കേസ്.

# കോൺഗ്രസ് സ്ഥാപക നേതാവ് കെ എം ജോർജിൻറെ 45ത് ചരമവാർഷികം നടത്തി

**മൂവാറ്റുപുഴ :** കേരള കോണ്ഗ്രസ് സ്ഥാപക നേതാവ് കെ എം ജോർജിൻറെ 45ത് ചരമവാർഷികം കേരള കോൺഗ്രസ് (ജേക്കബ്) പാർട്ടി ലീഡർ ശ്രീ ശ്രീഅനൂപ് ജേക്കബ് എം എൽ എ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് ഈ എം മൈക്കിൾ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ശ്രീ റെജി ജോർജ് മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി , സുനിൽ ഇടപ്പലക്കട്, ആൻറണി പാലക്കുഴി, എം എ ഷാജി , ലളിത വിജയൻ, നിയോജക മണ്ഡലം പ്രസിഡൻറ് ശ്രീ ബിജു കെ തോമസ്,മൻസൂർ പാളയം പറമ്പിൽ . എൽദോസ് പാലപ്പുറം, ബേസിൽ വർഗീസ്, മാത്യു വർഗീസ്, ജോസ് പേറ്റാട്ടമ്പുഴ, മനു ജോസഫ്, ഷൈബി, എലിയാസ് മരിയിൽ, എന്നിവർ പ്രസംഗിച്ചു. അനുശോചന സമ്മേളനത്തിൽ മുൻപായി ശ്രീ അനൂപ് ജേക്കബ് എംഎൽഎ ശവകുടീരത്തിൽ പുഷ്പാർച്ചന നടത്തി.



# ഭക്ഷ്യ വിഷബാധ: എട്ടു വിദ്യാർഥിനികൾ ആശുപത്രിയിൽ; സ്ഥാപനത്തിനെതിരേ കേസ്

**കൊച്ചി:** നിർധന വിദ്യാർഥികൾക്കു സർക്കാർ പദ്ധതി പ്രകാരം സൗജന്യ വിദ്യാഭ്യാസം നൽകുന്ന എയിംഫിൽ ഇൻറർനാഷണൽ എന്ന സ്ഥാപനത്തിൻറെ ഹോസ്റ്റലിൽ ഭക്ഷ്യവിഷബാധ ഉണ്ടായതിനെത്തുടർന്ന് എട്ട് വിദ്യാർഥിനികൾ ആശുപത്രിയിൽ. സ്ഥാപനത്തിനെതിരെ പാലാരിവട്ടം പോലീസ് കേസെടുത്തു. ഇവിടെനിന്നു ഭക്ഷണം കഴിച്ച വിദ്യാർഥിനികൾക്കു ഛർദ്ദിയും വയറിളക്കവും ഉണ്ടായി. ഒരു വിദ്യാർഥിനി ചോര ഛർദ്ദിച്ചിരുന്നു. ദീൻ ദയാൽ ഉപാധ്യായ കല്യാൺ യോജന പ്രകാരം നിർധന വിദ്യാർഥികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതാണ് പാലാരിവട്ടത്തുള്ള എയിംഫിൽ ഇൻറർനാഷണൽ എന്ന സ്ഥാപനം. വൃത്തിഹീനമായ സാഹചര്യത്തിൽ തയാറാക്കിയ പഴകിയ ഭക്ഷണമാണ് തങ്ങൾക്കു നൽകിയതെന്നു വിദ്യാർഥിനികൾ പറയുന്നു. നഗരസഭയുടെ ആരോഗ്യ വിഭാഗവും സ്ഥാപനത്തിൽ പരിശോധന നടത്തി. വൃത്തിഹീനമായ സാഹചര്യത്തിലാണ് കുട്ടികളെ താമസിപ്പിച്ചിരുന്നതെന്നു പാലാരിവട്ടം പോലീസ് പറഞ്ഞു.

# നിരപ്പിലെ നിരത്തിൽ മാലിന്യം: ഇട്ടവരെക്കൊണ്ട് എടുപ്പിച്ചു

**മൂവാറ്റുപുഴ:** പൊതുനിരത്തിൽ മാലിന്യം തള്ളിയവരെ നാട്ടുകാർ പിടികൂടി മാലിന്യം നീക്കം ചെയ്യിപ്പിച്ചു. നിരപ്പ് പറപ്പിള്ളിതാഴത്ത് മാലിന്യം തള്ളിയവരെയാണ് നാട്ടുകാർ പിടികൂടിയത്. നിരപ്പ് തട്ടുപറന്പ് പേഴയ്ക്കാപ്പിള്ളി റോഡിൽ നിരപ്പ്-പറപ്പിള്ളി താഴത്താണ് കഴിഞ്ഞ ദിവസം രാത്രി മാലിന്യം തള്ളിയത്. രാവിലെ നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടതോടെ നടത്തിയ പരിശോധനയിൽ പേഴയ്ക്കാപ്പിള്ളിയിലെ സ്വകാര്യ ഓഡിറ്റോറിയത്തിൽ നിന്നു വിവാഹ സൽകാരം കഴിഞ്ഞതിൻറെ ഭക്ഷണാവശിഷ്ഠങ്ങളും മാലിന്യവുമാണ് തള്ളിയതെന്ന് തിരിച്ചറിഞ്ഞു. ഇതോടെ മാലിന്യം നിക്ഷേപിച്ചയാളെയും വാഹനവും നാട്ടുകാർ കണ്ടെത്തി. തുടർന്ന് ഉടമയെ കൊണ്ടുതന്നെ നാട്ടുകാർ മാലിന്യം മറ്റൊരു വാഹനത്തിൽ ഇവിടെനിന്നു നീക്കം ചെയ്യിക്കുകയായിരുന്നു. വിവരമറിഞ്ഞ് മൂവാറ്റുപുഴ പോലീസും സ്ഥലത്തെത്തിയിരുന്നു. മാസങ്ങൾക്ക് മുന്പ ഇവിടെ മൂവാറ്റുപുഴയിലെ ബേക്കറി കടയിൽനിന്നുള്ള മാലിന്യം തള്ളിയിരുന്നു. നാട്ടുകാർ പരിശോധിച്ചപ്പോൾ മാലിന്യ കൂന്പാരത്തിൽ നിന്നു ചിട്ടിയുടെ പണമടച്ച രസീത് ലഭിക്കുകയായിരുന്നു. ഇതിലെ അഡ്രസിൽനിന്നാണ് മാലിന്യം തള്ളിയയാളെ തിരിച്ചറിഞ്ഞത്. പ്രദേശത്ത് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ മാലിന്യ നിക്ഷേപത്തിനെതിരേ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശക്തമായിരിക്കുകയാണ്. തിരക്കൊഴിഞ്ഞ പ്രദേശമായതിനാൽ ദൂരെ ദിക്കുകളിൽനിന്ന് പോലും രാത്രിയിൽ ഇവിടെ മാലിന്യം നിക്ഷേപിക്കുന്നത് പതിവായതോടെ നാട്ടുകാർ നിരീക്ഷണം ശക്തമാക്കിയിരിക്കുകയാണ്.

# സൈജുവിന്റെ ആ സുഹൃത്തിനെ അറസ്റ്റ് ചെയതത് സ്ഥിരീകരിക്കാതെ പൊലീസ്; വീണ്ടും ഒളിച്ചുകളി

**കൊച്ചി:** മിസ് കേരള മുൻ ജേതാക്കളായ മോഡലുകൾ വാഹനാപകടത്തിൽ മരിച്ച കേസിലെ മുഖ്യപ്രതി സൈജു എം.തങ്കച്ചനുമായി അടുപ്പമുണ്ടായിരുന്ന യുവതിയെ അന്വേഷണ സംഘം ചോദ്യം ചെയ്തുവെങ്കിലും അറസ്റ്റ് രേഖപ്പെടുത്തിയില്ലെന്ന് സൂചന.ഇവർക്കെതിരെ പൊലീസ് കേസെടുത്തിട്ടുണ്ട്. എന്നിട്ടും അറസ്റ്റു ചെയ്തായി പൊലീസ് സ്ഥിരീകരിക്കുന്നു പോലുമില്ല. സൈജുവിന്റെ റിമാൻഡ് റിപ്പോർട്ടിലും ഇവരെ കുറിച്ചുള്ള വിവരമുണ്ട്. ഡിജെയായ സനയെ അല്ല പൊലീസ് പിടികൂടിയതെന്ന് വ്യക്തമായിട്ടുണ്ട്.കോഴിക്കോട്ടെ രഹസ്യ താവളത്തിൽനിന്ന് പൊലീസ് പിടിയിലായ യുവതി മോഡലുകൾ പങ്കെടുത്ത നിശാപാർട്ടി നടന്ന ഒക്ടോബർ 31നു രാത്രി ഫോർട്ട് കൊച്ചി നമ്പർ 18 ഹോട്ടലിലുണ്ടായിരുന്നതായി അന്വേഷണ സംഘം സ്ഥിരീകരിച്ചു. ഹോട്ടൽ കേന്ദ്രീകരിച്ചു നടക്കുന്ന ലഹരി ഇടപാടുകളിൽ യുവതിക്കും പങ്കാളിത്തമുണ്ടെന്നാണു പൊലീസിന്റെ നിഗമനം. എന്നിട്ടും ഇവരെ അറസ്റ്റു ചെയ്തുവെന്ന് സ്ഥിരീകരിക്കാൻ പൊലീസ് തയ്യാറാകുന്നില്ലെന്നതാണ് വസ്തുത. ഇത് ദുരൂഹമാണ്. സൈജുവിനൊപ്പം നിശാപാർട്ടികളിൽ സ്ഥിരമായി പങ്കെടുത്തിരുന്ന യുവതി, ലഹരിമരുന്ന് ഇടപാടുകൾക്കു വേണ്ടി സൈജുവിനു 10 ലക്ഷം രൂപ നൽകിയ മുംബൈ മലയാളി വനിതയ്ക്കൊപ്പം താമസം തുടങ്ങിയതോടെ സൈജുവിൽനിന്ന് അകന്നുവെങ്കിലും ലഹരിമരുന്ന് ഇടപാടുകൾ തുടർന്നതായാണ് അന്വേഷണത്തിൽ വ്യക്തമായത്. 10 ലക്ഷം രൂപ തിരികെ ലഭിക്കാതായപ്പോൾ സൈജുവിനെതിരെ വഞ്ചനാക്കുറ്റത്തിനു പരാതി നൽകി മുംബൈ സ്വദേശിനി കൊച്ചി വിട്ടിരുന്നു. എന്നാൽ, നമ്പർ 18 ഹോട്ടലിൽ ഷൂട്ട് ചെയ്ത സ്വകാര്യ ദൃശ്യങ്ങൾ കാണിച്ച് സൈജു അവരെ ഭീഷണിപ്പെടുത്തി പരാതിയിൽനിന്നു പിന്മാറ്റിയെന്നു പൊലീസ് പറയുന്നു. മോഡലുകൾ കൊല്ലപ്പെട്ടതിനു ശേഷം 2021 നവംബർ 7 മുതൽ 9 വരെ ഗോവയിൽ സൈജു നടത്തിയ 11 ലഹരിപാർട്ടികളുടെ വിഡിയോകളും പൊലീസ് പിടിച്ചെടുത്തിരുന്നു്. അവിടെനിന്നു ബെംഗളൂരുവിൽ എത്തിയതിനു ശേഷം നടത്തിയ പാർട്ടികളുടെ ദൃശ്യങ്ങളുമുണ്ടായിരുന്നു 2021 ഒക്ടോബർ 9ലെ 5 വിഡിയോകൾ ഫോർട്ട്കൊച്ചി നമ്പർ 18 ഹോട്ടലിന്റെ റൂഫ് ടോപ്പിൽ നടത്തിയ നിശാപാർട്ടികളുടേതാണ്. ബാക്കി വിഡിയോകളുടെ ഉറവിടത്തെപ്പറ്റി സൈജു പൊലീസിന് മൊഴിയും നൽകി. ഈ വീഡിയോകളിൽ മിക്കതിലും ഇപ്പോൾ പൊലീസ് നിരീക്ഷണത്തിലുള്ള യുവതിയുമുണ്ട്.2020 സെപ്റ്റംബർ 7ലെ 4 വിഡിയോകൾ ചിലവന്നൂരിൽ സലാഹുദീൻ വാടകയ്ക്കെടുത്ത ഫ്ളാറ്റിൽ അമൽ പപ്പടവട, നസ്ലീൻ, സലാഹുദീൻ മൊയ്തീൻ, ഷീനു മീനു (വെള്ളസാരിയുടുത്തത്) എന്നിവർ പങ്കെടുത്ത പാർട്ടിയുടെ വിഡിയോയാണ്. തലേന്ന് അതേ ഫ്ളാറ്റിൽ അനു ഗോമസിനെ കമിഴ്ത്തിക്കിടത്തി ശരീരത്തിന്റെ നടുഭാഗത്തായി എംഡിഎംഎ 5 ലൈനുകളിട്ടു കൂട്ടത്തിലൊരാൾ കറൻസി നോട്ട് ചുരുട്ടി വലിക്കുന്നതിന്റെ വിഡിയോയാണ്-ഇതാണ് ഒരു വിഡിയോയെ കുറിച്ചുള്ള മൊഴി. ഈ മൊഴിയിൽ പറയുന്ന പേരുകാരിയാണ് പിടിയിലായതെന്നാണ് സൂചന.നേരത്തേ, നിശാപാർട്ടികളിൽ പങ്കെടുക്കുന്ന യുവതീയുവാക്കളെ വശത്താക്കി സൈജു ലഹരി ഇടപാടുകൾക്ക് ഉപയോഗിച്ചതായി അന്വേഷണ സംഘം കണ്ടെത്തിയിരുന്നു. ലഹരി ഇടപാടുകളും ഇരകളുടെ ലഹരി ഉപയോഗവും മൊബൈലിൽ റിക്കോർഡ് ചെയ്ത് ബ്ലാക്മെയിൽ ചെയ്തതായും വിവരം ലഭിച്ചു. നവംബർ ഒന്നിനു പുലർച്ചെ എറണാകുളം വൈറ്റിലയിലുണ്ടായ വാഹനാപകടത്തിലാണ്, മോഡലുകളായ അഞ്ജന ഷാജനും അൻസി കബീറും കൊല്ലപ്പെട്ടത്.ഫോർട്ട്കൊച്ചിയിലെ നമ്ബർ 18 ഹോട്ടലിലെ ഡിജെ പാർട്ടിയിൽ പങ്കെടുത്തു പുലർച്ചെ മടങ്ങുമ്ബോഴായിരുന്നു അപകടം. ഇവരെ സൈജു ഔഡി കാറിൽ പിന്തുടർന്നതായി കണ്ടെത്തിയിരുന്നു. തുടർന്നു നടത്തിയ അന്വേഷണത്തിലാണ് ലഹരിയുടെ വലക്കണ്ണികൾ ഓരോന്നായി.



# മനുഷ്യാവകാശദിനം: പോരാടാൻ വനിതകളും

**കൊച്ചി :** മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ജനാധിപത്യ മഹിളാ അസോസിയേഷൻ ഏരിയ കേന്ദ്രങ്ങളിൽ പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, സ്ത്രീകൾക്കും മതന്യൂനപക്ഷങ്ങൾക്കും നേരെയുള്ള കടന്നാക്രമണങ്ങൾ അവസാനിപ്പിക്കുക, വിലക്കയറ്റം നിയന്ത്രിക്കുക എന്നീ മുദ്രാവാക്യമുയർത്തി സംഘടിപ്പിച്ച യോഗം എറണാകുളത്ത് ജില്ലാ പ്രസിഡന്റ് ടി വി അനിത, തൃപ്പൂണിത്തുറയിലും കൂത്താട്ടുകുളത്തും ജില്ലാ സെക്രട്ടറി പുഷ്പ ദാസ് എന്നിവർ ഉദ്ഘാടനം ചെയ്തു. ആലുവയിൽ പി എസ് ഷൈല, കോതമംഗലത്തും മൂവാറ്റുപുഴയിലും റഷിദ സലീം, കോലഞ്ചേരിയിൽ ബീന ബാബുരാജ്, പെരുമ്പാവൂരിൽ എൻ സി ഉഷകുമാരി, പറവൂരിൽ കെ എസ് അരുൺകുമാർ, കൊച്ചിയിൽ കെ ജെ മാക്സി എംഎൽഎ, തൃക്കാക്കരയിൽ ടി കെ ഭാസുരദേവി, അങ്കമാലിയിൽ കെ തുളസി, വൈപ്പിനിൽ എം ബി ഷൈനി, കളമശേരിയിൽ സി കെ തങ്കമണി, കവളങ്ങാട് നിർമല മോഹനൻ, പള്ളുരുത്തിയിൽ ചന്ദ്രിക വിജയൻ എന്നിവർ യോഗം ഉദ്ഘാടനം ചെയ്തു.

# മൊഫിയയുടെ ഭർതൃവീട്ടുകാർ ജാമ്യാപേക്ഷ നൽകി

**കൊച്ചി:** മൊഫിയ പർവീൺ ഭർതൃവീട്ടിലെ പീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത കേസിൽ റിമാൻഡിൽ കഴിയുന്ന ഭർത്താവ് മുഹമ്മദ് സുഹൈൽ, ഭർതൃപിതാവ് യൂസഫ്, ഭർതൃമാതാവ് റുഖിയ എന്നിവർ ഹൈക്കോടതിയിൽ ജാമ്യാപേക്ഷ നൽകി. സ്ത്രീപീഡനം, സ്ത്രീധനമരണം, ആത്മഹത്യാ പ്രേരണക്കുറ്റം തുടങ്ങിയ കുറ്റങ്ങൾ ചുമത്തി നവംബർ 25നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഏപ്രിൽ മൂന്നിനാണ് സുഹൈലും മൊഫിയയും വിവാഹിതരായത്. ഒക്ടോബർ 27ന് ഇവർ നിയമപരമായി വിവാഹമോചനം നേടിയെന്നും ഇതിനുശേഷമാണ് പീഡനമാരോപിച്ച് മൊഫിയ പരാതി നൽകിയതെന്നും ഹർജിയിൽ പറയുന്നു. നവംബർ 22 ന് മൊഫിയയുടെ മാതാപിതാക്കളെയും തങ്ങളെയും ആലുവ പോലീസ് സ്റ്റേഷനിൽ വിളിച്ചു വരുത്തിയിരുന്നു. പോലീസ് ഉദ്യോഗസ്ഥൻറെ മുന്നിൽ വച്ച് മൊഫിയ സുഹൈലിൻറെ മുഖത്തടിച്ചെന്ന് ഹർജിയിലുണ്ട്. സംഭവത്തെത്തുടർന്ന് സിഐ സ്വീകരിച്ച നടപടികളാണ് ആത്മഹത്യയ്ക്കിടയാക്കിയതെന്ന് മൊഫിയയുടെ മാതാപിതാക്കൾ തന്നെ പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനാവശ്യമായാണ് തങ്ങളെ കേസിൽ പ്രതി ചേർത്തിരിക്കുന്നതെന്നും ഹർജിയിൽ പറയുന്നു. ഇവരുടെ ജാമ്യാപേക്ഷ നേരത്തെ അഡി. സെഷൻസ് കോടതി തള്ളിയിരുന്നു.

# പാടശേഖരം വീണ്ടും പച്ചപുതയ്ക്കും

**നെടുമ്പാശേരി:** ദുരിതത്തിലായ കർഷകർക്ക് കൃഷിഭവൻ തുണയായി. തേറാട്ടിക്കുന്ന് പാടശേഖരം വീണ്ടും പച്ച പുതയ്ക്കും. ചെങ്ങമനാട് പഞ്ചായത്തിലെ ഒന്നാം വാർഡ് പാലപ്രശേരി തേറാട്ടിക്കുന്ന് പാടശേഖരത്തിൽ ആറ് ഹെക്ടർ സ്ഥലത്ത് തേറാട്ടിക്കുന്ന് പാടശേഖര നെല്ലുത്പാദക സമിതിയുടെ പേരിൽ പരമ്പരാഗത കർഷകരായ എ.എസ്. ഷാജിയുടെയും എ.ബി. മോഹനൻറെയും എ.കെ വിനോജിൻറെയും മറ്റും നേതൃത്വത്തിൽ ആരംഭിച്ച നെൽകൃഷി കഴിഞ്ഞ മാസം തുടർച്ചയായി പെയ്ത ശക്തമായ മഴയിലെ വെള്ളക്കെട്ടിൽ നശിക്കു കയായിരുന്നു. പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകൾ തുറന്ന് വിട്ടതുമൂലം ചാലക്കുടിയാറ്റിൽ ജലവിതാനം ഉയർന്നതും കൃഷിനാശത്തിനു കാരണമായി. ഉമ വിത്തുപയോഗിച്ച് ആരംഭിച്ച മുണ്ടകൻ കൃഷി ഒരു മാസം പിന്നിട്ടതോടെയാണ് മഴയും പുഴ ജലമൊഴുക്കും കർഷകരെ തീരാദുരിതത്തിലാക്കിയത്. ബാങ്ക് വായ്പയെടുത്ത് കഠിനശ്രമം നടത്തിയാണ് കർഷകർ കൃഷി മുന്നോട്ട് കൊണ്ട് പോയിരുന്നത്. വാർഡംഗം റെജീന നാസർ ഇടപെട്ടതോടെ പ്രശ്നം ചെങ്ങമനാട് കൃഷി ഓഫീസർ ദീപയുടെ ശ്രദ്ധയിൽപ്പെട്ടു. അതോടെ കർഷകരെ സഹായിക്കാൻ കൃഷി വകുപ്പ് അധികൃതർ ആശ്വാസ സഹായ ആനുകൂല്യ നടപടികൾ ഗതിയിലാക്കുകയായിരുന്നു. ആഴ്ചകൾക്കകം കുറെ ഭാഗത്ത് വെള്ളം ഇറങ്ങി. അതോടെ പുതുതായി വിത്തുകളും മറ്റ് അനുബന്ധ സഹായങ്ങളും നൽകിയതോടെയാണ് വെള്ളം ഇറങ്ങുന്ന ഇടം നോക്കി കൃഷിക്ക് വീണ്ടും തുടക്കം കുറിച്ചിരിക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ പ്രദേശങ്ങളിൽ കൃഷി ആരംഭിക്കുമെന്ന് സമിതി പ്രസിഡൻറ് എ.എസ്. ഷാജിയും സെക്രട്ടറി എ.ബി മോഹനനും പറഞ്ഞു.

PALAKKAD

അറിയിപ്പ്



## ഗതാഗതം നിരോധിച്ചു

ജില്ലയിലെ കൊല്ലങ്കോട്- കുനിശ്ശേരി റോഡിലുള്ള കണ്ണനികടവ് പാലത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഡിസംബർ 15 മുതൽ പാലം പണി പൂർത്തിയാകുന്നതുവരെ പാലത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചതായി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. ഈ ദിവസങ്ങളിൽ കൊല്ലങ്കോട് നിന്നും കുനിശ്ശേരി ഭാഗത്തേക്കും തിരിച്ചും പോകേണ്ട വാഹനങ്ങൾ കൊല്ലങ്കോട് നിന്നും കരിപ്പോട്- പല്ലശ്ശന- ഒഴിവുപാറ- പല്ലാവൂർ വഴിയോ അല്ലെങ്കിൽ വിത്തനശ്ശേരി- പല്ലാവൂർ വഴിയോ പോകണം. കൂടാതെ ചെറിയ വാഹനങ്ങൾ കൊല്ലങ്കോട്- വടവന്നൂർ- വടകന്നികാപുരം റെയിൽവേ സ്റ്റേഷൻ വഴി പല്ലശ്ശേനയ്ക്കും തിരിച്ചു പോകേണ്ടതാണ്.

## നിയമനം

ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യ ഉറപ്പാക്കുന്നതിനായി നിയമിതനായ ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ഒരു അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നു. അംഗീകൃത സർവകലാശാലയിൽ നിന്ന് ബികോം ബിരുദവും പി.ജി.ഡി.സി.എ യോഗ്യതയും ഉള്ളവർക്ക് അപേക്ഷിക്കാം. ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിലാണ് നിയമനം. മുൻവർഷങ്ങളിൽ അക്കൗണ്ടന്റ് ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലി ചെയ്ത പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന. യോഗ്യരായവർ അപേക്ഷകളുമായി ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വയസ്സ് തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം ഡിസംബർ 15ന് വൈകിട്ട് അഞ്ചിനകം ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ്, പി.എ.യു ബിൽഡിംഗ്, സിവിൽ സ്റ്റേഷൻ പാലക്കാട് വിലാസത്തിൽ ലഭ്യമാക്കണമെന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ അറിയിച്ചു. ഫോൺ: 0491 2505859.

## നിയമനം

ഒറ്റപ്പാലം താലൂക്കിലെ കാറൽമണ്ണ തൃക്കോവിൽ ക്ഷേത്രത്തിൽ ട്രസ്റ്റിമാരെ നിയമിക്കുന്നു. താത്പര്യമുള്ളവർ ഡിസംബർ 15 ന് വൈകിട്ട് അഞ്ചിനകം മലബാർ ദേവസ്വം ബോർഡ് പാലക്കാട് അസിസ്റ്റന്റ് കമ്മീഷണർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകണം. അപേക്ഷാ ഫോറം പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിലും, ഒറ്റപ്പാലം ഡിവിഷൻ ഇൻസ്പെക്ടറുടെ ഓഫീസിലും www.malabardevaswom.kerala.gov.in ലും ലഭിക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

പാലക്കാട് പട്ടികവർഗ വികസന ഓഫീസിന്റെ പ്രവർത്തന പരിധിയിൽ വരുന്ന 26 പട്ടികവർഗ കോളനികളിൽ 'വിദ്യാകിരൺ' പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് തൽപരരായ നെറ്റ്വർക്ക് സേവന ദാതാക്കളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0491-2505383, 9496070399, 9496070366, 9496070367.

## ലേലം 15 ന്

ജില്ലാ പൊലീസ് ആസ്ഥാനത്ത് സൂക്ഷിച്ച ഉപയോഗ്യശൂന്യമായ വസ്തുക്കൾ ഡിസംബർ 15 ന് രാവിലെ 11 ന് ജില്ലാ പൊലീസ് ആസ്ഥാനത്തിലെ സ്റ്റോറിൽ ലേലം ചെയ്യും. 2500 രൂപയാണ് നിരതദ്രവ്യം. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ ഡിസംബർ 13 ന് വൈകിട്ട് നാലിനകം ജില്ലാ പൊലീസ് ഓഫീസിൽ സ്വീകരിക്കും.



# അഞ്ചുമൂർത്തിമംഗലത്തെ സർവീസ് റോഡിൽ റീടാറിംഗ് പ്രവർത്തനം തുടങ്ങി

**വടക്കഞ്ചേരി:** ദേശീയപാത അഞ്ചുമൂർത്തി മംഗലത്തെ സർവീസ് റോഡിന്റെ റീടാറിംഗ് പ്രവൃത്തികൾ തുടങ്ങി. ദൃശ്യ മാർബിൾ ജംഗ്ഷനിലാണ് ടാറിംഗ് പണികൾ ആരംഭിച്ചിട്ടുള്ളത്. ടു ലെയർ ടാറിംഗാണ് നടത്തുന്നത്. 150 മീറ്ററോളം ദൂരം ടാറിംഗിനായി ഒരുക്കിയിട്ടുണ്ട്. ഇവിടെ ടാറിംഗ് പൂർത്തിയായാൽപ്പിന്നെ മംഗലം ഗോവിന്ദാപുരം സംസ്ഥാനപാതയിൽനിന്നുള്ള വാഹനങ്ങൾക്ക് ഈ സർവീസ് റോഡ് വഴി ദേശീയപാതയിലേക്ക് കയറി പോകാനാകും.അറ്റകുറ്റപ്പണികൾക്കായി സർവീസ് റോഡ് ഒരാഴ്ചയായി അടച്ചിരിക്കുകയാണ്. അണ്ടർപാസിനടുത്തും വില്ലേജ് ഓഫീസ് വഴിക്കു സമീപവും റോഡ് തകർന്നിട്ടുണ്ട്. ഇവിടെയും ഇത്തരത്തിൽ ടാറിംഗ് നടത്തേണ്ടതുണ്ട്. മംഗലം പാലം ജംഗ്ഷനിൽ വലിയ പാറക്കല്ലുകൾ അടുക്കിയാണ് കുഴി നികത്തിയിട്ടുള്ളത്. ഈ ഭാഗം പൊതുമരാമത്ത് വകുപ്പിനു കീഴിലായതിനാൽ ഗതാഗതം സുഗമമാകാൻ പൊതുമരാമത്ത് വകുപ്പും രംഗത്തുവരണം.

# സംയുക്ത പാടശേഖരസമിതിയുടെ കൊയ്ത്തുയന്ത്രം ഉപേക്ഷിച്ച നിലയിൽ



**അയിലൂർ:** കർഷകരുടെ ആനുകൂല്യങ്ങളും സർക്കാരിന്റെ ധനസഹായവും ചേർത്ത് വർഷങ്ങൾക്ക് മുമ്പ് വാങ്ങിയ കൊയത്ത് യന്ത്രം പാതയോരത്ത് ഉപേക്ഷിച്ചു. അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിനു മുന്നിലാണ് കഴിഞ്ഞ ദിവസംചിലർ ഉപേക്ഷിച്ചത്. 2005 ലാണ് ഗ്രാമപഞ്ചായത്തിന്റ പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് നൽകുന്ന ഉഴവുകൂലിയും ഉത്പാദന ബോണസും ഉൾപ്പെടെ ഉൾപ്പെടുത്തി അയിലൂർ ഗ്രാമപഞ്ചായത്ത് സംയുക്ത പാടശേഖര സമിതിയുടെ നേതൃത്വത്തിൽ കൊയ്ത്ത് യന്ത്രവും ട്രാക്ടറും മറ്റു ഉപകരണങ്ങളും വാങ്ങിയത്. തുടക്കത്തിൽ ഉപയോഗിച്ചുവെങ്കിലും പിന്നീട് ചെലവു വർധി ച്ചെന്ന കാരണത്തിൽ ഉപയോഗിക്കാതെ പാടശേഖരസമിതിയുടെ നേതൃത്വത്തിൽ കയറാടി ആലംബള്ളത്ത് സ്വകാര്യ വ്യക്തിയുടെ വളപ്പിൽ കൊണ്ടിട്ടു. വർഷങ്ങൾ കഴിഞ്ഞിട്ടും ഉപയോഗിക്കാതെ ഉപകരണ ഭാഗങ്ങൾ തുരുമ്പെടുത്തു നശിച്ചതോടെയാണ് ഇവിടെനിന്നു മാറ്റി ഗ്രാമപഞ്ചായത്തിനു മുന്നിൽ പാതയോരത്തു കൊണ്ടിട്ടത്.16 ലക്ഷത്തിലധികം രൂപ ചിലവഴിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി വാങ്ങിയ കൊയത്തു യന്ത്രമാണ് 15 വർഷങ്ങൾക്കുശേഷം പുറത്തെത്തുന്നത്. കർഷകർക്ക് ഉപകാരപ്രദമായ ഉപകരണങ്ങൾ കണ്ടെത്തി തിരിച്ചുപിടിച്ച് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ നടപടിയെടുക്കണമെന്ന് പാടശേഖര സമിതി അംഗങ്ങൾ അറിയിച്ചു.

# കുതിരാൻ തുരങ്കത്തിൽ കുരുക്കുതന്നെ



**വടക്കഞ്ചേരി:** ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയതിനെത്തുടർന്ന് കുതിരാൻ തുരങ്കത്തിൽ കുരുക്ക് തുടരുന്നു. വടക്കഞ്ചേരി - മണ്ണുത്തി ദേശീയപാത കുതിരാൻ തുരങ്കത്തിലൂടെ ഇരുവശങ്ങളിലേക്കും വാഹനങ്ങൾ കടത്തിവിടുന്നുണ്ട്. ഇതാണ് കുരുക്ക് രൂക്ഷമാക്കുന്നത്. വൈകിട്ട് നാലിനുശേഷമാണ് കുരുക്ക് കൂടുതലുള്ളത്. മൂന്ന് വരിയായി വരുന്ന വാഹനങ്ങൾ ഒരു വരിയിലേക്ക് ചുരുങ്ങിയ അവസ്ഥയിലാണ്. ചരക്കുവാഹനങ്ങളെ മറ്റു വാഹനങ്ങൾക്ക് മറികടക്കാനാവില്ല.രോഗികളുമായി പോകുന്ന ആംബുലൻസ് ഉൾപ്പെടെ ഇത്തരത്തിൽ കുടുങ്ങുന്നുണ്ടെങ്കിലും നാട്ടുകാർ ഇടപെട്ട് കടത്തിവിടുകയാണ്. വാഹനങ്ങൾ കൂടുതലുള്ളപ്പോൾ ചിലപ്പോൾ ഇത് നടക്കില്ല. ഒഴിവുദിവസങ്ങളിലാണ് കൂടുതൽ തിരക്ക്. ഈ സമയം പാലക്കാട് ഭാഗത്തേക്ക് വരുന്ന വാഹനങ്ങൾ കുതിരാൻ റോഡിലൂടെ കടത്തിവിട്ടാണ് കുരുക്ക് നിയന്ത്രിക്കുക. ദേശീയപാത നവീകരണത്തിന്റെ ഭാഗമായി നിലവിലെ കുതിരാൻ പാത പൊളിക്കാനാണ് കഴിഞ്ഞ മാസം 25 മുതൽ കുതിരാനിലെ ഇടത് തുരങ്കത്തിലൂടെ ഇരുവശത്തേക്കും വാഹനങ്ങൾ കടത്തിവിടാൻ തുടങ്ങിയത്.

# അമിത വേഗക്കാരെ കുടുക്കാൻ ആധുനിക ക്യാമറ

**ഷൊർണൂർ:** അമിത വേഗതയിൽ ലക്കും ലഗാനുമില്ലാതെ വാഹനമോടിക്കുന്നവർ ജാഗ്രതൈ. നിങ്ങളെ കുരുക്കാൻ പ്രാധാന പാതകളിൽ അത്യന്താധുനിക ക്യാമറകൾ ഉടൻ വരും. മരണപ്പാച്ചിൽ നടത്തുന്നവരെ തേടി നിയമ നടപടികളും അതിവേഗം പറകെയെത്തും.മോട്ടോർ വാഹനവകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കൺട്രോൾ റൂം ഇതിനായി ഉടൻ തുറക്കും. പദ്ധതിയുടെ ഭാഗമായി 54 അത്യന്താധുനിക ക്യാമറകളും സജ്ജമായിക്കഴിഞ്ഞു. ജില്ലയിലെ എല്ലാ വേഗനിരീക്ഷണ കാമറകളുടെയും നിയന്ത്രണം പാലക്കാട്ടെ കൺട്രോൾ റൂമിലേക്ക് മാറ്റുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്.നിലവിൽ കോഴിക്കോട്ടെ കൺട്രോൾ റൂം മുഖാന്തിരമുള്ള നിയന്ത്രണമാണു പാലക്കാട്ടേക്ക് മാറ്റുന്നത്. ഇതോടെ വേഗത ലംഘിച്ചുള്ള എല്ലാ നിയമലംഘനങ്ങൾക്കുമുള്ള നടപടി പാലക്കാട്ടുനിന്നുതന്നെ സ്വീകരിക്കാനാകും. ഇതിനുശേഷമാകും നിർമിതബു ദ്ധിയുള്ള (ആർടിഫിഷ്യൽ ഇൻറലിജൻസ്) ക്യാമറകൾ സ്ഥാപിക്കുക. ജില്ലയിലെ പ്രധാന നിരത്തുകളിലേക്കു കണ്ണുംനട്ട് 43 കാമറകളാണ് മോട്ടോർ വാഹനവകുപ്പിന്റെ കീഴിലുള്ളത്. നിരീക്ഷണത്തിന് പുറമേ വേഗതാ നിബന്ധന ലംഘിക്കുന്ന വാഹനങ്ങളെ കണ്ടെത്തും. നിലവിൽ ഇങ്ങനെ വേഗപരിധിവിടുന്ന വാഹനങ്ങളുടെ ദൃശ്യങ്ങളെല്ലാം കോഴിക്കോട് കൺട്രോൾ റൂമിലാണു പരിശോധിക്കുന്നത്. ഇ ചലാൻ സംവിധാനം വഴിയാണ് പിഴയടക്കമുള്ള നടപടികൾ സ്വീകരിക്കുന്നത്.ഈ വർഷം ആദ്യം ജില്ലയ്ക്ക് പ്രത്യേകമായി കൺട്രോൾ റൂം തുറന്നിരുന്നു. ജി.പി.എസുള്ള വാഹനങ്ങൾ, കാമറകൾ എന്നിവ നിരീക്ഷിക്കാനായാണ് എൻഫോഴ്സ്മെൻറ് വിഭാഗത്തിന്റെ കീഴിൽ കൺട്രോൾ റൂം തുടങ്ങിയിരുന്നത്. എന്നാൽ കാമറകളുടെ നിയന്ത്രണം ഇവിടേക്കു മാറ്റാത്തതുമൂലം കാര്യമായ പ്രവർത്തനങ്ങളൊന്നും കൺട്രോൾ റൂമിൽ നടന്നിരുന്നില്ല. നിയന്ത്രണം പാലക്കാട്ടേക്കാകുന്നതോടെ ജില്ലയിലെ മോട്ടോർ വാഹനവകുപ്പുതന്നെ റോഡുകളെ നിരീക്ഷിക്കുന്ന രൂപത്തിലാവുകയും അത്യാവശ്യസമയത്ത് കൃത്യമായി ഇടപെടൽ നടത്താനാവുകയും ചെയ്യും. കൺട്രോൾ റൂം ഉടൻ സജ്ജമാകുമെന്നു മോട്ടോർ വാഹനവകുപ്പ് അധികൃതർ പറഞ്ഞു. ഇതിനുശേഷം എല്ലാ നിയമലംഘനങ്ങളും കണ്ടെത്താവുന്ന നിർമിതബുദ്ധിയുള്ള 54 ക്യാമറകൾ സ്ഥാപിക്കും. അമിത വേഗതയാണു റോഡപകടങ്ങൾ വർധിക്കാൻ പ്രധാനകാരണമെന്ന് അധികൃതർ പററയുന്നു. ലക്കും ലഗാനുമില്ലാതെ പായുന്ന വാഹനങ്ങൾ നിരവധി ജീവനുകളാണ് ഇതിനകം അപഹരിച്ചിട്ടുള്ളത്.

# 5 മാസം തുറന്നിട്ട ഷട്ടറുകൾ അടച്ചു



**വടക്കഞ്ചേരി:** നീരൊഴുക്ക് കുറഞ്ഞതോടെ മംഗലം അണക്കെട്ടിന്റെ ഷട്ടറുകൾ അടച്ചു, ഈ വർഷം ഷട്ടറുകൾ തുറന്നത് 147 ദിവസം. മഴ കുറഞ്ഞതും രണ്ടാംവിള നെൽ കൃഷിക്കായി കനാലുകൾ തുറന്നതിനാലുമാണ് ഷട്ടറുകൾ വ്യാഴാഴ്ച അടച്ചത്. മംഗലം അണക്കെട്ടിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ സമയം ഷട്ടർ തുറന്നിട്ടത് ഈ വർഷമാണ്. കഴിഞ്ഞ ജൂലൈ 15ന് തുറന്ന ഷട്ടറുകൾ ഡിസംബർ ഒമ്പതിനാണ് അടച്ചത്. ഇതിനിടെ ഒരു തവണപോലും പൂർണമായും അടച്ചില്ല, സാധാരണ ഷട്ടർ തുറന്നാലും ജലനിരപ്പിനനുസരിച്ച് ഇടയ്ക്ക് അടയ്ക്കാറുണ്ടായിരുന്നു. ആറ് ഷട്ടറുകളും തുറന്നു എന്നതും പ്രത്യേകതയാണ്.ഷട്ടറുകൾ അടച്ചെങ്കിലും ഇപ്പോഴും 77.70 മീറ്റർ ജലനിരപ്പ് അണക്കെട്ടിലുണ്ട്. 77.88 മീറ്ററാണ് പരമാവധി ജലനിരപ്പ്. വെള്ളിമുതൽ കനാൽ തുറന്നതോടെ ജലനിരപ്പ് ക്രമീകരിക്കപ്പെടും. ഈ വർഷം അഞ്ചുമാസം ഷട്ടറുകൾ തുറന്നു. കഴിഞ്ഞ വർഷം ഇത് മൂന്ന് മാസംമാത്രമായിരുന്നു. കഴിഞ്ഞവർഷം ആഗസ്ത് മൂന്നിന് ഷട്ടറുകൾ തുറന്നത് നവംബർ 11ന് അടച്ചു. ഇതിനിടയിൽ നിരവധി തവണ പൂർണമായി അടയ്ക്കുന്ന സാഹചര്യവുമുണ്ടായി.ഈ വർഷം പെയ്ത കനത്തമഴയാണ് ഇത്രയും നാൾ ഷട്ടറുകൾ തുറന്നിരിക്കാൻ കാരണം. അണക്കെട്ടിൽ ചെളിയും മണ്ണും നിറഞ്ഞ് സംഭരണശേഷി കുറഞ്ഞതും പെട്ടെന്ന് നിറയാൻ കാരണമായിട്ടുണ്ട്. ഈ വർഷംമുതൽ ചെളിനീക്കം ചെയ്യുന്ന പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്. മംഗലം അണക്കെട്ടിൽ സമാനമായ അവസ്ഥ ഉണ്ടായിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്ന

# ആദിവാസികളിൽ മദ്യപാന ശീലം വർധിച്ചു ; വനിതാ കമ്മീഷൻ

**അഗളി:** ആദിവാസി വിഭാഗക്കാർക്ക് ഇടയിൽ മദ്യപാന ശീലം വർധിച്ചുവരുന്നതായി വനിതാ കമ്മീഷൻ അധ്യക്ഷ പി.സതീദേവി. വനിതാ കമ്മീഷന്റെ രണ്ടു ദിവസത്തെ ഊരുസന്ദർശനത്തിനുശേഷം മാധ്യമ പ്രവർത്തകരോടു പ്രതികരിക്കുകയായിരുന്നു അവർ. സ്ത്രീകൾ ഉൾപ്പെടെയുള്ളവർ മദ്യവും മയക്കുമരുന്നുകളും ഉപയോഗിക്കുന്നതായി കമ്മീഷനു ബോധ്യപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ ജീവിതശൈലീ പ്രശ്നങ്ങളും ജനിതകമായ പ്രശ്നങ്ങളും നിലനിൽക്കുന്നതായി ഐടിഡിപിയുടെ വിശദീകരണത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. ഇതിനെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി സമഗ്ര സർവേ വേണമെന്ന ആവശ്യം സർക്കാരിനെ അറിയിക്കും. പട്ടികവർഗ വിഭാഗത്തിലെ പുരുഷന്മാർ അധ്വാനശീലം ഇല്ലാത്തവരായും ഇതു പരിഹരിക്കാൻ സമഗ്ര കാർഷിക പദ്ധതികൾ ആവിഷ്കരിക്കണമെന്നും ജില്ലാ പഞ്ചായത്ത് ഇതിനു നേതൃത്വം നൽകണമെന്നും ആവശ്യപ്പെട്ടു. ഊരുകളിൽ സാമൂഹ്യ അടുക്കള ലോക്ഡൗൺ കാലത്തും പ്രവർത്തിച്ചിരുന്നതായും കമ്യൂണിറ്റി കിച്ചൻ വഴി ആഹാരം ലഭിച്ചിരുന്നതിനാൽ ഊരുകളിൽ പോഷകാഹരക്കുറവ് ഉള്ളതായി കണ്ടെത്തിയിട്ടില്ലെന്നും വികസനപദ്ധതികൾ ശരിയായ രീതിയിൽതന്നെയാണ് നടക്കുന്നതെന്നും കമ്മീഷൻ വിലയിരുത്തി. ജനനീ ജന്മരക്ഷാപദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്ന ഉണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ജനനി ശിശു സുരക്ഷ കാര്യക്രമ മാതൃ വന്ദനം പദ്ധതികൾ കോവിഡ് പ്രതിസന്ധി മുൻപുതന്നെ നിർത്തലാക്കി.ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽനിന്ന് വിശദീകരണം തേടും.അട്ടപ്പാടിയിൽ പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇതിൽ അകപ്പെട്ടവരുടെ പുനരധിവാസത്തിന് ആവശ്യമായ ഷെൽട്ടർ ഹോമുകൾ അട്ടപ്പാടിയിലില്ല. ഇത് പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ നടപടി സ്വീകരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ കേന്ദ്രീകരിച്ച് ജാഗ്രതാ സമിതി രൂപീകരിക്കുകയും ആയതിൻറെ അവലോകനം മൂന്നുമാസത്തിലൊരിക്കൽ നടത്തുകയും വേണം. പഞ്ചായത്തുകളിൽ കൗൺസിലർമാരെ നിയമിക്കുന്നതിനും നിർദ്ദേശം നൽകി. അന്താരാഷ്ട്ര മനുഷ്യാവകാശദിനത്തോടനുബന്ധിച്ചാണ് വനിതാ കമ്മീഷൻ അട്ടപ്പാടിയിൽ സന്ദർശനം നടത്തിയത്. അഗളി മേലെഊരും, കുന്നംചാള ഊരിലും കമ്മീഷൻ അംഗങ്ങൾ സന്ദർശനം നടത്തി. അഗളി കിലയിൽ കഴിഞ്ഞ ദിവസം വനിതാ കമ്മീഷൻ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി കമ്മീഷൻ അധ്യക്ഷ പി.സതീദേവി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനുമോൾ അധ്യക്ഷതവഹിച്ചു. കേരള വനിതാ കമ്മീഷൻ അംഗങ്ങളായ ഷിജി ശിവജി, എം.എസ്.താര, വനിതാ കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ, ഭക്ഷ്യസുരക്ഷാ അംഗം രമേശ്, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മരുതി മുരുകൻ, അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ പങ്കെടുത്തു

# വനംവകുപ്പിന്റെ ജണ്ടയിടൽ നിർത്തി

**മണ്ണാർക്കാട്:** കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ഇരുമ്പകച്ചോല നറുക്കംചോല കോളനിയിൽ ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് ജണ്ട കെട്ടുന്നത് വനം വകുപ്പ് നിർത്തിവച്ചു. പ്രദേശത്ത് പഞ്ചായത്ത് ഭരണസമിതി പരിശോധിച്ചു. വനംവകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തതിനുശേഷം ജണ്ടകെട്ടൽ തുടർന്നാൽ മതിയെന്ന് പഞ്ചായത്ത് നിർദേശം നൽകിയ ശേഷമാണ് ജണ്ട കെട്ടൽ നിർത്തിവച്ചത്. വീടും സ്ഥലവും നഷ്ടപ്പെടാത്ത രീതിയിലുള്ള തീരുമാനം ഉണ്ടാകുമെന്ന് പഞ്ചായത്ത് അധികൃതർ കോളനിവാസികൾക്ക് ഉറപ്പുനൽകി.നറുക്കംചോല കോളനിയിലെ 12 കുടുംബങ്ങളിൽ ആറ് കുടുംബം വനത്തിനകത്ത് വരുന്ന രീതിയിൽ വനംവകുപ്പ് ജണ്ട കെട്ടുന്നതിനെതിരെയാണ് പ്രതിഷേധമുണ്ടായത്.പ്രദേശവാസികൾ പരാതിപ്പെട്ടതിനെത്തുടർന്ന് കാഞ്ഞിരപ്പുഴ പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷയും വാർഡ് അംഗവുമായ മിനിമോൾ ജോൺ, പ്രസിഡ?ന്റ് സതി രാമരാജൻ, വൈസ് പ്രസിഡ?ന്റ് സിദ്ദീഖ് ചേപ്പോടൻ, സ്ഥിരംസമിതി അധ്യക്ഷൻ കെ എ പ്രദീപ ് എന്നിവർ കോളനിയിലെത്തി വനപാലകരുമായി ചർച്ച ചെയ്തു. കോളനി മൂപ്പ?ന്റെ വീട് ഉൾപ്പെടെ വനത്തിനകത്ത് വരുന്ന രീതിയിലുള്ള പുതിയ സർവേ അനുവദിക്കാനാകില്ലെന്ന് പഞ്ചായത്ത് വനംവകുപ്പിനെ അറിയിച്ചു.

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പിന്റെ സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ജില്ലാഘടകങ്ങളായ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലും 2022 മാർച്ചിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓരോ ജില്ലയിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ചെയർപേഴ്സന്റെ ഒരു ഒഴിവും മെമ്പർമാരുടെ നാല് ഒഴിവുകളുമാണുള്ളത്. ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ സോഷ്യൽ വർക്കർ മെമ്പർമാരുടെ രണ്ട് ഒഴിവുകൾ വീതമുണ്ട്. ഇതുസംബന്ധിച്ച വിജ്ഞാപനം ഗസറ്റിലും വനിതാശിശുവികസന വകുപ്പിന്റെ (wcd.kerala.gov.in) വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. താത്പര്യമുള്ളവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഡിസംബർ 24 ന് വൈകിട്ട് അഞ്ചു മണിക്ക് മുമ്പ് വനിതാ ശിശുവികസന ഡയറക്ടർ, സംയോജിത ശിശുസംരക്ഷണ പദ്ധതി, ജയിൽ കഫെറ്റീരിയക്കെതിർവശം, പൂജപ്പുര, തിരുവനന്തപുരം - 695012 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.

### ഒഴിവ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ 30/09/2024 വരെ കാലാവധിയുള്ള ഒരു സമയബന്ധിത ഗവേഷണ പദ്ധതിയായ ''ഡൈവേഴ്സിറ്റി ആൻഡ് സീസണൽ വേരിയേഷൻ ഓഫ് ഫ്രെഷ് വാട്ടർ അൽഗാഇ ഇൻ ദി സെലക്ടഡ് വാട്ടർ ബോഡീസ് ഓഫ് ഡീഗ്രേഡഡ് ആൻഡ് നോൺ-ഡീഗ്രേഡഡ് എവർഗ്രീൻ ഫോറസ്റ്റ്സ് ഓഫ് കേരള'' യിൽ ഒരു പ്രോജക്ട് ഫെല്ലോയുടെ താത്ക്കാലിക ഒഴിവിലേക്ക് 20ന് രാവിലെ 10 മണിക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ എഴുത്തുപരീക്ഷയും വാക്-ഇൻ-ഇന്റർവ്യൂവും നടത്തും.

### അപേക്ഷിക്കാം

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്, ഹോസ്പിറ്റൽ സി. എസ്. എസ്. ഡി ഡിവൈസ് റീപ്രോസസ്സിംഗ് ക്വാളിറ്റി മാനേജ്മെന്റ് ഓൺലൈൻ പാർട്ട് ടൈം സർട്ടിഫിക്കറ്റ് പ്രോഗ്രാമിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു . മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രിയോ/ ഡിപ്ലോമയോ ഉള്ളവർക്കും സി. എസ്. എസ്. ഡി ടെക്നീഷ്യർക്കും ഡിസംബർ 15 നകം അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് www.srccc.in എന്ന വെബ്സൈറ്റിലും 8301915397 / 9447049125 എന്ന നമ്പറുകളിലും ലഭിക്കും.

### എസ്റ്റിമേറ്റ് നൽകണം

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് റൂൾസ് 1985 പ്രകാരം റെക്കഗ്നൈസ്ഡ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷനായി അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളും, ആശുപത്രികളും 2022 ലേക്കുള്ള എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ ആവശ്യകത സംബന്ധിച്ച എസ്റ്റിമേറ്റ് നവംബർ 30ന് മുമ്പും ഡിസംബർ 31ന് കാലാവധി അവസാനിക്കുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ഠ മാതൃകയിൽ ഡിസംബർ 31 നകവും എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ വാങ്ങൽ, വിതരണം സംബന്ധിച്ച സ്ഥിതി വിവരകണക്ക് 2022 മാർച്ച് 31 നകവും സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

### തൊഴിൽ മേള

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കാര്യവട്ടം യൂണിവേഴ്സിറ്റി എൻജിനിയറിങ് കോളേജും സംയുക്തമായി ഡിസംബർ 11 ന് നിയുക്തി-2021 തൊഴിൽ മേള നടത്തും. തൊഴിൽ മേളയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 30 നകം ംംം.ഷീയ ളലൈ.സലൃമഹമ.ഴീ.ശി ൽ രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക്: 9495640717, 7994705256.



# സുൽത്താൻപടിയിൽ ടിപ്പറുകൾ കൂട്ടിയിടിച്ചു

**എടക്കര:** ചെങ്കല്ലുമായി വന്ന ടിപ്പർ ലോറി നിയന്ത്രണം വിട്ട് ടോറസിലിടിച്ച് അപകടം. ഡ്രൈവർമാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. ചാത്തംമുണ്ട സുൽത്താൻപടിയിൽ ഇന്നലെ രാവിലെ എട്ടേമുക്കാലോടെയാണ് അപകടമുണ്ടായത്. ചുങ്കത്തറ-പൂക്കോട്ടുമണ്ണ വഴി ചെങ്കല്ല് കയറ്റി വരികയായിരുന്ന ടിപ്പർ നിയന്ത്രണം വിട്ട് സുൽത്താൻപടിയിൽ പാലുണ്ട-മുണ്ടേരി റോഡിലേക്കു പ്രവേശിക്കുന്പോഴാണ് അപകടമുണ്ടായത്. കരിങ്കല്ലിറക്കി പോത്തുകല്ലിൽ നിന്നു വരികയായിരുന്ന ടോറസുമായാണ് ടിപ്പർ കൂട്ടിയിടിച്ചത്. ഇടിയുടെ ആഘാതത്തിൽ ടിപ്പറിൻറെ മുൻവശം പാടെ തകർന്നു. ക്ലീനറുടെ സീറ്റിൽ ആളില്ലാതിരുന്നതിനാലാണ് വൻ അപകടം ഒഴിവയത്. അപകടത്തെത്തുടർന്ന് പാലുണ്ട-മുണ്ടേരി റൂട്ടിൽ ഒരു മണിക്കൂറോളം ഗതാഗതം തടസപ്പെട്ടു. പോത്തുകല്ലിൽ നി

# ഡ്രൈവർമാരുടെ 'ഉറക്കം കെടുത്താൻ', പുതിയ പാതകളിലും റമ്പിൾ സ്ട്രിപ്

**മലപ്പുറം:** റോഡപകടങ്ങൾ കുറക്കാൻ 'റമ്പിൾ സ്ട്രിപ്'. പുതുതായി നിർമിക്കുന്ന ദേശീയപാതകളിലും നിലവിൽ നവീകരിക്കുന്ന ദേശീയപാതകളിലും റമ്പിൾ സ്ട്രിപ്പുകൾ സ്ഥാപിക്കാനാണ് കേന്ദ്ര തീരുമാനം.അശ്രദ്ധമായി വണ്ടിയോടിക്കുന്ന ഡ്രൈവർമാരെ ശബ്ദത്തിലൂടെയും വൈബ്രേഷനിലൂടെയും ജാഗ്രതയുള്ളവരാക്കുന്നതിനും അപകടങ്ങൾ കുറക്കുന്നതിനും വേണ്ടിയാണ് സ്ട്രിപ്പുകൾ സ്ഥാപിക്കുന്നത്.തടസ്സരഹിതമായ റോഡുകളിലൂടെയുള്ള ദീർഘദൂര യാത്രക്കിടെ ഡ്രൈവർമാർ ഉറങ്ങുന്നതിനാലും തിരക്കേറിയ അങ്ങാടികളിൽ വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിക്കുന്നതിനാലുമുണ്ടാവുന്ന അപകടങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെയാണ് സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രം തീരുമാനിച്ചത്. രാജ്യവ്യാപകമായി നടപ്പാ



ക്കുന്ന തീരുമാനത്തിന്റെ ഭാഗമായാണ് സംസ്ഥാനത്തും സ്ട്രിപ്പുകൾ വരുന്നത്. മഹാരാഷ്ട്ര, ഗുജറാത്ത്, കർണാടക സംസ്ഥാനങ്ങളിലാണ് ഇതിനകം ഇത് നടപ്പാക്കിയിരിക്കുന്നത്. നേരത്തേ, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ബ്ലാക്ക് സ്പോട്ടുകളായി കണ്ടെത്തിയ ഇടങ്ങളിലും പ്രധാന നഗരങ്ങളിലുമാണ് സ്ട്രിപ സ്ഥാപിക്കുന്നത്. ഇത്തരം ഇടങ്ങളിൽ എത്തുന്നതിന് മുമ്പും ശേഷവുമായി മൂന്ന് വീതം സ്ട്രിപ്പുകളുമാണുള്ളത്. മൂന്നും വ്യത്യസ്ത കനത്തിലാണ് ഒരുക്കിയിരിക്കുന്നത്.കോഴിക്കോട്-പാലക്കാട് പാതയിൽ മലപ്പുറത്തിനും കൊണ്ടോട്ടിക്കും ഇടയിൽ സമാനമായ രീതിയിൽ സ്ട്രിപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. വിഷയത്തിൽ ജനപ്രതിനിധികൾ അടക്കമുള്ളവർ പരാതി ഉന്നയിച്ചിരുന്നു.തുടർന്ന് പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദേശീയപാതകളിലെ വാഹനങ്ങളുടെ വേഗത കുറക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്ട്രിപ്പുകൾ സ്ഥാപിച്ചതെന്നും തീരുമാനം മാറ്റില്ലെന്നും ദേശീയപാത അധികൃതർ അറിയിച്ചിരുന്നു.

# രാത്രി നടന്ന് സ്ത്രീകൾ

**മലപ്പുറം :** 'പൊതുയിടം എന്റേതും' മുദ്രാവാക്യമുയർത്തി സ്ത്രീകളുടെ രാത്രി നടത്തം. സംസ്ഥാന വനിതാ ശിശുവികസന വകുപ്പാണ് ലിംഗാധിഷ്ഠിത വിവേചനങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരെ പൊതുബോധം ഉയർത്താൻ പരിപാടി സംഘടിപ്പിച്ചത്. ജില്ലയിൽ 29 കേന്ദ്രങ്ങളിൽ പരിപാടി നടന്നു. മനുഷ്യാവകാശ ദിവസമായ വെള്ളിമുതൽ വനിതാദിനമായ മാർച്ച് എട്ടുവരെ വിവിധ ദിവസങ്ങളിൽ പരിപാടി നടക്കും. മലപ്പുറത്ത് കുന്നുമ്മൽ കെഎസ്ആർടിസി ബസ്സ് സ്റ്റാൻഡ് പരിസരം മുതൽ കോട്ടപ്പടി ജങ്ഷൻ വരെയായിരുന്നു നടത്തം. അഞ്ചും ആറും പേരുള്ള ചെറു സംഘമായി രാത്രി 10 മുതൽ 12 വരെയാണ് നടന്നത്. ഫ്ലാഷ്മോബും അരങ്ങേറി.

# മറനീക്കിയത് ലീഗിന്റെ കപട മതേതരമുഖം

**മലപ്പുറം :** വഖഫ് നിയമനങ്ങൾ പിഎസ്സിക്ക് വിട്ടതിന്റെ പേരിൽ റാലി നടത്തിയതിലൂടെ മുസ്ലിംലീഗിന്റെ കപട മതേതരമുഖമാണ് പുറത്തുവന്നതെന്ന് സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു. മുസ്ലിം സമുദായം നേരിട്ട ഗൗരവതരമായ വിഷയങ്ങളിലൊന്നും പരസ്യ പ്രതികരണത്തിന് തയാറാകാതിരുന്ന ലീഗ് വഖഫ് വിഷയത്തിൽ പ്രത്യക്ഷ സമരത്തിനിറങ്ങിയതിനുപിന്നിൽ രാഷ്ട്രീയതാൽപ്പര്യംമാത്രമാണ്. നാടിന്റെ സാഹോദര്യവും ക്രമസമാധാന വാഴ്ചയും തകർക്കുകയാണ് ലക്ഷ്യം. പള്ളികളെ ഉപയോഗിച്ച് വിദ്വേഷ പ്രചാരണമാണ് ലീഗ് ആദ്യം ലക്ഷ്യമിട്ടത്. സംഘപരിവാറിന് വളം നൽകുന്ന നീക്കമായിരുന്നു അത്. സമസ്ത ഉൾപ്പെടെയുള്ള സംഘടനകൾ ശരിയായ നിലപാട് സ്വീകരിച്ചതുകൊണ്ടാണ് ഇത് തകർന്നത്. പൊതുസമൂഹത്തിൽ ഒറ്റപ്പെട്ടതിലുള്ള ജാള്യം മറയ്ക്കാനാണ് പ്രത്യക്ഷ സമരവുമായി ലീഗ് രംഗത്തിറങ്ങിയത്. നിയമസഭാ തെരഞ്ഞെടുപ്പിൽ അസ്തിത്വം നഷ്ടമായ ലീഗ് വർഗീയ നിലപാടുയർത്തി സർക്കാരിനെതിരെ മുസ്ലിം ഏകോപനമുണ്ടാക്കാനുള്ള ശ്രമത്തിലാണ്. മതമൗലികവാദ സംഘടനയായ ജമാഅത്തെ ഇസ്ലാമിയുടെ ശിഷ്യത്വം സ്വീകരിച്ചാണ് അവരുടെ പോക്ക്. രാഷ്ട്രീയ മുദ്രാവാക്യങ്ങൾക്ക് പകരം വർഗീയ പ്രചാരണം നടത്തുന്നത് ഇതിന്റെ ഭാഗമാണ്. മുസ്ലിം സമുദായങ്ങളെ ബാധിക്കുന്ന ഗൗരവതരമായ വിഷയങ്ങളിൽ മൗനംപാലിച്ച പാരമ്പര്യമാണ് ലീഗിനുള്ളത്. ബാബ്റി മസ്ജിദ് തകർത്തപ്പോൾ ലീഗ് കാഴ്ചക്കാരായിനിന്നു. കേന്ദ്രഭരണത്തിൽ പങ്കാളിയായ ലീഗ് അതിനെതിരെ ഒരക്ഷരം പ്രതികരിച്ചില്ല. മുസ്ലിം ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന നിയമ നിർമാണങ്ങൾക്കെതിരെ പാർലമെന്റിനകത്തും പുറത്തും അവർ ശബ്ദിച്ചില്ല. രാഷ്ട്രപതി തെരഞ്ഞെടുപ്പിലും മുത്തലാഖ് ബില്ലിന്റെ ചർച്ചയിലും പാർലമെന്റിൽ പോലും ലീഗ് എംപിമാർ ഹാജരായില്ല. അന്നൊന്നുമില്ലാത്ത സമുദായ സ്നേഹം വഖഫ് വിഷയത്തിൽ ഉയർത്തുന്നതിന് പിന്നിൽ ഗൂഢ ലക്ഷ്യങ്ങളാണുള്ളത്. വഖഫ് സംരക്ഷണ റാലിയിലൂടെ ലീഗിന്റെ വർഗീയ മുഖം കൂടുതൽ വെളിപ്പെട്ടിരിക്കുകയാണെന്നും സെക്രട്ടറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു.

# മാധ്യമ നുണകൾ പൊളിഞ്ഞു; കെട്ടുറപ്പോടെ മുന്നോട്ട്

**മലപ്പുറം :** ജില്ലയിൽ 16 ഏരിയാ സമ്മേളനങ്ങളും പൂർത്തിയാക്കി സിപിഐ എം ജില്ലാ സമ്മേളനത്തിലേക്ക്. വലതുപക്ഷ മാധ്യമങ്ങളുടെ പ്രചാരവേലകൾ അപ്രസക്തമാക്കിയാണ് ഏരിയാ സമ്മേളനങ്ങൾ പൂർത്തിയായത്. നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പാർടി നടപടികൾ ഉയർത്തി സമ്മേളനങ്ങൾ കലുഷിതമാകുമെന്ന മാധ്യമ പ്രവചനങ്ങൾ അസ്ഥാനത്തായി. മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനത്തിനും അവകാശപ്പെടാനില്ലാത്ത ജനാധിപത്യ മാർഗത്തിലൂടെയാണ് ഏരിയാ കമ്മിറ്റികൾ നിലവിൽ വന്നത്.പൊന്നാനിയിലും പെരിന്തൽമണ്ണയിലും സമ്മേളനങ്ങൾ കലങ്ങുമെന്നായിരുന്നു മാധ്യമ പ്രവചനം. അതിനായി നിരന്തരം വാർത്തകൾ ചമച്ചു. എന്നാൽ, നുണക്കോട്ടകൾ തകർന്നു.ജില്ലയിൽ 2351 ബ്രാഞ്ച് സമ്മേളനങ്ങളാണ് നവംബറിൽ പൂർത്തിയായത്. നാടിന്റെ ഹൃദയമിടിപ്പായ ബ്രാഞ്ചുകൾ ചലിപ്പിക്കാൻ 72 സ്ത്രീകളെ പാർടി ചുമതലപ്പെടുത്തി. മറ്റ് സംഘടനകൾക്ക് ആലോചിക്കാനാകാത്ത തീരുമാനം. തുടർന്ന് 143 ലോക്കൽ സമ്മേളനങ്ങൾ. പൊതു രാഷ്ട്രീയ-സംഘടനാ വിഷയങ്ങൾക്കുപുറമെ ഓരോ പ്രദേശത്തിന്റെയും സവിശേഷ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുക്കാൻ കർമപദ്ധതികൾ തയാറാക്കിയാണ് ലോക്കൽ സമ്മേളനങ്ങൾ സമാപിച്ചത്. പുതിയ കാലത്തിന്റെ വെല്ലുവിളികളും പ്രവർത്തനങ്ങളിൽ വരുത്തേണ്ട കാലോചിത മാറ്റങ്ങളും ചർച്ചയായി. കൂടുതൽ കെട്ടുറപ്പുള്ള സംഘടനയായി മാറാനുള്ള കർമപദ്ധതികൾക്കും രൂപംനൽകി. മത-വർഗീയ രാഷ്ട്രീയം ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിച്ച് കൂടുതൽ കരുത്തുറ്റ വിപ്ലവ പ്രസ്ഥാനമായി മാറുമെന്ന പ്രഖ്യാപനമായി സമ്മേളനങ്ങൾ.

# റിലേ മത്സരത്തിൽ സ്റ്റാർസ് ഓഫ് കൂട്ടായിക്ക് കിരീടം

**തിരൂർ :** തീരദേശത്തെ ആവേശത്തിരയിളക്കി റിലേ മത്സരത്തിൽ സ്റ്റാർസ് ഓഫ് കൂട്ടായിക്ക് കിരീടം. ഡി കമ്പനി പടിഞ്ഞാറെകര രണ്ടാം സ്ഥാനം നേടി. വനിതാ മത്സരത്തിൽ ബാലസംഘം പ്രവർത്തകരായ ശിഖ ഒന്നാമതും ഫസ്ന രണ്ടാം സ്ഥാനവും നേടി. സിപിഐ എം മലപ്പുറം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി പുറത്തൂർ വെസ്റ്റ് ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് 4 ത 100 റിലേ മത്സരം കൂട്ടായി ഹൈസ്കൂൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ചത്. ചടങ്ങിൽ സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം ഇ ജയൻ, ജില്ലാ കമ്മിറ്റി അംഗം കുട്ടായി ബഷീർ, ഏരിയാ സെക്രട്ടറി അഡ്വ. പി ഹംസക്കുട്ടി, ഏരിയാ കമ്മിറ്റി അംഗങ്ങളായ സി ഒ ബാബുരാജ്, എ പ്രേമാനന്ദൻ, ലോക്കൽ സെക്രട്ടറി കെ വി എം ഹനീഫ, എ കെ മജീദ്, കാസിം വാടി എന്നിവർ സംസാരിച്ചു. വിജയികൾക്ക് പുറത്തൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുഹറ ആസിഫ്, സ്ഥിരം സമിതി അധ്യക്ഷൻ കെ ടി പ്രശാന്ത്, ബ്ലോക്ക് മെമ്പർ കെ പി സെലീന, ഹസ്പ്ര യഹ് യ എന്നിവർ ട്രോഫികൾ വിതരണംചെയ്തു. വി ജാഫർ സ്വാഗതവും എ പി മുസാഫിർ നന്ദിയും പറഞ്ഞു.






# മൂന്നാം ദിവസവും കടുവയുടെ സാന്നിധ്യം


**കാളികാവ്:**കടുവയെ കുടുക്കാൻ വനം വകുപ്പ് സ്ഥാപിച്ച കെണി നോക്കുകുത്തിയാക്കി രണ്ടു ദിവസംമുന്പ് കടുവ കൊന്നിട്ട പന്നിയവശിഷ്ടം പൂർണമായും തിന്നു കടുവ സ്ഥലം വിട്ടു. പുല്ലങ്കോട് എസ്റ്റേറ്റിൽ കെണി സ്ഥാപിച്ച അതേ സ്ഥലത്താണ് മൂന്നാം ദിവസവും കടുവയെത്തിയത്. കഴിഞ്ഞ ചൊവ്വാഴ്ച രാത്രി ഒരു പന്നിയെ കൊന്നു പാതി തിന്നതിനു ശേഷം കടുവ വനത്തിലേക്കു പോയി. ബുധനാഴ്ച വീണ്ടുമെത്തി അതേപന്നിയുടെ മുക്കാൽ ഭാഗം തിന്നുകയും അന്നു തന്നെ മറ്റൊരു ഭീമൻ പന്നിയെ കൊന്നിടുകയും ചെയ്തിരുന്നു. ഇതിനെ തുടർന്നാണ് വ്യാഴാഴ്ച വനംവകുപ്പും എസ്റ്റേറ്റ് മാനേജ്മെൻറും ചേർന്ന് സംഭവസ്ഥലത്ത് പട്ടിയെ കെട്ടിയിട്ട് കെണിയൊരുക്കിയത്. തുടർന്ന് വനം വകുപ്പിൻറെ ആർആർടി വിഭാഗമെത്തി വൈകുന്നേരം പടക്കം പൊട്ടിച്ച് കടുവയെ തുരത്താനും ശ്രമിച്ചിരുന്നു.എന്നാൽ വ്യാഴാഴ്ച രാത്രി മൂന്നാമതും അതേ സ്ഥലത്തെത്തിയ കടുവ ചൊവ്വാഴ്ച കൊന്നിട്ട പന്നിയെ പൂർണമായും തിന്നുകയും ബുധനാഴ്ച കൊന്നിട്ട പന്നിയുടെ അൽപ്പഭാഗവും തിന്നു വനത്തിലേക്കു തന്നെ പോയി. മൂന്നു ദിവസം തുടർച്ചയായി ഒരേ സ്ഥലത്ത് തന്നെ കടുവയെത്തിയത് എസ്റ്റേറ്റ് ടാപ്പിംഗ് തൊഴിലാളികളിൽ ഭീതിയുളവാക്കിയിട്ടുണ്ട്. കടുവ ഭീഷണി കാരണം നേരം നല്ല പോലെ വെളിച്ചം പരന്നശേഷമാണ് ടാപ്പിംഗ് തൊഴിലാളികൾ ജോലിക്കെത്തുന്നത്. ഇന്നലെ കല്ലാമൂല ഭാഗത്തും കടുവയുടെ കാൽപ്പാടുകളും അടയാളങ്ങളും കണ്ടതായി നാട്ടുകാർ വനം വകുപ്പിനെ വിവരമറിയിച്ചിട്ടുണ്ട്. ബുധനാഴ്ച കൊന്നിട്ട പന്നിയുടെ ബാക്കി ഭാഗം തിന്നാൻ ഇനിയും കടുവ വരാനിടയുണ്ടെന്ന കണക്കു കൂട്ടലിലാണ് വനം വകുപ്പ്. ഇതിനടുത്തു തന്നെയാണ് കെണി സ്ഥാപിച്ചിട്ടുള്ളത്.

# കോഹിനൂരിൽ കുഴൽക്കിണർ നിർമാണത്തിനെതിരേ ജനകീയ പ്രതിഷേധം

**തേഞ്ഞിപ്പലം:** ദേശീയപാത വികസനത്തിന്റെ ഭാഗമായി കോഹിനൂരിൽ തുടങ്ങുന്ന ക്യാമ്പ് ഓഫീസിന്റെ മറവിൽ വ്യാപകമായി കുഴൽക്കിണറുകൾ നിർമിച്ച് ജലസമ്പത്ത് ഊറ്റിയെടുക്കാൻ നീക്കം. ഹൈവേയിൽ തേഞ്ഞിപ്പലം പഞ്ചായത്തിലെ ആറാം വാർഡിൽ റോഡരികിലുള്ള സ്ഥലത്ത് റോഡ് വികസന ജോലികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൻറെ ഭാഗമായുള്ള നിർമാണ പ്രവൃത്തികൾ നടന്നു വരികയാണ്. ക്യാമ്പ് ഓഫീസ്, താത്കാലിക താമസ സൗകര്യങ്ങൾ തുടങ്ങിയവ ഇവിടെ ഒരുക്കുന്നുണ്ട്. അതിൻറെ ഭാഗമായാണ് വലിയ കുഴൽക്കിണറുകൾ നിർമിക്കാനുള്ള നീക്കം നടക്കുന്നത്. ഒന്നിലധികം കുഴൽക്കിണറുകൾ നിർമിച്ച് വൻതോതിൽ വെള്ളം ഊറ്റിയെടുത്താൽ ഈ പ്രദേശം ജലക്ഷാമത്തിന്റെ പിടിയിലാകുമെന്നു സമീപവാസികൾ ഭയക്കുന്നു. ഇപ്പോൾ തന്നെ വരൾച്ചക്കാലത്ത് ഈ മേഖലയിലെ പല വീട്ടുകാരും വാഹനങ്ങളിലെത്തിക്കുന്ന കുടിവെള്ളത്തെയാണ് ആശ്രയിക്കുന്നത്.പാത വികസനത്തിൻറെ ഭാഗമായി കോഹിനൂർ ക്യാമ്പ് ഓഫിസ് പരിസരത്ത് കുഴൽക്കിണർ കുഴിക്കുവാനുള്ള നീക്കം തടയണമെന്നാവശ്യപ്പെട്ട് പരിസരവാസികൾ യോഗം ചേർന്നു. നീക്കവുമായി തുടർന്നു പോയാൽ സമര പരിപാടികളുമായി മുന്നോട്ടു പോകുമെന്നു യോഗം മുന്നറിയിപ്പ് നൽകി. ടി. ശ്രീധരൻ, തോമസ് ഓടയ്ക്കൽ, കെ. സുനിൽ, തോമസ് മാളിയേക്കൽ, ജോർജ് അഗസ്റ്റിൻ, എ.എസ്.രാജേന്ദ്ര പ്രസാദ്, കെ. നന്ദകുമാർ, സി. ശേഖരൻ തുടങ്ങിയവർ പ്രസംഗിച്ചു.

# സപ്ലൈകോ ഇടപെടൽ പ്രശംസനീയം: ശ്രീധന്യ സുരേഷ്

s]-cn-´Â-a-®: വിലക്കയറ്റം പിടിച്ചു നിർത്താനും നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കാനും സപ്ലൈകോ നടത്തുന്ന വിപണി ഇടപെടലുകൾ പ്രശംസനീയമെന്നും ലോക്ഡൗൺ കാലത്ത് വീടു വീടാന്തരം ഭക്ഷ്യക്കിറ്റുകൾ എത്തിക്കാൻ സപ്ലൈകോ ജീവനക്കാർ നടത്തിയ സേവനം സ്തുത്യർഹമാണെന്നും പെരിന്തൽമണ്ണ സബ് കളക്ടർ ശ്രീധന്യ സുരേഷ് അഭിപ്രായപ്പെട്ടു. പെരിന്തൽമണ്ണയിൽ സപ്ലൈകോ ജീവനക്കാർക്കായി നടത്തിയ പരിശീലന ക്യാന്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. താലൂക്ക് ഡിപ്പോ മാനേജർ ശിവദാസ് പിലാപറന്പ ിൽ അധ്യക്ഷത വഹിച്ചു.തഹസിൽദാർ കെ. ദേവകി, പ്രഫ. പി.ടി അബ്രഹാം, താലൂക്ക് സപ്ലൈ ഓഫീസർ സി.എസ് ഉഷാകുമാരി, അരുൺ പി. ജെയിംസ്, കെ. അജിത്ത്, ഇ.എം ധന്യ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. എ.പി അർജുൻ, ജയേഷ് പി. ജോസഫ്, വി. അസറുദീൻ, ടി.കെ നജീബ്, വി.കെ ശ്രീകാന്ത് എന്നിവർ നേതൃത്വം നൽകി.



# ജന്മനാടിന്റെ കണ്ണീരിൽ കുതിർന്ന യാത്രാമൊഴി

## ധീരസൈനികൻ പ്രദീപിന്റെ മൃതദേഹം സംസ്കരിച്ചു

തൃശ്ശൂർ: കൂനൂർ ഹെലികോപ്ടർ അപകടത്തിൽ മരിച്ച മലയാളി ജൂനിയർ വാറൻറ് ഓഫീസർ എ പ്രദീപിന് കണ്ണീരോടെയാണ് ജന്മനാട് വിടനൽകിയത്. തൃശ്ശൂരിലെ പൊന്നൂക്കരയിലെ വീട്ടുവളപ്പിൽ സൈനിക ബഹുമതികളോടെ സംസ്കാര ചടങ്ങ് നടത്തിയപ്പോൾ വിതുമ്പലടക്കി വലിയ ജനക്കൂട്ടം സാക്ഷിയായിരുന്നു. സംസ്ക്കാരത്തിന് മുമ്പായി പ്രദീപിൻറെ യൂണിഫോം സേന കുടുംബത്തിന് കൈമാറി. പ്രിയപ്പെട്ടവൻറെ യൂണിഫോം നെഞ്ചോടു ചേർത്ത് നിൽക്കുന്ന ഭാര്യ ശ്രീലക്ഷ്മി ഏവരുടെയും മനസിൽ നോവായി. പ്രദീപിൻറെ മൃതദേഹത്തിൽ പുതപ്പിച്ച ദേശീയ പതാകയും സേന ഭാര്യക്ക് നൽകി. കേരള പൊലീസിൻറെ ഗാർഡ് ഓഫ് ഓണറിന് പിന്നാലെ വ്യോമസേന ഗാർഡ് ഓഫ് ഓണർ നൽകി ആദരം അർപ്പിച്ചതിന് ശേഷമാണ് സംസ്കാര ചടങ്ങുകൾ തുടങ്ങിയത്. പ്രദീപിൻറെ മകൻ ദക്ഷിണ ദേവാണ് അന്ത്യകർമ്മങ്ങൾ നടത്തിയത്. പ്രദീപ് പഠിച്ച പുത്തൂർ സർക്കാർ സ്കൂളിൽ ഒരു മണിക്കൂറോളം നീണ്ട പൊതുദർശനത്തിന് ശേഷമാണ് പ്രദീപിന്റെ ശരീരം വീട്ടിലേക്ക് കൊണ്ടുവന്നത്. പ്രദീപിന് ആദരാഞ്ജലികൾ അർപ്പിക്കാൻ നൂറുകണക്കിന് ആളുകളാണ് പുത്തൂരിലെ സ്കൂളിലെത്തിയത്. തിരക്ക് നിയന്ത്രിക്കാൻ അധികൃതർക്ക് വളരെ പാടുപെടേണ്ടി വന്നു. ജോലിക്കായി നാട്ടിൽ നിന്ന് മാറി നിന്നപ്പോഴും കൂട്ടുകാരുമായി നല്ല ബന്ധം തുടർന്നിരുന്നു പ്രദീപ്. നാട്ടിലെ കലാ-കായിക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിരുന്നു. എന്നും നാടുമായി നല്ല ബന്ധം സൂക്ഷിച്ചിരുന്ന പ്രദീപിനെ അവസാനമായി ഒരു നോക്ക് കാണാനായി നാട്ടുകാർ സ്കൂളിലേക്കും പ്രദീപിൻറെ വീട്ടിലേക്കും ഒഴുകിയെത്തി.അവധി കഴിഞ്ഞ് ജോലി സ്ഥലത്ത് തിരിച്ചെത്തിയിട്ട് വെറും നാല് ദിവസം മാത്രം പിന്നിടുമ്പോഴാണ് പ്രദീപ് അപകടത്തിൽപ്പെടുന്നത്. ഏതാനും ദിവസങ്ങൾക്ക് മുൻപ് മകന്റെ ജന്മദിനവും പിതാവിന്റെ ചികിത്സ ആവശ്യങ്ങൾക്കുമായി പ്രദീപ് നാട്ടിൽ എത്തിയിരുന്നു. തിരിച്ചെത്തി ജോലിയിൽ പ്രവേശിച്ചതിന്റെ നാലാം ദിവസമാണ് അപകടമുണ്ടായത്. മാതാപിതാക്കളും ഭാര്യയും രണ്ടു മക്കളും അടങ്ങുന്നതാണ് പ്രദീപ് അറക്കലിന്റെ കുടുംബം. അച്ഛൻ രാധാകൃഷ്ണൻ, അമ്മ കുമാരി. ശ്രീലക്ഷ്മിയാണ് ഭാര്യ. ദക്ഷിൺദേവ്സ, ദേവ പ്രയാഗ് എന്നിവരാണ് മക്കൾ. അച്ഛൻ രോഗിയായതിനാൽ വിവരം അറിയിച്ചിരുന്നില്ല. ഇന്നാണ് മരണ വിവരം അച്ഛനെ അറിയിച്ചത്. ദില്ലിയിൽ നിന്നും രാവിലെ 11 മണിയോടെ സുലൂർ വ്യോമത്താവളത്തിലെത്തിച്ച ഭൗതിക ശരീരം അവിടെ നിന്ന് റോഡ് മാർഗമാണ് തൃശ്ശൂരിലേക്ക് കൊണ്ടുവന്നത്. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മന്ത്രിമാരായ കെ രാജൻ, കെ കൃഷ്ണൻകുട്ടി, കെ രാധാകൃഷ്ണൻ എന്നിവർ മൃതദേഹം ഏറ്റുവാങ്ങി. കേന്ദ്രമന്ത്രി വി മുരളീധരൻ, മന്ത്രി കെ രാധാകൃഷ്ണൻ, വി എം സുധീരൻ, മന്ത്രി കെ രാജൻ, ബിജെപി നേതാവ് പി കെ കൃഷ്ണദാസ്, ബിജെപി അധ്യക്ഷൻ കെ സുരേന്ദ്രൻ കേരളപ്രണാമം പത്രത്തിന്റെ ചീഫ് എഡിറ്റർ.കെ.കെ.രാജേന്ദ്രൻ തുടങ്ങിവർ പുത്തൂരിലെ സ്കൂളിലെത്തി ആദരാഞ്ജലി അർപ്പിച്ചു. സമൂഹത്തിലെ ഉന്നതരായ രാഷട്രീയ സാമൂഹിക സാംസ്ക്കാരിക നായകന്മാർ , ജന്മനാട്ടിലെ വിവിധ തുറകളിൽപ്പെട്ട എല്ലാവരും പ്രദീപിന്റെ ഭൗതികശരീരത്തെ ഒരുനോക്കുകാണുവാനും ആദരാഞ്ജലികൾ അർപ്പിക്കുവാനും എത്തിയിരുന്നു.

## സി.പി.എം നേതാവ് ഗ്യാസ് പൈപ്പ് ലൈൻ കുഴിയിൽ വീണ് മരിച്ച സംഭവം: ഉപകരാറുകാരൻ പിടിയിൽ

**കുന്നംകുളം:** സിറ്റി ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ കുഴിച്ച കുഴിയിൽ വീണ് സ്കൂട്ടർ യാത്രികനായ സി.പി.എം നേതാവ് മരിച്ച സംഭവത്തിൽ ഉപ കരാറുകാരൻെറ പേരിൽ കുന്നംകുളം പൊലീസ് കേസെടുത്തു.മുഖ്യ കരാറുകാരനെ ഒഴിവാക്കിയാണ് കേസെടുത്തത്. ഉപകരാറുകാരൻ എറണാകുളം തിരുവന്നിയൂർ മാമല കക്കാടുകര അനീഷ് ഭവനിൽ അനീഷ് കുമാറിനെ (39) അറസ്റ്റ് ചെയ്തു. വേണ്ടത്ര സുരക്ഷ മുൻകരുതൽ സ്വീകരിക്കാത്തതാണ് അപകടത്തിന് കാരണം. ആറ് മാസത്തിനുശേഷമാണ് സംഭവത്തിൽ ഒരാളെയെങ്കിലും അറസ്റ്റ് ചെയ്യുന്നത്.കരാറുകാരൻ കോട്ടയം സ്വദേശി ദീപക് ജോണിനെ ഉന്നത രാഷ്ട്രീയ സമ്മർദം മൂലം കേസിൽനിന്ന് ഒഴിവാക്കിയെന്നാരോപണവും ഉയർന്നിട്ടുണ്ട്. ഇതിനായി സർക്കാറിലെ മുഖ്യ രാഷ്ട്രീയ പാർട്ടി ഇടപെടൽ നടത്തിയെന്നും ആക്ഷേപമുണ്ട്.ഏപ്രിൽ 15ന് ചൂണ്ടൽ പാറന്നൂരിലായിരുന്നു അപകടം. സി.പി.എം കേച്ചേരി ലോക്കൽ സെക്രട്ടറി ചിറയത്ത് വീട്ടിൽ സി.എഫ്. ജയിംസാണ് മരിച്ചത്. അപകട സൂചക ബോർഡ് കുഴിക്കരികിൽ സ്ഥാപിക്കാത്തതാണ് അപകടത്തിന് കാരണമായത്. ഗുരുതര പരിക്കുകളോടെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിലെ ചികിത്സക്കിടെ മേയ് ഒന്നിനാണ് ജയിംസ് മരണത്തിന് കീഴടങ്ങിയത്. ബന്ധുക്കളുടെ പരാതിയിൽ മുഖ്യ കരാറുകാരനും ഉപ കരാറുകാരനും എതിരെ പൊലീസ് പരാതി നൽകിയെങ്കിലും കേസെടുക്കാനോ അറസ്റ്റ് ചെയ്യാനോ തയാറാകാതിരുന്നത് സി.പി.എം സമ്മേളനങ്ങളിൽ ചർച്ച ചെയ്തിരുന്നു. ഇക്കാര്യത്തിൽ 'മാധ്യമം' റിപ്പോർട്ട് ചെയ്തിരുന്നു. അദാനി ഗ്രൂപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്.



## ഗോഡൗണിൽ പൊട്ടിയ ബാഗുകൾ: വിശദീകരണം ചോദിച്ച് ഭക്ഷ്യമന്ത്രി


**തൃശ്ശൂർ:** ജില്ലയിൽ ഭക്ഷ്യവിതരണത്തിലെ ഗുണമേന്മ ഉറപ്പാക്കാൻ ഗോഡൗണുകളിൽ ഭക്ഷ്യമന്ത്രിയുടെ മിന്നൽ സന്ദർശനം. മുളങ്കുന്നത്തുകാവ് എഫ്.സി.ഐ. ഗോഡൗൺ, സപ്ലൈകോയുടെ എൻ.എഫ്.എസ്.എ. ഗോഡൗൺ, ജില്ലാ, താലൂക്ക് സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിലാണ് മന്ത്രി ജി.ആർ. അനിൽ സന്ദർശനം നടത്തിയത്.മുളങ്കുന്നത്തുകാവ് ഗോഡൗണിൽ പൊട്ടിയനിലയിൽ ബാഗുകൾ കണ്ടെത്തിയതിന് മന്ത്രി ജീവനക്കാരോട് വിശദീകരണം ചോദിച്ചു. എഫ്.സി.ഐ.യിൽ നിന്ന് എത്തുന്ന പൊട്ടിയ ബാഗുകൾ വീണ്ടും പാക്ക് ചെയ്ത് വിതരണത്തിന് എത്തിക്കേണ്ടിവരുന്നുണ്ടെന്ന് ജീവനക്കാർ വിശദീകരിച്ചു.എഫ്.സി.ഐ.യിൽനിന്ന് വിതരണം ചെയ്യാൻ കഴിയാത്ത പഴകിയ സാധനങ്ങൾ എത്തുന്നുണ്ടെന്നും ഉടൻ പരിഹാരം കാണുമെന്നും മന്ത്രി അറിയിച്ചു. തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ ഫ്രണ്ട് ഓഫീസിൽ സന്ദർശനം നടത്തിയ മന്ത്രി പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് ആവശ്യപ്പെട്ടു. ഗുണമേന്മയുള്ള ഭക്ഷ്യസാധനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി ഉറപ്പ് നൽകി. പി. ബാലചന്ദ്രൻ എം.എൽ.എ.യും സപ്ലൈകോ ഉദ്യോഗസ്ഥരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

## ന്യൂ സീവാൾ റോഡ് പുനർനിർമിച്ചില്ല : യാത്രക്കാർ വലയുന്നു

വാടാനപ്പള്ളി: ബീച്ചിലെ കടലെടുത്ത റോഡ് പുനർനിർമിക്കാത്തത് തീരദേശ വാസികളുടെ യാത്ര മുടക്കുന്നു. വാടാനപ്പള്ളി ബീച്ച് - ചേറ്റുവ ന്യൂ സീവാൾ റോഡാണ് പലയിടത്തായി കടലെടുത്ത് അവശിഷ്ടങ്ങളായി കിടക്കുന്നത്. ബീച്ച് ടൂറിസത്തിനുകൂടി വഴിതുറന്ന് നിർമിച്ച പാതയാണ് കടലിന്റെ താണ്ഡവത്തിൽ ഇല്ലാതായത്.ഇവിടെയെത്തുന്ന വിനോദസഞ്ചാരികൾക്ക് ചേറ്റുവ അഴിമുഖം, മിനി ഹാർബർ, ഡച്ച് കോട്ട എന്നിവിടങ്ങളിലേക്കും തളിക്കുളം സ്നേഹതീരം പാർക്കിലേക്കും കടൽക്കാഴ്ചകൾ ആസ്വദിച്ച് സഞ്ചരിക്കാവുന്ന പാതയാണിത്.സ്നേഹതീരം ഭാഗത്തേക്കുള്ള റോഡ് കടലെടുക്കാതെ നിലനിൽക്കുന്നുണ്ടെങ്കിലും ചേറ്റുവയിലേക്കുള്ള റോഡ് തകർന്നുകിടക്കുന്നു. വർഷങ്ങൾക്കുമുൻപ് നിലവിലെ റോഡിനു പടിഞ്ഞാറായി ഇപ്പോൾ കടലെടുത്ത ഭാഗത്തായിരുന്നു റോഡ്. പതിനെട്ട് വർഷംമുമ്പ് ശക്തമായ കടലാക്രമണത്തിൽ സീവാൾ റോഡ് വാടാനപ്പള്ളി ബീച്ചിൽ മാത്രമായി തകർന്നുപോയിരുന്നു. തുടർന്ന് നാട്ടുകാർ വിട്ടുനൽകിയ സ്ഥലം ഉപയോഗപ്പെടുത്തി വാടാനപ്പള്ളി പഞ്ചായത്ത് ന്യൂ സീവാൾ റോഡ് നിർമിച്ചു.പിന്നീട് വാടാനപ്പള്ളി പഞ്ചായത്ത് പരിധിയിൽ ചില ശേഷിപ്പുകൾ മാത്രമാക്കി റോഡിനെ തിരമാലകൾ വിഴുങ്ങി.ഒരു പതിറ്റാണ്ടോളമായിട്ടും ഇവിടെ പുതിയ റോഡുണ്ടാക്കാൻ നടപടിയായിട്ടില്ല. ബീച്ചിലുള്ളവർക്ക് പ്രധാനപാതയിലേക്കും നഗരത്തിലേക്കും പ്രവേശിക്കണമെങ്കിൽ തീരത്തുകൂടിയോ മറ്റുവഴികളിലൂടെയോ നടന്നുപോകണം എന്നതാണവസ്ഥ. റോഡില്ലാത്തതിനാൽ വാടാനപ്പള്ളി ബീച്ചിൽനിന്നും വടക്കുഭാഗത്തായുള്ള സൗഹൃദ കോളനി, സുലൈമാൻ നഗർ എന്നിവിടങ്ങളിലേക്കുള്ള പ്രധാനപാതകൂടിയായിരുന്നു ഈ സീവാൾ റോഡ്. അടിയന്തരസാഹചര്യങ്ങളിൽ ബീച്ചിന് വടക്കുഭാഗത്തുള്ളവർക്കും സമീപത്തെ കോളനി നിവാസികൾക്കും രോഗികളെ ആശുപത്രിയിൽ എത്തിക്കണമെങ്കിൽ താങ്ങിക്കൊണ്ടുപോകേണ്ട അവസ്ഥയാണിപ്പോൾ. റോഡില്ലാത്തതിനാൽ ടൂറിസം വികസനങ്ങളും സ്തംഭിച്ചു. ബീച്ചിലെ ഫിഷറീസ് ഗ്രൗണ്ട് ഉപയോഗപ്പെടുത്തി ടൂറിസം പദ്ധതിക്കും തുടക്കമിട്ടിരുന്നു. വിനോദ സഞ്ചാരികളുടെ വരവിൽ ഗണ്യമായ കുറവുണ്ടായി. ബീച്ചിലെത്തിയിരുന്ന കച്ചവടക്കാരും സ്ഥലം വിട്ടു.

## വിസ്മയക്കാഴ്ചയുമായി നെഹ്റു പാർക്ക് തുറന്നു

**തൃശൂർ:** മ്യൂസിക്കൽ ഫൗണ്ടനുൾപ്പെടെ വിസ്മയക്കാഴ്ചയുമായി നെഹ്റു പാർക്ക് സജീവമായി. കോവിഡ് സാഹചര്യത്തിൽ അടച്ച നെഹ്റു പാർക്കാണ് ശനിയാഴ്ച തുറന്നത്. അമൃത് പദ്ധതിയിലുൾപ്പെടുത്തി മൂന്നര ക്കോടി രൂപ ചെലവു ചെയ്ത് ആധുനികരീതിയിലുള്ള പുതിയ കളിയുപകരണങ്ങളും മ്യൂസിക്കൽ ഫൗണ്ടനും സൈക്കിളും സൈക്കിൾ ട്രാക്കും നടപ്പാതയും പച്ചപരവതാനിയും ഓപ്പൺ ജിം എന്നിവ ഉൾപ്പെടെ സജ്ജീകരിച്ചിരിക്കുന്നത്. ദിനംപ്രതി 6 .30 നും 7 .30 നും രണ്ട് ഷോയാണ് മ്യൂസിക്കൽ ഫൗണ്ടനിൽ ഉണ്ടാവുക. നവീകരണം കുട്ടികളെ ഏറെ ആകർഷിക്കുന്നു. പി ബാലചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. മേയർ എം കെ വർഗീസ് അധ്യക്ഷനായി.

## അറിയിപ്പ്

### ഉന്നത വിദ്യാഭ്യാസ അവാർഡിന് അപേക്ഷ ക്ഷണിച്ചു

കർഷക തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2020-21 അദ്ധ്യയന വർഷത്തെ ഉന്നത വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. കേരളത്തിലെ സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും ഡിഗ്രി, പി.ജി, പ്രൊഫഷണൽ ഡിഗ്രി, പ്രൊഫഷണൽ പി.ജി, ടി.ടി.സി, ഐ.ടി.ഐ, പോളി, ജനറൽ നേഴ്സിങ്ങ്, ബിഎഡ്, മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലേതിലെങ്കിലും ആദ്യചാൻസിൽ ഉന്നതവിജയം നേടിയ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപേക്ഷിക്കാം. ആർട്സിൽ 60 ശതമാനത്തിലും കൊമേഴ്സിൽ 70 തമാനത്തിലും സയൻസിൽ 80 ശതമാനത്തിലും കുറയാത്ത മാർക്ക് നേടിയിരിക്കണം. ജില്ലയിൽ ആദ്യത്തെ മൂന്നു സ്ഥാനക്കാർക്കു മാത്രമേ അവാർഡിന് അർഹതയുള്ളൂ. മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. അംഗവും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്നതിന് മറ്റുരേഖകളുടെ അഭാവത്തിൽ റേഷൻ കാർഡിന്റെ നിശ്ചിത പേജ് ാജരാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർക്ക് 2021 ഡിസംബർ 31 വൈകീട്ട് മൂന്ന് മണി വരെ സമർപ്പിക്കാം. അപേക്ഷിക്കുന്ന അംഗം വിദ്യാർത്ഥിയുടെ പരീക്ഷ തീയതിക്ക് തൊട്ടുമുമ്പുള്ള മാസത്തിൽ 12 മാസത്തെ അംഗത്വകാലവും ഡിജിറ്റലൈസേഷൻ നടപടികളും പൂർത്തീകരിച്ചിരിക്കണം. പരീക്ഷ തീയതിയിൽ അംഗത്തിന് 24 മാസത്തിൽ കൂടുതൽ അംശാദായകുടിശ്ശിക ഉണ്ടായിരിക്കാൻ പാടില്ല. ഫോമിന്റെ മാതൃകയും മറ്റു വിവരങ്ങളും കോഴിക്കോട് ജില്ലാ ക്ഷേമനിധി ബോർഡ് ഓഫീസിലും www.agriworkersfund.org വെബ് സൈറ്റിലും ലഭ്യമാണ്.

### പാചക വാതക അദാലത്ത് ജനുവരി 6 ന്

കോഴിക്കോട് ജില്ലയിൽ 2022 ജനുവരി ആറിന് രാവിലെ 11 മണിക്ക് പാചകവാതക അദാലത്ത് (എൽ.പി.ജി ഓപ്പൺ ഫോറം) ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. എൽ.പി.ജി വിതരണവുമായോ ഗ്യാസ് ഏജൻസികളുമായോ ബന്ധപ്പെട്ട് പരാതികളുണ്ടെങ്കിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാരെ/സിറ്റി റേഷനിംഗ് ഓഫീസർമാരെ 2021 ഡിസംബർ 20 നകം അറിയിക്കണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

### അപേക്ഷ ക്ഷണിച്ചു

ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സിന്റെ കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിൽ അസിസ്റ്റന്റ് എൻജിനീയർ(സിവിൽ) തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് സംസ്ഥാന സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അസിസ്റ്റന്റ് എൻജിനീയർ റാങ്കിൽ കുറയാത്തവരും സിവിൽ എൻജിനീയറിങ്ങിൽ ബി.ടെക് യോഗ്യതയുള്ളവരുമാകണം അപേക്ഷകർ. താത്പര്യമുള്ളവർ എൻ.ഒ.സി. സഹിതം ഡിസംബർ 20 നകം അപേക്ഷിക്കണം. അപേക്ഷാ ഫോം റ്യമ.സല്യ മഹമ.ഴീ.ശി ൽ ലഭിക്കും.

### സൈക്യാട്രിക് നഴ്സിംഗ് അപേക്ഷ തീയതി നീട്ടി

കോഴിക്കോട് ഇംഹാൻസിൽ പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്യാട്രിക് നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 15 ലേക്ക് നീട്ടിയതായി ഡയറക്ടർ അറിയിച്ചു. യോഗ്യത ജനറൽ നഴ്സിംഗ്/ബി.എസ്.സി നഴ്സിംഗ്/പോസ്റ്റ് ബേസിക് ബി.എസ് സി നഴ്സിംഗ് ബിരുദവും കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിൽ രജിസ്ട്രഷനും. പ്രവേശനം ലഭിക്കുന്നവർക്ക് പ്രതിമാസം 7000 രൂപ സ്റ്റൈപ്പന്റ് ലഭിക്കും. അപേക്ഷ ഫോം ഇംഹാൻസ് ഓഫീസിൽ നിന്നും നേരിട്ടും **www.imhans.ac.in** ലും ലഭിക്കും. ഫോൺ : 9745156700.



# ആശുപത്രി കെട്ടിടം: തടസങ്ങൾ നീക്കാൻ എംഎൽഎ യുടെ ഇടപെടൽ; മന്ത്രി യോഗംവിളിച്ചു

**വടകര:** ഗവ. ജില്ലാ ആശുപത്രിയിലെ പുതിയ കെട്ടിടനിർമാണത്തിലെ തടസ്സങ്ങൾ നീക്കി മാർച്ച് 31-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസിന്റെ നിർദേശം. മന്ത്രി തിരുവനന്തപുരത്ത് വിളിച്ചുചേർത്ത യോഗത്തിൽ ചീഫ് എൻജിനീയർക്കാണ് ഇതുസംബന്ധിച്ച് നിർദേശം നൽകിയത്. പ്രവൃത്തി വൈകിയതിന്റെ കാരണമന്വേഷിച്ച് റിപ്പോർട്ട് നൽകാനും കെട്ടിട വിഭാഗം ചീഫ് എൻജിനീയറോട് നിർദേശിച്ചു. പ്രവൃത്തി വൈകുന്ന സാഹചര്യത്തിൽ തടസ്സം നീക്കാൻ യോഗം വിളിക്കണമെന്നാവശ്യപ്പെട്ട് കെ.കെ. രമ എം.എൽ.എ. മന്ത്രിക്ക് കത്ത് നൽകിയിരുന്നു. ഈ സാഹചര്യത്തിലാണ് മന്ത്രി പ്രത്യേകയോഗം വിളിച്ചത്. ജില്ലാപഞ്ചായത്തും വിവിധ രാഷ്ട്രീയകക്ഷികളും ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു.2015-16-ൽ നബാർഡ് പദ്ധതിയിൽപെടുത്തിയാണ് 13.7 കോടി രൂപ കെട്ടിടത്തിന് അനുവദിച്ചത്. പലകാരണങ്ങളാൽ വൈകിപ്പോയ പദ്ധതിക്ക് ജീവൻ വെച്ചത് 2019 ജനുവരിയിൽ നിർമാണച്ചുമതല യു.എൽ.സി.സി.എസിനെ ഏൽപ്പിച്ചതോടെയാണ്.അവർ പ്രവൃത്തി തുടങ്ങിയെങ്കിലും പിന്നീട് കോവിഡും ലോക്ഡൗണുമെല്ലാം വന്നതോടെ പ്രവൃത്തി ഏറെക്കാലം വൈകി. ഇപ്പോൾ സിവിൽ പ്രവൃത്തികൾ ഏതാണ്ട് അന്തിമഘട്ടത്തിലാണ്.വൈറ്റ് സിമന്റ് ഉൾപ്പെടെ അടിച്ചുതുടങ്ങി. എന്നാൽ ഇലക്ട്രിക്കൽ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഇനിയും പൂർത്തിയായിട്ടില്ല. ഇത് പരിഹരിക്കാൻ ഏറെക്കാലമായി ശ്രമം നടക്കുന്നുണ്ടെങ്കിലും ഒന്നും എവിടെയും എത്തിയിട്ടില്ല.മന്ത്രി വിളിച്ച യോഗത്തിൽ ഈ വിഷയം ചർച്ചയായി. ഇലക്ട്രിക്കൽ പ്രവൃത്തിക്കാവശ്യമായ ഉത്തരവ് ശനിയാഴ്ച തന്നെ നൽകാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ആനന്ദ് സിങ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മാർച്ച് 31-നുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനായി ഓരോ ഘട്ടവും സമയക്രമവും നിജപ്പെടുത്തിയിട്ടുണ്ട്.പുരോഗതി വിലയിരുത്താൻ ജനുവരി 25-നും 30-നും ഇടയിൽ വീണ്ടും യോഗം ചേരാനും മന്ത്രി നിർദേശം നൽകി. മാർച്ചിൽ പ്രവൃത്തി പൂർത്തിയാക്കാതെ വന്നാൽ നബാർഡ് ഫണ്ട് നഷ്ടപ്പെടാനുള്ള സാഹചര്യമുണ്ടെന്നും ഇതൊഴിവാക്കാനാണ് യോഗം വിളിക്കാൻ മന്ത്രിക്ക് കത്ത് നൽകിയതെന്നും എം.എൽ.എ. പറഞ്ഞു.യോഗത്തിൽ കെ.കെ. രമ എം.എൽ.എ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി ആനന്ദ് സിങ്, യു.എൽ.സി.സി. പ്രതിനിധികൾ, പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# കോവിഡ് പ്രോട്ടോക്കോൾ ലംഘനം; ലീഗിന്റെ വഖഫ് സംരക്ഷണ റാലിക്കെതിരേ കേസ്

**കോഴിക്കോട്:** ഡിസംബർ 9ന് കോഴിക്കോട് മുസ്ലീം ലീഗ് സംഘടിപ്പിച്ച വഖഫ് സംരക്ഷ റാലിക്കെതിരേ കേസെടുത്ത് പോലീസ്. കോവിഡ് പ്രോട്ടോക്കോൾ ലംഘനം, അനുമതിയില്ലാതെ ജാഥ നടത്തൽ, ഗതാഗത തടസ്സം സൃഷ്ടിക്കൽ, അന്യായമായ സംഘം ചേരൽ തുടങ്ങിയ കുറ്റങ്ങൾ ചുമത്തിയാണ് വെള്ളയിൽ പോലീസ് കേസെടുത്തത്. പതിനായിരക്കണക്കിന് ആളുകളാണ് കോഴിക്കോട് കടപ്പുറത്ത് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തത്.റാലിയിൽ പങ്കെടുത്ത ഭൂരിഭാഗം പേരും മാസ്ക് പോലും ധരിച്ചിരുന്നില്ല. കോവിഡ് പ്രോട്ടോക്കോൾ പോലും പാലിക്കാതെ അനുമതിയില്ലാതെ പരിപാടി സംഘടിപ്പിച്ചതിനാലാണ് കേസെന്നാണ് പോലീസ് പറയുന്നത്. കണ്ടാലറിയാവുന്ന നേതാക്കൾക്കും പ്രവർത്തകർക്കും എതിരേയാണ് കേസെടുത്തിരിക്കുന്നത്.ഏതൊക്കെ നേതാക്കൾക്കെതിരേയാണ് കേസെന്ന് പോലീസ് വ്യക്തമാക്കുന്നില്ല. ഇക്കാര്യം അന്വേഷണം നടത്തി പിന്നീട് വ്യക്തമാക്കുമെന്നാണ് പോലീസ് പറയുന്നത്. വഖഫ് സംരക്ഷണ റാലി സംബന്ധിച്ച് രാഷ്ട്രീയ വിവാദങ്ങൾ ഉയർന്നതിന് പിന്നാലെയാണ് ഇപ്പോൾ നിയമപരമായ നടപടി കൂടി വന്നിരിക്കുന്നത്. അതേസമയം കേസെടുത്തതിനോട് ലീഗ് നേതൃത്വത്തിന്റെ ഔദ്യോഗിക പ്രതികരണം ഉടൻ ഉണ്ടാകുമെന്നാണ് വിവരം.

## നവീകരിച്ച സൊസൈറ്റി ഉദ്ഘാടനം ചെയ്തു

**വടകര:** നവീകരിച്ച ഒഞ്ചിയം സഹകരണ അർബൻ സൊസൈറ്റി ഹെഡ് ഓഫിസ് സഹകരണ വകുപ്പ് അസി. രജിസ്ട്രാർ എ.കെ അഗസ്തി കണ്ണൂക്കരയിൽ ഉദ്ഘാടനം ചെയ്തു. സൊസൈറ്റി പ്രസിഡന്റ് ഐ മൂസ അധ്യക്ഷത വഹിച്ചു.പഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീജിത്ത് (ഒഞ്ചിയം)സ്ട്രോങ് റൂമും ആയി ഉമ്മർ (അഴിയൂർ) സ്ഥിര നിക്ഷേപവും, ചന്ദ്രശേഖരൻ(ചോറോട്) വായ്പ പദ്ധതിയും വടകര അസി രജിസ്ട്രാർ സുധീഷ് തച്ചോത്ത് ഷെയർ സർട്ടിഫിക്കറ്റ് വിതരണവും ഉദ്ഘാടനം ചെയ്തു. ആയാടത്തിൽ രവീന്ദ്രൻ സഹകാരികളെ ആദരിച്ചു. വസി വത്സലൻ, കോട്ടയിൽ രാധാകൃഷ്ണൻ, റയീസ് നൗഷാസ്, ബാബു ഒഞ്ചിയം, സി.കെ വിശ്വനാഥൻ, പ്രകാശൻ കുനിയിൽ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, ജനപ്രതിനിധികൾ എന്നിവർ സംസാരിച്ചു.

## അധ്യാപിക സംഗമം നടത്തി

**വടകര:** 18,19 തിയതികളിൽ വടകരയിൽ നടക്കുന്ന കെ.എസ്.ടി.എ കോഴിക്കോട് ജില്ല സമ്മേളനത്തിന്റെ ഭാഗമായി നടന്ന അധ്യാപിക സംഗമം ജനാധിപത്യ മഹിള അസോസിയേഷൻ ജില്ല സെക്രട്ടറി കെ പുഷ്പജ ഉദ്ഘാടനം ചെയ്തു. ജില്ല ട്രഷറർ എം ഷീജ അധ്യക്ഷത വഹിച്ചു. കെഎസ്ടിഎ സംസ്ഥാന സെക്രട്ടറി കെ ബദറുന്നിസ, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം പി.എസ് സ്മിജ, വി.പി രാജലക്ഷ്മി, പി രജനി, കെ ഷാജിമ, വി.പി രാജീവൻ എന്നിവർ സംസാരിച്ചു.

# സാമൂഹികാരോഗ്യകേന്ദ്രം ; പുതിയ കെട്ടിടം നിർമിക്കാൻ നടപടിയുമായി നഗരസഭ

**മുക്കം:** കാലപ്പഴക്കംമൂലം നിലംപതിക്കാറായ മുക്കം സാമൂഹികാരോഗ്യകേന്ദ്രത്തിന് പുതിയകെട്ടിടം നിർമിക്കാൻ നടപടിയുമായി നഗരസഭ. എൻ.ഐ.ടി.യിലെ ആർക്കിടെക്ചർ ആൻഡ് പ്ലാനിങ് വിഭാഗത്തിന്റെ സഹകരണത്തോടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ നഗരസഭ തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട് നഗരസഭാ അധികൃതരും എൻ.ഐ.ടി.യിലെ ആർക്കിടെക്ചർ വിഭാഗവും ചേർന്ന് സാമൂഹികാരോഗ്യകേന്ദ്രത്തിൽ സംയുക്തപരിശോധനയും ചർച്ചയും നടത്തി.കാലപ്പഴക്കംചെന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയും ഉപയോഗയോഗ്യമായവ നിലനിർത്തിക്കൊണ്ടുമുള്ള പ്ലാനാണ് തയ്യാറാക്കുക. 50 വർഷത്തെ വികസനം മുൻകൂട്ടി കണ്ടുകൊണ്ടാണ് പ്ലാൻ രൂപകല്പന ചെയ്യുന്നത്. അത്യാഹിത വിഭാഗം, ഫാർമസി, ഫിസിയോ തെറാപ്പി, ലബോറട്ടറി, ഗൈനക്കോളജി തുടങ്ങിയവ ആധുനികസംവിധാനങ്ങളോടെ സജ്ജമാക്കുകയാണ് ലക്ഷ്യം. പ്രാഥമിക രൂപകല്പനയ്ക്കുശേഷം മെഡിക്കൽരംഗത്തെ വിദഗ്ധരുമായി ചർച്ചചെയ്തായിരിക്കും മാസ്റ്റർപ്ലാനിന് അന്തിമരൂപം നൽകുക.നാലുമാസം മുമ്പ് ആശുപത്രിയിൽ സർവേ നടത്തിയിരുന്നു. 1.9 ഏക്കർ ഭൂമിയാണ് നിലവിൽ സാമൂഹികാരോഗ്യകേന്ദ്രത്തിനുള്ളത്.പത്തുകോടിയോളം രൂപയാണ് പുതിയ കെട്ടിടത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കും ചെലവ് പ്രതീക്ഷിക്കുന്നത്. ആശുപത്രിയിലേക്കുള്ള റോഡിന്റെ വീതികൂട്ടാനും പദ്ധതിയുണ്ട്. അരനൂറ്റാണ്ട് മുമ്പാണ് മുക്കത്ത് സർക്കാർ ആശുപത്രി സ്ഥാപിച്ചത്. പ്രാഥമികാരോഗ്യകേന്ദ്രം പിന്നീട് സാമൂഹികാരോഗ്യകേന്ദ്രമായി ഉയർത്തുകയായിരുന്നു. വർഷങ്ങൾ പിന്നിട്ടതോടെ വിണ്ടുകീറിയ ചുമരുകളും മേൽക്കൂരയുടെ പട്ടികകളും കഴുക്കോലും ഓടുമെല്ലാം ഏതുനിമിഷവും നിലംപതിച്ചേക്കാമെന്ന നിലയിലാണ്.പകർച്ചവ്യാധികളും വാഹനാപകടങ്ങളും ഉണ്ടായാൽ സർക്കാർ ആശുപത്രിയിലെ ചികിത്സ ലഭ്യമാക്കണമെങ്കിൽ രോഗികളെ 30 കിലോമീറ്റർ അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജിലെത്തിക്കണം.മുക്കം നഗരസഭ, കാരശ്ശേരി, തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകളിൽനിന്നായി ആദിവാസികൾ ഉൾപ്പെടെ ദിവസേന ആയിരത്തോളം രോഗികളാണ് ഇവിടെ ചികിത്സ തേടിയെത്തുന്നത്. 2018-ലെ ബജറ്റിൽ ആശുപത്രി വികസനത്തിന് എട്ടുകോടി രൂപ വകയിരുത്തിയിരുന്നു. കൃത്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി പദ്ധതി യാഥാർഥ്യമാക്കുമെന്നായിരുന്നു പ്രഖ്യാപനം. വർഷങ്ങൾ പിന്നിട്ടിട്ടും പദ്ധതി ഫയലിൽ കിടക്കുകയായിരുന്നു. ഈ ദുരവസ്ഥയ്ക്കാണ് ഇപ്പോൾ മാറ്റമുണ്ടാകുന്നത്. ആർക്കിടെക്ചർ ആൻഡ് പ്ലാനിങ് വിഭാഗത്തിലെ ഡോ. കെ. ചിത്ര, ഡോ. ദീപ്തി ബെൻഡി, ഡോ. പി.കെ. അമൃത എന്നിവരടങ്ങിയ സംഘമാണ് സ്ഥലത്ത് പരിശോധന നടത്തിയത്. നഗരസഭാ ചെയർമാൻ പി.ടി. ബാബു, ഡെപ്യൂട്ടി ചെയർപേഴ്സൺ കെ.പി. ചാന്ദ്നി, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ പ്രജിത പ്രദീപ്, കൗൺസിലർമാരായ വി. കുഞ്ഞൻ, അശ്വതി സനൂജ്, ജോഷില, വേണു കല്ലുരുട്ടി, നഗരസഭാ സെക്രട്ടറി എൻ.കെ. ഹരീഷ്, മെഡിക്കൽ ഓഫീസർ എം. മോഹനൻ എന്നിവരും പങ്കെടുത്തു. കെട്ടിടനിർമാണത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കും

## വടകര എ.എ.പി ക്കു സംസ്ഥാന അവാർഡ്

**വടകര:** ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രീഷ്യൻസിന്റെ (ഐ.എ.പി) കേരളത്തിലെ ഏറ്റവും നല്ല രണ്ടാമത്തെ ശാഖയുടെ അവാർഡ് വടകരക്ക് സ്വന്തം. 26 – 50 മെമ്പർ കാറ്റഗറി ബ്രാഞ്ചെസ് മത്സരത്തിലാണ് വടകര രണ്ടാം സ്ഥാനത്തിന് അർഹമായത്. എറണാകുളത്തു നടന്ന സംസ്ഥാന തല സമ്മേളനമായ പെഡിക്കോൺ 2021 പരിപാടിയിൽ വെച്ചാണ് അവാർഡ് പ്രഖ്യാപിച്ചത്.അതിന്റെ ഭാഗമായി വടകര ഐ.എ.പി പാർക്കൊ ഹോസ്പിറ്റൽ കോൺഫ്രൻസ് ഹാളിൽ നടന്ന സമ്മാനദാന ചടങ്ങിൽ ഐ.എം.എ പ്രസിഡന്റ് പി.സി ഹരിദാസ് ബ്രാഞ്ച് അവാർഡ് കൈമാറി. പ്രസിഡന്റ് ഡോ. ലത സുബ്രമണ്യൻ, സെക്രട്ടറി ഡോ നൗഷീദ് അനി, പ്രസിഡന്റ് ഡോ പി.സി ഹരിദാസ്, ഡോക്ടർമാരായ പ്രശാന്ത് പവിത്രൻ, പ്രേംരാജ്, സലിം, ദിൽഷാദ്, സലാഹുദ്ദീൻ എന്നിവർ സംസാരിച്ചു. ലോക മുലയൂട്ടൽ വാരാചരണം, ഒ.ആർ.എസ് വാരാചരണം എന്നീ പരിപാടികൾക്കും അവാർഡുകൾ ലഭിച്ചു.

# പ്രകാശന്റെ പെട്ടെന്നുള്ള വിയോഗം; വേദനയായി അമ്മയുടെയും മക്കളുടെയും മരണം

**പേരാമ്പ്ര:** തീപ്പൊള്ളലേറ്റ് കിടക്കുമ്പോൾ രക്ഷിക്കാൻ ഓടിയെത്തി ആശുപത്രിയിലേക്ക് കൊണ്ടുപോയവരോടും മെഡിക്കൽ കോളേജിലെ ഡോക്ടറോടും പ്രിയ പറഞ്ഞു, 'ഞങ്ങൾ പ്രകാശേട്ടന്റെ അരികിലേക്ക് പോകുകയാണ്. ഏട്ടന്റെ അടുത്തുതന്നെ അടക്കം ചെയ്യണം'. അവസാന ആഗ്രഹപ്രകാരം പ്രിയയെയും മക്കളെയും പ്രകാശൻ അന്ത്യനിദ്രകൊള്ളുന്ന വീട്ടുപറമ്പിൽ അരികിൽത്തന്നെയായി അടക്കി.പാലേരിയിലെ ചിപ്സ് നിർമാണ കടയിലെ ജീവനക്കാരനായിരുന്നു പ്രകാശൻ. പ്രിയപ്പെട്ടവന്റെ പെട്ടെന്നുള്ള വേർപാട് പ്രിയയ്ക്ക് താങ്ങാനാകാത്തതായിരുന്നു.വിവരം കേട്ടറിഞ്ഞെത്തിയവർക്കെല്ലാം അതുൾക്കൊള്ളാനാകാതെ നെഞ്ചുപിടഞ്ഞു. വിടരും മുമ്പേ കൊഴിഞ്ഞ പിഞ്ചോമനകളെക്കുറിച്ചോർത്ത് വിങ്ങിപ്പൊട്ടുകയായിരുന്നു വെള്ളിയാഴ്ച മുളിയങ്ങൽ ഗ്രാമം. പാറുട്ടിയെന്ന് വിളിക്കുന്ന നിവേദ്യയുടെയും പുണ്യയുടെയും കളിചിരികളുടെ ഓർമകളായിരുന്നു എല്ലാവരുടെയും മനസ്സ് നിറയെ. അച്ഛൻ പ്രകാശന്റെ അരികിലേക്ക് അമ്മയ്ക്കൊപ്പം അവരും പറന്നകന്നപ്പോൾ നടുക്കം മാറാതെ ഉറ്റവരും അടുത്തവീട്ടുകാരും തളർന്നിരുന്നു.അച്ഛമ്മ ഓമന അമ്മ മറ്റൊരു മുറിയിലും പ്രിയയും മക്കളും ഒരു മുറിയിലുമായിരുന്നു ഉറങ്ങാൻ കിടന്നത്. ഓമന അമ്മയുടെ അടുത്ത് ഉറങ്ങാറുള്ള കുട്ടിയെ കഴിഞ്ഞദിവസം പ്രിയയ്ക്കൊപ്പം മാറ്റിക്കിടത്തുകയായിരുന്നുവത്രേ. ഓമന അമ്മയുടെ നിലവിളികേട്ടാണ് അടുത്ത വീട്ടുകാർ വിവരമറിഞ്ഞ് ഓടിയെത്തിയത്. മുറി തുറക്കാത്തതിനാൽ ചവിട്ടി ത്തുറക്കുകയായിരുന്നു.ജീവന്റെ തുടിപ്പോടെ ആശുപത്രിയിലേക്ക് എത്തിച്ചതിന് പിന്നാലെ കുട്ടികളുടെ മരണവാർത്തയെത്തി. തീവ്രപരിചരണ വിഭാഗത്തിലായിരുന്ന പ്രിയയും പിന്നാലെ മരിച്ചു.

## ഒഴുകിയ വെള്ളത്തിന് കണക്കില്ല; നൈവാരണിത്തോട് തെളിഞ്ഞില്ല

**പയ്യോളി:** ഇത്രമാത്രം മഴപെയ്തിട്ടും കണക്കില്ലാത്ത വെള്ളം കുത്തിയൊലിച്ചിട്ടും നൈവാരണിത്തോട്ടിലെ വെള്ളം തെളിഞ്ഞില്ല. ഒരുകാലത്ത് ആളുകൾ കൈകൊണ്ട് കോരിക്കുടിച്ച വെള്ളമാണ് രൂക്ഷഗന്ധത്തോടെ കറുത്തിരുണ്ട് ഒഴുകുന്നത്. പത്തുവർഷമായി നൈവാരണിത്തോട് ഇങ്ങനെയാണ്.കീഴൂരിന് സമീപം പള്ളിക്കര റോഡിൽ നൈവാരണി ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപമാണ് തോട്. പെരുമാൾപുരം ഉരൂക്കര വയലിലൂടെ കടന്നുപോകുന്ന തോട് കിഴക്ക് അകലാപ്പുഴയിൽ ചേരും.വെള്ളത്തിന്റെ അസഹനീയമായ ദുർഗന്ധം കാരണം തോടിന് സമീപത്തെ വീട്ടുകാർ അനുഭവിക്കുന്ന ദുരിതം ചെറുതല്ല. ജനൽ തുറന്നിടാൻ കഴിയില്ല. ഉമ്മറത്തെ വരാന്തയിൽ ഇരിക്കാനും കഴിയില്ല. ആരോഗ്യപ്രശ്നങ്ങൾ ഏറെ. രാത്രിയായാൽ മാലിന്യം തോട്ടിൽകൊണ്ടു തള്ളുന്നതും പതിവ്. കൊതുകുശല്യം വേറെ. ഈവഴി കടന്നുപോകുന്ന വാഹനയാത്രക്കാരും മറ്റും മുക്കുപൊത്തിയാണ് സഞ്ചരിക്കുന്നത്.വയലിൽ കൈതോല തിങ്ങിവളർന്നതോടെ തോടിന്റെ സ്വാഭാവികമായ ഒഴുക്കിന് തടസ്സംനേരിടുന്നുണ്ട്. കൈയേറ്റം കാരണം പലഭാഗത്തും തോടിന്റെ വീതിയും കുറഞ്ഞു. തോട്ടിലെ മലിനജലം സമീപത്തെ വീടുകളിലെ കിണറുകൾക്കും ഭീഷണിയാണ്.പണ്ടൊക്കെ മഴക്കാലത്ത് നിറഞ്ഞൊഴുകിയിരുന്ന തോട് നീന്തൽ പഠിക്കാനെത്തുന്ന കുട്ടികളെക്കൊണ്ട് നിറയുമായിരുന്നു. പാലത്തിന്റെ കൈവരിയിൽ കയറി വെള്ളത്തിലേക്കുചാടുന്ന കുട്ടികളെ കാണാൻ കാഴ്ചക്കാരും.തോടിന് ഇരുവശവും കുളിക്കാനും അലക്കാനും വരുന്നവർ ഒട്ടേറെ. ഇതെല്ലാം ഇന്ന് ഓർമമാത്രം. തോട് ശുചീകരിക്കാനും വീതികൂട്ടാനും നഗരസഭ മുമ്പ് ഫണ്ട് നീക്കിവെച്ചങ്കിലും അത് വെള്ളത്തിലെ വരപോലെയായതായി നാട്ടുകാർ പറയുന്നു.

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ളതും കല, സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യസേവനം, വ്യവസായം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടം കൈവരിച്ച വരുമായ യുവജനങ്ങളെയാണ് അവാർഡിന് പരിഗണിക്കുന്നത്. അവാർഡിനായി നാമനിർദേശം നൽകാവുന്നതോ സ്വമേധയാ അപേക്ഷ സമർപ്പിക്കാവുന്നതോ ആണ്. യുവജനക്ഷേമ ബോർഡിൽ നിന്നും അംഗീകാരമൊന്നും ലഭിച്ചിട്ടില്ലാത്തവരും മുമ്പ് യൂത്ത് ഐക്കൺ അവാർഡിന് അർഹരായിട്ടില്ലാത്തവരുമായിരിക്കണം അപേക്ഷകർ. പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന നിർദേശങ്ങൾ പരിഗണിച്ച് വിദഗ്ധ ജൂറിയുടെ തീരുമാനത്തിനു വിധേയമായി ആറ് പേർക്കാണ് അവാർഡ് നൽകുന്നത്. യൂത്ത് ഐക്കണായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20,000 രൂപയുടെ കാഷ് അവാർഡും ബഹുമതി ശിൽപ്പവും നൽകുന്നതാണ്. നിർദേശങ്ങൾ official.ksyc@gmail.com എന്ന മെയിൽ ഐഡിയിൽ അറിയിക്കണം. കൂടാതെ കമ്മീഷന്റെ വികാസ് ഭവനിലുള്ള ഓഫീസിൽ നേരിട്ടും നിർദേശങ്ങൾ നൽകാം. അപേക്ഷകൾ അയക്കേണ്ട അവസാന തീയതി: ഡിസംബർ 15.

### നിയമനം

ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ പാരാ ലീഗൽ വൊളന്റിയറെ നിയമിക്കുന്നു. പത്താം തരം പാസ്സായ സേവന സന്നദ്ധതയുള്ളവർക്ക് അപേക്ഷിക്കാം. നിലവിൽ ജോലിയിൽ ഉള്ളവരോ വിരമിച്ചവരോ ആയ അധ്യാപകർ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ എം.എസ്.ഡബ്ല്യൂ വിദ്യാർഥികൾ അംഗൺവാടി ജീവനക്കാർ, ഡോക്ടർമാർ, നിയമ വിദ്യാർഥികൾ, രാഷ്ട്രീയ പാർട്ടികളുടെ പിൻബലമില്ലാതെ സേവനരംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ, സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ എന്നിവർക്ക് മുൻഗണന. കൽപ്പറ്റ ജില്ലാ കോടതി സമുച്ചയത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി ഓഫീസിൽ നിന്നും അപേക്ഷ ഫോറം ഡിസംബർ 1 മുതൽ ലഭിക്കും. അപേക്ഷകൾ സെക്രട്ടറി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, കോടതി സമുച്ചയം , കൽപ്പറ്റ നോർത്ത് പോസ്റ്റ് എന്ന എന്ന വിലാസത്തിൽ ഡിസംബർ 18 വരെ സ്വീകരിക്കും. ഫോൺ 04396 207800

### അപേക്ഷിക്കാം

മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കളിൽ 2021 ലെ എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസും, സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ വണും നേടിയവർക്ക് പാരിതോഷികം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറം www.malabardevaswom.kerala.gov.in എന്ന സൈറ്റിൽ ലഭിക്കും. അപേക്ഷ മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി സെക്രട്ടറിയുടെയും ഓഫീസിൽ ഡിസംബർ 15 ന് വൈകിട്ട് അഞ്ച് വരെ സ്വീകരിക്കും. സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഫോൺ 0495 236 0720

### ഒഴിവുകൾ

വനിതാ ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകങ്ങളായ 14 ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലേക്കും 14 ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലേക്കും 2022 മാർച്ചിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓരോ ജില്ലയിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ചെയർപേഴ്സന്റെ ഒരു ഒഴിവും മെമ്പർമാരുടെ നാല് ഒഴിവുകളുമാണുള്ളത്. ഓരോ ജില്ലയിലുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ സോഷ്യൽ വർക്കർ മെമ്പർമാരുടെ രണ്ട് ഒഴിവുകളുമുണ്ട്. ഇതുസംബന്ധിച്ച വിജ്ഞാപനങ്ങൾ ഗസറ്റിലും വനിതാ ശിശു വികസന വകുപ്പിന്റെ (wcd.kerala.gov.in) വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. താത്പര്യമുള്ളവർ നിശ്ചിത ഫോമിലുള്ള അപേക്ഷകൾ ഡിസംബർ 24 ന് വൈകിട്ട് അഞ്ചിനു മുമ്പ് ''വനിതാശിശു വികസന ഡയറക്ടർ, സംയോജിത ശിശു സംരക്ഷണ പദ്ധതി, ജയിൽ കഫെറ്റീരിയക്കെതിർ വശം, പൂജപ്പുര, തിരുവനന്തപുരം - 695012'' എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണമെന്ന് ഡയറക്ടർ അറിയിച്ചു.



# മോദി ഭരണത്തിൽ സ്ത്രീകൾ അരക്ഷിതർ: സെമിനാർ

**പുൽപ്പള്ളി :** നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഭരണം രാജ്യത്ത് സ്ത്രീകളുടെ ജീവിതം ദുരിതപൂർണമാക്കിയതായി സിപിഐ എം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് 'സ്ത്രീ പ്രശ്നങ്ങളും കേരളവും ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു.രാജ്യത്ത് സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർധിച്ചു. പാചകവാതക- ഇന്ധന വിലവർധന ഏറ്റവും കൂടുതൽ ബാധിച്ചത് സ്ത്രീകളെയാണ്. പട്ടിണി കിടക്കുന്ന സ്ത്രീകളുടെ എണ്ണവും കൂടുതൽ ഇന്ത്യയിലാണ്. സ്ത്രീകളെ അനാചാരത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ഇരകളാക്കുന്നു. അവരുടെ സാമൂഹ്യ പദവി മെച്ചപ്പെടുത്താനുള്ള നടപടികളിൽ നിന്ന് കേന്ദ്ര സർക്കാർ പിന്നോട്ടുപോകുന്നു. പിറന്നു വീഴുന്ന 30.6 ശതമാനം കുഞ്ഞുങ്ങളും രക്തക്കുറവുള്ളവരാണ്. സ്ത്രീ പീഡനങ്ങൾ വർധിക്കുമ്പോഴും കുറ്റവാളികളെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാൻ ബിജെപിയും കോൺഗ്രസും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നടപടി ഉണ്ടാകുന്നില്ല. ഭരണഘടനാ സ്ഥാപനങ്ങളിൽ 50 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള ബിൽ പാർലമെന്റിൽ ചർച്ചപോലും ചെയ്യാതെ അട്ടിമറിക്കപ്പെടുകയാണെന്നും സെമിനാർ ചൂണ്ടിക്കാട്ടി. സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗവും ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ സി എസ് സുജാത ഉദ്ഘാടനം ചെയ്തു. സംഘാടകസമിതി ചെയർപേഴ്സൺ രുക്മിണി സുബ്രഹ്മണ്യൻ അധ്യക്ഷയായി. വി ഉഷാകുമാരി സംസാരിച്ചു. സംഘാടകസമിതി കൺവീനർ എം എസ് സുരേഷ്ബാബു സ്വാഗതവും മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറി ബീന വിജയൻ നന്ദിയും പറഞ്ഞു. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം പി കെ സുരേഷ്, പി എസ് ജനാർദനൻ, മഹിളാ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് പി ആർ നിർമ്മല, എൻ പി കുഞ്ഞിമോൾ എന്നിവർ പങ്കെടുത്തു. കേരളത്തിൽ സ്ത്രീ മുന്നേറ്റം കരുത്താർജിച്ചു: സി എസ് സുജാത പുൽപ്പള്ളി എൽഡിഎഫ് സർക്കാരുകൾ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളും സ്ത്രീ സൗഹൃദ നയങ്ങളും കേരളത്തിലെ വനിതകളുടെ സാമൂഹ്യ മുന്നേറ്റത്തിന് വഴി തെളിച്ചതായി സി എസ് സുജാത പറഞ്ഞു. രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സാക്ഷരതാ നിരക്കും, കുറഞ്ഞ മാതൃ മരണനിരക്കും ശിശു മരണനിരക്കും ആരോഗ്യ മേഖലയിലെ പുരോഗതിയുമെല്ലാം വനിതകൾക്കായി എൽഡിഎഫ് സർക്കാർ നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങളുടെ ഫലമാണ്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ തീർപ്പുണ്ടാക്കാൻ അതിവേഗ കോടതികളും, കുറ്റവാളികളെ പെട്ടെന്ന് പിടികൂടി നിയമത്തിനു മുമ്പിലെത്തിക്കുന്നതുമെല്ലാം കേരളത്തിൽ മാത്രം നടക്കുന്ന കാര്യങ്ങളാണ്. തുല്യത ഉറപ്പാക്കാനുള്ള ബോധപൂർവമായ ഇടപെടൽ സർക്കാർ സംവിധാനങ്ങളിലൂടെ എൽഡിഎഫ് സർക്കാർ നടപ്പാക്കുന്നുണ്ട്.തൊഴിലുറപ്പ് പദ്ധതിയും ക്ഷേമ പെൻഷൻ വിതരണവും കുടുംബശ്രീ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കിയും സ്ത്രീകളുടെ സാമൂഹ്യ പദവി മച്ചപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയത് പുരോഗമനപ്രസ്ഥാനം ഭരിക്കുന്നതിന്റെ നേട്ടമാണെന്നും അവർ പറഞ്ഞു.

# വന്യമൃഗശല്യം: ഹർത്താൽ ഉൾപ്പടെയുള്ള സമരപരിപാടികളെന്ന് ഡി.സി.സി.പ്രസിഡണ്ട്

**ബത്തേരി :** വയനാട്ടിൽ വന്യമൃഗ ശല്യം രൂക്ഷമായിട്ടും സർക്കാർ മനുഷ്യത്വപരമായ സമീപനം സ്വീകരിച്ചില്ലങ്കിൽ ഹർത്താൽ ഉൾപ്പടെയുള്ള സമരപരിപാടികളെന്ന് ഡി.സി.സി.പ്രസിഡണ്ട് എൻ.ഡി.അപ്പച്ചൻ .ബത്തേരിയിൽ സി.യു.സി. ഭാരവാഹികളുടെ യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. വന്യമൃഗ ശല്യം വയനാട്ടിലെ വലിയ സാമൂഹിക പ്രശ്നമായി മാറിയിരിക്കുന്നു. ജില്ലയുടെ എല്ലാ ഭാഗങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണവും കൃഷിനാശവും രൂക്ഷമായി തുടരുകയാണ്. ജില്ലയിലെ ജനജീവിതത്തെ സാരമായി ബാധിക്കുന്നതരത്തിലേക്ക് വന്യമൃഗശല്യം എത്തിയിരിക്കുകയാണ്. ഏക്കർ കണക്കിന് കൃഷിയും നൂറ് കണക്കിന് വളർത്ത് മൃഗങ്ങളും ഒട്ടേറെ മനുഷ്യജീവനും വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായിക്കഴിഞ്ഞു. കോടികളുടെ നഷ്ടമാണ് വന്യമൃഗ ആക്രമണങ്ങൾ മൂലം ജില്ലയിലെ കർഷകർക്ക് ഉണ്ടായിട്ടുണ്ട്. ഇത്രയേറെ പ്രശ്നങ്ങൾ ഉണ്ടായിട്ടും ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് കേന്ദ്ര -സംസ്ഥാന സർക്കാരുകൾ തികഞ്ഞ അലംഭാവമാണ് കാണിക്കുന്നത്. കാടും നാടും വേർതിരിച്ച് വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിന് മികച്ച പദ്ധതികൾ തയ്യാറാക്കണം. ഇന്ത്യക്ക് അകത്തും പുറത്തും ഇത്തരത്തിൽ വിജയകരമായി പ്രാവർത്തികമാക്കിയിട്ടുള്ള പദ്ധതികളെ കുറിച്ച് പഠിച്ച് ജില്ലയിലും അത് നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടിയുണ്ടാകണം. വളർത്തു മൃഗങ്ങളുടെയും കൃഷിയുടെയും നാശത്തിന് നൽകുന്ന നഷ്ടപരിഹാര തുക വളരെ കുറവായതിനാൽ നഷ്ടപരിഹാരം കണക്കാക്കുന്നതിന് സമഗ്രമായ പരിഷ്കരണ പരിപാടി നടപ്പിലാക്കുകയും ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്ക് പറ്റുന്നവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിന് മോട്ടോർ വാഹന അപകട നഷ്ടപരിഹാര ട്രൈബ്യൂണൽ മാതൃകയിൽ പ്രത്യേക നഷ്ടപരിഹാര ട്രൈബ്യൂണൽ ഉണ്ടാക്കണം. ജില്ലയിലെ ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് അടിയന്തിര ഇടപെടൽ നടത്താൻ സർക്കാരുകൾ തയ്യാറാകുന്നില്ലെങ്കിൽ ശക്തമായ പ്രത്യക്ഷ സമരപരിപാടികൾക്ക് കോൺഗ്രസ്സും യൂ.ഡി.എഫും നേതൃത്വം നൽകും. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ 6 വർഷമായി 8 ആളുകൾ വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണപ്പെടുകയും കോടിക്കണക്കിന് രൂപയുടെ കാർഷികവിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാണിക്കുന്ന നിഷേധാത്മകമായ നിലപാടുകൾ കാരണം വയനാട്ടിലെ സാധാരണ കർഷകർ ആത്മഹത്യയുടെ വക്കിലാണ്. കഴിഞ്ഞ 14 ദിവസത്തിനിടെ കാട്ടിക്കുളം, കുറുക്കൻമൂല, ചേറൂർ,പടമല എന്നീ സ്ഥലങ്ങളിലെ ആടുകളെയും പശുക്കുട്ടികളെയും ഉൾപ്പടെ 11 വളർത്തുമൃഗങ്ങളെ കടുവ ആക്രമിച്ചു കൊന്നു. ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥർ അനങ്ങാപ്പാറ നയം സ്വീകരിക്കുന്നു. ഒരു പ്രദേശത്തെ ജനങ്ങൾ കഴിഞ്ഞ രണ്ട് ആഴ്ചയായി ഉറങ്ങാതെ കഴിയുകയാണ്.ജനങ്ങൾ ഇത്രയധികം ബുദ്ധിമുട്ടിയിട്ടും മനസ്സലിയാത്ത മുഖ്യമന്ത്രിയും സർക്കാരും സംസ്ഥാനത്തിന് ഭാരമാണന്നും സർക്കാർ സാധാരണ ജനങ്ങളുടെ അവസ്ഥ മനസ്സിലാക്കണമെന്നും അപ്പച്ചൻ പറഞ്ഞു.

# പരാതിയുമായി യുവതി

**സുൽത്താൻ ബത്തേരി:** മൂലങ്കാവിൽ ഭർത്താവിനും വീട്ടുകാർക്കുമെതിരെ യുവതിയും മാതാവും രംഗത്ത്. വിവാഹസമ്മാനമായി നൽകിയ ആഭരണങ്ങൾ കൈക്കലാക്കിയ ശേഷം തന്നെ മർദ്ധിച്ചെന്നും യുവതി വെളിപ്പെടുത്തി. ഓടപ്പള്ളം അരയൻപറമ്പിൽ വീട്ടിൽ അശ്വതിയും മാതാവുമാണ് പരാതിയുമായി രംഗത്തെത്തിയത്. പൊലിസിൽ പരാതി നൽകിയിട്ടും നടപടിയില്ലന്നും കുടുംബം. അതേസമയം എഫ് ഐ ആർ ഇട്ട കേസിൽ അറസ്റ്റടക്കമുള്ള തുടർ നടപടികൾ ഉടനുണ്ടാകുമെന്നും പൊലിസ്. സ്ത്രീധന സമ്മാനമായി നൽകിയ 42 പവൻ സ്വർണ്ണാഭരണങ്ങൾ കൈക്കലാക്കി മാനസികമായും ശാരീരകമായും ഉപദ്രവിച്ചുവെന്ന പരാതിയുമായാണ് യുവതി മാധ്യമങ്ങൾക്കുമുന്നിലെത്തിയത്. 2020 ആഗസ്റ്റ് 17നാണ് അശ്വതിയുടെയും കൊട്ടാരക്കര സ്വദേശി സുരേഷിന്റെയും വിവാഹം നടന്നത്. അന്നുമുതൽ പലതവണയായി സ്വർണാഭരണങ്ങൾ പല ആവശ്യങ്ങൾ പറഞ്ഞ് സുരേഷും വീട്ടുകാരും തട്ടിയെടുക്കുകയായിരന്നുവെന്നാണ് അശ്വതി ആരോപിക്കുന്നത്. പിന്നീട് വീണ്ടും പത്തുലക്ഷവും തന്റെ അമ്മയുടെ പേരിലുള്ള ഭൂമിയും ആവശ്യപ്പെട്ട് നിരന്തരം മാനസികമായും ശാരീരകമായും പീഡിപ്പിച്ചുവെന്നുമാണ് അശ്വതി ആരോപിക്കുന്നത്. തുടർന്ന് തന്നെ വീട്ടിലേക്ക് കൊണ്ടുവന്നു വിടുകയായിരുന്നുവെന്നും ഇവർ പറയുന്നു. ഇതിൽ നീതി ആവശ്യപ്പെട്ട് കൊട്ടാരക്കര പൊലിസിലും, വനിതാകമ്മീഷനിലും ആദ്യം പരാതി നൽകി. പിന്നീട് ജില്ലാപൊലിസ് സൂപ്രണ്ടിനും, ബത്തേരി പൊലിസിലും പരാതിനൽകി. നാലുമാസം പിന്നിട്ടിട്ടും ഇതുവരെ തനിക്ക് നീതി ലഭിച്ചിട്ടില്ലന്നുമാണ് അശ്വതി ആരോപിക്കുന്നത്.



# ഫോട്ടോ പ്രദർശനം

**മാനന്തവാടി:** നാലരപ്പതിറ്റാണ്ടായി ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്ന വി.ഡി.മോഹൻദാസിന്റെ ഫോട്ടോ പ്രദർശനം പഴശ്ശി ഗ്രന്ഥാലയത്തിൽ തുടങ്ങി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ യാത്രക്കിടെ ഒപ്പിയെടുത്ത ജീവൻ തുടിക്കുന്ന 70 ചിത്രങ്ങളാണ് ചിത്ര പ്രദർശനത്തിലുള്ളത്.സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജിലെ പ്രി-ഡിഗ്രി വിദ്യാഭ്യാസത്തിനു ശേഷം ബത്തേരിയിലെ ബേബി തങ്കപ്പൻ സ് സ്റ്റുഡിയോയിൽ സഹായിയായിട്ടാണ് മോഹൻദാസിന്റെ ഫോട്ടോഗ്രാഫി മേഖലയിലേക്കുള്ള കാൽവെപ്പ്. പ്രദർശനത്തിന് വെച്ചിരിക്കുന്ന 70 ചിത്രങ്ങളിൽ അധികവും പ്രകൃതി ദൃശ്യങ്ങളുടെ അപൂർവ്വ കാഴ്ചകൾ സമ്മാനിക്കുന്നതാണ്.വനവും മൃഗങ്ങളുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫുകൾ ആരെയും ആകർഷിക്കുന്നവയാണ്. പ്രകൃതി ദൃശ്യങ്ങൾ അതിന്റെ സ്വാഭാവികത നഷ്ടപ്പെടാതെ ക്യാമറക്കണ്ണുകളിൽ ഒപ്പിയെടുത്തവയാണിവ. വെല്ലുവിളിയാണ്. കാട്ടിലെ തളിരിലയ്ക്കും, പുൽക്കൊടിയ്ക്കും നീർച്ചാലിനുമൊക്കെ പറയാനുള്ള കഥകൾ ഈ ഫോട്ടോകൾ കാഴ്ചക്കാരോട് പറയും. ആനക്കൂട്ടങ്ങളടെയും, കടുവകളടെയും ചിത്രങ്ങൾ ഏറെ ശ്രദ്ധേയമാണ്. ജർമനി, ഫ്രാൻസ്, ഇറ്റലി, , വത്തിക്കാൻ, സ്വിറ്റ്സ്സർലഡ്,തുടങ്ങിയ യുറോപ്യൻ രാജ്യങ്ങളിലും തന്റെ ക്യാമറയുമായി മോഹൻദാസ് സഞ്ചരിച്ചു.ആൽപ്സ് പർവ്വതം കനിഞ്ഞൊരുക്കിയ കാഴ്ച വിരുന്നുകളുടെ നാടായ സ്വിറ്റ്സർലണ്ടിൽ നിന്നും ഒപ്പിയെടുത്ത പച്ചപ്പിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ഫോട്ടോഗ്രാഫ് വർണനയ്ക്ക് അതീതമാണ്. രാജസ്ഥാനിൽ നിന്നുമെടുത്ത 'സന്ധ്യയുടെ സംഗീതം, 'വയനാടിലേക്കുള്ള കരിന്തണ്ടന്റ യാത്ര തുടങ്ങിയ ചിത്രങ്ങളും മനോഹരമായ കാഴ്ചാനുഭവം സമ്മാനിക്കുന്നവയാണ്. പ്രകൃതിയും ജീവീതവും ഇഴചേർന്ന കാഴ്ചകളുടെ വസന്ത ലോകമായിത്തിർന്നിരിക്കുകയാണ് പഴശ്ശി ഓഡിറ്റോറിയം.പ്രദർശനത്തിന്റെ ഉദ്ഘാടനം എംഎൽഎ ഓ.ആർ കേളു നിർവ്വഹിച്ചു. നഗരസഭാ ചെയർപേഴ്സൺ സി.കെ. രത്നവല്ലി അധ്യക്ഷം വഹിച്ചു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജസ്റ്റിൻ ബേബി, നഗരസഭ വൈസ് ചെയർമാൻ പി.വി.എസ് മൂസ, മലയാള മനോരമ ചീഫ് ഫോട്ടോഗ്രാഫർ റസൽ ഷാഹൂൽ, എ.കെ.പി.എ വയനാട് ജില്ലാ സെക്രട്ടറി അജി കൊളോണിയ, പഴശ്ശി ഗ്രന്ഥാലയം പ്രസിഡണ്ട് ഷബിത, ജ്യോതിർഗമയ കോ-ഓർഡിനേറ്റർ ഷിനോജ് കെ.എം എന്നിവർ പ്രസംഗിച്ചു.രാവിലെ 9 മുതൽ രാത്രി 8 വരെയാണ് പ്രദർശനം. ഡിസംബറിന്റെ പകലുകളെ മനോഹര ദൃശ്യവിരുന്നൊരുക്കി സമ്പന്നമാക്കിയ മോഹൻ ദാസിന്റ പ്രദർശനം 15 ന് സമാപിക്കും. വിദ്യാർഥികളടക്കം നിരവധി ആളുകളാണ് പ്രദർശനം ആസ്വദിക്കാനെത്തുന്നത്.

# ലൈംഗിക തൊഴിലാളികളുടെ എണ്ണം വർധിക്കുന്നു

**കൽപ്പറ്റ:**വിനോദസഞ്ചാര മേഖലയിൽ വികസനത്തിന്റെ പെരുമ്പറ മുഴങ്ങുന്നതിനിടെ വയനാട്ടിൽ ലൈംഗിക തൊഴിലാളികളുടെ എണ്ണം വർധിക്കുന്നു.കൽപ്പറ്റ-വിനോദസഞ്ചാര മേഖലയിൽ വികസനത്തിന്റെ പെരുമ്പറ മുഴങ്ങുന്നതിനിടെ വയനാട്ടിൽ ലൈംഗിക തൊഴിലാളികളുടെ എണ്ണം വർധിക്കുന്നു. മറ്റിടങ്ങളിൽ നിന്നു വന്നുപോകുന്നവരടക്കം നാലായിരത്തിലധികം സ്ത്രീകൾ ജില്ലയിൽ ലൈംഗിക തൊഴിലിൽ ഏർപ്പെടുന്നതായാണ് അനൗദ്യോഗിക കണക്ക്. 50നടുത്ത് പുരുഷ ലൈംഗിക തൊഴിലാളികളും ജില്ലയിലുണ്ട്. റെഡ് ക്രോസ് സൊസൈറ്റി വയനാട് ബ്രാഞ്ചു മുഖേന സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നടപ്പിലാക്കുന്ന സുരക്ഷ പ്രൊജക്ടിൽ മാത്രം 1,198 സ്ത്രീ ലൈംഗിക തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 50 വയസിൽ താഴെ പ്രായമുള്ള ഇവരിൽ ആദിവാസി വിഭാഗങ്ങളിൽനിന്നുള്ളവരും ഉണ്ട്. ലൈംഗിക തൊഴിലാളികളിലെ എയ്ഡ്സ് പ്രതിരോധത്തിനു മുൻതൂക്കം നൽകി പ്രാവർത്തികമാക്കിയതാണ് സുരക്ഷ പ്രൊജക്ട്. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ സാമ്പത്തിക പിന്തുണയോടെയാണ് പ്രൊജക്ട് നിർവഹണം.ടൂറിസം ശൈശവദശയിലായിരുന്ന കാലത്തു ജില്ലയിൽ വളരെ കുറവായിരുന്നു ലൈംഗിക തൊഴിലാളികളുടെ എണ്ണം. ദുഷിച്ച സാമൂഹിക സാഹചര്യങ്ങളിൽ വഴിപിഴച്ചുപോയവരായിരുന്നു ഇവരിൽ അധികവും. ജീവിക്കാനായുള്ള പോരിൽ തെരുവോരങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും നിന്നാണ് മുമ്പ് ലൈംഗിക തൊഴിലാളികൾ ആവശ്യക്കാരെ കണ്ടെത്തിയിരുന്നത്. ടൂറിസം വളർന്നതോടെ തെരുവോരങ്ങളിൽ ലൈംഗിക തൊഴിലാളികളെ കാണാതായി. റിസോർട്ടുകളും ഹോംസ്റ്റേകളും മറ്റും അവരുടെ പ്രധാന തൊഴിലിടങ്ങളായി. ഇടനിലക്കാരാണ് ലൈംഗിക തൊഴിലാളികളെ താമസസ്ഥലത്തുനിന്നു രഹസ്യമായി റിസോർട്ടുകളിലും ഹോംസ്റ്റേകളിലും എത്തിക്കുന്നതിനും തിരിച്ചുകൊണ്ടുപോകുന്നതും. ജീവിക്കാൻ ഒരു തൊഴിൽ എന്നതിലുപരി ധനസമ്പാദനത്തിനു ലൈംഗിക തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളും കുറവല്ലെന്നു സുരക്ഷ പ്രൊജക്ടുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ പറയുന്നു. സമീപകാലത്തു നടന്ന പോപ്പുലേഷൻ എസ്റ്റിമേഷൻ സർവേയിയിലൂടെ ജില്ലയിൽ 1,545 പേർ ലൈംഗിക തൊഴിലിൽ ഏർപ്പെടുന്നതായി റെഡ് ക്രോസ് സൊസൈറ്റിക്കു വിവരം ലഭിച്ചിരുന്നു. ഇതിനു പിന്നാലെ സുരക്ഷ പ്രൊജക്ടുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഔട്ട്റീച്ച് വർക്കർമാർ, പീർ എജ്യുക്കേറ്റഴേസ് എന്നിവരെ ഉപയോഗപ്പെടുത്തിയാണ് 1,198 സ്ത്രീ ലൈംഗിക തൊഴിലാളികളെ കണ്ടെത്തിയത്. കൗൺസലിംഗും ബോധവത്കരണവും നൽകി സുരക്ഷ പ്രൊജക്ടിൽ രജിസ്റ്റർ ചെയ്യിച്ച ഇവർക്കു മൂന്നു മാസം ഇടവിട്ട് ഡോക്ടർമാർ മുഖേന ശാരീരിക പരിശോധനയും ആറു മാസം ഇടവിട്ട് എച്ച്.ഐ.വി, സിഫിലിസ് പരിശോധനയും നടത്തുന്നുണ്ട്. എച്ച്.ഐ.വി, ലൈംഗിക രോഗ പ്രതിരോധത്തിനുള്ള ഉറകളുടെ വിതരണവും സുരക്ഷ പ്രൊജക്ടിന്റെ ഭാഗമാണ്. മാസം 10,000 ഉറകളാണ് ജില്ലയിൽ വിതരണം ചെയ്യുന്നത്. ജീവിത സാഹചര്യങ്ങൾ ഒരുക്കി സ്ത്രീകളെ ലൈംഗിക തൊഴിലിൽനിന്നു മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും റെഡ് ക്രോസ് സൊസൈറ്റി നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സഹകരണത്തോടെ 100 പേർക്കു തയ്യൽ പരിശീലനം നൽകിയിരുന്നു. ഇവർക്കു ടൈലറിംഗ് യൂനിറ്റ് ആരംഭിക്കുന്നതിനു സാമൂഹികനീതി വകുപ്പ് മുഖേന അനുവദിക്കുന്നതിനു വയനാട് ജില്ലാ പഞ്ചായത്ത് നേരത്തേ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ പദ്ധതി പ്രാവർത്തികമായില്ല. ഭേദപ്പെട്ട വരുമാനമുള്ള തൊഴിൽ ലഭിച്ചാൽ ലൈംഗിക തൊഴിൽ അവസാനിപ്പിക്കാൻ സന്നദ്ധരാണ് സുരക്ഷ പ്രൊജക്ടിൽ രജിസ്റ്റർ ചെയ്തവരിൽ പലരും. ലൈംഗിക തൊഴിലിൽനിന്നു സത്രീകളെ മോചിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ശാസ്ത്രീയ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ടെന്നു സുരക്ഷ പ്രൊജക്ട് ഡയറക്ടർ അഡ്വ.ജോർജ് വാത്തുപറമ്പിൽ പറഞ്ഞു. ലൈംഗിക തൊഴിലാളികളുടെ സ്വഭാവത്തിലും ആവശ്യക്കാരോടുള്ള സമീപനത്തിലും കാതലായ മാറ്റം വരുത്താൻ ബോധവത്കരണം ഉതകുന്നുണ്ടെന്നു സുരക്ഷ പ്രൊജക്ട് മാനേജർ ജിബിൻ കെ.ഏലിയാസ് പറഞ്ഞു. അധികം പണം ലഭിക്കുമെങ്കിൽ ഉറ ഉപയോഗിക്കാതെയുള്ള ബന്ധത്തിനു സമ്മതിച്ചിരുന്നവരാണ് ലൈംഗിക തൊഴിലാളികളിൽ ചിലരെങ്കിലും. ഇപ്പോൾ സ്ഥിതി മാറി. രോഗപ്പകർച്ച ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ലൈംഗിക തൊഴിലാളികൾക്കെല്ലാം ബോധ്യമുണ്ട്. ലൈംഗിക തൊഴിലാളികൾക്കിടയിലെ എയ്ഡ്സ്-രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കു കേന്ദ്ര സർക്കാർ കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം വിവിധ കോണുകളിൽ ഉയരുന്നുണ്ട്. മെച്ചപ്പെട്ട വേതനത്തിലല്ല സുരക്ഷ പ്രൊജക്ട് ജീവനക്കാർ ജോലി ചെയ്യുന്നത്. 2013നുശേഷം ജീവനക്കാരുടെ വേതനം പരിഷ്കരിച്ചിട്ടില്ല. ലൈംഗിക തൊളിലാളികളെ കണ്ടെത്തുന്നതിൽ മുഖ്യപങ്കു വഹിക്കുന്ന പീർ എജ്യുക്കേറ്റേഴ്സിനു 3,000 രൂപയാണ് പ്രതിമാസ ഓണറേറിയം. വേതനം കാലോചിതമായി വർധിപ്പിക്കുന്നതു സുരക്ഷ പ്രൊജക്ട് ജീവനക്കാരുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുമെന്നു സാമൂഹിക രംഗത്തുള്ളവർ പറയുന്നു. ലൈംഗിക തൊഴിലാളികളെ സൃഷ്ടിക്കുന്നതാകരുത് ടൂറിസം പദ്ധതികളെന്ന അഭിപ്രായവും അവർക്കുണ്ട്.

# മികച്ച മാധ്യമ പ്രവർത്തകനുള്ള പുരസ്കാരം ഇല്യാസ് പള്ളിയാൽ ഏറ്റുവാങ്ങി

**കൽപ്പറ്റ:** കുന്നംകുളം പ്രസ്സ് ക്ലബ്ബിന്റെ മികച്ച മാധ്യമ പ്രവർത്തകനുള്ള പുരസ്കാരം മലനാട് ചാനൽ കൽപ്പറ്റ റിപ്പോർട്ടർ ഇല്യാസ് പള്ളിയാൽ ഏറ്റുവാങ്ങി. കുന്നംകുളത്ത് നടന്ന ചടങ്ങിൽ പ്രശസ്ത സിനിമാ നടൻ ജോയ് മാത്യു വാണ് പുരസ്കാരം സമ്മാനിച്ചത്. മുൻ മന്ത്രി എ.സി.മൊയ്തീൻ, സിനിമാ നടൻ വി.കെ. ശ്രീരാ രാമൻ തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. ഇത് രണ്ടാം തവണയാണ് ഇല്യാസ് പള്ളിയാൽ കുന്നംകുളം പ്രസ്സ് ക്ലബ്ബിന്റെ പുരസ്കാരം നേടുന്നത്.




# 'ഓർമ കൊട്ടാരം' ഒരുക്കുന്നു

**സുൽത്താൻ ബത്തേരി:** ഗവ.സർവജന ഹയർ സെക്കൻഡറി സ്കൂൾ പൂർവ വിദ്യാർഥി കൂട്ടായ്മകളുടെ നേതൃത്വത്തിൽ ഓർമത്തണൽ ഒരുക്കുന്നു. പൂർവ വിദ്യാർഥികൾക്കും, കുടുംബാംഗങ്ങൾക്കും സ്കൂളിലെ കൂടിച്ചേരലുകൾക്കും, ഓർമകൾ അയവിറക്കുന്നതിനും, ഉല്ലാസത്തിനും ഉതകുന്ന വിധത്തിലാണ് ഓർമക്കൊട്ടാരം ആസൂത്രണം ചെയ്യുന്നത്.വള്ളിക്കുടിൽ, ഇരിപ്പിടങ്ങൾ, ഊഞ്ഞാൽ, നടപ്പാത, പൂന്തോട്ടം എന്നിവയാണ് പദ്ധതിയിലുള്ളത്. ഇന്ന് ഉച്ചക്ക് 2.30ന് നടക്കുന്ന പൂർവ വിദ്യാർഥി സംഗമത്തിൽ സ്വാഗത സംഘ രൂപീകരണം നടക്കും. യോഗത്തിൽ പൂർവ വിദ്യാർഥികൾ പങ്കെടുക്കണമെന്ന് രക്ഷാധികാരികളായ നഗരസഭ ചെയർമാൻ ടി.കെ രമേശ് ആവശ്യപ്പെട്ടു.

## അറിയിപ്പ്



## ക്വട്ടേഷൻ ക്ഷണിച്ചു

കണ്ണൂർ ഗവ.എഞ്ചിനീയറിങ് കോളേജിലെ ഇ സി ഇ വകുപ്പിലെ വിവിധ ലാബുകളിൽ ഇലക്ട്രോണിക് ഘടകങ്ങൾ സൂക്ഷിക്കുന്നതിനായുള്ള കോമ്പൗണ്ട് ഓർഗനൈസറിന് ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 22ന് ഉച്ചക്ക് 12.30 വരെ ക്വട്ടേഷൻ സ്വീകരിക്കും.കോളേജിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ് വിദ്യാർഥികൾക്ക് ടൈനി എഫ്പിജിഎസ് ബോർഡ് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 24ന് ഉച്ചക്ക് 12.30 വരെ ക്വട്ടേഷൻ സ്വീകരിക്കും. കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വകുപ്പിലെ ഡൈനാമിക്സ് ലാബിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഇൻസ്റ്റാലേഷനും ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 23ന് ഉച്ചക്ക് 12 മണി വരെ ക്വട്ടേഷൻ സ്വീകരിക്കും. ഫോൺ: 0497 2780226.

## സമർപ്പിക്കണം

കേരള തീരദേശ പരിപാലന സമിതി ജില്ലാ കമ്മിറ്റിയുടെ പ്രത്യേക യോഗം ഡിസംബർ 23 ന് ചേരും. ജില്ലയിലെ തീരദേശ നിയന്ത്രണ മേഖലകളിൽ മുൻകൂർ അനുമതിയില്ലാതെ നവംബർ എട്ടിന് മുമ്പായി നിർമ്മാണം പൂർത്തീകരിച്ചതും സി ആർ സെഡ് ചട്ട ലംഘനമില്ലാത്തതുമായ ഏക കുടുംബ വാസഗൃഹങ്ങൾ ക്രമവൽക്കരിച്ചു കിട്ടുന്നതിന് അപേക്ഷിക്കാൻ വൈകിയവർ കാലതാമസത്തിന്റെ കാരണം, കെട്ടിട നിർമാണ പെർമിറ്റ് ലഭ്യമായിട്ടുങ്കിൽ അതിന്റെ വിശദാംശങ്ങൾ, നിർദ്ദിഷ്ട അപേക്ഷാ ഫോറം, പ്ലാനുകൾ എന്നിവ സഹിതം ഡിസംബർ ഒമ്പതിനകം തദ്ദേശഭരണ സ്ഥാപന മേധാവിക്ക് അപേക്ഷ സമർപ്പിക്കണം. സെക്രട്ടറിമാർ ഇതു പരിശോധിച്ച് റിപ്പോർട്ട് സഹിതം ജില്ലാതല കമ്മിറ്റി കൺവീനറായ ജില്ലാ ടൗൺ പ്ലാനർക്ക് ഡിസംബർ 14 നകം ലഭ്യമാക്കണം. ഫോൺ: 04972707472.

## അപേക്ഷ ക്ഷണിച്ചു

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2021-22 വർഷത്തേക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറം ജില്ലാ ഓഫീസുകളിലും www.kmtwwfb.org ലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ ഡിസംബർ 31നകം ജില്ലാ ഓഫീസുകളിൽ ലഭിക്കണം.

## ലേലം

വനംവകുപ്പിന്റെ കണ്ണോത്ത് ഗവ. ടിമ്പർ ഡിപ്പോയിൽ തേക്ക് ഉൾപ്പെടെയുള്ള തടികളുടെ ലേലം ഡിസംബർ എട്ട്, 24 തീയതികളിൽ നടക്കും. ഓൺലൈൻ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ www.mstcecommerce.com ൽ രജിസ്റ്റർ ചെയ്യണം. പാൻകാർഡ്, ദേശസാൽകൃത ബാങ്ക് പാസ് ബുക്ക്, ആധാർ/തിരിച്ചറിയൽ കാർഡ്, ഇ-മെയിൽ വിലാസം, ജിഎസ്ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (കച്ചവടക്കാർ) എന്നിവ സഹിതം ഡിപ്പോയിൽ നേരിട്ടെത്തിയും രജിസ്റ്റർ ചെയ്യാം. ഫോൺ: 0490 2302080.

## അദാലത്ത്

കണ്ണൂർ പോസ്റ്റൽ ഡിവിഷന്റെ നേതൃത്വത്തിൽ ഡിസംബർ 27ന് രാവിലെ 11 മണിക്ക് തപാൽ അദാലത്ത് പോസ്റ്റൽ സൂപ്രണ്ട് ഓഫീസിൽ നടക്കും. കത്ത്, മണി ഓർഡർ, പാർസൽ, സ്പീഡ് പോസ്റ്റ്, സേവിംഗ്സ് ബാങ്ക് തുടങ്ങിവയുമായി ബന്ധപ്പെട്ട പരാതികൾ പോസ്റ്റൽ സൂപ്രണ്ട് , കണ്ണൂർ ഡിവിഷൻ, കണ്ണൂർ 670001 എന്ന വിലാസത്തിൽ ഡിസംബർ 21 നകം ലഭിക്കണം. കവറിന് മുകളിൽ തപാൽ അദാലത്ത് എന്ന് എഴുതണം.

## ഒഴിവ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയിൽ ഫിസിക്കൽ എജ്യൂക്കേഷൻ വിഷയത്തിൽ ഗസ്റ്റ് ലക്ചററുടെ ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദവും, ബിഎഡും ഉള്ളവർക്ക് അപേക്ഷിക്കാം. രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയം. താൽപര്യമുള്ളവർ ബന്ധപ്പെട്ട യോഗ്യത പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും, പകർപ്പും, ബയോഡാറ്റയും സഹിതം ഡിസംബർ ആറിന് വൈകിട്ട് മൂന്ന് മണിക്ക് തോട്ടടയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ എക്സിക്യൂട്ടീവ് ഡയരക്ടർ മുമ്പാകെ വാക്ക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 0497 2835390.




# മലബാറിന്റെ വികടനത്തിന് വൻ കുതിപ്പേകുന്ന അഴിക്കൽ ഗ്രീൻ ചാനൽ തുറമുഖത്തിന്റെ നിർമാണം വേഗത്തിലാക്കണം: സി. പി.. എം. ജില്ലാ സമ്മേളനം

കണ്ണൂർ : മലബാറിന്റെ വികടനത്തിന് വൻ കുതിപ്പേകുന്ന അഴിക്കൽ ഗ്രീൻ ചാനൽ തുറമുഖത്തിന്റെ നിർമാണം വേഗത്തിലാക്കാൻ സി. പി.. എം. ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.തുറമുഖ വികസനത്തോടെ സമീപ ജില്ലകളായ കാസർഗോഡ്, കുടക് തുടങ്ങിയ പ്രദേശങ്ങളിൽനിന്നുള്ള ചരക്കുകൾ അഴീക്കൽ വഴി കയറ്റി അയക്കാനാവുമെന്നുസമ്മേളനം ചൂണ്ടിക്കട്ടി. സഹകരണ മേഖലക്കെതിരായ നീക്കങ്ങളിൽ നിന്ന് പന്തിരിയാൻ സമ്മേളനം അഭ്യർത്ഥിച്ചു. കർഷകസമര പോരാളികൾക്ക്അഭിവാദ്യമർപ്പിക്കുകയും അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കായുള്ള പോരാട്ടങ്ങളോട് ഐക്യദാർഢ്യം പ്രകഠിപ്പിക്കുകയും ചെയ്തു . രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ന്യൂനപക്ഷ വേട്ടകൾ അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടു. ഡൽഹി, അസം, യു പി., മധ്യ പ്രദേശ് തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആരാധനാലയങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും എതിരെ അടുത്ത കാലത്തുണ്ടായ അക്രമങ്ങൾ പരിഷ്കൃ ത സമൂഹത്തിനു ചേർന്നതല്ലെന്നു സമ്മേളനം ചൂണ്ടിക്കാട്ടി. കണ്ണൂർ വിമാനത്താവളത്തിന്റെ വികസനം ഉറപ്പു വരുത്തുക, കണ്ണൂരിന്റെ ടൂറിസം സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുക കാർഷിക മേഖലയിലെ വന്യ മൃഗ ശല്യം അവസാനിപ്പിക്കുന്നതിന് നടപടികൾ എടുക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന പ്രമേയങ്ങളും അംഗീകരിച്ചു.പി. പി ദിവ്യ, ടി. ചന്ദ്രൻ, വി. ഗോവിന്ദൻ, വി. കുഞ്ഞികൃഷ്ണൻ, കെ. പി. ജ്യോതി, സി. എം കൃഷ്ണൻ, പുല്ലയ്ക്കോടി ചന്ദ്രൻ, ഷിബിൻ കാനായി, പി. രമേഷ്ബാബു, കെ. പി. അഗസ്റ്റിൻ, രജനി മോഹൻ,. നിതിഷ് നാരായണൻ, ടി. പി. ശ്രീ ധരൻ, ഷാജി കരിപ്പായി, കെ. പി. വി. പ്രീത, എം. വേലായുധൻ, പി. വി. ശോ ഭന, കെ. ജനാർദ്ദനൻ, കെ. വി. ജിജിൽ, ടി. വി. ലക്ഷ്മി എന്നിവർ പ്രമേങ്ങൾ അവതരിപ്പിച്ചു



# സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്തിടവുമായി നമ്മുടെ രാജ്യം മാറുകയാണെന്ന് വനിതാ ലീഗ് ദേശീയ പ്രസിഡന്റ് ഫാത്തിമ മുസഫർ

കണ്ണൂർ:പെൺകുട്ടികൾജീവിക്കാൻ ഏറെ ഭയപ്പെടുന്നതും സുരക്ഷിതമല്ലാത്തിടവുമായി നമ്മുടെ രാജ്യം മാറുകയാണെന്ന് വനിതാ ലീഗ് ദേശീയ പ്രസിഡന്റ് ഫാത്തിമ മുസഫർ. ഓരോ ദിവസവും ഇന്ത്യയിൽ എത്രയോ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. അവർക്ക് നീതി ലഭിക്കുന്നില്ല. മനുഷ്യ ജീവനെക്കാൾ വില ഇവിടെ മൃഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഫാത്തിമ പറഞ്ഞു. വനിതകൾ കേവലം കുടുംബത്തിൽ ഒതുങ്ങേണ്ടവരല്ലെന്നുംസമൂഹത്തിൽ മാറ്റം കൊണ്ടുവരാൻ മുന്നിട്ടറങ്ങേണ്ടവരാണെന്നും അവർ കൂട്ടി ചേർത്തു. . മുസ്ലീം പെൺകുട്ടികൾ ഭക്ഷണമുണ്ടാക്കാനും കുടുംബം നോക്കാനും കുഞ്ഞുങ്ങളെ പ്രസവിക്കാനും മാത്രമാണെന്ന ധാരണ ചിലർക്കിടയിലുണ്ട്. അത് നമ്മൾ തിരുത്തി പറയിപ്പിക്കണം. ഹിജാബ് ഒരിക്കലും നമ്മുടെ മറയല്ല. സമുഹത്തിന് മുമ്പിൽ തലയുയർത്തി നിൽക്കാനുള്ള ധൈര്യമാണ്. അവർ പറഞ്ഞു.. സ്ത്രീപക്ഷ രാഷ്ട്രീയത്തിലെ ഹരിത മുന്നേറ്റം എന്ന പ്രമേയവുമായി വനിതാ ലീഗ് ജില്ലാ കമ്മറ്റി ചേമ്പർ ഹാളിൽ സംഘടിപ്പിച്ച 'ഇൻതിഫാദ 2021 'ഏകദിന ശിൽപശാല ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഫാത്തിമ മുസഫർ . വനിതാ ലീഗ് ജില്ലാ പ്രസിഡണ്ട് സി. സീനത്ത് അദ്ധ്യക്ഷത വഹിച്ചു. മുസ്ലിം ലീഗ് ജില്ലാ പ്രസിഡണ്ട് പി.കുഞ്ഞി മുഹമ്മദ്, ജനറൽ സെക്രട്ടറി അഡ്വ. അബ്ദുൽ കരീം ചേലേരി, പ്രസംഗിച്ചു. വനിതാ ലീഗ് ജില്ലാ ജനറൽ സെക്രട്ടറി പി. സാജിത സ്വാഗതം പറഞ്ഞു. . . സ്ത്രീപക്ഷ രാഷ്ട്രീയം എന്ന വിഷയത്തിൽ റാഷിദ് ഗസാലി സംസാരിച്ചു. ചന്ദ്രിക പത്രാധിപർ കമാൽ വരദൂർ മുഖ്യാതിഥിയായിരുന്നു. യുവതികളുടെ രാഷ്ട്രീയ പ്രാധാന്യം എന്ന വിഷയത്തിൽ ഫാത്തിമ മുസഫറിന്റെ മകൾ ഫസില ഫാത്തിമ മുസഫർ ക്ലാസെടുത്തു. വനിതാ ലീഗ് മുൻ ജില്ലാ പ്രസിഡണ്ട് ടി.കെ. നൂറുനീസ ടീച്ചർ, കോർപറേഷൻ ഡെപ്യൂട്ടി മേയർ കെ ശബീന, ഹരിത സംസ്ഥാന ജനറൽ സെക്രട്ടറി റുമൈസ റഫീഖ്, കോർപറേഷൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ഷമീമ ടീച്ചർ, മുസ്ലീം ലീഗ് ജില്ലാ ഭാരവാഹികളായ ടി.എ. തങ്ങൾ, കെ.ടി. സഹദുള്ള,ഇബ്രാഹിം കുട്ടി തിരുവട്ടൂർ, അഡ്വ: കെ.എ. ലത്തീഫ്, അൻസാരി തില്ലങ്കേരി,വനിതാ ലീഗ് ഭാരവാഹികളായ സക്കീനതെക്കയിൽ, ഷമീമ പയ്യന്നൂർ, എ. സുഹറാബി, കെ.പി. റംലത്ത്, ഷെറിൻ ചൊക്ലി, റംസീന റൗഫ്, മൈമൂനത്ത് ചപ്പാരപ്പടവ്, റഷീദ ഒടിയിൽ, ഷാഹിദ നടുവിൽ തുടങ്ങിയവർ പങ്കെടുത്തു.

## മാനവ മൈത്രി സംഗമം

**തലശ്ശേരി :** തലശ്ശേരിയെ കലാപഭൂമിയാക്കി മാറ്റി ജാതി-മത വർഗ്ഗീയ-തീവ്രവാദത്തെ ഉപയോഗിച്ച് ആർ എസ് എസ് - എസ് ഡി പി ഐ ഭീകരത നടപ്പിലാക്കുന്നവരെ ഒറ്റപ്പെടുത്തുക, മതസൗഹാർദ്ദം സംരക്ഷിക്കുക എന്നീ മുദ്രാവാക്യമുയർത്തി കൊണ്ട് കണ്ണൂർ ജില്ലാ കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ തലശ്ശേരി പഴയ ബസ് സ്റ്റാന്റ് പരിസരത്ത് നടത്തിയ മാനവ മൈത്രി സംഗമം കെ മുരളീധരൻ എം പി ഉദ്ഘാടനം ചെയ്തു

## കെ.എസ്.യു വി സി യുടെ വസതിക്ക് മുന്നിൽ പോസ്റ്റർ പതിച്ച് പ്രതിഷേധിച്ചു

കണ്ണൂർ : വൈസ് ചാൻസലർ പദവിയിൽ കടിച്ചുതൂങ്ങുന്ന പ്രൊഫ. ഗോപിനാഥ് രവീന്ദ്രന്റെ രാജി ആവശ്യപ്പെട്ട് കെ.എസ്.യു വി സി യുടെ വസതിക്ക് മുന്നിൽ പോസ്റ്റർ പതിച്ച് പ്രതിഷേധിച്ചു.സി.പി.എമ്മിന് വിടുപണി ചെയ്തും പാർട്ടി നേതാക്കളുടെ ബന്ധു നിയമനങ്ങൾക്ക് കൂട്ടു നിന്നും ലഭിച്ച പുനർനിയമനത്തിൽ ഇനിയും കടിച്ച് തൂങ്ങാതെരാജി വച്ചൊഴിയണമെന്നും എന്ത് പോരാട്ടം നടത്തിയും വി.സി യെ താഴെയിറക്കുമെന്നും മാന്യമായി രാജിവച്ച് ഒഴിയാൻ തയ്യാറായില്ലെങ്കിൽ പ്രക്ഷോഭം തുടരുമെന്നും സമരം ഉദ്ഘാടനം ചെയ്ത് കെ.എസ്. യു ജില്ലാ പ്രസിഡന്റ് പി. മുഹമ്മദ് ഷമ്മാസ് പറഞ്ഞു .പ്രതിഷേധ സമരത്തിന് നേതാക്കളായ ഫർഹാൻ മുണ്ടേരി,പ്രയാഗ് പി.സി, സാരംഗ് മുരളി,അനുദിത്ത് മനോഹരൻ, ആലേഖ് കാടാച്ചിറ,ശ്രീരാഗ് ഹേമന്ത് തുടങ്ങിയവർ നേതൃത്വം നൽകി

## ചരമം



തലശ്ശേരി: തിരുവങ്ങാട് ഞാലിക്കരമ്മൽ റോഡിൽപുതിയ വീട്ടിൽ ഷാഹുൽ ഹമീദ് ഹാജി (78) അന്തരിച്ചു. മയലക്കര അബ്ദുൽ ഖാദറിനെയും പുതിയവീട്ടിൽ ഖദീജ എന്ന മുത്തൂട്ടിയൂടെയും മകനാണ്. ഭാര്യ: നാലകത്ത് അസ്മ. മക്കൾ: അബ്ദുൽ ഖാദർ (ദുബായ്), തസ്നീം, സക്കരിയ, സനൂബ, റഹ്മാൻ. മരുമക്കൾ: സി.പി.സക്കരിയ, റഹ്മാൻ (അബുദാബി), ആയിഷ (ന്യൂമാഹി). സഹോദരങ്ങൾ: കുഞ്ഞിമൂസ (കോഴിക്കോട്), റഹീം (തലശ്ശേരി), മുജീബ് പുതിയവീട്ടിൽ ( ഫ്ലെഡ്സ്കൈ ടൂർസ് ആൻഡ് ട്രാവൽസ്, കണ്ണൂർ), പരേതരായ മുഹമ്മദ് (കൊച്ചി), ഹാഷിം (ന്യൂമാഹി), ആയിഷ മൂസക്കുട്ടി (കൊച്ചി), സുഹറ, മുസ്തഫ, മറിയു, മുഹമ്മദലി

## സമ്മാനദാനം നിർവഹിച്ചു

**കണ്ണൂർ :** ഗാന്ധി ജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസ് സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഉപന്യാസ മത്സര വിജയികൾക്കുള്ള സമ്മാനദാനം ഐപിആർഡി കണ്ണൂർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഇ.വി. സുഗതൻ നിർവഹിച്ചു'മനുഷ്യൻ, മതം, ദൈവം: ഗാന്ധിജിയുടെ കാഴ്ച്ചപ്പാടിൽ' എന്ന വിഷയത്തിൽ യു പി, ഹൈസ്കൂൾ വിഭാഗങ്ങളായി ഓൺലൈനായാണ് മത്സരം സംഘടിപ്പിച്ചത്. യു പി വിഭാഗത്തിൽ പി വി അദ്വിനി കൃഷ്ണൻ (സിപിഎൻഎസ് ജിഎച്ച്എസ്എസ് മാതമംഗലം), ഫാദി മുഹമ്മദ് (മുണ്ടേരി സെൻട്രൽ യു പി സ്കൂൾ) എന്നിവർ ഒന്നാം സ്ഥാനം നേടി. എസ് ഡി അഭയ്കൃഷ്ണ (അന്നൂർ യു പി സകൂൾ) രണ്ടാം സ്ഥാനവും ദേവാർച്ചന എസ് രാജേഷ് (നടുവിൽ ഹയർസെക്കണ്ടറി സ്കൂൾ), എം അവർണ്യ (സെന്റ് ജോൺ ബാപ്ടിസ്റ്റ ഇ എം എച്ച് എസ് എസ് കടത്തുംകടവ്) എന്നിവർ മൂന്നാം സ്ഥാനവും നേടി.ഹൈസ്കൂൾ വിഭാഗത്തിൽ പി വി അങ്കിത്കൃഷ്ണ (സിപിഎൻഎസ് ജിഎച്ച്എസ്എസ് മാതമംഗലം) ഒന്നാം സ്ഥാനവും അഞ്ജന അനിൽ (സെന്റ് തെരേസാസ് എ ഐ എച്ച് എസ് എസ് കണ്ണൂർ), നിലൊഫർ മരിയാ റിജോ (സി എം ഐ ക്രൈസ്റ്റ് സ്കൂൾ ഇരിട്ടി) എന്നിവർ രണ്ടാം സ്ഥാനവും നേടി. ശിവന്യ പവിത്രൻ (രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂൾ മൊകേരി), ശിവനന്ദന പ്രദീപ് (ചിന്മയ വിദ്യാലയ ചാല) എന്നിവർ മൂന്നാം സ്ഥാനം നേടി.ചടങ്ങിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.കെ. പത്മനാഭൻ അധ്യക്ഷത വഹിച്ചു. മുൻ ഡെപ്യൂട്ടി കളക്ടർ അനിൽകുമാർ, കണ്ണൂർ പ്രസ് ക്ലബ് മുൻ സെക്രട്ടറി മട്ടന്നൂർ സുരേന്ദ്രൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസ് അസിസ്റ്റൻറ് എഡിറ്റർ പി.പി. വിനീഷ്, ഇൻഫർമേഷൻ അസിസ്റ്റൻറ് എൻ.എസ് നിമ്യ, വിദ്യാർഥികളായ നിലൊഫർ മരിയാ റിജോ, പി വി അങ്കിത്കൃഷ്ണ, എസ് ഡി അഭയ്കൃഷ്ണ എന്നിവർ സംസാരിച്ചു.

## വിവാദത്തിൽ പങ്കില്ലെന്നു വി സി

**കണ്ണൂർ :** തന്റെ പുനാട് നിയാമനത്തെ ചൊല്ലി ഇപ്പോൾനടക്കുന്ന വിവാദങ്ങളിൽ തനിക്കു പങ്കില്ലെന്നു കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഗോപിനാഥ് രവിന്ദ്രൻ. നിയമനം നടത്തിയവരാണ് വിവാദങ്ങൾക്ക് മറുപടി പറയേണ്ടത്.ചാൻസലരുടെ ഓഫീസിൽ നിന്നാണ് നിയമന ഉത്തരവ് ലഭിച്ചതെന്നു വി. സി. പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ചുമതല ഏറ്റു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## രാജി വെക്കുക

**കണ്ണൂർ** :സ്വയം രാജീവ്ച്ചൊഴിഞ്ഞുപോയില്ലെങ്കിൽ കണ്ണൂർ യൂണിവാഴ്സിറ്റി വൈസ് ചാൻസലർക്കെതിരെ ശക്തമായ സമരം നടത്തുമെന്നു യൂത്ത് കോൺഗ്രെസ്സിന്റെ മുന്നറിയിപ്പു.യൂണിവേഴ്സിറ്റി ചാൻസ്ലർ കൂടിയായ ഗവർണർ കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസ്ലർ നിയമനം യൂണിവേഴ്സിറ്റി ആക്റ്റിനും നിലവിലെ നിയമ വ്യവസ്ഥിതിക്കും എതിരാണെന്നും പൂർണമായും രാഷ്ട്രീയപ്രേരിതമാണെന്നും അഭിപ്രായപെടുകയും മുഖ്യമന്ത്രിയെ രേഖമൂലം അറിയിക്കുകയും ചെയ്തിട്ടും അഭിമാന ബോധവും സാമൂഹ്യബോധവും നഷ്ടപെട്ടതിനാലാണ് വി. സി സ്ഥാനമൊഴിയാത്തത്.നിയമത്തിന്റെയും പൊതുസമൂഹത്തിന്റെയും മുൻപിൽ അപമാനിതനായി നിൽക്കേണ്ട സാഹചര്യം വി സി ക്ക് ഉണ്ടായത് അദ്ദേഹത്തിന്റെ അധികാരത്തോടുള്ള ഭ്രാന്തു മൂലമാണ്.ഇനിയും അദ്ദേഹത്തെ കണ്ണൂർ യൂണിവേഴ്സിറ്റി വി സി ആയി ഇരിക്കാൻ യൂത്ത് കോൺഗ്രസ് അനുവദിക്കില്ല എന്ന് ജില്ലാ പ്രസിഡന്റ് സുദീപ് ജെയിംസ് പ്രസ്താവനയിൽ പറഞ്ഞു.

## ലോറി അപകടം രണ്ടു മരണം

**മട്ടന്നൂർ :** ചെങ്കൽ കയറ്റിയ ലോറി മറിഞ്ഞു രണ്ടുപേർ തൽക്ഷണം മരിച്ചു. ഇരിട്ടി റോഡിൽ പെട്രോൾ പമ്പിനു സമീപം ശനിയാഴ്ച പുലർച്ചെയാണ് അപകടം. ലോറി ഡ്രൈവർ വിളമന സ്വദേശി അർജുൻ വിജയൻ (38) ക്ലീനർ രവീന്ദ്രൻ (52) എന്നിവരാണ് മരണപ്പെട്ടത്. വടകര ഭാഗത്തേക്ക് ചെങ്കല്ലു മായി പോവുകയായിരുന്ന ലോറി അമിത വേഗത്താലാണെന്നു പറയുന്നു, കീഴ്മേൽ മറിയുകയായിരുന്നു. ക്രൈനും ഹൈഡ്രോലിക് കട്ടറും ഉപയോഗിച്ചു ലോറി പൊളിച്ചാണ് രണ്ടുപേരെയും പുറത്തെടുത്തത്. ആസ്പത്രിയിലെത്തിക്കുന്നതിന് മുൻപ് അവർ മരിച്ചിരുന്നു.

## അറിയിപ്പ്




### കോവിഡ് ധനസഹായം

കേരള മദ്രസ അധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് കോവിഡ് ധനസഹായത്തിന് അപേക്ഷിക്കാനുള്ള തീയതി ഡിസംബർ 31 വരെ നീട്ടി. മദ്രസ അധ്യാപക ക്ഷേമനിധിയിൽ 2021 മാർച്ചിന് മുമ്പ് അംഗത്വമെടുക്കുകയും വിഹിതം അടയ്ക്കുകയും ചെയ്തു വരുന്ന സജീവ അംഗങ്ങൾക്കാണ് അപേക്ഷിക്കാൻ അർഹത. www.kmtboard.in ലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഫോൺ: 0495 2966577.

### പരീക്ഷാ തിയതി മാറ്റി

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല 2021 ഡിസംബർ 13 മുതൽ ആരംഭിക്കാനിരുന്ന അവസാന വർഷ ബി ഫാം ഡിഗ്രി സപ്ലിമെന്ററി തിയറി പരീക്ഷ 2021 ഡിസംബർ 27 ലേക്ക് മാറ്റി പുനഃക്രമീകരിച്ചു.

### രജിസ്ട്രേഷൻ നിർബന്ധം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കർഷക രജിസ്ട്രേഷൻ നിർബന്ധമാക്കി. www.aims.kerala.gov.in പോർട്ടലിലൂടെയാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്. കർഷകർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി ഡിസംബർ 31 നകം രജിസ്ട്രേഷൻ ചെയ്യാം. ആധാർ നമ്പർ, ബാങ്ക് പാസ്ബുക്ക്, ഭൂ നികുതി രശീതി എന്നിവ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്ത കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ഫോൺ: 04994 255346

### പി.എസ്.സി അഭിമുഖം

2019 ഡിസംബർ 31–ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കാസർകോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.സ്കൂൾ ടീച്ചർ (മലയാള മാധ്യമം) (കാറ്റഗറി നമ്പർ 516/19) തസ്തികയിലേയ്ക്ക് അപേക്ഷിച്ച് വെരിഫിക്കേഷൻ പൂർത്തിയാക്കിയ രജിസ്റ്റർ നമ്പർ 12891 വരെയുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖം ഡിസംബർ രണ്ട്, മൂന്ന്, 15, 16, 17 തിയതികളിൽ പി.എസ്.സിയുടെ കാസർകോട് ജില്ലാ ഓഫീസിൽ നടക്കും. ഇന്റർവ്യൂ മെമ്മോ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്.

### ഓൺലൈൻ ടെൻഡർ ക്ഷണിച്ചു

കാസർകോട് ഇളമ്പച്ചി എം.എം.എസ് റൂട്ടിൽ തപാലുകൾ കൊണ്ടുപോവുന്നതിന് വാണിജ്യ വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നതിന് തപാൽ വകുപ്പ് കാസർകോട് പോസ്റ്റ് ഓഫീസ് സൂപ്രണ്ട് ഓൺലൈൻ ടെൻഡർ ക്ഷണിച്ചു. ഓൺലൈൻ ടെൻഡർ https://gem.gov.in എന്ന വെബ്സൈറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 13 ഉച്ച ഒരു മണി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04994 230885, 230746. കാഞ്ഞങ്ങാട് ടൗൺ എം.എം.എസ് റൂട്ടിൽ തപാലുകൾ കൊണ്ടുപോവുന്നതിന് വാണിജ്യ വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നതിന് തപാൽ വകുപ്പ് കാസർകോട് പോസ്റ്റ് ഓഫീസ് സൂപ്രണ്ട് ഓൺലൈൻ ടെൻഡർ ക്ഷണിച്ചു. ഓൺലൈൻ ടെൻഡർ https://gem.gov.in എന്ന വെബ്സൈറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 13 ഉച്ച രണ്ട് മണി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04994 230885, 230746.



# സിൽവർ ലൈൻ കേരളത്തെ മുക്കിക്കൊല്ലാനുള്ള പദ്ധതി: മുല്ലപ്പള്ളി

**കാസർഗോഡ്:** പശ്ചിമഘട്ടത്തിനും അറബിക്കടലിനുമിടയിൽ ഇടനാഴി പോലെ നിൽക്കുന്ന കേരളത്തെ പ്രളയത്തിൽ മുക്കിക്കൊല്ലാനുള്ള പദ്ധതിയാണ് സിൽവർ ലൈനെന്ന് മുൻ കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. ജില്ലാ കോൺഗ്രസ് കമ്മിറ്റി കാസർഗോഡ് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ നടന്ന കെ-റെയിൽ വിരുദ്ധ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നാടിന്റെ മണ്ണും മനസും മനസിലാക്കാൻ കഴിയുന്ന ഒരു മുഖ്യമന്ത്രിക്ക് ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. കേരളത്തെ രണ്ടായി വിഭജിക്കുന്ന വൻ മതിലായി ഈ പദ്ധതി മാറും. ക്ഷേമപ്രവർത്തനങ്ങൾക്ക് പോലും പണം ചെലവഴിക്കാൻ ഇല്ലാത്ത ഒരു സർക്കാർ ഒരു ലക്ഷം കോടിയിലധികം ചെലവ് വരുന്ന ഈ പദ്ധതിക്ക് വേണ്ടി മുന്നോട്ട് പോകുന്നത് ദുരുദ്ദേശപരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെപസിസി ജനറൽ സെക്രട്ടറി ആര്യാടൻ ഷൗക്കത്ത് മുഖ്യപ്രഭാഷണം നടത്തി. ഡിസിസി പ്രസിഡന്റ് പി.കെ.ഫൈസൽ അധ്യക്ഷത വഹിച്ചു. എൻ.എ. നെല്ലിക്കുന്ന് എംഎൽഎ, യുഡിഫ് ജില്ല ചെയർമാൻ സി.ടി.അഹമ്മദലി, കൺവീനർ എ.ഗോവിന്ദൻ നായർ, കെപിസിസി സെക്രട്ടറിമാരായ ബാലകൃഷ്ണൻ പെരിയ, എം.അസൈനാർ, മുസ്‌ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി എ.അബ്ദുറഹ്മാൻ, ഡോ. ഖാദർ മാങ്ങാട്, പി.എ.അഷ്‌റഫലി, പി.ജി.ദേവ്, കെ.വി.ഗംഗാധരൻ, ഹക്കീം കുന്നിൽ, കരിമ്പിൽ കൃഷ്ണൻ, ശാന്തമ്മ ഫിലിപ്പ്, മീനാക്ഷി ബാലകൃഷ്ണൻ, ഡിസിസി ഭാരവാഹികളായ എം.സി. പ്രഭാകരൻ, പി.വി.സുരേഷ്, വി.ആർ. വിദ്യാസാഗർ, കരുൺ താപ്പ, സോമശേഖര ഷേണി, കുഞ്ഞമ്പു നമ്പ്യാർ, സുന്ദര അരിക്കാടി, ടോമി പ്ലാച്ചേരി, കെ.വി.സുധാകരൻ, സി.വി.ജയിംസ്,സെബാസ്റ്റ്യൻ പതാലിൽ, ധന്യ സുരേഷ്, ഗീത കൃഷ്ണൻ, മറ്റു നേതാക്കളായ ബി.പി.പ്രദീപ്കുമാർ, നോയൽ ടോമിൻ ജോസഫ്, സാജിദ് മൗവ്വൽ, ശ്രീജിത്ത് മാടക്കല്ല്, രാജു കട്ടക്കയം, പി.രാമചന്ദ്രൻ, രാജേഷ് പള്ളിക്കര, എ.വാസുദേവൻ, രമേശൻ കരുവാച്ചേരി, ജി.നാരായണൻ, വി.വി. പ്രഭാകരൻ, കെ.ഖാലിദ്, പി.കുഞ്ഞിക്കണ്ണൻ, ഡി.എം.കെ.മുഹമ്മദ്, ലക്ഷ്മണപ്രഭു, വാരിജാക്ഷൻ, രാജൻ പെരിയ, ഡി.വി. ബാലകൃഷ്ണൻ, മഡിയൻ ഉണ്ണിക്കൃഷ്ണൻ, തോമസ് മാത്യു എന്നിവർ പ്രസംഗിച്ചു.

## വഞ്ചന തുടർന്നാൽ സർകാരിന് കനത്ത തിരിച്ചടി നേരിടേണ്ടി വരും ; എംഎൽഎ

**കാസർകോട്:** കാസർകോടിനോടുള്ള വഞ്ചന തുടർന്നാൽ സർകാരിന് കനത്ത തിരിച്ചടി നേരിടേണ്ടി വരുമെന്ന് എൻഎ നെല്ലിക്കുന്ന് എംഎൽഎ പറഞ്ഞു. മെഡികൽ കോളജിന്റെ കാര്യത്തിൽ കബളിപ്പിക്കൽ തുടരുകയാണ്. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുൾപെടെ പാരിവാരവുമായി ജില്ലയിലെത്തിയ മന്ത്രി പ്രഖ്യാപിച്ചത് ഡിസംബർ ഒന്നിന് ഒപി ആരംഭിക്കുമെന്നാണ്.അഡ്മിനിസ്ട്രേറ്റീവ് ബ്ലോകിൽ ഒപി ആവശ്യപ്പെട്ട് കൊണ്ട് മുഖ്യമന്ത്രിക്ക് നൽകിയ കത്ത് ആവശ്യമായ നടപടികൾക്ക് മെഡികൽ വിദ്യാഭ്യാസ ഡയർക്ടർക്ക് നൽകിയിട്ടുണ്ടെന്നാണ് കഴിഞ്ഞ ദിവസം ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് അഡീഷനൽ ചീഫ് സെക്രടറിയിൽ നിന്ന് എംഎൽഎക്ക് ലഭിച്ച കത്തിൽ പറയുന്നത്. മുഖ്യമന്ത്രിയുടെയും വകുപ്പ് മന്ത്രിയുടെയും നിയന്ത്രണത്തിലല്ല കാര്യങ്ങൾ എന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്. തോന്നിയ പോലെ തീരുമാനങ്ങളെടുക്കുന്ന ഉദ്യോഗസ്ഥന്മാർ കാസർകോട്ടുകാരെ കബളിപ്പിക്കുകയാണ്. ഇതിന് തടയിടാൻ സർകാരിന് കഴിയുന്നില്ല. കാസർകോട് മെഡികൽ കോളജിൽ നിന്ന് നഴ്സ്മാരും ഡോക്ടർമാരുമടക്കം ജീവനക്കാരെ മറ്റു ജില്ലകളിലേക്ക് സ്ഥലം മാറ്റികൊണ്ടിരിക്കുകയാണ്. ഇത് കാസർകോട്ടെ ജനതയോടുള്ള ക്രൂരതയും വഞ്ചനയുമാണ്.കാസർകോട്ടുകാരുടെ പ്രതികരണശേഷിയോടുള്ള വെല്ലുവിളിയെ നേരിട്ടെ തീരൂ. സ്ഥലം മാറ്റപ്പെട്ട ജീവനക്കാരെ തിരിച്ച് കൊണ്ട് വന്ന് ഉടൻ ഒപി വിഭാഗം പ്രവർത്തനം ആരംഭിക്കുന്നില്ലെങ്കിൽ ജനകീയ പ്രക്ഷോഭത്തിന് നേതൃത്വം നൽകുമെന്നും കാസർകോട്ടുകാരെ കുരങ്ങ് കളിപ്പിക്കുന്നവർക്ക് കനത്ത വില നൽകേണ്ടി വരുമെന്നും എൻ എ നെല്ലിക്കുന്ന് പറഞ്ഞു.

## മെഡിക്കൽ കോളജിൽ ബാക്കിയുള്ളത് 13 ഡോക്ടർമാരും മൂന്നു നഴ്സുമാരും

**കാസർഗോഡ്:** സർക്കാർ പൂർണമായും കൈയൊഴിഞ്ഞ് കാസർഗോഡ് ഗവ. മെഡിക്കൽ കോളജ് . 28 ഡോക്ടർമാരും 29 നഴ്സുമാരുമുൾപ്പെടെ 84 പേരുമായാണ് കോവിഡ് കാലത്ത് ഉക്കിനടുക്കയിലെ ഗവ. മെഡിക്കൽ കോളജ് പ്രവർത്തനമാരംഭിച്ചത്. മൂന്ന് റേഡിയോഗ്രാഫർ, നാല് നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ലാബ് ടെക്നീഷ്യൻ, ജൂണിയർ സൂപ്രണ്ട് തസ്തികകളിലും ആളെ നിയമിച്ച് ചാർജെടുത്തിരുന്നു. കോവിഡിന്റെ തിരക്കൊഴിഞ്ഞതോടെ അടിയന്തര നിർമാണ പ്രവർത്തനങ്ങളുടെ പേരു പറഞ്ഞ് മെഡിക്കൽ കോളജിന്റെ പ്രവർത്തനം തൽകാലം അവസാനിപ്പിച്ചു. പ്രവൃത്തി കഴിഞ്ഞാലുടൻ ഒപി വിഭാഗമെങ്കിലും വീണ്ടും തുറക്കുമെന്നായിരുന്നു അന്നത്തെ വാഗ്ദാനം. ഒരു പിഎച്ച്സിയുടെ സേവനമെങ്കിലും മെഡിക്കൽ കോളജിൽ നിന്നും ലഭ്യമാകുമെന്നു കരുതി നാട്ടുകാരും കാത്തിരുന്നു. ഒപി സേവനങ്ങൾ ഡിസംബർ ആദ്യവാരത്തിൽ ആരംഭിക്കുമെന്ന് ആരോഗ്യമന്ത്രിയുടെ ജില്ലാ സന്ദർശനവേളയിലും ഉറപ്പു നൽകിയിരുന്നു. ഡിസംബർ ഏതാണ്ട് പകുതിയാകാറായിട്ടും ഇതുവരെ ഒന്നും സംഭവിച്ചില്ല. ഒന്നും സംഭവിച്ചില്ലെന്ന് പറയാൻ വരട്ടെ. നിയമിക്കപ്പെട്ട ജീവനക്കാരിൽ നല്ലൊരു വിഭാഗം ഇതിനിടെ സ്വന്തം താത്പര്യപ്രകാരവും സർക്കാർ ഉത്തരവ് പ്രകാരവും സ്ഥലംമാറിപ്പോയിരുന്നു. കഴിഞ്ഞമാസം 27 ന് 11 സെക്കൻഡ് ഗ്രേഡ് സ്റ്റാഫ് നഴ്സുമാരെ ഇടുക്കിയിലെ പുതിയ മെഡിക്കൽ കോളജിലേക്ക് സ്ഥലംമാറ്റി. കഴിഞ്ഞ എട്ടിന് രണ്ട് ഹെഡ്നഴ്സുമാർ ഉൾപ്പെടെ 17 നഴ്സുമാരെ കൊല്ലത്തെ മെഡിക്കൽ കോളജിലേക്ക് മാറ്റി. രണ്ട് ഡോക്ടർമാരെ കണ്ണൂരിലേക്കും ഒരാളെ കൊല്ലത്തേക്കും മാറ്റി. ലാബ് ടെക്നീഷ്യനെ കോന്നിയിലേക്കും ഒരു റേഡിയോഗ്രാഫറെ ഇടുക്കിയിലേക്കും മറ്റേയാളെ തൃശൂരിലേക്കും മാറ്റി. ഇനി ബാക്കിയുള്ളത് 13 ഡോക്ടർമാർ, ഒരു ഹെഡ് നഴ്സ്, രണ്ട് നഴ്സുമാർ. ഡോക്ടർമാർക്കുള്ള സ്ഥലം മാറ്റ ഉത്തരവ് തയാറായി വരുന്നുണ്ടെന്നാണ് വിവരം. ഇവരെയും കോന്നി, കൊല്ലം, ഇടുക്കി എന്നിവിടങ്ങളിലേക്ക് മാറ്റാനാണ് നീക്കം. ഇവിടെയെല്ലാം താമസിയാതെ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ സംഘം പരിശോധനയ്ക്കെത്താൻ പോവുകയാണ്. ആവശ്യത്തിന് സ്റ്റാഫില്ലെന്നു കണ്ടാൽ അത് അംഗീകാരത്തെ വരെ ബാധിച്ചേക്കാം. അതുകൊണ്ടാണ് പരമാവധി ജീവനക്കാരെ അവിടങ്ങളിലേക്ക് മാറ്റുന്നത്. ഉക്കിനടുക്കയിൽ ഒരു മെഡിക്കൽ കോളജ് ഉണ്ടെന്ന് സർക്കാർ കാസർഗോട്ടുകാരെ പറ്റിക്കാൻ പറയുന്നതല്ലാതെ അത് മെഡിക്കൽ കൗൺസിലിന്റെ കണക്കിലൊന്നും പെടാത്തതുകൊണ്ട് ഇവിടേക്ക് ആരും പരിശോധനയ്ക്കും വരില്ല.കാസർഗോഡ് മെഡിക്കൽ കോളജിൽ ഒപി തുടങ്ങുമ്പോൾ തിരിച്ചുവരണമെന്ന് ചിലരുടെയൊക്കെ സ്ഥലംമാറ്റ ഉത്തരവിൽ പറയുന്നുണ്ട്. എന്തായാലും അവിടുത്തെ മെഡിക്കൽ കൗൺസിൽ പരിശോധന കഴിഞ്ഞേ ഇനി ഇവിടെ ഒപി തുടങ്ങുകയുള്ളൂവെന്ന് അതിൽനിന്നുതന്നെ വ്യക്തമായി. സ്വന്തം നാട്ടിലും അടുത്തുമുള്ള സ്ഥലങ്ങളിലേക്ക് മാറ്റം ലഭിച്ചവരിൽ എത്രപേർ ഇനി തിരിച്ചുവരുമെന്ന് കണ്ടറിയണം. മറ്റു ജില്ലകളിലെ മെഡിക്കൽ കോളജുകളിൽ നിന്നും അപേക്ഷ നൽകി ഇങ്ങോട്ടുവന്ന കാസർഗോട്ടുകാരായ ജീവനക്കാരെയും സ്ഥലംമാറ്റിയിട്ടുണ്ട്. എന്നെങ്കിലും ഒപി തുടങ്ങുമ്പോൾ അവരെങ്കിലും തിരിച്ചുവരുമെന്നാണ് പ്രതീക്ഷ. ഒപി തുടങ്ങുന്നതോടെ രോഗികൾക്ക് സൗജന്യമായി നൽകുന്നതിനുള്ള മരുന്നെത്തിക്കാൻ കേരള മെഡിക്കൽ സർവീസസ് കോർപറേഷനുമായി ധാരണയുണ്ടാക്കുമെന്ന് സർക്കാർ അറിയിച്ചിരുന്നെങ്കിലും അതിന്റെ നടപടിക്രമങ്ങളും എങ്ങുമെത്തിയിട്ടില്ല. അടുത്ത കാലത്തൊന്നും ഒപി തുടങ്ങാനിടയില്ലെന്ന രീതിയിലാണ് ഇക്കാര്യത്തിലും നടപടിക്രമങ്ങൾ ഇഴഞ്ഞുനീങ്ങുന്നത്.

## ചാലിങ്കാലിൽ 10 വരി ടോൾ പ്ലാസ വരും



**കാസർകോട്:** ദേശീയപാത വികസനത്തിന്റെ ഭാഗമായി പെരിയ ചാലിങ്കാലിൽ 10 വരി ടോൾ പ്ലാസ വരും. തലപ്പാടി കഴിഞ്ഞാൽ അടുത്ത ടോൾ പ്ലാസ ഇവിടെയാണ്. ചാലിങ്കാലിൽ നിർമാണത്തിന് മുന്നോടിയായി ഭൂമി നിരപ്പാക്കൽ പുരോഗമിക്കുകയാണ്. മരങ്ങൾ മുറിച്ചുമാറ്റി. കെട്ടിടം പൊളിച്ച് നീക്കി. ടോൾ പ്ലാസ് ഉൾപ്പെടുന്ന ചെങ്കള നീലേശ്വരം റീച്ചിൽ ഭൂമി നിരപ്പാക്കൽ വേഗത്തിലായി. തെക്കിൽ, നീലേശ്വരം പാലങ്ങൾ ആറുവരിയാക്കുന്നതിന്റെ അനുബന്ധ പണിയും ആരംഭിച്ചു. തെങ്ങിൻ തടികൾ കൊണ്ടുള്ള പൈലിങ് തുടങ്ങി. വെള്ളം കെട്ടിനിർത്താനാണ് ഇത്. പിന്നീട് തൂണുകളുടെ നിർമാണം തുടങ്ങും.ചെർക്കള, മാവുങ്കാൽ പാണത്തൂർ റോഡ് ജങ്ഷൻ, കാഞ്ഞങ്ങാട് സൗത്ത് എന്നിവിടങ്ങളിൽ മേൽപ്പാലം നിർമിക്കും. ഇതിനായുള്ള അനുബന്ധ പ്രവൃത്തി വൈകാതെ തുടങ്ങും. ചെർക്കളയിൽ 390 മീറ്റർ നീളത്തിലാണ് മേൽപ്പാലം. മൂന്ന് വരി വീതമുള്ള രണ്ട് പാലങ്ങൾ നിർമിക്കും. ഇരു പാലങ്ങൾക്കും 14 തൂണുകൾ വീതമുണ്ടാകും. ഇരുവശത്തും സർവീസ് റോഡുകളും ഉണ്ടാകും. റീച്ചിൽ ഒമ്പത് അടിപ്പാതകൾ ഉണ്ടാകും. ആറെണ്ണം 24 മീറ്റർ വീതിയുള്ളതും മൂന്നെണ്ണം 12 മീറ്റർ വീതിയുള്ളതുമാണ്.

## പാസ്പോർട്ട് ഓഫീസ് അനുവദിക്കണം: എംപി

**കാസർഗോഡ്:** കാസർഗോഡ് പാസ്പോർട്ട് ഓഫീസും ഉപ്പളയിൽ പാസ്പോർട്ട് സേവാകേന്ദ്രവും തുടങ്ങണമെന്നാവശ്യപ്പെട്ട് രാജ്മോഹൻ ഉണ്ണിത്താൻ എംപി വിദേശകാര്യമന്ത്രി എസ്.ജയശങ്കറിനെ സന്ദർശിച്ച് നിവേദനം നൽകി. നിലവിൽ കാസർഗോഡിന്റെ അതിർത്തി മേഖലകളിലുൾപ്പെടെ അധിവസിക്കുന്നവർക്ക് നൂറു കിലോമീറ്റർ സഞ്ചരിച്ച് വേണം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പാസ്പോർട്ട് സേവാ കേന്ദ്രത്തിലെത്താൻ. കാസർഗോട്ടെ സേവാ കേന്ദ്രം പ്രവർത്തിക്കുന്നത് ഹെഡ് പോസ്റ്റ് ഓഫീസ് കെട്ടിടത്തിന്റെ ഒരു മുറിയിലാണ്. പരിമിതമായ സൗകര്യങ്ങളാണ് ഇവിടെയുള്ളത്. നിത്യേന സ്ത്രീകളും കുട്ടികളുമടക്കം നൂറിലധികം ആളുകളാണ് എത്തുന്നത്. മഞ്ചേശ്വരം മണ്ഡലം കേന്ദ്രീകരിച്ച് ഉപ്പളയിൽ പാസ്പോർട്ട് സേവാ കേന്ദ്രവും അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പാസ്പോർട്ട് ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി ഉറപ്പുനൽകിയതായി എംപി അറിയിച്ചു

## ക്ഷീരകർഷകരുടെ കാലിത്തൊഴുത്ത് സൗജന്യമായി ഇൻഷ്വറൻസ് ചെയ്ത് ബളാംതോട് ക്ഷീരസംഘം

**രാജപുരം:** ബളാംതോട് ക്ഷീര സഹകരണ സംഘത്തിലെ മുഴുവൻ ക്ഷീര കർഷകരുടേയും കന്നുകാലി തൊഴുത്ത് രണ്ടു ലക്ഷം രൂപ ഇൻഷ്വറൻസ് കവറേജിൽ സംഘം ഇൻഷ്വർ ചെയ്തു. പ്രീമിയം തുകയിൽ മലബാർ മേഖലാ യൂണിയൻ സബ്സിഡി കഴിച്ച് ബാക്കി പ്രീമിയം തുക ബളാംതോട് സംഘം കർഷകർക്ക് വേണ്ടി അടച്ചു. പ്രകൃതി ദുരന്തങ്ങൾ മൂലമോ മറ്റുവിധത്തിലോ തൊഴുത്തിന് നാശനഷ്ടങ്ങൾ ഉണ്ടായാൽ രണ്ടുലക്ഷം രൂപ വരെ കർഷകർക്ക് ലഭിക്കും. വലിയ വാഹനങ്ങൾ ദേശീയപാതയിലൂടെ കടന്നു പോകണം കാസർഗോഡ്:കാഞ്ഞങ്ങാട്-കാസർഗോഡ് കെഎസ്ടിപി റോഡിൽ കോട്ടച്ചേരി ജംഗ്ഷനിൽ വലിയ വാഹനങ്ങൾ കടന്നുപോകുന്നതിനാൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ജില്ലയിലേക്ക് വരുന്ന വലിയ വാഹനങ്ങൾ പൂർണമായും ദേശീയപാതയിലൂടെ കടത്തി വിടുന്നതിനു തീരുമാനിച്ചു. ജില്ലാ വികസന സമിതിയോഗ തീരുമാനപ്രകാരം രൂപീകരിച്ച സബ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം. കളക്ടർ സ്വാഗത് ഭണ്ഡാരി അധ്യക്ഷതവഹിച്ചു. യോഗത്തിൽ സബ് കളക്ടർ ഡി.ആർ. മേഘശ്രീ, കാഞ്ഞങ്ങാട് ഡിവൈഎസ്പി ഡോ. വി. ബാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

## മലയോര ഹൈവേ പണി പൂർത്തിയാക്കണം



**കാസർകോട്:** മലയോര ഹൈവെയിലെ ജില്ലയിലെ ഏറ്റവും വലിയ റീച്ചായ ചേവാർ– –എടപ്പറമ്പ റോഡ് നിർമാണം എത്രയും വേഗം പൂർത്തിയാക്കണമെന്ന് സിപിഐ എം കാറഡുക്ക ഏരിയാ സമ്മേളനം ആവശ്യപ്പെട്ടു. മുളിയാറിൽ മൃഗസംരക്ഷണ പരിപാലന കേന്ദ്രം സ്ഥാപിക്കുക, കാടകം വനസത്യഗ്രഹ സ്മാരകം പണിയുക, വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്ന കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുക, മുള്ളേരിയ ടൗണിൽ സർക്കാർ കോളേജ് സ്ഥാപിക്കുക തുടങ്ങിയ പ്രമേയങ്ങളും കർമംതോടിയിൽ സമാപിച്ച ഏരിയാ സമ്മേളനം ഉന്നയിച്ചു. ജനറൽ ബിപിൻ റാവത്തിന്റെ മരണത്തിൽ അനുശോചിച്ചാണ് വ്യാഴാഴ്ച സമ്മേളനം തുടങ്ങിയത്. പൊതുചർച്ചയിൽ ആറ് വനിതകൾ ഉൾപ്പെടെ 24 പേർ പങ്കെടുത്തു. ജില്ലാ സെക്രട്ടറി എം വി ബാലകൃഷ്ണൻ, ഏരിയാ സെക്രട്ടറി എം മാധവൻ എന്നിവർ ചർച്ചക്ക് മറുപടി നൽകി സംസ്ഥാന കമ്മിറ്റി അംഗം സി എച്ച് കുഞ്ഞമ്പു എംഎൽഎ, ജില്ലാകമ്മിറ്റി അംഗം കെ കുഞ്ഞിരാമൻ എന്നിവർ സംസാരിച്ചു. പി ബാലകൃഷ്ണൻ ക്രഡൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു. സംഘാടകസമിതി കൺവീനർ എ വിജയകുമാറും ജില്ലാ കമ്മിറ്റിയംഗം സിജിമാത്യുവും നന്ദി പറഞ്ഞു. കർമംതോടി ടൗണിലെ കാടകം വനസത്യഗ്രഹനഗരിയിൽ നടന്ന പൊതുസമ്മേളനം ജില്ലാ സെക്രട്ടറിയറ്റംഗം കെ വി കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു. ടി കുഞ്ഞിരാമൻ അധ്യക്ഷനായി. കെ ശങ്കരൻ സംസാരിച്ചു. എൻ എം മോഹനൻ സ്വാഗതം പറഞ്ഞു. കാസർകോട് നാടക് മേഖല അവതരിപ്പിച്ച പാവത്താൻ നാട് നാടകം, മെഗാതിരുവാതിര, നാടൻപാട്ട്, വിവിധ കലാപരിപാടികളും അരങ്ങേറി.

BUSINESS NEWS




# വിവാഹ സമ്മാനങ്ങൾ ഇനി പേയ് ടിഎം വഴി

വിവാഹ സമ്മാനങ്ങൾക്ക് ഡിജിറ്റൽ ഗോൾഡുമായി പേയ് ടിഎം ഗോൾഡ്. നവദമ്പതികളുടെ ജീവിതയാത്രയ്ക്കൊപ്പം സമ്പാദ്യനിക്ഷേപത്തിനും തുടക്കംകുറിക്കുകയാണ് ഇന്ത്യയിലെ പ്രമുഖ സാമ്പത്തിക സേവനദാതാക്കളായ പേയ് ടിഎം. സ്വർണ്ണാഭരണങ്ങളും സ്വർണവുംപോലെ സൂക്ഷിക്കാൻ റിസ്ക് ഇല്ലെന്നതാണ് ഡിജിറ്റൽ ഗോൾഡിന്റെ പ്രത്യേകത. പേയ് ടിഎം വഴി വരനും വധുവിനും ഡിജിറ്റൽ ഗോൾഡ് സമ്മാനിക്കാം.കുറഞ്ഞതോ കൂടിയതോ ആയ ബജറ്റ് പരിധിയില്ലെന്നതാണ് മറ്റൊരു ഘടകം. ഉപഭോക്താക്കൾക്ക് ഇത് സൂക്ഷിക്കാനും വിൽക്കാനും നാണയങ്ങളാക്കി മാറ്റിയെടുക്കാനും കഴിയും.24 കാരറ്റ് 999.9 പരിശുദ്ധിയുള്ള ബിഐഎഎസ് സ്വർണം, ഓരോരുത്തരുടെയും ബജറ്റിനനുസരിച്ച് നിമിഷങ്ങൾക്കകം വാങ്ങാൻ പേയ് ടിഎം ഗോൾഡ് വഴി സാധിക്കും.ഒരു രൂപ മുതലുള്ള മാസതവണകളായോ, ആഴ്ച തവണകളായോ ഉള്ള, ഓട്ടോപേയ്മെന്റ് വഴി സ്വർണ്ണ നിക്ഷേപ പദ്ധതികൾ ഉപയോക്താവിന് തെരഞ്ഞെടുക്കാം. ഡിജിറ്റൽ ഗോൾഡ്, നാണയങ്ങളായോ ബാറുകളായോ മാറ്റി എടുക്കാം. രജിസ്റ്റേർഡ് വിലാസത്തിൽ ലഭിക്കാനും പേയ് ടിഎം പ്ലാറ്റ് ഫോമിൽ ഓപ്ഷനുണ്ട്.ലളിതമായ മൂന്നു സ്റ്റെപ്പുകളിലൂടെ പേയ് ടിഎമ്മിൽ നിന്ന് 24-കാരറ്റ് സ്വർണം വാങ്ങാം. പേയ് ടിഎമ്മിൽ ലോഗ് ഓൺ ചെയ്തശേഷം, പേയ് ടിഎം ഗോൾഡ് ഐക്കണിൽ ക്ലിക്കു ചെയ്യണം.ഓരോ ദിവസത്തെയും സ്വർണവില പരിശോധിച്ച് ഇഷ്ടമുള്ള തുകയോ തൂക്കമോ (ഗ്രാമിൽ) എന്റർ ചെയ്യുക എന്നതാണ് രണ്ടാമത്തെ സ്റ്റെപ്പ്.പേയ് ടിഎം വാലറ്റ്, പേയ് ടിഎം യുപിഐ, നെറ്റ് ബാങ്കിംഗ്, കാർഡ് എന്നിവയിലേതെങ്കിലും വഴി, പേയ്മെന്റ് പൂർത്തിയായാലുടൻ തന്നെ നിങ്ങളുടെ സ്വർണം ഡിജിറ്റൽ ലോക്കറിൽ എത്തും.







# കാനൺ ഇന്ത്യയുടെ 'പകർത്തു–ഹൃദ്യ നിമിഷങ്ങൾ' പരിപാടിക്ക് ദക്ഷിണേന്ത്യൻ നഗരങ്ങളിൽ തുടക്കമായി


**കൊച്ചി:** മികച്ച ഉപഭോക്തൃ അനുഭവം നൽകാനും വൈവിധ്യമാർന്ന കാമറ, ലെൻസ് ഉൽപ്പന്നങ്ങളുടെ കരുത്ത് പ്രദർശിപ്പിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായി കാനൺ കൊച്ചിയിലെ ക്രൗൺ പ്ലാസയിൽ 'കാപ ്ചർ-ദി ഹാർട്ട് ഓഫ് ആക്ഷൻ' എന്ന പേരിൽ രണ്ടു ദിവസത്തെ പരിപാടി സംഘടിപ്പിച്ചു.കാനന്റെ ഈ പ്രത്യേക പരിപാടിയിൽ മിറർലെസ് കാമറകൾ, സിനിമ കാമറകൾ, ആർഎഫ് ലെൻസുകളുടെ ശ്രേണി, ഏറ്റവും പുതിയ ഇഒഎസ് ആർ3 കാമറ, വിപ്ലവകരമായ വിർച്വൽ റിയാലിറ്റി ലെൻസുകൾ തുടങ്ങി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ പ്രദർശനത്തിനുണ്ടായിരുന്നു. പ്രമുഖ ഫോട്ടോഗ്രാഫർമാരായ റെജി ഭാസ്കറും ധനപാലൻ അറുമുഖവും പരിപാടിയിൽ പങ്കെടുത്തു.ദക്ഷിണേന്ത്യൻ വിപണി ഇന്ത്യയിലെ കാനണിന്റെ വളർച്ചയിൽ നിർണായക പങ്കുവഹിക്കുന്നുവെന്നും വളർച്ചയുടെ പാതയിൽ മേഖലയിൽ കൂടുതൽ സാധ്യത കാണുന്നുവെന്നും ഈ പരിപാടിയിലൂടെ തങ്ങളുടെ ഉൽപ്പന്നങ്ങളുടെ ശ്രേണി പ്രദർശിപ്പിക്കുക മാത്രമല്ല, ആകർഷകമായ അന്തരീക്ഷത്തിൽ ഉൽപ്പന്നങ്ങൾ നേരിട്ട് അനുഭവിക്കാൻ ഉപഭോക്താക്കളെ അനുവദിക്കുകയും ചെയ്യുന്ന ഒരു ഇവന്റ് സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു, കഴിഞ്ഞ രണ്ട് വർഷമായി നമുക്കെല്ലാവർക്കും നഷ്ടപ്പെട്ട ഒരു വശം. പ്രൊഫഷണൽ ഇമേജിങ് ഉൽപ്പന്നങ്ങൾ വാങ്ങണമെങ്കിൽ കാര്യമായ നിക്ഷേപം ആവശ്യമാണെന്നും തങ്ങളുടെ ഇഒഎസ് ആർ സിസ്റ്റത്തിൽ നിരന്തരം സംയോജിപ്പിച്ചിരിക്കുന്ന മികച്ച സാങ്കേതികവിദ്യയും പുതമകളും ഉപഭോക്താക്കൾക്ക് ഉറപ്പാക്കാൻ തങ്ങൾ ആഗ്രഹിക്കുന്നുവെന്നും ആർഎഫ്5.2എംഎം എഫ്2.8 എൽ ഡ്യുവൽ ഫ്ഷ്ഐ എന്ന വിആർ രംഗത്തെ തങ്ങളുടെ പ്രഥമ അവതരണമായ വിർചൽ റിയാലിറ്റി ലെൻസും പ്രദർശനത്തിനുണ്ടെന്നും കാനൺ ഇന്ത്യ കൺസ്യൂമർ സിസ്റ്റം പ്രൊഡക്റ്റ്സ് ആൻഡ് ഇമേജിങ് കമ്യൂണിക്കേഷൻ ബിസിനസ് ഡയറക്ടർ സി. സുകുമാരൻ പറഞ്ഞു.ഇന്ത്യയിലെ നിലവിലെ വിവാഹ കാലത്തിന്റെ മഹത്വം ആഘോഷിക്കുന്നതിനായി, പ്രൊഫഷണലുകൾക്ക് ആഘോഷ ചിത്രങ്ങൾ പകർത്തുന്നതിനായി മണ്ഡപത്തിന്റെയും സ്വീകരണ ചടങ്ങിന്റെയും ഡെമോ സോണുകൾ സജ്ജീകരിക്കുന്നതിനൊപ്പം ഹൽദി പോലുള്ള വിവാഹ ചടങ്ങുകൾ ഇവിടെ പുനഃസൃഷ്ടിച്ചു. ഇത് മാത്രമല്ല! ഉപഭോക്തൃ അനുഭവങ്ങളെ ഏറ്റവും പുതിയ ഉയരത്തിലെത്തിക്കുന്നതിന് പ്രൊഫഷണൽ ടേബിൾ ടെന്നീസ് കളിക്കാരെ ഷൂട്ട് ചെയ്യാൻ അവസരം ലഭിക്കുന്ന ഒരു സ്പോർട്സ് സോണും സിനിമാട്ടോഗ്രാഫർമാർക്കായി പ്രൊഫഷണൽ നർത്തകർ സൽസ, ടാംഗോ നീക്കങ്ങൾ അവതരിപ്പിക്കുന്ന ഒരു പ്രത്യേക മേഖലയും ഉണ്ടായിരുന്നു. പ്രൊഫഷണൽ ഉള്ളടക്ക സ്രഷ്ടാക്കൾക്ക് കാനണിന്റെ എളുപ്പത്തിൽ ഉപയോഗിക്കാവുന്ന വർക്ക്ഫ്ളോകളുമായി നിലവാരമുള്ള വിആർ ഉള്ളടക്കങ്ങൾ സൃഷ്ടിക്കാൻ ഒരു സമർപ്പിത വിആർ സോണും സജ്ജീകരിച്ചിരുന്നു.പങ്കെടുക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ കോവിഡ്-19 മാനദണ്ഡങ്ങളും പാലിച്ചു. പങ്കെടുക്കുന്നതിന് ഇരട്ട വാക്സിൻ സർട്ടിഫിക്കറ്റ് നിർബന്ധമായിരുന്നു. ഒരു ഡോസ് വാക്സിനെടുത്തവർ 72 മണിക്കൂറിനുള്ളിൽ എടുത്ത ആർടി-പിസിആർ റിപോർട്ട് നൽകണമായിരുന്നു.2022ന്റെ തുടക്കത്തിൽ ഇന്ത്യയുടെ ഉത്തര, പശ്ചിമ, കിഴക്ക് മേഖലകളിലും ഈ പരിപാടി സംഘടിപ്പിക്കുവാൻ കാനൺ ആലോചിക്കുന്നുണ്ട്.




# പതിനൊന്നുകാരി ഇന്ത്യൻ അമേരിക്കൻ പെൺകുട്ടി യുഎസ്എ നാഷണൽ കവർ ഗേൾ

പി.പി. ചെറിയാൻ

**കെന്റക്കി:** ഓർലാന്റോയിൽ സംഘടിപ്പിച്ച അമേരിക്കൻ മിസ് നാഷണൽ പേജന്റ് മത്സരത്തിൽ കെന്റക്കിയിലെ ലൂയിസ് വില്ലയിൽ നിന്നുള്ള ഇന്ത്യൻ അമേരിക്കൻ പെൺകുട്ടി പതിനൊന്നു വയസുകാരി പ്രിഷ ഹിഡ് 2021- 22 യുഎസ്എ നാഷണൽ കവർ ഗേളായി തെരഞ്ഞെടുക്കപ്പെട്ടു.കഴിഞ്ഞ മാസം കെന്റക്കിയിൽ നടന്ന മത്സരത്തിലാണ് രാജ്- രജന ദമ്പതികളുടെ പുത്രിയായ പ്രിഷ കിരീടം ചൂടിയത്. ഇതുകൂടാതെ ഏഴ് ഇന്റർനാഷണൽ, നാഷണൽ അവാർഡുകളും ലഭിച്ചിട്ടുണ്ട്.അമേരിക്കയിലെ ഭാവി നേതാക്കന്മാരെ കണ്ടെത്തുന്നതിനു ഓരോ വർഷവും ഒന്നര മില്യൻ ഡോളറിന്റെ കാഷ് അവാർഡുകളും, സ്കോളർഷിപ്പും നാഷണൽ അമേരിക്കൻ മിസ് പേജന്റ് നൽകിവരുന്നു.നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവുകൂടിയാണ് പ്രിഷ. ഒമ്പതു വയസുള്ളപ്പോൾ 'പാൻഡമിക് 2020' എന്ന പുസ്തകത്തിന്റെ പ്രകാശനം നടത്തിയിരുന്നു. ഏറ്റവും പ്രായംകുറഞ്ഞ എഴുത്തുകാരിൽ മുമ്പന്തിയിലാണ് പ്രിഷ. ഈ പുസ്തകത്തിൽ നിന്നും ലഭിച്ച വരുമാനം കോവിഡ് മൂലം ദുരിതം അനുഭവിക്കുന്നവർക്കുവേണ്ടി കെയർ ഫുഡ് ബാങ്കിനു സംഭാവന നൽകി. ചെസ്, നീന്തൽ, ഡാൻസ് എന്നിവയാണ് പ്രിഷയുടെ മറ്റ് വിനോദനങ്ങൾ




## ചുറ്റിലും വെട്ടിനുറുക്കിയ നിലയിൽ മൃതദേഹം; അരികിൽ ശാന്തമായുറങ്ങുന്ന സ്ത്രീ; സംഭവം കറാച്ചിയിൽ

**കറാച്ചി:** പാകിസ്താനിലെ കറാച്ചിയിൽ 70 കാരനെ വെട്ടിനുറുക്കിയ നിലയിൽ കണ്ടെത്തി. കറാച്ചി സദ്ദാറിലെ ഒരു ഫൽറ്റിൽ നിന്നാണ് 70കാരന്റെ മൃതദേഹാവശിഷ്ടങ്ങൾ കണ്ടെടുത്തത്. കുറ്റകൃത്യം നടന്ന സ്ഥലത്ത് 'ഗാഢനിദ്രയിലായിരുന്ന 45 വയസ് പ്രായം തോന്നിക്കുന്ന സ്ത്രീയെ പൊലിസ് കസ്റ്റഡിയിലെടുത്തു.ഫൽറ്റിന്റെ പുറത്ത് മനുഷ്യന്റെ കൈയ്യും കാലും കണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് പൊലിസ് അപാർട്ട്മെന്റിലെത്തിയത്. മുറിയിൽ കയറിയ പൊലിസ് കണ്ടത് ഞെട്ടിക്കുന്ന കാഴ്ച്ചയായിരുന്നു. ചിതറിക്കിടക്കുന്ന മൃതദേഹാവശിഷ്ടങ്ങൾക്കിടയിൽ യുവതി ഗാഢനിദ്രയിലായിരുന്നു.ഈ സ്ത്രീതന്നെയായിരിക്കാം കൊലപാതകം നടത്തിയതെന്ന നിഗമനത്തിലാണ് പൊലിസ്.കൊല്ലപ്പെട്ടത് തന്റെ ഭർത്താവായ മുഹമ്മദ് സൊഹൈൽ ആണെന്നായിരുന്നു യുവതിയുടെ ആദ്യമൊഴി. എന്നാൽ പിന്നീട് ഇയാൾ തന്റെ ഭർതൃസഹോദരനാണെന്നും പറഞ്ഞു.അതേസമയം, ഇരുവരും വിവാഹം കഴിക്കാതെ ഒരുമിച്ച് താമസിച്ചിരുന്നതായാണ് അയൽക്കാർ പൊലിസിനോട് പറഞ്ഞത്. ഇരുവരും തമ്മിൽ പലപ്പോഴും പണത്തെച്ചൊല്ലി വഴക്കിട്ടിരുന്നതായും അയൽക്കാർ പറഞ്ഞു.പരസ്പര ബന്ധമില്ലാതെയാണ് സ്ത്രീ പെരുമാറുന്നതെന്നും ഇവർ അമിത അളവിൽ ലഹരി ഉപയോഗിച്ചിരുന്നതായി സംശയിക്കുന്നതായും പൊലിസ് പറഞ്ഞു.



## കൊറോണ വൈറസിനെ കണ്ടെത്താൻ ഒട്ടകപ്പക്ഷിയും, പ്രത്യേക മാസ്കും : ഗവേഷണം വിജയകരമെന്ന് വിദഗ്ധർ

2019 ഡിസംബറിൽ കൊറോണ വൈറസ് വ്യാപനം ആരംഭിച്ചതു മുതൽ, രോഗത്തെ പ്രതിരോധിക്കാൻ സഹായിക്കുന്ന വാക്സിനുകളും മറ്റ് ഉപകരണങ്ങളും വികസിപ്പിക്കാൻ ശാസ്ത്രജ്ഞർ ശ്രമിച്ചുവരികയാണ്.ഇപ്പോൾ, ജാപ്പനീസ് ഗവേഷകർ അൾട്രാവയലറ്റ് രശ്മികൾക്ക് കീഴിൽ വൈറസിനെ കണ്ടെത്താൻ കഴിയുന്ന മാസ്കുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.പടിഞ്ഞാറൻ ജപ്പാനിലെ ക്യോട്ടോ പ്രിഫെക്ചറൽ യൂണിവേഴ്സിറ്റിയിലെ യസുഹിറോ സുകാമോട്ടോയും സംഘവുമാണ് ഒട്ടകപ്പക്ഷിയുടെ ആന്റിബോഡികൾ പൊതിഞ്ഞ മാസ്ക് വികസിപ്പിച്ചെടുത്തത് . കൊറോണ വൈറസിനെ പ്രതിരോധിക്കാം ഒട്ടകപ്പക്ഷികൾക്ക് ശക്തമായ ശേഷിയുണ്ടെന്ന് മുൻ ഗവേഷണങ്ങളും തെളിയിച്ചിട്ടുണ്ട്.ഒട്ടകപ്പക്ഷിയുടെ ആന്റിബോഡികൾ പൊതിഞ്ഞ മാസ്കുകൾ ധരിക്കാൻ ഗവേഷകർ തെരഞ്ഞെടുത്ത ആളുകളോട് ആവശ്യപ്പെട്ടു. എട്ട് മണിക്കൂർ മാസ്ക് ധരിച്ച ശേഷം, ഫിൽട്ടറുകൾ നീക്കം ചെയ്ത മാസ്കുകൾ ഗവേഷകർക്ക് കൈമാറി.മാസ്ക് ധരിച്ചിരിക്കുന്ന വ്യക്തിയുടെ ശ്വാസത്തിൽ കൊറോണ വൈറസിന്റെ സാന്നിദ്ധ്യം ഉണ്ടെങ്കിൽ ഫ്ലൂറസെന്റ് ലൈറ്റുകളുടെ നേരേ മാസ്ക് പിടിച്ചാൽ മാത്രം മതി. രോഗാണുക്കൾ ഉണ്ടെങ്കിൽ മാസ്കുകളിൽ പ്രത്യേക പാച്ചുകൾ ദൃശ്യമാകും. അതോടെ വൈറസിന്റെ സാന്നിദ്ധ്യം സ്ഥിരീകരിക്കാം .ഈ മാസ്കുകൾ ആദ്യം പരീക്ഷിച്ചത് സുകാമോട്ടോ തന്നെയാണ്. താൻ ധരിച്ചിരുന്ന ഒട്ടകപ്പക്ഷിയുടെ ആന്റിബോഡി അടങ്ങിയ മാസ്കിൽ തിളങ്ങുന്ന മൂലകങ്ങൾ കണ്ടതിന് ശേഷമാണ് തനിക്ക് മാരകമായ കൊറോണ വൈറസ് ബാധിച്ചതായി അദ്ദേഹം കണ്ടെത്തിയത്. പിന്നീട് സാധാരണ ടെസ്റ്റും നടത്തി, രോഗം സ്ഥിരീകരിച്ചു.ഇപ്പോൾ, പ്രത്യേക ലൈറ്റിംഗ് ഇല്ലാതെ തന്നെ വൈറസ് സാന്നിദ്ധ്യം ഉണ്ടെങ്കിൽ സ്വയമേ തിളങ്ങാൻ കഴിയുന്ന നൂതന സാങ്കേതികവിദ്യയുള്ള മാസ്കുകൾ വികസിപ്പിക്കാമെന്ന പ്രതീക്ഷയിലാണ് ഈ ഗവേഷകർ




## തബ്ലീഗ് ജമാഅത്തിന് സൗദി അറേബ്യ നിരോധനം ഏർപ്പെടുത്തി

ഇസ്ലാമിക് സംഘടനയായ തബ്‌ലീഗ് ജമാഅത്തിന് സൗദി അറേബ്യ നിരോധനം ഏർപ്പെടുത്തി. ഈ സംഘടന തീവ്രവാദത്തിന്റെ കവാടങ്ങളിലൊന്നാണെന്ന് വിശേഷിപ്പിച്ചാണ് സൗദി അറേബ്യ നിരോധനം ഏർപ്പെടുത്തിയത്.തബ്‌ലീഗ് ജമാഅത്തിനെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി അടുത്ത വെള്ളിയാഴ്ച പള്ളികളിൽ പ്രഭാഷണം നടത്താനുള്ള നിർദേശം സൗദി ഇസ്ലാമിക കാര്യ മന്ത്രാലയം നൽകിയിട്ടുണ്ട്. തബ്‌ലീഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വഴിതെറ്റിയാണെന്നും അത് അപകടമാണെന്നും ആണ് മന്ത്രാലയം പറയുന്നത്.ഇത്തരം ഗ്രൂപ്പുകൾ സമൂഹത്തിന് ആപത്താണെന്നും തബ്‌ലീഗും ദഅ്‌വ ഗ്രൂപ്പും ഉൾപ്പെടെയുള്ള പക്ഷപാതപരമായ ഗ്രൂപ്പുകളുമായുള്ള ബന്ധം സൗദി അറേബ്യയിൽ നിരോധിച്ചിരിക്കുന്നുവെന്നും പ്രസ്താവനയിൽ മന്ത്രാലയം കൂട്ടിച്ചേർത്തു.

## എക്സ്പോ 2020; ഇന്ത്യൻ പവലിയൻ സന്ദർശകർ അഞ്ചുലക്ഷം പിന്നിട്ടു

എക്സ്പോ 2020 ദുബൈയിലെ ഇന്ത്യൻ പവലിയനിൽ സന്ദർശകരുടെ എണ്ണം അഞ്ചു ലക്ഷം പിന്നിട്ടു.70 ദിവസത്തിനിടെയാണ് വിവിധ ലോക രാജ്യങ്ങളിൽനിന്നുള്ള ഇത്രയും സന്ദർശകരെ പവലിയൻ ആകർഷിച്ചത്. ഇന്ത്യയുടെ വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലാണ് ഇക്കാര്യം ട്വിറ്ററിലൂടെ അറിയിച്ചത്. ഇന്ത്യയുടെ ലക്ഷ്യങ്ങൾ, അഭിമാനകരമായ നേട്ടങ്ങൾ, ജനങ്ങൾ എന്നിവയെ പ്രതിഫലിപ്പിക്കുന്ന എക്സ്പോയിലെ പവലിയൻ ലോകത്തിന് മുന്നിൽ തലയുയർത്തി നിൽക്കുന്നതായി അദ്ദേഹം ട്വീറ്റിൽ കുറിച്ചു.ആധുനിക ഇന്ത്യയുടെ സാധ്യതകളും സ്വാധീനവും കാണാനുള്ള സന്ദർശകരുടെ പ്രവാഹത്തിൽ ഏറെ സന്തോഷമുണ്ടെന്ന് യു.എ.ഇയിലെ ഇന്ത്യൻ അംബാസഡർ സഞ്ജയ് സുധീർ ട്വിറ്ററിൽ കുറിച്ചു. രാജ്യത്തിൻെറ ബിസിനസ് സാധ്യതകളും സാംസ്കാരിക പൈതൃകവും പ്രദർശിപ്പിക്കുന്നതിനായി, വിവിധ രാജ്യങ്ങൾ ഒത്തുകൂടിയ ആഗോള പ്ലാറ്റ്ഫോമായ എക്സ്പോയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ നേട്ടമാണ്.

FILM WORLD







# ഒരു കനേഡിയൻ ഡയറി പ്രേക്ഷകർ നെഞ്ചിലേറ്റി

ഇതുവരെ പ്രതീക്ഷിക്കാത്ത ടിസ്റ്റുകളും കാഴ്ചകളുമായി നവാഗത സംവിധായിക സീമ ശ്രീകുമാറിന്റെ ഒരു കനേഡിയൻ ഡയറി ഇന്നലെ മുതൽ തീയറ്ററുകളിൽ. പ്രദർശനം തുടങ്ങി. ഒരു വനിത നവാഗത സംവിധായികയുടെ സിനിമയാണ് എന്ന് ഒരിക്കലും തോന്നാതെ അഭ്രപാളികളിൽ തന്റെ സംവിധാനകഴിവ് കാണിച്ച് സിനിമാരംഗത്ത് തനിയ്ക്കും ഒരിടം ഉണ്ടെന്ന് തെളിച്ച സീമാശ്രീകുമാറിന്റെ ഈ സിനിമ് ഏറേ ശ്രദ്ധിക്കപ്പെടുന്ന ഒരുചിത്രമാണ്. ". ചിത്രത്തിന്റെ എൺപത് ശതമാനവും കാനഡയിൽ വച്ചാണ് ചിത്രീകരിച്ചിട്ടുള്ളത്. കാനഡയിൽ വെച്ച് ആദ്യമായി ചിത്രീകരിച്ച മലയാള സിനിമയാണ് കാനഡയിലെ ടൊറന്റോ, ഹാമിൽട്ടൺ, നയാഗ്ര, സോമ്പിൾ, ലണ്ടൻ ഒൺന്റാറിയോ, ടോബർ മോറി തുടങ്ങി മറ്റു പ്രധാന സ്ഥലങ്ങളിലുമാണ് ചിത്രീകരണം നടത്തിയത്.2025 ഡിഗ്രി തണുപ്പിലായിരുന്നു സിനിമയുടെ ചിത്രീകരണമേറെയും. കാനഡയിലെ നാല് സീസണുകളിലൂടെയാണ് ഒരു കനേഡിയൻ ഡയറിയിലെ കഥയും കഥാപാത്രങ്ങളും കടന്നു പോകുന്നത്. വേറിട്ട ദൃശ്യ മികവിലൂടെ പ്രണയം കലർന്ന സെമി സൈക്കോ ത്രില്ലർ മൂഡിലൂടെയാണ് സൂര്യ, സേറ എന്നീ കഥാപാത്രങ്ങളെ ഒരു കനേഡിയൻ ഡയറി അവതരിപ്പിക്കുന്നത്.

നാട്ടിൽ പ്രണയത്തിലായിരുന്ന ഇവരിൽ സേറ ഉപരിപഠനത്തിനായ് കാനഡയിലേക്ക് പോവുകയും തുടർന്ന് മറ്റൊരു വിവരങ്ങളും കിട്ടാനാകാത്ത അവസ്ഥയിൽ സേറയേ തേടി സൂര്യ കാനഡയിലേക്ക് യാത്ര തിരിക്കുകയും അവിടെ വച്ച് സൂര്യ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളുമാണ് ചിത്രം പറയുന്നത്. പുതുമുഖ അഭിനേതാക്കൾക്കും ഗായകർക്കുമൊപ്പം മലയാളത്തിലെ ഹാസ്യതാരങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. ഉണ്ണിമേനോൻ, മധു ബാലകൃഷ്ണൻ എന്നിവരും ഗാനം ആലപിക്കുന്നു. ദൃശ്യമികവിലും കഥയിലും കഥാപാത്രങ്ങളിലും ഏറെ വിഭിന്നമായ ഒരു പുത്തൻ അനുഭവമായി ഒരു കനേഡിയൻ ഡയറി മാറുന്നു. സംവിധാനത്തിന് പുറമേ കഥയും തിരക്കഥയും സംഭാഷണവും സീമാ ശ്രീകുമാർ തന്നെ നിർവ്വഹിക്കുന്നു.

ശ്രീം പ്രോഡക്ഷനാണ് നിർമ്മിക്കുന്നത്.പോൾ പൗലോസ്, ജോർജ് ആന്റണി, സിമ്രാൻ, പൂജ സെബാസ്റ്റ്യൻ എന്നിവരാണ് ചിത്രത്തിൽ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. പ്രസാദ് മുഹമ്മ, അഖിൽ ആർ.സി., കവലയൂർ, ജിൻസി ബിനോയ്, ജോവന്ന ടൈറ്റസ്, ജിൻസ് തോമസ്, ആമി എ.എസ്., പ്രതിഭ, ദേവി ലക്ഷണം, സണ്ണി ജോസഫ്, ബെൻസൺ സെബാസ്റ്റ്യൻ, ഡോസൺ ഹെക്ടർ, ചാഡ്, സ്റ്റീവ്, ബിനോയ് കൊട്ടാരക്കര, ജാക്സൺ ജോയ്, ശുഭ പട്ടത്തിൽ എന്നിവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

ശ്രീം പ്രൊഡക്ഷന്റെ ബാനറിൽ എം.വി ശ്രീകുമാറാണ് ചിത്രത്തിന്റെ ഛായാഗ്രഹണവും നിർമ്മാണവും നിർവ്വഹിച്ചിരിക്കുന്നത്.പുതുമുഖ അഭിനേതാക്കൾക്കും ഗായകർക്കുമൊപ്പം മലയാളത്തിലെ ഹാസ്യതാരങ്ങളായ പ്രസാദ് മുഹമ്മ, അഖിൽ കവലയൂർ, പിന്നണി ഗായകന്മാരായ ഉണ്ണിമേനോൻ , മധു ബാലകൃഷ്ണൻ, വെങ്കി അയ്യർ ,കിരൺ കൃഷ്ണൻ , രാഹുൽ കൃഷ്ണൻ , മീരാ കൃഷ്ണൻ എന്നിവരും ചിത്രത്തിന്റെ ഭാഗമാകുന്നുണ്ട്

എഡിറ്റർ - വിപിൻ രവി എ.ആർ., എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ- കൃഷ്ണകുമാർ പുറവങ്കര, പ്രൊഡക്ഷൻ കൺട്രോളർ- സുജയ് കുമാർ ജെ.എസ്., കല- ബെഞ്ചി ഫിലിപ്പ് (കാനഡ), ഷൈജു കൃഷ്ണൻ (ഇന്ത്യ), മേക്കപ്പ്- സുധീഷ് കൈവേലി, വസ്ത്രാലങ്കാരം- രാധാ ശിവകുമാർ, സ്റ്റിൽസ്-ബാലു മേനോൻ, പോസ്റ്റർ ഡിസൈൻ- മനോജ് കുമാർ, അസോസിയേറ്റ് ഡയറക്ടർ- ജിത്തു ശിവൻ, അസിസ്റ്റന്റ് ഡയറക്ടർ- പ്രവിദ് എം., ജിതിൻ സെബാസ്റ്റ്യൻ, അശോകൻ; സൗണ്ട് ഡിസൈൻ- ധനുഷ് നായനാർ, കോറിയോഗ്രാഫി- മാർട്ടിൻ, ദിപു കൃഷ്ണ, ജെറോജ് ആന്റണി, പശ്ചാത്തല സംഗീതം- ഹരികൃഷ്ണൻ എം.ബി., സൗണ്ട് റെക്കോർഡിംഗ് - ഷാജി മാധവൻ (ഇന്ത്യ), അനൂപ് ഐസക് (കാനഡ) ഡി.ഐ.-രാജേഷ്, ഓഡിയോഗ്രഫി- ബിജു ബെയ്സിൽ, ലെയ്സൺ ഓഫീസർ - ബൈജു ആര്യാട്, ആനിമേഷൻ- വിക്കി, വാർത്താ പ്രചരണം- എ.എസ്. ദിനേശ്. ചിത്രത്തിന്റെ ടിക്കറ്റുകൾ ബുക്ക് മൈ ഷോ ആപ്പിലൂടെ ലഭ്യമാണ്.






# ഗാബയിൽ നാലാംദിനം മുക്കുകുത്തി ഇംഗ്ലണ്ട്;

## 20 റൺസ് വിജയലക്ഷ്യം ഒരു വിക്കറ്റ് നഷ്ടത്തിൽ മറികടന്ന് ഓസീസ്

**ബ്രിസ്ബേൻ:** ഗാബയിൽ തകർപ്പൻ ജയത്തോടെ ആഷസ് ടെസ്റ്റ് പരമ്പരയിൽ സ്വപ്ന തുടക്കവുമായി ആതിഥേയരായ ഓസ്ട്രേലിയ.ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഒൻപത് വിക്കറ്റിന്റെ വമ്പൻ ജയമാണ് ഓസീസ് സ്വന്തമാക്കി. രണ്ടാം ഇന്നിങ്സിൽ വേണ്ടിയിരുന്ന 20 റൺസ് വിജയലക്ഷ്യം ഒരു വിക്കറ്റ് നഷ്ടത്തിൽ 5.1 ഓവറിൽ ഓസീസ് സ്വന്തമാക്കി.ഒൻപത് റൺസുമായി അലക്സ് ക്യാരി പുറത്തായപ്പോൾ മാർക്കസ് ഹാരിസും(9*), മാർനസ് ലബുഷെയ്നും ആതിഥേയരുടെ ജയമുറപ്പിച്ചു. ഇതോടെ ഓസീസ് പരമ്പരയിൽ 1-0ന് മുന്നിലെത്തി. സ്കോർ: ഇംഗ്ലണ്ട്- 147 & 297, ഓസീസ്- 425 & 20/1.ടെസ്റ്റിൽ 400 വിക്കറ്റ് തികയ്ക്കുന്ന മൂന്നാമത്തെ മാത്രം ഓസ്ട്രേലിയൻ ബോളറെന്ന റെക്കോർഡിലേക്ക് സ്പിന്നർ നേഥൻ ലയൺ പന്തെറിഞ്ഞതോടെയാണ് മത്സരം ആതിഥേയർക്ക് അനുകൂലമായി മാറിയത്.രണ്ടാം ഇന്നിങ്സിൽ രണ്ട് വിക്കറ്റിന് 220 റൺസ് എന്ന ശക്തമായ നിലയിൽ നിന്നും നാലാംദിനം അതിവേഗം ഇംഗ്ലണ്ട് ബാറ്റിങ് നിര കൂപ്പുകുത്തി. ഇംഗ്ലണ്ടിന്റെ രണ്ടാം ഇന്നിങ്സ് 297 റൺസിൽ അവസാനിച്ചു. വൻ ലീഡ് വഴങ്ങി രണ്ടാം ഇന്നിങ്സിന് ഇറങ്ങിയ ഇംഗ്ലണ്ടിന് മൂന്നാം വിക്കറ്റിൽ അതിശക്തമായ കൂട്ടുകെട്ടുമായി കുതിച്ച ശേഷമായിരുന്നു കൂട്ടത്തകർച്ച. റൂട്ട്-മാലൻ സഖ്യത്തിന്റെ 162 റൺസ് മാത്രമേ ഇംഗ്ലണ്ടിന് ആശ്വസിക്കാനുള്ളൂ.ഡേവിഡ് മാലൻ 82 ഉം നായകൻ ജോ റൂട്ട് 89 ഉം റൺസിന് പുറത്തായത് ഇംഗ്ലണ്ടിന് തിരിച്ചടിയായി. ജോസ് ബട്ലർ 23 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. മലാൻ പുറത്തായതോടെ പവലിയനിലേക്ക് ഇംഗ്ലിഷ് താരങ്ങളുടെ ഘോഷയാത്രയായിരുന്നു. ആദ്യ ഇന്നിങ്സിലെ ബാറ്റിങ് തകർച്ചയെ ഓർമിപ്പിച്ച് ഇംഗ്ലിഷ് താരങ്ങൾ വരിവരിയായി തിരിച്ചുനടന്നു. 165 പന്തിൽ 10 ഫോറുകളോടെ 89 റൺസെടുത്ത റൂട്ടിനെ ഗ്രീൻ വീഴ്ത്തി.പിന്നാലെ ബെൻ സ്റ്റോക്സ് (14), ഒലി പോപ്പ് (4), ജോസ് ബട്ലർ (23), ക്രിസ് വോക്സ് (16), ഒലി റോബിൻസൺ (8), മാർക്ക് വുഡ് (6) എന്നിവരും പുറത്തായതോടെ ഇംഗ്ലണ്ടിന് ആകെ നേടാനായത് 297 റൺസ്. രണ്ടു വിക്കറ്റ് നഷ്ടത്തിൽ 223 റൺസെടുത്ത ഇംഗ്ലണ്ടിന്, അവസാന എട്ടു വിക്കറ്റുകൾ വെറും 74 റൺസിനിടെയാണ് നഷ്ടമായത്.നേഥൻ ലയൺ നാലും നായകൻ പാറ്റ് കമ്മിൻസും കാമറൂൺ ഗ്രീനും രണ്ട് വിക്കറ്റ് വീതവും നേടി. ഹേസൽവുഡും സ്റ്റാർക്കും ഓരോ വിക്കറ്റ് വീഴത്തി. നാല് വിക്കറ്റ് പ്രകടനത്തോടെ ലയൺ ടെസ്റ്റിൽ 400 വിക്കറ്റ് മറികടന്നു. ഈ നേട്ടം സ്വന്തമാക്കുന്ന പതിനേഴാമത്തെ ബൗളറാണ് ലയൺ. ഷെയ്ൻ വോണും ഗ്ലെൻ മഗ്രായുമാണ് ലയണ് മുൻപ് 400 വിക്കറ്റ് നേടിയ ഓസീസ് ബൗളർമാർ.നേരത്തെ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിങ്സ് സ്കോറായ 147 റൺസ് പിന്തുടർന്ന് ഓസീസ് മൂന്നാം ദിനം 425 റൺസിൽ പുറത്തായിരുന്നു. 148 പന്തിൽ 152 റൺസ് നേടിയ ട്രാവിസ് ഹെഡാണ് ഓസീസിനെ മികച്ച സ്കോറിലെത്തിച്ചത്. വാലറ്റത്ത് സ്റ്റാർക്കിന്റെ 35 റൺസ് കരുത്തായി. ഓപ്പണർ ഡേവിഡ് വാർണർ(94), മൂന്നാമൻ മാർനസ് ലബുഷെയ്ൻ(74) എന്നിവരും ഓസീസ് നിരയിൽ തിളങ്ങി. ഇംഗ്ലണ്ടിനായി വുഡും റോബിൻസണും മൂന്ന് വീതവും വോക്സ് രണ്ടും ലീച്ചും റൂട്ടും ഓരോ വിക്കറ്റും നേടി.ഓസീസ് നായകൻ പാറ്റ് കമ്മിൻസ് വെറും 38 റൺസിന് അഞ്ച് വിക്കറ്റുമായി ടീമിനെ മുന്നിൽ നിന്ന് നയിച്ചതാണ് ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിങ്സ് 147 റൺസിൽ അവസാനിപ്പിച്ചത്. സ്റ്റാർക്കും ഹേസൽവുഡും രണ്ട് വീതവും ഗ്രീൻ ഒന്നും വിക്കറ്റ് നേടി. ഹസീബ് ഹമീദ്(25), ഓലി പോപ്(35), ജോസ് ബട്ലർ(39), ക്രിസ് വോക്സ്(21) എന്നിവരേ ഇംഗ്ലണ്ട് നിരയിൽ രണ്ടക്കം കണ്ടുള്ളൂ. ടെസ്റ്റ് നായകനായി കന്നി മത്സരം തന്നെ ജയിക്കാൻ ഇതോടെ പാറ്റ് കമ്മിൻസിനായി. തകർപ്പൻ സെഞ്ചുറിയുമായി ട്രാവിഡ് ഹെഡ് കളിയിലെ താരമായി.

EDITORS CHOICE

# ഇന്ന് ലോക ന്യുമോണിയ ദിനം




അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളെ ബാധിക്കുന്ന ഏറ്റവും മാരകമായ രോഗമാണ് ന്യുമോണിയ (Pneumonia). പ്രതിവർഷം ന്യുമോണിയ ബാധിച്ച് 8,00,000 കുട്ടികളാണ് മരിക്കുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഓരോ 39 സെക്കൻഡിലും ഒരു കുട്ടി ന്യൂമോണിയ ബാധിച്ച് മരിക്കുന്നതായി ഐക്യരാഷ്ട്രസഭ ചിൽഡ്രൻസ് ഫണ്ട് (United Nation's Children Fund) പ്രസ്താവിക്കുന്നു.'അസമത്വത്തിന്റെ രോഗം' (Disease of Inequality) എന്ന് വിളിക്കപ്പെടുന്ന ഈ രോഗം ലോകമെമ്പാടുമുള്ള ദരിദ്രരായ ജനങ്ങളെയാണ് കൂടുതലായി ബാധിക്കുന്നത്. രോഗം പൂർണ്ണമായും തടയാൻ കഴിയുന്ന ഒന്നാണെന്നുംഇതിനുള്ള വാക്സിനുകൾ ലഭ്യമാണ് എന്നുമാണ് മനസിലാക്കേണ്ടത്. യുണിസെഫ് പറയുന്നതനുസരിച്ച്, ആഗോള സാംക്രമിക രോഗ ഗവേഷണത്തിൽ മൂന്ന് ശതമാനം ധനസഹായം മാത്രമേ ന്യുമോണിയയുടെ കാര്യത്തിൽലഭിക്കുന്നുള്ളൂ. അതിനാൽ, അതിജീവന നിരക്ക് മെച്ചപ്പെടുത്തുന്നതിനുള്ള ഫണ്ടിന്റെ കാര്യത്തിൽ ഈ രോഗം അവഗണിക്കപ്പെടുന്നു.ഈ അവഗണനയ്ക്കെതിരെ പോരാടുന്നതിനും രോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനുമാണ് എല്ലാ വർഷവും നവംബർ 12 ലോക ന്യുമോണിയ ദിനമായി ആചരിക്കുന്നത്. മാത്രവുമല്ല രോഗം തടയുന്നതിൽ ആഗോള ആരോഗ്യ സമൂഹം ഇതുവരെ എന്താണ് ചെയ്തിട്ടുള്ളതെന്നും ഇനി എന്തൊക്കെയാണ് ചെയ്യേണ്ടതെന്നുമുള്ളതിനെക്കുറിച്ച് വ്യാപകമായ ചർച്ചകൾ നടക്കുന്നതിനുംകൂടി വേണ്ടിയാണ്ഈ ദിനം ആചരിക്കുന്നത്.2009 ൽ സ്റ്റോപ്പ് ന്യുമോണിയ ഇനിഷ്യേറ്റീവ് ആണ് ലോക ന്യുമോണിയ ദിനം സ്ഥാപിക്കുകയും ആദ്യമായി ആചരിക്കുകയും ചെയ്തത്. ന്യുമോണിയ മൂലമുണ്ടാകുന്ന മരണങ്ങൾ കുറയ്ക്കുന്നതിന് ലോകമെമ്പാടുമുള്ള സർക്കാരുകളെ സഹായിക്കുന്നതിനുള്ള, പൊതു-സ്വകാര്യ പങ്കാളിത്തത്തിലുള്ള എവരി ബ്രീത്ത് കൗണ്ട്സ് കോയലിഷനാണ് സ്റ്റോപ്പ് ന്യുമോണിയ ഇനിഷ്യേറ്റീവ് നടത്തുന്നത്. ഈ പങ്കാളിത്തത്തിൽ 140 ലധികം കമ്മ്യൂണിറ്റി അധിഷ്ഠിത ഓർഗനൈസേഷനുകൾ, സർക്കാർ ഏജൻസികൾ, അക്കാദമിക് സ്ഥാപനങ്ങൾ, ഫൗണ്ടേഷനുകൾ എന്നിവ ഉൾപ്പെടുന്നുണ്ട്.2013 ൽ, ന്യൂമോണിയയും വയറിളക്കവും മൂലമുള്ള മരണങ്ങൾ 2025-ഓടെ പൂർണമായും അവസാനിപ്പിക്കാൻ ലോകാരോഗ്യ സംഘടന ദ ഇന്റഗ്രേറ്റഡ് ഗ്ലോബൽ ആക്ഷൻ പ്ലാൻ ഫോർ ന്യൂമോണിയ ആൻഡ് ഡയേറിയ (GAPPD) എന്ന പേരിൽ ഒരു കാമ്പയിൻ ആരംഭിച്ചു.ന്യുമോണിയ നമ്മുടെ ശ്വാസകോശങ്ങളെയാണ് ബാധിക്കുന്നത്. നമ്മുടെ ശ്വാസകോശങ്ങളിൽ അൽവിയോളി എന്നറിയപ്പെടുന്ന ചെറിയ സഞ്ചികൾ ഉണ്ട്, അവ ശ്വസിക്കുമ്പോൾ വായു നിറയ്ക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അൽവിയോളിയിൽ നിറഞ്ഞ വായുവുമായി രക്തം ഓക്സിജനും കാർബൺ ഡൈ ഓക്സൈഡും കൈമാറ്റം ചെയ്യുന്നു.ന്യുമോണിയ ബാധിച്ച ഒരു വ്യക്തിയുടെ അൽവിയോളി സഞ്ചികളിൽ ദ്രാവകവും പഴുപ്പും നിറയുന്നതിനാൽ ചുമ, ശ്വസിക്കാൻ ബുദ്ധിമുട്ട്, വേഗത്തിലുള്ള ശ്വസനം, പനി തുടങ്ങിയ ലക്ഷണങ്ങൾ കാണാൻ സാധിക്കും. വൈറസുകളും ബാക്ടീരിയകളും ഫംഗസുകളും ന്യുമോണിയയ്ക്ക് കാരണമാകും. ഗുരുതരമായ കൊവിഡ് അണുബാധയുള്ള പ്രായമായവർക്ക് ന്യുമോണിയ ഉണ്ടാകാം.യുനിസെഫ് പറയുന്നതനുസരിച്ച്, ശരിയായ പ്രതിരോധ കുത്തിവയ്പ്പ് ന്യുമോണിയ തടയാൻ സഹായിക്കും. കൂടാതെ ശരിയായ രോഗനിർണയം നടത്തിയാൽ കുറഞ്ഞ ചിലവിൽ ആൻറിബയോട്ടിക്കുകൾക്ക് പോലും രോഗത്തെ ചികിത്സിക്കാൻ കഴിയും.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com